grace



നൗഷാദ് മണ്ണിശ്ശേരിയുടെ

വാട്സ്ആപ്പ് വോയ്സുകൾ

നൗഷാദ് മണ്ണിശ്ശേരിയുടെ

വാട്സാപ്പ് വോയ്സുകൾ

ഗ്രീന വാട്സാപ്പ് കൂട്ടായ്മ

Malayalam
Noushad Mannisseriyude
Whatsapp Voicekal
by Noushad Mannisseri

Published by :
Greena Whatsapp Kottayma

All Rights reserved

First Edition : April 2018

Cover : Naseer Melethil

Layout and Design : Enter Media, Calicut.

Price :Rs.

Printing :
Distributors
Grace Books
P.B. No. 3
Camp Sayyid, Malappuram Dt. 676317
9633902944

ഗ്രീന കൂട്ടായ്മ

വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിന്റെ ഭാഗമാണിന്ന്. സോഷ്യൽ മീഡിയ ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മാനവകുലത്തിന്റെ ചരിത്രത്തിൽ പുതിയ കണ്ടുപിടിത്തങ്ങൾ എന്നും വലിയ ലോകത്തെ നമുക്ക് തുറന്നു തന്നിട്ടുണ്ട്. അലഞ്ഞുതിരിഞ്ഞ് കായ്കനികളും കിഴങ്ങും പച്ചമാംസവും ഭക്ഷിച്ചിരുന്ന മനുഷ്യൻ അഗ്നിയുടെ കണ്ടെത്തലോടെയാണ് വേവിച്ചു തിന്നാനും തീ ഊർജ്ജമായി ഉപയോഗിക്കാനും തുടങ്ങിയത്. മൃഗങ്ങളെ ഇണക്കി വളർത്താനും നദീതീരങ്ങളിൽ വാസമുറപ്പിക്കാനും ആരംഭിച്ചു. പുതിയ കാർഷിക സംസ്ക്കാരം ഉണ്ടായി. പിന്നീട് ചക്രങ്ങൾ കണ്ടെത്തിയ മനുഷ്യൻ വലിയ കുതിച്ചുചാട്ടമാണ് നടത്തിയത്. ഇരുമ്പും ലോഹങ്ങളും പെട്രോളിയവും വൈദ്യുതിയും അവൻ കീഴ്പ്പെടുത്തി. തീയ്യില്ലാത്ത കാലത്ത് ജീവിച്ച മനുഷ്യന് ഇനി അതില്ലാതെ കഴിയുകയില്ല. വൈദ്യുതി ഇല്ലാത്ത ഒരു മണിക്കൂർ നമുക്ക് ചിന്തിക്കാനേ ആകില്ല. അതുപോലെ ഇൻഫർമേഷൻ ടെക്നോളജിയും സോഷ്യൽ മീഡിയയും ഒഴിവാക്കാനാവാത്ത ഒന്നായി നമ്മുടെ നിത്യജീവിതത്തിൽ. ഒരു ദിവസം ഇന്റർനെറ്റ് കണക്ഷൻ കട്ടായാൽ അജ്ഞാതമായ ദ്വീപിൽ ഒറ്റപ്പെട്ട പോലെ നാം അസ്വസ്ഥരാകുന്നു. ഈ വിവരവിജ്ഞാന സാങ്കേതികതയുടെ ഭാഗമായി ഈ വലിയ ലോകത്തെ ചെറിയ കൈക്കുടന്നയിൽ ഒതുക്കാൻ നമുക്കായി. വാർത്താവിനിമയ രംഗത്തും വാർത്ത വിതരണ രംഗത്തും സ്വപ്ന സമാനമായ മുന്നേറ്റമാണ് ഇന്നുണ്ടായത്.

ടിറ്ററും ഫേസ്ബുക്കും വാട്സാപ്പും ഇന്ന് നിത്യജീവിതത്തിന്റെ ഭാഗമാണ് ഏതൊന്നിനേയും പോലെ ഇവക്കുമുണ്ട് ഗുണദോഷങ്ങൾ. ഇതിലെ നന്മകളെ വേണ്ടുവോളം ഉപയോഗപ്പെടുത്താൻ ഒരു കൂട്ടം ചെറുപ്പക്കാർ ചേർന്ന് രൂപീകരിച്ചതാണ് ഗ്രീനാ വാട്സപ്പ് കൂട്ടായ്മ. മുസ്ലിം ലീഗ് അനുഭവികളും പ്രവർത്തകരും അടങ്ങുന്ന ഈ ഗ്രൂപ്പിൽ സമകാലിക വിഷയങ്ങളും സംഘടനാപരമായ ചർച്ചകളും വിനോദവും വിജ്ഞാനവും എല്ലാം വോയ്സിലൂടെ മാത്രം പങ്കുവെക്കുന്ന പേരുപോലെത്തന്നെ എല്ലാം ഹരിതാഭമായ ഒരു സംഘം.

മലപ്പുറം ജില്ല മുസ്ലിം ലീഗ് സെക്രട്ടറിമാരിലൊരാളും ചിന്തകനും പ്രഭാഷകനുമായ നൗഷാദ് മണ്ണിശ്ശേരിയുടെ ഇടപെടൽ ഈ ഗ്രൂപ്പിൽ സജീവമാണ്. ഓരോ വിഷയത്തിലും അദ്ദേഹം നടത്തിയ സംസാരങ്ങൾ സ്വരൂപിച്ച് ഒരു പുസ്തകമാക്കുക എന്ന ചർച്ച ഗ്രൂപ്പിന്റെ അഡ്മിൻ പാനലിൽ ഉയർന്നുവന്നു അതനുസരിച്ച് ഞങ്ങൾ നടത്തിയ ശ്രമഫലമായികുറച്ചൊക്കെ വോയ്സുകൾ സംഘടിപ്പിക്കാനായി. അദ്ദേഹത്തിന്റെ വോയ്സുകൾ മുഴുവനായി സംഘടിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഗ്രീനയുടെ തുടക്കം മുതലുള്ള വോയ്സുകൾ ക്രോഡീകരിച്ചാൽ അത് വലിയ വാല്യങ്ങൾ തന്നെ വേണ്ടിവരുകയും ചെയ്യും. ലഭ്യമായവ വെച്ച് ഒരു എളിയ ശ്രമം ഞങ്ങൾ ഇവിടെ നടത്തുകയാണ്. ഇത്തരത്തിലൊന്ന് വേറെ പുസ്തകമായതായി അറിയില്ല. ഈ ഡിജിറ്റൽ യുഗത്തിലും പുസ്തകങ്ങൾക്കും വായനകൾക്കും പ്രസക്തി

യുണ്ട് എന്ന തിരിച്ചറിവാണ് ഞങ്ങളെ ഈ സാഹസത്തിന് പ്രേരിപ്പിച്ചത്. ഇതിനായി പ്രയത്നിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ചും വോയ്സുകൾ സംഘടിപ്പിക്കാനും അവ ടൈപ്പ് ചെയ്യാനും ഏറെ ശ്രമിച ഫൈസൽ മാലിക്കി ഇതിന് അവതാരിക എഴുതിതന്ന മുസ്ലിം ലീഗിന്റെ ചരിത്രകാരൻ എം.സി. വടകരയക്കും സ്നേഹസന്ദേശം നൽകിയ ഹൈദരലി ശിഹാബ് തങ്ങൾക്കും ഈ ആശയങ്ങൾ പറഞ്ഞപ്പോൾ അതിന് സഹകരിച്ച് സമ്മതിച്ച നൗഷാദ് മണ്ണിശ്ശേരിക്കും നന്ദി

ഈ പുസ്തകത്തിന്റെ രൂപകല്പനയ്ക്കും വിതരണത്തിനും മുൻകൈയെടുത്ത ഗ്രേസ് ബുക്സിനും പ്രത്യേകമായ നന്ദി.

ഗ്രീനാ അഡ്മിൻ പാനൽ

യു.എ. നസീർ
സലീം പാണമ്പ്ര
ഫൈസൽ മാലിക്ക്
സലാം കൊളത്തൂർ
മുല്ലക്കോയ തങ്ങൾ മാണിക്കോത്ത്
ഹാരിസ് മലേഷ്യ
ഷുക്കൂർ മേലാറ്റൂർ
ജിൻഷാൻ ചേളാരി
നൂഹ് കണ്ണാട്ടിപ്പറമ്പ്
ഫൈസൽ കിളിയണ്ണി
കെ.പി.എം. ബഷീർ വാഴക്കാട്

10 ഏപ്രിൽ 2018

അവതാരിക

മലയാള ഭാഷയിൽ ഒരു പുതിയ സാഹിത്യ ശാഖയുടെ പ്രോദ്ഘാടനമാണ് ഇവിടെ സംഭവിക്കുന്നത്. നമ്മുടെ കുപ്പായ കീശകളിൽ സദാ കൊണ്ട് നടക്കുന്ന മൊബൈൽ ഫോൺ എത്ര മാത്രം വിനിമയ സാദ്ധ്യതകളുടെ കലവറയാണെന്ന സത്യം നാം ഒരിക്കൽ കൂടി തിരിച്ചറിയുന്നു പശ്ചിമേഷ്യയിലെ മുല്ലപ്പൂ വിപ്ലവ കാലത്ത് മൊബൈൽ ഫോണുകളുടെ അപാര സാദ്ധ്യതകളെപ്പറ്റി ലോകം തിരിച്ചറിഞ്ഞതാണ് ഒരു ജനതയെയാകെ ഇളക്കിമറിക്കാനും യുദ്ധോൽസുകരാക്കാനും ഭരണകൂടങ്ങളെ പിഴുതെറിയാനും ഈ ലഘു യന്ത്രത്തിനുള്ള ശക്തി നമ്മെ അതിശയപ്പെടുത്തിയിട്ടുണ്ട്.

അനുദിന സംഭവവികാസങ്ങളോട് മൊബൈൽ ഫോണിലൂടെ നടത്തുന്ന അനുക്ഷണ പ്രതികരണങ്ങളെ വെയിൽ കൊള്ളിക്കാതെ ഊറ്റിയെടുത്ത് അച്ചടിമഷി പുരട്ടി അവതരിപ്പിക്കുകയെന്നതാണ് ഈ കൃതിയുടെ രസതന്ത്രം. ഇതിനെ ഫോണെഴുത്ത് എന്നാണ് വിളിക്കേണ്ടത്. കത്തെഴുത്തും കളിയെഴുത്തും കാടെഴുത്തും പെണ്ണെഴുത്തും കത്തി നിൽക്കുന്ന നമ്മുടെ സാഹിത്യ വേദിയിൽ ഈ നവാഗത ഫോണെഴുത്തിനും ഒരിടമുണ്ട് എന്ന ശുദ്ധപ്രതീക്ഷയോടെയാണ് ഇതിന്റെ അവതാരികാകൃത്യം ഏറ്റെടുക്കുന്നത്. കാള പെറ്റെന്ന് കേട്ടാൽ ഉടനെ കയറുമെടുത്ത് ഓടുകയെന്നതാണ് ഈ രംഗത്തെ നടപ്പ് രീതി. കാള പെറുമൊ എന്നൊന്നും ആലോചിച്ച് സമയം കളയാനൊന്നും നേരമില്ല. കേട്ടത് ശരിയല്ലെങ്കിൽ ഉത്തരക്ഷണത്തിൽ തിരുത്താമല്ലൊ. ഒരു പത്രാധിപരും കത്രികയുമായി നമ്മുടെ മുകളിൽ ഉണ്ടാവില്ല.


ഈ ഫോണെഴുത്ത് സമാഹാരത്തിന്റെ രചയിതാവ് ശ്രീ നൗഷാദ് മണ്ണിശ്ശേരി കൃതഹസ്തനായ രാഷ്ട്രീയ പ്രവർത്തകനാണ്. അദ്ദേഹം മലപ്പുറം ജില്ലാ യൂത്ത് ലീഗിന്റെ പ്രസിഡന്റായിരുന്നപ്പോൾ ഒരു യുവജനയാത്ര നടത്തി. മദ്ധ്യേ മലബാറിന്റെ മണ്ണും മനസ്സും ഉഴുതുമറിച്ച ഒരു വൻ സംഭവമായിരുന്നു ആ ജാഥ. ആ സംഭവത്തെ പറ്റി ഇരമ്പി വന്ന ഹൃദയസ്പർശിയായ ഓർമകൾ ഈ സമാഹാരത്തിലെ ഒരദ്ധ്യായമാണ്. ജാഥ സുഗമമായി മുന്നോട്ട് പോയി കൊണ്ടിരിക്കെ ഒരിടത്ത് വെച്ച് കുറെ അയ്യപ്പൻമാർ കറുപ്പ് മുണ്ടെടുത്ത് പച്ചക്കൊടിയുമേന്തി ജാഥയെ അനുഗമിച്ചത് അപൂർവ്വ സംഭവമായി നൗഷാദ് വിവരിക്കുന്നു. നിശ്ചയമായും ഈ കാല്ത്ത ഇത് ഉയർത്തിപ്പിടിക്കാവുന്ന മാതൃക തന്നെ. എന്നാൽ ആഴ്വാഞ്ചേരി തമ്പ്രാക്കൾ പോലും മുസ്ലിം ലീഗിന് വോട്ടു ചെയ്യുന്ന മത സൗഹൃദത്തിന്റെ മലർവാടിയായ മലപ്പുറം ജില്ലയിൽ അത് അത്ര വലിയ സംഭവമാണൊ?

എം.സി. വടകരയ്ക്ക് പുരസ്കാരം എന്ന പോസ്റ്റിംഗ് ഹൃദയഭേദകമാണ്. ഒരു ശരാശരി രാഷ്ട്രീയ എഴുത്തുകാരനെ പുകഴ്ത്താൻ സി.വി. രാമൻ പിള്ളയേയും വില്യം ഷേയ്ക്ക്സ്പിയറേയും യാജ്ഞ വൽക്യനേയും എഴുന്നള്ളിച്ച് കൊണ്ട് വന്നതിനെ സാഹസം എന്നല്ല അവിവേകം എന്നു

തന്നെയാണ് പറയേണ്ടത്. മുസ്‌ലിം ലീഗ് പ്രസിഡന്റ് ഇ. അഹമ്മദ് സാഹിബിനെ സംബന്ധിച്ചുള്ള എഴുത്തിന് ജൈവഗന്ധമുണ്ട്. ഒരു പ ാട് റിക്കാർഡുകൾക്ക് ഉടമയാണ് അഹമ്മദ് സാഹിബ്. സ്വാതന്ത്ര സമ്പാദനത്തിന് ശേഷം കേന്ദ്ര മന്ത്രിസഭയിൽ അംഗമായ ഒരേയൊരു മുസ്‌ലിം ലീഗുകാരനാണ് അഹമ്മദ് സാഹിബ് ഐക്യ രാഷ്ട്രസഭയിൽ പല തവണ ഇന്ത്യയെ പ്രതിനിധീകരിച്ച് കൊണ്ടും വിദേശ രാജ്യങ്ങളിൽ നിരന്തര സന്ദർശനങ്ങൾ നടത്തിക്കൊണ്ടും അദ്ദേഹം വിശ്വപൗരനായി. ഇപ്പോൾ പ്രസക്തമല്ലെങ്കിലും മുസ്‌ലിം ലീഗ് ചരിത്രത്തിലെ ചില പഴയ താളുകൾ മറിച്ച് നോക്കാൻ തോന്നുന്നു. സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ സ്ഥാപക പ്രസിഡന്റായ സുൽത്താൻ മുഹമ്മദ് ഷാ ആഗാഖാൻ 1937ൽ ഐക്യരാഷ്ട്രസഭയുടെ പൂർവ്വരൂപമായ ലീഗ് ഓഫ് നാഷൻസിന്റെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. സമാധാനത്തി നുള്ള നോബൽ സമ്മാനത്തിനും അദ്ദേഹത്തിന്റെ പേര് നിർദ്ദേശം ചെയ്യപ്പെട്ടിരുന്നു. ഈ പ്രശസ്തമായ പാരമ്പര്യമാണ് ഇ. അഹമ്മദ് സാഹി ബിലൂടെ തുടർന്നത്. എന്റെ ജന്മദിനം എന്ന ഒരു അദ്ധ്യായമുണ്ടിതിൽ. ഏപ്രിൽ 13 ആണ് നൗഷാദിന്റെ ജന്മദിനം. പതിമൂന്ന് ഒരു അഭിഷ പ്തമായ സംഖ്യയാണെന്ന അന്ധ വിശ്വാസം അദ്ദേഹത്തെ വേട്ടയാടുന്നുവോ എന്ന് തോന്നി അഭ്യസ്ഥതവിദ്യർക്കിടയിൽ നിലനിൽക്കുന്ന അടിസ്ഥാന രഹിതമായ അന്ധവിശ്വാസമാണത്. കൃത്യമായി സുബ്ഹി നമസ്കരിച്ചു കൊണ്ടു ആരംഭിക്കുന്ന എല്ലാ ദിവസങ്ങളും നല്ല ദിവസങ്ങളാണ്. ആളുകൾ ദുഷ്ചെയ്തികൾ കൊണ്ട് അതിനെ ചീത്തയാക്കാറാണ് പതിവ്. ഏപ്രിൽ 13 ന് പകരം ഏപ്രിൽ 1 ആണെങ്കിലൊ താൻ ഏപ്രിൽ ഫൂളിന്റെ സൃഷ്ടിയാണെന്ന് അദ്ദേഹം കരുതുമൊ?

ഇങ്ങിനെ കൗതുകകരവും രസനിക്ഷ്യന്ദവുമായ ഇതിലെ രചന കൾ ഏറെ പാരായണക്ഷമതയുള്ളതാണ്. വിഷയക്രമമോ കാലക്രമമൊ പാലിക്കാതെ സമാഹരിച്ചിരിക്കുന്ന കുറിപ്പുകളുടെ സമാഹാരം ഒന്ന് ശ്രമിച്ചാൽ കുറെ കൂടി മിനുക്കി മെച്ചപ്പെടുത്താമായിരുന്നു. ഇതിൽ മതവും രാഷ്ട്രീയവും കലയും സാഹിത്യവുമെല്ലാം ഇടകലർത്തി യാണുള്ളത്. കൊച്ചു കൊച്ചു ചൂർണികാ വാചകങ്ങളിൽ കാര്യങ്ങൾ അവതരിപ്പിക്കാ നുള്ള ഗ്രന്ഥകർത്താവിന്റെ പ്രാവീണ്യത്തെ പ്രശംസിക്കാതെ വയ്യ. ഭാവിയിൽ പൂർണ്ണ വികാസം കൊള്ളാവുന്ന ഒരു എഴുത്തുകാരന്റെ മുകുളങ്ങളാണിവ. കുഞ്ഞു ലേഖനങ്ങളുടെ ഈ സമാഹാരം കുന്നോളം പ്രതീക്ഷകളോടെയും പ്രാർത്ഥനകളോടെയും മലയാളി വായനക്കാരുടെ തിരുമുമ്പിൽ സവിനയം സമർപ്പിക്കുന്നു.

എം.സി. വടകര



നൗഷാദ് മണ്ണിശ്ശേരി

മുഴുവൻ പേര്	:	കോട്ടൂർ വലിയപീടിയേക്കൽ മണ്ണിശ്ശേരി **മുഹമ്മദ് നൗഷാദ്**
സ്വദേശം	:	മലപ്പുറം ജില്ലയിലെ പാണക്കാടിനടുത്ത് പട്ടർക്കടവ്
ജനനം	:	1972 ഏപ്രിൽ 13
പിതാവ്	:	പഴയകാല പത്രപ്രവർത്തകനും മുസ്‌ലിം ലീഗ് നേതാവുമായ ഷരീഫ് മണ്ണിശ്ശേരി.
മാതാവ്	:	പി.പി. മറിയകുട്ടി, കൊണ്ടോട്ടി നീറാട്
വിദ്യാഭ്യാസം	:	പട്ടർക്കടവ് എ.എം.എൽ.പി സ്ക്കൂൾ, ഡി.യു. എച്ച്. എസ്. പാണക്കാട്, ഇലാഹിയ കോളേജ്, തിരൂർക്കാട്, കെ.എം.എം.ഒ അറബി കോളേജ്, തിരൂരങ്ങാടി, ജനഭാരതി ക്യാമ്പസ് ബാംഗ്ലൂർ.
ജോലി വഹിച്ച	:	അറബി അധ്യാപകൻ എ.യു.പി. സ്ക്കൂൾ, കുറുവ
ഉത്തരവാദിത്തങ്ങൾ	:	എം.എസ്എഫ്. മലപ്പുറം ജില്ലാ പ്രസിഡന്റ്, മുസ്‌ലീം ലീഗ് ദേശീയ കൗൺസിൽ അംഗം, മെമ്പർ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
ഭാര്യ	:	ഹസീന പി.ഇ.
മക്കൾ	:	മുഹമ്മദ് ഫഹീം, ഫാത്തിമ്മ, അലീമ, ഫിൽസ
സന്ദർശിച്ച രാജ്യങ്ങൾ	:	സൗദി അറേബ്യ, യു.എ.ഇ, ഒമാൻ, ഖത്തർ, ബഹ്റൈൻ.

ഉള്ളടക്കം

വീണ്ടും ഒരു മാർച്ച് പത്ത് 11
മുസ്‌ലിം ലീഗ് മലബാറിൽ 11
കെ.എം. സീതി സാഹിബ് നേതാക്കൻമാരുടെ നേതാവ്" 13
'ബാഫഖി തങ്ങൾ''ഐതിഹാസിക നേതൃത്വം' 16
'ഉപ്പി സാഹിബ് എന്ന് ഉത്തമ നേതാവ്' 17
സി.എച്ച്. മുഖ്യമന്ത്രി 18
പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ 20
അഹമ്മദ് സാഹിബ് , നേതൃപരമ്പരയിലെ അവസാന കണ്ണി 21
ഇ. അഹമ്മദ് സാഹിബ് 21
പുതിയ നേതൃത്വം പുത്തനുണർവ്വ് 23
ഖലീഫ ഉമറിന്റെ ഭരണം മോഹിച്ച ഗാന്ധിജി 24
വിട്ടുവീഴ്ചയില്ലാത്ത സോഷ്യലിസ്റ്റ് 26
ദിനാ വാഡിയ 27
സുവർണ്ണ ജൂബിലിയും കടന്ന് മാണിസാർ 30
പുതിയ കരുത്തുമായി എം. കെ. മുനീർ 31
ഫിദൽകാസ്ട്രോ 32
സഖാവ് കുഞ്ഞാലി ഏറനാട്ടിലെ രക്തനക്ഷത്രം 33
റഹീം മേച്ചേരിയെന്ന അക്ഷര പ്രതിഭ 34
പി. സീതി ഹാജി ഏറനാടിന്റെ ശൗര്യം 36
എം.സി.വടകരക്ക് സേവനരത്ന പുരസ്ക്കാരം 37
ബാപ്പു മുസ്‌ലിയാർ വിടവാങ്ങി 39
ഏക സിവിൽ കോഡ് ബഹുസ്വരതക്ക് എതിര് 40
ഇന്ന് നവംബർ ഒന്ന് കേരളപ്പിറവി ദിനം 41
ഈദ് മുബാറക് 44
അറഫ്, മനുഷ്യ മഹാസാഗരം 45
'അല്ലാഹു' 46

നബിദിനാശംസ 46
നുണക്കഥക്ക് പിന്നിൽ ഗൂഢാലോചന 48
മുജാഹിദ് ലയനം 50
അനൈക്യ ശബ്ദങ്ങളെ അവഗണിക്കുക.' 51
കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ് 52
സി.പി.എമ്മിന്റെ നരനായാട്ട് അവസാനിപ്പിക്കുക 54
അർ.എസ്. എസിന് നിലമൊരുക്കുന്ന സി.പി.എം 55
പിണറായിയുടെ R.S.S പേടി 57
സി.പി.എം. സൈബർ വോയ്സ് 58
ഗ്രൂപ്പിനുള്ള മറുപടി 59
നിലമ്പൂർ കാട്ടിൽ നിന്നും കേൾക്കുന്ന
വെടിയൊച്ചകൾക്ക് അവസാനമില്ലേ...? 61
നൗഷാദിന്റെ കുടുംബത്തിന്
നഷ്ടപരിഹാരം നൽകുക 63
ഇത് പ്രതിഷേധാർഹം 64
മലപ്പുറം നൽകുന്ന സന്ദേശം 66
അറുപതിന്റെ നിറവിൽ നിയമസഭ 67
മലപ്പുറം എന്ന വികാരം 69
"ഈ സ്നേഹ പൊയ്ക തകർക്കാൻ അനുവദിക്കില്ല." 70
'ഇന്ത്യൻ മുസ്ലിംകളെ പാക്കിസ്ഥാനിലേക്ക് അയക്കുന്നവരോട്, ... 72
ബാബരി ധ്വംസനത്തിന് 24 വയ്സ് 73
ഇന്ദിര ആവാസ് യോജന മലപ്പുറം മോഡൽ യാഥാർത്ഥ്യമെന്ത്? 74
"ആരുടെ വോട്ട് വേണ്ട" 75
കോടതി വിധിയും സ്വകാര്യ സ്ക്കൂളുകളും 76
ബഹുസ്വര സമൂഹത്തിലെ മുസ്ലിം 77
ദേശീയ ഗാനം 78
അധ്യാപകൻ (ഫ്രന്റും ഫിലോസഫറും) 79
മാതൃസ്നേഹത്തിന് പകരമാവുമൊ ഡേ കെയറുകൾ 80
പുതുവൽസരാശംസകൾ 82
റിപ്പബ്ലിക് ദിനാശംസകൾ 82
വിഷുആശംകൾ 83
ഇന്ന് ശ്രീകൃഷ്ണ ജന്തി 83
ക്രിസ്തുമസ ആശംസ 85
ജനാധികാര വസന്തത്തിന് നിലാവിന്റെകൊടി അടയാളം 85
സംതൃപ്തമായ അഞ്ച് വർഷം 87
ഭാഷാസമരം അവിസ്മരണീയ പ്രക്ഷോഭം 89
കോടതി വിധിയും ലീഗ് വിരോധികളും 91

“യൂത്ത് ലീഗ്”ഇരകളോടൊപ്പം”.....92
ഓരോ വോട്ടും കോണിക്ക്.....93
ഇത് കാത്തിരുന്ന നേതൃത്വം.....94
എന്റെ ജന്മദിനം.....95

വീണ്ടും ഒരു മാർച്ച് പത്ത്

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിം ലീഗ് പാർട്ടിയെ നിലനിർത്താനുള്ള തീരുമാനം 1948 മാർച്ച് 10-ാം തീയതി മദിരാശിയിലെ രാജാജി ഹാളിൽ നിന്നുയരുമ്പോൾ ചരിത്രത്തിൽ അതിന് മറ്റൊരു മാതൃകയില്ലായിരുന്നു.

പാക്കിസ്താൻ പുതിയ സ്വതന്ത്രരാജ്യമായപ്പോൾ ഇന്ത്യയിലെ ഒട്ടുമുക്കാൽ മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങളും പാക്കിസ്താന്റെ ഭാഗമായി. ഒട്ടേറെ പ്രമുഖ മുസ്‌ലിം നേതാക്കളും പാക്കിസ്താനിലേക്ക് പോയി. ഇന്ത്യാ രാജ്യത്ത് മുസ്‌ലിംകൾക്കും അധികാരവകാശങ്ങൾ ഉണ്ടെന്ന് പറഞ്ഞതിന് ഗാന്ധിജിയെ ഫാസിസ്റ്റുകൾ വെടിവെച്ച് കൊന്നു. മുസ്‌ലിംകൾക്ക് വേണ്ടി സംസാരിക്കാൻ ആളുകൾ ഭയപ്പെട്ട കാലം.

ആ സമയത്താണ് മുസ്‌ലിം ലീഗ് എന്ന് ഉറക്കെ വിളിച്ച് പറഞ്ഞ് ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കപ്പെടുന്നത്. ജനാധിപത്യത്തിന്റെ മാർഗ്ഗത്തിൽ ന്യൂനപക്ഷങ്ങളെ സംഘടിപ്പിച്ച് മുഖ്യധാരയിലെത്തിക്കാൻ മുസ്‌ലിം ലീഗ് പരിശ്രമിക്കുമ്പോൾ നമുക്ക് വേണ്ടത് ഇഖാമത്തുദ്ദീനാണെന്ന് പറഞ്ഞ് ജമാഅത്തെ ഇസ്‌ലാമി അതിനോട് പുറം തിരിഞ്ഞു നിന്നു.. മുസ്‌ലിംകൾ ദേശീയ പാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കണമെന്ന് മൗലാന ആസാദിനെ പോലുള്ളവർ ഫത് വ നൽകിയപ്പോൾ ഇതു രണ്ടുമല്ല മുസ്‌ലിം എന്ന സ്വത്വം നിലനിർത്താൻ ഈ പച്ചക്കൊടിക്ക് കീഴിൽ അണിനിരക്കണമെന്നാണ് മഹാനായ ഖാഇദെ മില്ലത്ത് ആഹ്വാനം ചെയ്തത്. ഖാഇദെ മില്ലാത്തിന്റെ വാക്കുകളെ തിരസ്കരിച്ച സമൂഹം കേൾവിയും കേൾപോരുമില്ലാതെ ചരിത്രത്തിന്റെ പുറംപോക്കിലേക്ക് വലിച്ചെറിയപ്പെട്ടു. മുസ്‌ലിം ലീഗ് കരുത്താർജ്ജിച്ച പ്രദേശത്തെ മുസ്‌ലിംകൾക്കാണ് അവരുടെ അഭിമാനകരമായ അസ്തിത്വം നിലനിർത്താനായത്. ഈ മാർച്ച് 10 നമുക്ക് നൽകുന്ന സന്ദേശം. ജനാധിപത്യത്തിന്റെ ന്യൂനതകളെ രചനാത്മകമായി പരിഹരിക്കാനുള്ള ഒരേയൊരു മാർഗ്ഗം 'സാമുദായികമായി സംഘടിച്ച് മതേതരമായി പ്രവർത്തിക്കുന്ന മുസ്‌ലിം ലീഗ്" മാത്രമാണ്.

മഹിതമായ ഈ സന്ദേശം ഉൾകൊണ്ട മഹാൻമാരുടെ പാത പിൻപറ്റി നമുക്ക് മുന്നേറാം.

2016 മാർച്ച് 10

'മുസ്‌ലിം ലീഗ് മലബാറിൽ'

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഉസ്മാനിയ ഖിലാഫത്തിനെ തകർത്ത ബ്രിട്ടീഷുകാരോടുള്ള വിരോധം കൂടി കൂട്ടി യോജിപ്പിച്ച് മലബാറി

ലെ മുസ്‌ലിം സമുദായത്തിന്റെ വൈകാരികതയെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർക്കാൻ മഹാത്മാഗന്ധിയും കോൺഗ്രസ് പ്രസ്ഥാനവും തീരുമാനിക്കുകയും അതിന്റെ ഭാഗമായി ഒറ്റപ്പാലത്തും മഞ്ചേരിയിലും പ്രമുഖ ദേശീയ നേതാക്കൾ പ്രസംഗിച്ച ഖിലാഫത്ത് സമ്മേളനങ്ങൾ നടക്കുകയുമുണ്ടായി. കോഴിക്കോട് നടന്ന സമ്മേളനത്തിൽ മഹാത്മജി മുസ്‌ലിംകളോടായി ചോദിച്ചു. നിങ്ങളോട് നിങ്ങളുടെ മതം യുദ്ധം ചെയ്യാൻ കൽപ്പിച്ചിട്ടില്ലെ നിങ്ങൾക്ക് ശഹീദിന്റെ പുണ്യം കിട്ടില്ലെ എന്നൊക്കെ ചോദിച്ച് അദ്ദേഹം ഒരു ജനതയെ വൈകാരികമായി ഉണർത്തി. പടപ്പാട്ടിന്റെ ഈണങ്ങൾ കേട്ട് വളർന്ന മാപ്പിള സമൂഹം ഇത് ആത്മാർത്ഥമായി എടുത്തു. ഖിലാഫത്ത് സമരം ശക്തി പ്രാപിച്ചു. വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ആലി മുസ്‌ലിയാരും മറ്റും ഖദർ ധരിക്കുന്ന കോൺഗ്രസുകാരായിരുന്നു. അന്ന് മുസ്‌ലിം ലീഗ് മലബാറിലേക്ക് കടന്ന് വന്നിട്ടില്ല. മഞ്ചേരി സെൻട്രൽ ജുമാ മസ്ജിദിന്റെ മുമ്പിൽ തന്റെ കാളവണ്ടിയിൽ കയറി നിന്ന് വാരിയംകുന്നത്ത് കുഞ്ഞഹമ്മദാജി ഖിലാഫത്ത് പ്രഖ്യാപനം നടത്തി. ഫറോക്ക് പാലത്തിനിപ്പുറത്തേക്ക് ബ്രിട്ടീഷ് പട്ടാളത്തിന് കടക്കാൻ പറ്റാത്ത തരത്തിൽ ഏറനാട്ടിൽ ആറ് മാസം ഖിലാഫത്ത് ഭരണം നടന്നു. അയ്യായിരം വർഷത്തെ ആർഷഭാരത ചരിത്രത്തിലെ ആദ്യത്തെ ജനകീയ ഭരണമെന്നാണ് കമ്യൂണിസ്റ്റ് നേതാവ് സഖാവ് എ കെ. ഗോപാലൻ ഈ ഭരണത്തെ വിശേഷിപ്പിച്ചത്. ഒരു വേള ബ്രിട്ടീഷുകാർ ഈ മുന്നേറ്റം കണ്ട് അന്തം വിട്ടു നിന്നു. ലോകം മുഴുവൻ തങ്ങളുടെ കീഴിലാക്കി കോളനികൾ സ്ഥാപിച്ചവർ മാപ്പിള മക്കളുടെ ചെറുത്ത് നിൽപിന് മുമ്പിൽ തോറ്റ് പോയി. ബ്രിട്ടൻ മന്ത്രിസഭ ഒരു ഘട്ടത്തിൽ മലബാറിന് സ്വാതന്ത്ര്യം കൊടുത്താലോ എന്ന് പോലും ആലോചിച്ചു. ദ ലണ്ടൻ ടൈംസ് പത്രം ഇതിനെ വിമർശിച്ച് മുഖ പ്രസംഗമെഴുതി, അങ്ങിനെ മാപ്പിള സമൂഹത്തെ ഏത് വിധേനയും അടിച്ചമർത്തണമെന്ന തീരുമാനത്തിലെത്തി ബ്രിട്ടീഷ് പാർലിമെന്റ്.

അങ്ങിനെയാണ് മലബാറിലെ മുസ്‌ലിം സമൂഹത്തെ കണ്ടാൽ വെടിവെക്കാം എന്ന കുപ്രസിദ്ധമായ നിയമം. 'മാപ്പിള ഔട്ട് റേജസ് ആക്റ്റ്' നടപ്പിലാക്കിയത്. ഇന്ത്യയിലെ ബ്രിട്ടീഷ് പട്ടാളത്തിന്റെ നാലിലൊന്ന് സൈന്യത്തെയും മലബാറിൽ വിന്യസിച്ചു. ഉത്തരേന്ത്യയിൽ നിന്ന് സൈന്യം മലബാറിലേക്ക് ഒഴുകിയപ്പോൾ അതിനെ എതിർക്കാൻ ഒരു ദേശീയ നേതാവും രംഗത്ത് വന്നില്ല. മുസ്‌ലിംകളുടെ വൈകാരികത മുതലെടുത്ത് ബിലാഫത്തിന് ആഹ്വാനം ചെയ്ത ദേശീയ നേതാക്കൻമാർ ഈ ദുരിതക്കയത്തിൽ നിന്ന് അണികളെ രക്ഷിക്കാൻ ശ്രമിക്കാതെ ഈ പാവങ്ങളെ കൈയ്യൊഴിഞ്ഞു. പിന്നെ ഏറനാട്ടിൽ നടന്നത് നരനായാട്ടായിരുന്നു. ഇരുപത്തി ഒൻപതിനായിരത്തിലധികം മാപ്പിളമാരെ കൊന്നൊടുക്കി. സഹോദരിമാരുടെ മാനം പിച്ചിചീന്തി. വീടുകൾ അഗ്നിക്കിരയാക്കി. അനേകായിരങ്ങൾ അന്തമാനിലേക്കും ആസ്ത്രേലിയയിലേക്കും നാടുകടത്തപ്പെട്ടു. ചൗരി ചൗരയിൽ രണ്ട് പോലീസുകാർ കൊല ചെയ്യപ്പെട്ടപ്പോൾ നിസഹകരണ പ്രസ്ഥാനം പിൻവലിക്കുകയും വൈസ്രോ

യിയുമായി ചർച്ച നടത്തുകയും ചെയ്തവർ നമ്മുടെ നാട്ടിലേക്ക് തിരിഞ്ഞ് നോക്കിയില്ല. അവസാനം എല്ലാം നഷ്ടപ്പെട്ട് നിലാരംബരായ മാപ്പിള സമൂഹത്തെ സഹായിക്കാൻ കെ.എം. സീതി സാഹിബും ബി. പോക്കർ സാഹിബും കോട്ടാൽ ഉപ്പിസാഹിബും ചേർന്ന് മദ്രാസിൽ മാപ്പിള റിലീഫ് കമ്മിറ്റിയുണ്ടാക്കി സഹായിക്കാൻ ഇറങ്ങി പുറപ്പെട്ടു. ഗവൺമെന്റിന്റെ വിലക്കുകളെ അവഗണിച്ച് റിലീഫ് പ്രവർത്തനം നടത്തി. ഏറനാടിന്റെ ഒറ്റയടിപ്പാതയിലൂടെയും വള്ളുവനാടിന്റെ വയലേലകളിലൂടെയും രാത്രികളിലെ ചരമയാമങ്ങളിൽ പോലും പാട്ടവിളക്കും കത്തിച്ച് നടന്ന് ചെന്ന് മാപ്പിള സമൂഹത്തെ ഒരുമിച്ച് കൂട്ടി സ്വാന്ത്വനത്തിന്റെ കരസ്പർശമേകി. അവർക്ക് ആത്മവിശ്വാസവും ധൈര്യവും നൽകി. ഭക്ഷണവും പാർപ്പിടവും ഒരുക്കി കൊടുത്തു. റാകിപ്പറക്കുന്ന ചെമ്പരത്തിൽ നിന്ന് തള്ളക്കോഴി തന്റെ ചിറകിനടിയിൽ കുഞ്ഞുങ്ങളെ രക്ഷിക്കുന്നത് പോലെ മുസ്ലിം ലീഗ് ഈ സമൂഹത്തിന് സംരക്ഷണം നൽകി. വിവരമില്ലാത്ത മാപ്പിളമാർ ഞങ്ങൾ പറഞ്ഞതിനപ്പുറത്തുള്ള അക്രമ സമരം നടത്തി എന്ന് പറഞ്ഞ് ദേശീയ നേതാക്കൾ നമ്മുടെ പൂർവ്വികരെ പരിഹസിച്ചപ്പോൾ അവരെ സംരക്ഷിക്കാൻ പച്ചക്കൊടിയുമേന്തി അവർക്ക് സഹായഹസ്തവുമായി മുസ്ലിം ലീഗ് രംഗത്ത് വന്നു. മഹാനായ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ കൂടി ഈ കൂട്ടായ്മയിൽ ഒപ്പം ചേർന്നതോടെ മലബാറിലെ മുസ്ലിം സമൂഹം മുസ്ലിം ലീഗിലേക്ക് പാഞ്ഞടുക്കുകയും നെഞ്ചോട് ചേർക്കുകയും ചെയ്തു. തങ്ങളുടെ സിരകളിലും ചിന്തകളിലും സ്വപ്നങ്ങളിലും ലീഗ് രാഷ്ട്രീയം മാത്രമായി. അതാണ് അവരുടെ പിൻതല മുറയും ഈ ഹരിത കൊടിയുടെ പിന്നിൽ അണിനിരക്കുന്നതും മലബാറിൽ പാർട്ടിക്ക് ഇത്രമേൽ ശക്തിയുണ്ടായതും.

2015 ജനുവരി

കെ. എം. സീതി സാഹിബ് നേതാക്കൻമാരുടെ നേതാവ്

മഹാനായ ഷേറേ കേരളാ കെ.എം. സീതി സാഹിബിനെ ഓർക്കുമ്പോൾ നമ്മുടെ മനസിലൂടെ ഒരുപാട് അമര സ്മരണകൾ കടന്നു പോകുന്നുണ്ട്. കേരളീയ മുസ്ലിം സമൂഹത്തിന്റെ നവോത്ഥാനത്തിന്റെ ശില്പിയായിരുന്നു കെ.എം. സീതി സാഹിബ്, കൊടുങ്ങല്ലൂർ നമ്പൂതിരി മഠം തറവാട്ടിൽ സമ്പൽ സമൃദ്ധിയിൽ ജനിച്ച സീതി സാഹിബ് തന്റെ സമ്പത്തും ആരോഗ്യവും എല്ലാം ചെലവഴിച്ചത് മുസ്ലിം സമുദായത്തിന്റെ പുരോഗതിക്ക് വേണ്ടിയായിരുന്നു. കേരളം കണ്ട എക്കാലത്തെയും മഹാന്മാരായ നേതാക്കളിൽ ഒരാളായിരുന്നു കെ.എം. സീതി സാഹിബ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്ലിം സമൂഹം വേട്ടയാടപ്പെട്ടപ്പോൾ അവർക്ക് ജനാധിപത്യത്തിൽ രചനാത്മകമായി പങ്കുചേർന്ന് ഇന്ത്യൻ ജനാധിപത്യത്തോട് ഇഴചേർന്ന് നി

ന്ന് അവകാശങ്ങൾ സംരക്ഷിക്കാൻ അവർക്കൊരു സംഘടന ആവശ്യമാ ണ് എന്നതിരിച്ചറിവിൽ മഹാനായ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബും കെ.എം. സീതി സാഹിബും നടത്തിയ വളരെ ബുദ്ധിപരമായ നീക്കം കാരണമാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് ഈ രാജ്യത്ത് നി ലവിൽ വന്നതും ഇന്നും നിലനിൽക്കുന്നതും. മദിരാശിയിലെ രാജാജി ഹാ ളിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ പ്രഖ്യാപനം നടക്കുമ്പോൾ ഖാഇദെമില്ലാത്തിന്റെ കൂടെ താങ്ങും തണലുമായി നിന്നതും പ്രിയപ്പെട്ട സീ തി സാഹിബാണ്.

മഹാനായ ഖാഇദെമില്ലത്ത് സീതി സാഹിബിനോട് ഉപദേശം ചോദി ച്ചിട്ടാണ് എല്ലാ കാര്യങ്ങളും നിർവ്വഹിച്ചിരുന്നത് എന്ന് ചരിത്രം നമ്മോട് പറയുന്നുണ്ട്. നേതാക്കന്മാരുടെ നേതാവാണ് എന്നാണ് സീതിസാഹിബിനെ കുറിച്ച് എല്ലാവരും പറയാറുള്ളത്. അഭിവന്ദ്യനായ മുസ്ലിം ലീഗിന്റെ മുൻ അഖിലേന്ത്യാ അദ്ധ്യക്ഷൻ മർഹൂം ഇ. അഹമ്മദ് സാഹിബ് ഒരനുഭവം പറ ഞ്ഞു. ആലപ്പുഴയിലെ മുസ്ലിം ലീഗ് സമ്മേളനം കഴിഞ്ഞ് ബാഫഖി തങ്ങളും അദ്ദേഹത്തിന്റെ മകനും സി.എച്ചും ഞങ്ങളൊരുമിച്ചാണ് കാറിൽ നാട്ടിലേക്ക് മടങ്ങിയത്. യാത്രാ മധ്യേ മുസ്ലിം സമൂഹത്തിന്റെ വൈജ്ഞാനിക പുരോ ഗതിയെ കുറിച്ചും സ്ത്രീ വിദ്യാഭ്യാസത്തെ കുറിച്ചുമുള്ള ചർച്ച വന്നപ്പോ ബാഫഖി തങ്ങൾ പറഞ്ഞു. നമ്മുടെ നേതാവ് പറഞ്ഞപ്പോഴാണ് നമുക്കതിന്റെ ആഴവും ആവശ്യകതയും ബോദ്ധ്യപ്പെട്ടത്. നമ്മുടെ നേതാവിന്റെ പ്രവർത്ത നവും പ്രസംഗവും ഇടപെടലുമാണ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കാൻ നമുക്ക് ഊർജ്ജം നൽകുന്നത്. ഇത് കേട്ട ചെറുപ്പക്കാരനായ ഞാൻ ചോദിച്ചു. നമ്മുടെ നേതാവ് എന്നു പറയുന്നത് ആരെ കുറിച്ചാണ്? എന്താണ് സംശയം കെ.എം. സീതി സാഹിബ് തന്നെ, സി.എച്ച്. ഇങ്ങനെ കൂടി കൂട്ടിച്ചേർത്ത് പറ ഞ്ഞു സീതി സാഹിബ് നേതാക്കന്മാരുടെ നേതാവാണ്. ഒരു സമുദായത്തിന്റെ ഉൽകൃഷ്ടം തന്റെ കണ്ണുകൊണ്ട് കാണാൻ വേണ്ടി ജീവിതം സമർപ്പിച്ച നേതാ വായിരുന്നു. സീതി സാഹിബ്. ആദ്യകാല എം.എസ്.എഫ്. നേതാവും പ്രമുഖ പത്രപ്രവർത്തകനുമായ കെ.പി. കുഞ്ഞിമൂസ സാഹിബ് പറഞ്ഞ ഒരനുഭവം കൂടി ഇവിടെ പങ്ക് വെക്കുകയാണ്. തലശ്ശേരിയിൽ നിന്ന് കോഴിക്കോട്ടേക്ക് കാറിൽ വരുമ്പോൾ തലയിൽ തട്ടമിട്ട ഒരു മുസ്ലിം പെൺകുട്ടി പുസ്തകവും ചോറ്റുപാത്രവുമായി നടന്നു പോകുന്നത് കണ്ടപ്പോൾ ഡ്രൈവറോട് ചോദി ച്ചുവത്രെ ആ കുട്ടി സ്ക്കൂളിൽ പോവുകയാണോ എന്ന്. വണ്ടി നിർത്തി ആ കുട്ടിയുടെ അടുത്തിറങ്ങി സലാം ചൊല്ലി പേര് ചോദിച്ച് മോൾ സ്ക്കൂളിലേക്ക് പോവുകയാണോ എന്ന് ചോദിച്ചപ്പോ അതെ എന്നു മറുപടി പറഞ്ഞപ്പോൾ 'അൽഹംദുലില്ലാഹ്' എന്നു പറഞ്ഞ് തിരിച്ച് കാറിൽ കയറിയതിനുശേഷം സീതി സാഹിബ് എങ്ങിക്കരഞ്ഞു. എന്തിനാണ് താങ്കൾ കരയുന്നതെന്ന് ഡ്രൈവർ ചോദിച്ചപ്പോൾ എന്റെ സമുദായത്തിലെ പെൺമക്കൾ പഠിക്കാൻ തുടങ്ങി. അൽഹംദുലില്ലാഹ് ഞാനെന്റെ നാഥന് ശുക്റ് ചെയ്യുകയാണ് എന്നു പറഞ്ഞ സമുദായ സ്നേഹിയായിരുന്നു പ്രിയപ്പെട്ട സീതി സാഹിബ്.

നിങ്ങൾക്കറിയുമോ മലപ്പുറത്ത് 1921 ലെ സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് എല്ലാം തകർക്കപ്പെട്ട മാപ്പിള സമൂഹത്തിന് വൈജ്ഞാനികമായ പുരോഗതി ഉണ്ടാക്കാൻ ഇന്ന് മലപ്പുറത്ത് കാണുന്ന ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്ക്കൂളിന്റെയും ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്ക്കൂളിന്റെയും ആദ്യ രൂപമായ മുസ്ലിം ഹൈസ്ക്കൂൾ സ്ഥാപിച്ചതും അതിന് സ്ഥലമെടുപ്പിച്ചതും അതിന് അംഗീകാരം നേടിയെടുത്തതും അന്നത്തെ മദിരാശി ഗവൺമെന്റിൽ സീതി സാഹിബ് നടത്തിയ ശക്തമായ ഇടപെടൽ മൂലമാണ് . 1957 ലെ ഒന്നാം ഇ.എം.എസ്. ഗവൺമെന്റ് ഗവൺമെന്റ് മുസ്ലിം സ്ക്കൂൾ എന്ന പേര് മാറ്റി ഗവൺമെന്റ് മോഡൽ സ്ക്കൂൾ എന്നാക്കി മാറ്റി. സീതി സാഹിബിന്റെ ഇടപെടൽ മൂലം അന്ന് രണ്ട് മുസ്ലിം സ്ക്കൂളുകളായിരുന്നു തുടങ്ങിയത്. ഒന്ന് കാസർകോട്ടും മറ്റൊന്ന് മലപ്പുറത്തും കാസർകോട്ടുകാർ പേര് മാറ്റലിനെതിരെ ശക്തമായ ചെറുത്തു നിൽപും സമരവും നടത്തി. അവിടെ കാസർകോട് മുസ്ലിം ഹൈസ്ക്കൂൾ എന്ന പേരിൽ ഹയർസെക്കണ്ടറി സ്ക്കൂൾ ഇന്നും നില നിൽക്കുന്നുണ്ട്. ദക്ഷിണേന്ത്യയിലെ അലിഗഢ് എന്നറിയപ്പെടുന്ന ഫാറൂഖ് കോളേജിന്റെ സംസ്ഥാപനം 1948 ൽ പൂർത്തിയാവുമ്പോൾ അതിന്റെ ജനറൽ സെക്രട്ടറി സീതി സാഹിബ് ആയിരുന്നു. മലബാർ ജില്ലാ മുസ്ലിം ലീഗിന്റെ കാറ് വിറ്റിട്ടാണ് ഫാറൂഖ കോളേജിന് വേണ്ടി അന്നു ഫണ്ട് ഉണ്ടാക്കിയത്. ഒരു ജനതയുടെ ആത്മാഭിമാനത്തിനും സമൂഹത്തിന്റെ പുരോഗതിക്കും ഏറെ പ്രയത്നിച്ച മഹാനായിരുന്നു കെ.എം. സീതി സാഹിബ്. സീതി സാഹിബ് കൊടുങ്ങല്ലൂരിൽ നിന്ന് കൊച്ചി പ്രജാസഭയിലേക്ക് എതിരില്ലാതെ തെരെഞ്ഞെടുക്കപ്പെട്ട അംഗമായിരുന്നു. പക്ഷേ തനിക്ക് ദേശീയ രാഷ്ട്രീയ പ്രസ്ഥാനത്തിൽ ലഭിച്ച എല്ലാ സ്ഥാനമാനങ്ങളും ഇരു കൈകൾ കൊണ്ടും തട്ടി മാറ്റിയാണ് മുസ്ലിം ലീഗിന്റെ നേതൃനിരയിലേക്ക് പ്രിയപ്പെട്ട സീതി സാഹിബ് കടന്നു വരുന്നത്. സീതി സാഹിബ് നമുക്ക് നൽകിയ അനന്തരമാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്.

സ്നേഹമുള്ളവരേ, ഈ സംഘടനയക്ക് വേണ്ടി പ്രവർത്തിക്കുക എന്നതാണ് സീതി സാഹിബിനോട് ഇന്നത്തെ തലമുറക്ക് ചെയ്യാനുള്ള ഏറ്റവും വലിയ കടമ. നമ്മുടെ ഉത്തരവാദിത്തം അതാണ്. ഏഴു പതിറ്റാണ്ടുകാലമായി ജനാധിപത്യ ഭാരതത്തിൽ ഈ സമുദായത്തിന്റെ സംരക്ഷണമായി മുസ്ലിം ലീഗ് നിലനിൽക്കുകയാണ്. അഭിനവ കാലഘട്ടത്തിൽ പലരും മുസ്ലിം ലീഗിന്റെ നിലനിൽപ്പിനെ ചോദ്യം ചെയ്യുമ്പോൾ മഹാനായ ഖാഇദെ മില്ലത്ത് ഇസ്മയിൽ സാഹിബ് റഹ്മത്തുള്ളാഹി അലൈഹി, അഭിവന്ദ്യനായ കെ.എം. സീതി സാഹിബും സി.എച്ചും ബാഫഖി തങ്ങളും പൂക്കോയ തങ്ങളും സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളും നമ്മുടെ കൈകളിലേൽപിച്ച ഈ പച്ചക്കൊടിയുണ്ടല്ലോ ഇത് നെഞ്ചോട് ചേർത്ത് പിടിച്ച് ഈ അർദ്ധചന്ദ്ര താരാങ്കിതമായ ഹരിത പതാകയെ നിലത്തിട്ട് ചവിട്ടാൻ ഒരു മതരാഷ്ട്രവാദക്കാരനെയും തീവ്രവാദിയേയും അനുവദിക്കില്ല എന്ന ഉറച്ച മനസുമായി നമുക്ക് മുന്നോട്ട് പോണം. ഇന്ത്യയിലെ മുസ്ലിമീങ്ങൾ ഇന്നനുഭവിക്കുന്ന ദുഃഖത്തിൽ നിന്നും

ഫാസിസ്റ്റുകളുടെ ദ്രംഷ്ടങ്ങൾക്കിടയിൽ നിന്നും അവർ രക്ഷപ്പെടണം അവർ വിമോചിതരാവണമെന്ന ആത്മാർത്ഥമായ ആഗ്രഹം സമുദായത്തിലെ ആർ ക്കെങ്കിലും ഉണ്ടെങ്കിൽ അതിന് മുസ്‌ലിം ലീഗല്ലാതെ മറ്റൊരു മാർഗ്ഗവുമി ല്ലാ എന്ന് നമ്മൾ മനസിലാക്കി ആ തിരിച്ചറിവിൽ നമുക്ക് പ്രവർത്തിക്കാം. സീതി സാഹിബിന്റെ പ്രവർത്തനങ്ങളും അദ്ധ്യാപനങ്ങളും അദ്ദേഹം നമുക്ക് കാണിച്ച് തന്നിട്ടുള്ള മാർഗ്ഗങ്ങളും നമുക്കതിന് ആവേശമാവും പ്രചോദനവു മാകണം, സർവ്വ ശക്തനായ അള്ളാഹു അനുഗ്രഹിക്കട്ടെ.

2017 ഏപ്രിൽ 17

ബാഫഖി തങ്ങൾ: ഐതിഹാസിക നേതൃത്വം

ഒരു കാലഘട്ടത്തിന്റെ ഇതിഹാസ നായകനായിരുന്നു ഖാദഇദുൽഖൗം സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ. സ്വാതന്ത്ര്യാനന്തരം എല്ലാം നഷ് ടപ്പെട്ട സമൂഹത്തിന് നേതാക്കളിലധികവും പാക്കിസ്ഥാനിലേക്ക് പോയപ്പോൾ മുസ്‌ലിംകളുടെ രാജ്യസ്നേഹം പോലും ചോദ്യം ചെയ്യപ്പെട്ട കാലഘട്ടത്തിൽ 'ഇസ്സത്തേറും തലേകെട്ട് വേഷവുമായി തന്റെ ആരോഗ്യവും സമ്പത്തും ആത്മീയ പ്രഭയും സമുദായ സേവനത്തിന്റെ അൾ താരയിൽ സമർപിച്ച് കൊണ്ടാണ് ബാഫഖി തങ്ങൾ മുസ്‌ലീം ലീഗിന്റെ നേത്യനിരയിലേക്ക് കട ന്ന് വരുന്നത്. ലീഗായാൽ ഒരു പഞ്ചായത്ത് മെമ്പറാവാൻ പോലും സാധ്യമല്ല എന്ന് ആളുകൾ പ്രചരിപ്പിച്ചിരുന്ന കാലത്ത് മുസ്‌ലിം ലീഗിനെ സഹായിക്കാൻ ഒരാളുമില്ലാത്ത ഘട്ടത്തിൽ പാറയും കൂർത്ത ചരൽ കല്ലുകളും കാൽനടയാ ത്രക്കാരന്റെ കാലിൽ ചോര പൊടിയുന്ന ഒറ്റയടി പാതയിലൂടെ മലബാറിന്റെ മലമടക്കുകളിലും ഏറനാടിന്റെയും വള്ളുവനാടിന്റെയും കുഗ്രാമങ്ങളിൽ കൂടി മുസ്‌ലിം ലീഗിന്റെ ഹരിത പതാക തോളിൽ വെച്ച് പ്രിയപ്പെട്ട തങ്ങൾ ഈ സംഘടനയുടെ സന്ദേശവുമായി കടന്നു ചെന്നു.

പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് നെഹ്റു കോഴിക്കോട് വന്നപ്പോൾ വെസ്റ്റിഹിൽ ഹെലിപ്പാടിൽ സ്വീകരിക്കാൻ കോഴിക്കോട്ടെ സകല പ്രമാണി മാർക്കും അവസരം നൽകിയ ജില്ലാ ഭരണകൂടം വലിയങ്ങാടിയിലെ വർത്തക പ്രമാണിയായ ബാഫഖി തങ്ങളെ ആ ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കാൻ ന്യായം പറഞ്ഞത് മുസ്‌ലിം ലീഗിന് നേരെയുള്ള വർഗ്ഗീയ ആരോപണമാ യിരുന്നു.

1967ലെ സപ്ത കക്ഷി സർക്കാറിന്റെ സി.പി.എം. മുഖ്യമന്ത്രി ഇ.എം.എ സ്. രാജി വെച്ച് കേരള രാഷ്ട്രീയം അനിശ്ചിതത്വത്തിലായ സമയത്ത് സി.പി.ഐ നേതാവായിരുന്ന രാജ്യസഭാംഗം അച്ച്യുതമേനോനെ ഡൽഹി യിൽ നിന്ന് കൊണ്ട് വന്ന് സി.പി.ഐ യും കോൺഗ്രസും, ലീഗും ഉൾപ്പെട്ട വിശാല ഐക്യമുന്നണി രൂപീകരിച്ച് ബാഫഖി തങ്ങൾ തന്റെ ചൂണ്ടാണി

വിരലിൽ കേരള രാഷ്ട്രീയത്തെ നിയന്ത്രിച്ചു.

ഒരു വഖ്ത്ത് പോലും നമസ്കാരം ഖളാ ആക്കാത്ത വലിയ മത വിശ്വാസിയായ തങ്ങൾ ഉജ്ജ്വല മതേതര കാഴ്ചപ്പാട് നിലനിർത്തി. എല്ലാ വർഷവും ഹജ്ജിന് പോകുന്ന മഹാനവർകൾ 1973 ലെ ഹജ്ജ് വേളയിലാണ് (ജനു: 19) ഈ ലോകത്തോട് വിട പറയുന്നത്. പരിശുദ്ധ മക്കയിൽ ജന്നത്തുൽ മുഅല്ലയിൽ പുണ്യ റസൂലിന്റെ (സ്വ) സഹധർമ്മിണി ഖദീജത്തുൽ ഖുബ്റാ(റ) യുടെ ഖബറിന് തൊട്ട് ചാരി അന്ത്യവിശ്രമം കൊള്ളുകയാണ്.

മോഡിയുടെ ഫാസിസ്റ്റ് ഭരണവും പിണറായിയുടെ മാർകിസ്റ്റ് സർക്കാറും മുസ്ലിംകൾക്കും മുസ്ലിം സ്ഥാപനങ്ങൾക്കും നേരെ ഭരണകൂട ഭീകരതയുമായി തിരിയുമ്പോൾ നമുക്ക് ഒറ്റക്കെട്ടായി ബാഫഖി തങ്ങൾ കാണിച്ച് തന്ന പന്ഥാവിൽ ഉറച്ചുനിന്ന് ജനാധിപ്യത്തെ ശക്തിപ്പെടുത്താം.

2017 ജനുവരി 19

ഉപ്പി സാഹിബ് എന്ന ഉത്തമ നേതാവ്

കോട്ടാൽ തറവാട് മലയാളക്കരയിലെ ചിരപുരാതനവും കുലീനവും സമ്പൽ സമൃദ്ധവും പ്രൗഢോജജ്വലവുമായ മാപ്പിള തറവാടാണ്. നോക്കെത്താ ദൂരത്തെ വയലേലകളും കണ്ണെത്താ ദൂരത്തെ പറമ്പും സമ്പത്തും പ്രതാപവും എല്ലാം ഒത്തിണങ്ങിയ കുടുംബം. മുസ്ലിം ലീഗിലേക്ക് സമ്പത്തും സൗകര്യവും ഉള്ളവർ കടന്ന് വരാൻ മടിച്ച് നിൽക്കുന്ന കാലത്താണ് ഉന്നതമായ വിദ്യാഭ്യാസത്തിന് കൂടി ഉടമയായ ഉപ്പി സാഹിബ് ഈ സംഘടനയിലേക്ക് കടന്നു വരുന്നത്. 1921 ലെ കഷ്ടപ്പെടുന്ന മലബാറിലെ മാപ്പിളമാരെ സഹായിക്കാൻ മദിരാശി കേന്ദ്രമാക്കി രൂപീകരിച്ച റിലീഫ് കമ്മിറ്റിയുടെ ഭാഗമായി പ്രവർത്തിച്ച് തനിക്ക് ജന്മസിദ്ധമായി ലഭിച്ച എല്ലാ സൗഭാഗ്യങ്ങളും സമുദായ സേവനത്തിന്റെ അൾത്താരയിൽ സമർപ്പിച്ച ഒരു വലിയ മനുഷ്യൻ. സാധാരണ രാഷ്ട്രീയ പ്രവർത്തനത്തിലൊക്കെ വരിക അധികാരവും സ്ഥാനമാനങ്ങളുമൊക്കെ മോഹിച്ചിട്ടാണ്. പക്ഷെ ഉപ്പി സാഹിബിനെ കുറിച്ച് നമ്മൾ കേൾക്കുന്ന ചരിത്രം മദിരാശി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മുസ്ലിംലീഗ് എം.എൽ.എമാർ അസംബ്ലി പാർട്ടി ലീഡറെ തെരഞ്ഞെടുക്കുന്നതിന് വേണ്ടി യോഗം ചേർന്നപ്പോൾ രണ്ടാളുകൾ തമ്മിൽ വാഗ്വാദത്തിലാണ്. ആരാകണം ലീഡർ എന്നതിനെ കുറിച്ചാണ് തർക്കം ഉപ്പി സാഹിബ് പറയുന്നു സീതി സാഹിബ് ലീഡറാവണമെന്ന് അതിനദ്ദേഹം സീതി സാഹിബിന്റെ യോഗ്യതകളും കഴിവുകളും ഒന്നൊന്നായി അവതരിപ്പിക്കുന്നു. സീതി സാഹിബ് പറയുന്നത് ഉപ്പി സാഹിബ് നിയമസഭാ കക്ഷി നേതാവാകണമെന്ന്. അതിലൂടെ പാർട്ടിക്കും മുസ്ലിം സമുദായത്തിനും ലഭിക്കാവുന്ന നേട്ടത്തെ കുറിച്ച് സീതി സാഹിബും വാദിക്കുന്നു. തനിക്ക് നേതാവാവേണ്ട എന്ന വാദ തർക്കങ്ങൾ മണിക്കൂറുകൾ നീണ്ടപ്പോൾ

മഹാനായ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബ് ഇടപെട്ട് ഉപ്പി സാഹിബിനെ നിർദ്ദേശിച്ചപ്പോൾ സീതി സാഹിബിന് സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞുപോയി. ഉപ്പി സാഹിബാണെങ്കിൽ തന്നിലേൽപിച്ച ഉത്തര വാദിത്തം ഓർത്ത് തന്റെ നയനകൾ സജലങ്ങളാക്കി. മദിരാശിയിലെ മുഖ്യ മന്ത്രിയായിരുന്ന രാജാജി പറഞ്ഞത് കോട്ടാൽ ഉപ്പി സാഹിബിനെ പോലെ ഒരാൾ എന്റെ ഗവൺമെന്റിൽ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട് എന്നാണ്. ആലോചിച്ച് നോക്കൂ, മലബാറിൽ നിന്ന് ഒരു മു സ്ലിം മന്ത്രി വേണമെന്ന് ദേശീയ മുസ്ലിം നേതാക്കൾ ആവശ്യപ്പെടുകയും പ്രമുഖ നേതാവായ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിന്റെ പേര് നിർദ്ദേ ശിക്കുകയും അതിന് വേണ്ടി എല്ലാ നിലക്കുമുള്ള സ്വാധീനം ചെലുത്തുക യും ചെയ്തെങ്കിലും അബ്ദുറഹ്മാൻ സാഹിബിന് മന്ത്രിയാവാനുള്ള പകത ആയിട്ടില്ല എന്നാണ് 1937 ൽ രാജാജി പറഞ്ഞത്. എന്നാൽ ഉപ്പി സാഹിബിന്റെ പിന്നാലെ നടക്കുകയായിരുന്നു. ഉപ്പി സാഹിബ് അത് സമ്മതിച്ചില്ല പക്ഷെ തന്റെ മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും അദ്ദേഹത്തോട് ചർച്ച ചെയ്തി രുന്നു എന്ന് രാജാജി ഒരിക്കൽ അനുസ്മരിക്കുകയുണ്ടായി. കോൺഗ്രസ് പ ാർലിമെന്ററി പാർട്ടിയിലേക്ക് കോൺഗ്രസുകാരനല്ലാത്ത ഉപ്പി സാഹിബിനെ വിളിക്കുമായിരുന്നു. നിയമനിർമ്മാണ സഭക്കകത്തും പുറത്തും കുടിയാൻ മാർക്ക് വേണ്ടി ശബ്ദിച്ചത് കാരണം 'കുടിയാനു വേണ്ടി പോരാടുന്ന ജന്മി' എന്ന വിശേഷണം സിദ്ധിച്ചു. കോട്ടാൽ തറവാട്ടിൽ സമ്പത്തിന്റെ സമൃദ്ധി യിൽ ജനിച്ചു വളർന്ന ഉപ്പി സാഹിബ് നിയമസഭയിൽ കൂടിയാൻമാർക്കും ദരിദ്രർക്കും വേണ്ടി പടപൊരുതുന്നത് കൗതുകത്തോടെയാണ് സഭാംഗങ്ങൾ നോക്കി കണ്ടത്. ഉപ്പി സാഹിബിനെ പോലെയുള്ള മാതൃകാ യോഗ്യരായ നേതാക്കൻമാരുടെ ജീവിതത്തിൽ നിന്നു പാഠമുൾകൊണ്ട് പൊതുജീവിതം സംശുദ്ധമാക്കാൻ നമുക്ക് സാധിക്കട്ടെ.

2015 മെയ് 11

സി. എച്ച്. മുഖ്യമന്ത്രി

ഇന്ന് ഒക്ടോബർ 12. 1979 ഒക്ടോബർ 12 ന് വെള്ളിയാഴ്ച ഉച്ചക്ക് ശേഷമാണ് മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് കേരളത്തിന്റെ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. കേരളത്തിന്റെ ഇന്നോളമുള്ള ചരിത്രത്തിലെ ആദ്യ മുസ്ലിം മുഖ്യമന്ത്രി. തിരുകൊച്ചി സം സ്ഥാനത്ത മലബാർ ഉൾക്കൊണ്ടിരുന്ന മദ്രാസ് സംസ്ഥാനത്തോ ഐക്യ കേ രളത്തിലോ അതിന് മുമ്പും ശേഷവും ഒരു മുസ്ലിം മുഖ്യമന്ത്രി ഉണ്ടായിട്ടില്ല. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഒരു ഗ്രാമപഞ്ചായത്ത് മെമ്പർ പോലും ആകില്ല എന്ന് അധിഷേപം കേട്ട ഒരു പാർട്ടിയുടെ നേതാവ്. ഗവർണർ ജ്യോതി വെ ങ്കിടാചെല്ലത്തിന്റെ മുമ്പാകെ അല്ലാഹുവിന്റെ നാമത്തിൽ സത്യ പ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്തിന്റെ ആഘോഷം തുടികൊട്ടുന്ന ഓർമ്മദിനമാ

ണ് ഒക്ടോബർ 12. മുഖ്യമന്ത്രിയായി സി.എച്ചിന് അന്ന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ നൽകിയ സ്വീകരണ മഹാസമ്മേളനത്തിൽ അന്നത്തെ തമിഴ്നാട് സംസ്ഥാനത്തിലെ മുസ്ലിം ലീഗ് പ്രസിഡന്റും പാർലമെന്റ് അംഗവുമായ എ.കെ.എ. അബ്ദുസമദ് സാഹിബ് തന്റെ പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞു. സർദാർ വല്ലബ്ഭായ് പട്ടേലിന്റെ ആത്മാവ് വല്ല പക്ഷിയുടേയും രൂപത്തിൽ ഈ മൈതാനിയിലെ ഏതെങ്കിലും മരകൊമ്പിൽ ഇരുന്ന് ഉറങ്ങുന്നുണ്ടെങ്കിൽ പച്ചക്കൊടിയും പിടിച്ച് ഒരു മുസ്ലിം ലീഗുകാരൻ ഇങ്ങ് ഇന്ത്യയുടെ തെക്കേ അറ്റത്ത് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായ ആ രംഗം ആ ആത്മാവിനെ അമ്പരിപ്പിക്കട്ടെ.” ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പിന്തുണയോട് കൂടി കേരളത്തിന്റെ മുഖ്യമന്ത്രികസേരയിലിക്കുമ്പോഴും ഇന്നലെകളിൽ മുസ്ലിം ലീഗിനെ അപഹസിച്ച ആ ഉരുക്കുമനുഷ്യനെ വിമർശിക്കാൻ ചങ്കുറ്റം കാണിച്ച സമദ് സാഹിബിന്റെ ആ പ്രസംഗം കോൾമെയിൽകൊള്ളിക്കുന്നതായിരുന്നു. സൂചി വീണാൽ പോലും കേൾക്കുന്ന നിശബ്ദതയോട് കൂടി ശ്വാസം അടക്കിപിടിച്ച് തടിച്ചു കൂടിയ ജനസാഗരത്തെ നോക്കി മറുപടി പ്രസംഗത്തിൽ സി.എച്ച്. പറഞ്ഞു. “ഞാൻ അടിയുറച്ച ഒരു മുസൽമാനാണ്. അല്ലാഹുവിന്റെ പരിശുദ്ധ നാമത്തിൽ പ്രതിജ്ഞ ചെയ്ത അധികാരമേറ്റിട്ടുള്ളവനാണ് ഞാൻ. അധർമ്മത്തിനും അനീതിക്കും ഈ ഗവൺമെന്റ് അരുനിൽക്കുകയില്ല. അന്യ സമുദായത്തിന്റെ അവകാശങ്ങളുടെയും ഒരു മുടിനാരിഴ ഞാൻ അപഹരിക്കുകയില്ല. എന്റെ സമുദായത്തിന്റെ ഒരു തലനാരിഴ ഞാൻ വിട്ടുകൊടുക്കില്ല. കേരളത്തിന്റെ പ്രശ്നങ്ങൾ ഒരു പരിഭാഷ കൂടാതെ എനിക്ക് മനസിലാകും. അത് പരിഹരിക്കാൻ എന്റെ ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനങ്ങളെ നിങ്ങൾ അനുഗ്രഹിക്കണം.” സംസ്ഥാനത്തിന്റെ പരമാധികാരി ആയി വിരാജിക്കുമ്പോഴും തന്റെ നിലപാടിലുറച്ചു നിൽക്കാൻ സി.എച്ചിന് ഒരു പേടിയുമുണ്ടായിട്ടില്ല. മാപ്പിളത്തൊപ്പി അഭിമാനമായി കരുതിയ സി.എച്ച്. കേശാദിപാതം സമുദായ സ്നേഹിയായിരുന്നു. അന്ന് ജനസംഘം നേതാവായിരുന്നു. കെ.ജി. മാരാരോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു മറുപടി സി.എച്ച്. എം. കോയ ഗവൺമെന്റ് എന്ന് പറഞ്ഞാൽ സി.ഫോർ ക്രിസ്ത്യൻ, എച്ച്. ഫോർ ഹിന്ദു, എം.ഫോർ മുസ്ലിം, ഹിന്ദു, മുസ്ലിം ക്രിസ്ത്യൻ മൈത്രിയുടെ പ്രതീകമാണ്. ഈ വലിയ മനുഷ്യനും അദ്ദേഹത്തിന്റെ ഗവൺമെന്റും എന്നാണ്. നല്ല മതേതരവാദിയാകാനും നല്ല സമുദായാഭിമാനിയാകാനും കാപട്യത്തിന്റെ യാതൊരു ട്രിപ്പീസുമില്ലാതെ സി.എച്ചിന് കഴിഞ്ഞു. ആ ആത്മാർത്ഥതയും അർപ്പണബോധവും നമുക്ക് മാതൃകയാണ്. വർത്തമാനകാല ഇന്ത്യ അതാവശ്യപ്പെടുന്നു. നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം. ഈ ആസുരകാലത്ത് സി.എച്ച്. തിരിച്ചുവരുമെന്ന്, സി.എച്ചിനെ പോലെ മറ്റൊരാൾ.

പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ

ഈ കാലഘട്ടം ദർശിച്ച ഏറ്റവും വലിയ നേതാവായിരുന്നു അദ്ദേഹം. പ്രവർത്തിച്ച പദവി ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ കേരള സംസ്ഥാന പ്രസിഡന്റ് എന്നതാണ്. എന്നാൽ അദ്ദേഹത്തെ കേരളീയ സമൂഹം നോക്കി ക്കണ്ടത് കേരളീയ മുസ്‌ലിം സമുദായത്തിന്റെ ആത്മീയാചാര്യനും അതോ ടൊപ്പം മതേതരത്വത്തിന്റെയും സാമുദായിക ഐക്യത്തിന്റെയും ഇന്ത്യ കണ്ട ഏറ്റവും വലിയ മാതൃകാ പുരുഷൻ എന്ന നിലക്കുമാണ്.

നൂറു വാര അകലെ നിന്ന് ശിഹാബ് തങ്ങൾ നടന്നു വരുന്നത് കണ്ടാൽ ആർക്കും തിരിച്ചറിയാൻ കഴിയും ഇത് ഈമാനികാവേശമുള്ള ഒരു മുസൽമാ നാണെന്ന്. ഒരു മുസൽമാനായി ജീവിക്കുമ്പോഴും സുസമ്മതനായ ഇന്ത്യക്കാ രനായി എങ്ങിനെ ജീവിക്കാം എന്നതിന് ശിഹാബ് തങ്ങൾ ഏറ്റവും വലിയ മാതൃകയായി. തൂവെള്ള വസ്ത്രവും കറുത്തതൊപ്പിയും ആ ശരീരത്തിന് മാറ്റ് കൂട്ടുന്ന വേഷമായിരുന്നു. സൗമ്യ ഭാവവും പകരം വെക്കാനില്ലാത്ത നേതൃപ ാടവവും അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയായിട്ടാണ് എനിക്ക് തോന്നി യിട്ടുള്ളത്. ശിഹാബ് തങ്ങൾ മരണപ്പെട്ടപ്പോൾ ഓരോ മലയാളിക്കുമുണ്ടായ അനുഭവം തങ്ങൾക്ക് പ്രിയപ്പെട്ടതെന്തോ നഷ്ടപ്പെട്ട പ്രതീതിയായിരുന്നു. നാനാദിക്കിൽ നിന്നും അന്ന് മലപ്പുറത്തേക്ക് ഒഴുകിയെത്തിയ ജനലക്ഷങ്ങൾ മാത്രം മതി ഇതിന് തെളിവായി. ഒരു ഗ്രാമ പഞ്ചായത്ത് മെമ്പർ പോലുമാ കാത്ത ശിഹാബ് തങ്ങളുടെ പേരിൽ ഇന്ത്യാ ഗവൺമെന്റ് തപാൽ സ്റ്റാമ്പ് പുറത്തിറക്കി അദ്ദേഹത്തെ ആദരിച്ചു പാർലിമെന്റിന്റെ ഇരുസഭകളും അദ്ദേ ഹത്തിന്റെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. തന്റെ സമുദായ ത്തിന്റെ പുരോഗതിക്കും ക്ഷേമത്തിനും വേണ്ടി പ്രവർത്തിച്ചപ്പോഴും ഇതര സമുദായങ്ങളോട് ഒരിക്കൽ പോലും കലഹിച്ചില്ല. ഇന്ത്യ പോലൊരു ബഹു സ്വര സമൂഹത്തിൽ എങ്ങിനെ പ്രവർത്തിക്കണം എന്ന് സ്വജീവിതം കൊണ്ട് മാതൃക കാണിച്ചു തന്നു ശിഹാബ് തങ്ങൾ. വലിയ ഒരു പ്രാസംഗികനായി രുന്നില്ലെങ്കിലും സൗമ്യമായ ഭാഷയിൽ അദ്ദേഹം പറയുന്ന ഓരോ മൊഴിമു ത്തും പൊറുക്കിയെടുക്കാൻ ഒരു ജനത സാകൂതം കാതോർത്തിരുന്നു. തന്റെ ആഹ്വാനങ്ങൾ അക്ഷരം പ്രതി അനുസരിപ്പിക്കാൻ അദ്ദേഹത്തിന്റെ സൗമ്യ ഭാഷണങ്ങൾക്ക് സാധിച്ചിട്ടിണ്ടായിരുന്നു. പാണക്കാട് തങ്ങളെ ഒരു നോക്ക് കാണാനും കുടുംബ പ്രശ്നങ്ങൾ തൊട്ട് രോഗം, ജോലി, വിദേശ രാജ്യത്തെ പ്രശ്നങ്ങൾ വരെ പറയാൻ വന്നവർ ഉദ്ഘാടനങ്ങൾ, സമ്മേളനങ്ങൾ, സം ഘടനാ വിഷയങ്ങൾ തുടങ്ങി മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ എല്ലാ കാര്യങ്ങളും ഉണർത്താനും പരിഹാരം കാണാനുമായി പ്രഭാതം മുതൽ രാ വേറെ ചെല്ലുന്നത് വരെ കാത്തു നിൽക്കുന്ന ആയിരങ്ങൾ കൊടപ്പനക്കൽ തറവാട്ടിലെ പതിവു കാഴ്ചകളാണ്. എത്ര വൈകിയാലും തന്നെ പ്രതീക്ഷിച്ച് എത്തിയിട്ടുള്ള മുഴുവനാളുകളെയും കണ്ടതിന് ശേഷമേ ആ പൂമേനി വിശ്ര മത്തിലേക്ക് പോകുമായിരുന്നുള്ളൂ. എത്രയോ സങ്കീർണ്ണമായ വിഷയങ്ങളും

വർഷങ്ങളോളം പഴക്കമുള്ള തർക്കങ്ങളുമൊക്കെ എത്രയെത്ര ആ കോലായിയിൽ വെച്ച് പരിഹരിച്ച് ഇരുകക്ഷികളും ഒന്നിച്ച് സന്തോഷത്തോടെ തിരിച്ച് പോയിട്ടുണ്ടെന്നറിയാമോ? എണ്ണമറ്റ മഹല്ലുകളുടെ ഖാളിയും സ്ഥാപന മേധാവിയുമൊക്കെയാണെങ്കിലും ആധുനികതയെ വളരെയേറെ ഇഷ്ടപ്പെട്ടവരായിരുന്നു തങ്ങൾ. പുഷ്പങ്ങളേയും ജന്തുക്കളെയും സ്വന്തം കൈകൊണ്ട് പരിചരിക്കാൻ സമയം കണ്ടെത്തിയിരുന്ന ആ മഹാമനീഷി എല്ലാ അർത്ഥത്തിലും ഒരു മഹാവിസ്മയമായിരുന്നു. മഹാനായ ശിഹാബ് തങ്ങൾ കൊളുത്തിവെച്ച ആ പ്രകാശം കെടാതെ സൂക്ഷിക്കാനും തലമുറകൾക്ക് കൈമാറാനും നമുക്ക് സാധിക്കേണ്ടതുണ്ട്. അദ്ദേഹം കാണിച്ചുതന്നെ പന്ഥാവിൽ സഞ്ചരിക്കുകയും ആ ആദർശത്തിൽ അടിയുറച്ച് നിന്ന് പ്രവർത്തിക്കുകയുമാണ് അതിനുള്ള ഏക പോംവഴി. നാഥൻ തുണക്കട്ടെ.

2017 ആഗസ്റ്റ് 1

അഹമ്മദ് സാഹിബ് ,
നേതൃപരമ്പരയിലെ അവസാന കണ്ണി

ലോകത്തിന്റെ മുമ്പിൽ ഇന്ത്യയുടെ മുഖമായിരുന്നു അഹമ്മദ് സാഹിബ്, അറബ് രാഷ്ട്രങ്ങൾ അഹമ്മദ് സാഹിബിനെ കണ്ടത് ഇന്ത്യയുടെ പ്രതീകമായിട്ടാണ്. ഈ രാജ്യം അഭിമാനപുരസ്സരം ലോകത്തിന് മുമ്പിൽ അവതരിപ്പിച്ച ആ വലിയ മനുഷ്യൻ നാലുപതിറ്റാണ്ടിലേറെ കാലം കടന്ന തന്റെ ജനപ്രതിനിധി എന്ന പാർലിമെന്റി പ്രവർത്തനത്തിന്റെ അവസാനത്തിൽ ഇന്ത്യൻ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ കുഴഞ്ഞ് വീണ് മരിച്ചപ്പോൾ ആ മഹനായ ഇന്ത്യക്കാരനോട് ഈ രാജ്യം ഭരിക്കുന്നവർ കാണിച്ച ക്രൂരത ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. നിങ്ങൾ നോക്കൂ, ജ്യോതിഷികൾ കവടി നിരത്തി പ്രശ്നം വെച്ച് നിശ്ചയിച്ച് കൊടുത്ത ഒരു ദിവസം അന്ന് ബജറ്റ് അവതരിപ്പിച്ചാൽ ലഭിക്കാവുന്ന വലിയ അനുഗ്രഹങ്ങളെ കുറിച്ചുള്ള അബദ്ധജഡിലമായ അന്ധവിശ്വാസം.

ആ അന്ധവിശ്വാസമാണ് ആധുനിക ലോകത്തിന് മുമ്പിൽ ഇത്രമാത്രം അപഹാസ്യമായ കളി കളിക്കാൻ കേന്ദ്ര സർക്കാറിനെ പ്രേരിപ്പിച്ചത്.

ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ട വസ്തുത ഈ രാജ്യം ഭരിക്കുന്നവരെ നിയന്ത്രിക്കുന്നത് ഏതോ ദുരൂഹകേന്ദ്രത്തിലിരിക്കുന്ന ചില കണിയാൻമാർ ആണ് എന്നാണല്ലൊ. നോട്ട് നിരോധനത്തിന് പിന്നിലും നരേന്ദ്ര മോഡി പാർലിമെന്റിൽ മൗനീ ബാബയായി ഇരിക്കുന്നതിന് പിന്നിലും ഇങ്ങിനെയുള്ള ദുർമന്ത്രവാദികളുടെ ഉപദേശ മുണ്ടാവും മഹത്തായ ഇന്ത്യാ രാജ്യത്തിന്റെ അന്തസ്സാണ് ഇവിടെ തകർന്ന് പോകുന്നത്. മരണപ്പെട്ടവരോട് ആദരവ് കാണിക്കുക എന്നതല്ലേ ഏറ്റവും ഉയർന്ന മാനവികത? അത്

ആരായാലും ശരി. ഇവിടെയൊ ദേശാന്തര പ്രശസ്തനായ, യു.എൻ. സെക്യൂരിറ്റി കൗൺസിലിൽ ഇന്ത്യയെ പ്രതിനിധീകരിച്ച, 10 വർഷം കേന്ദ്ര മന്ത്രിയായ ആ വലിയ മനുഷ്യൻ മരണപ്പെട്ടിട്ട് മനുഷ്യത്വപരമായ ഒരു പരാമർശം പോലും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടായില്ല. ഗുജറാത്തിൽ രണ്ടായിരക്കണക്കിന് ന്യൂനപക്ഷങ്ങളെ വംശീയ ഉൻമൂലനം നടത്തിയ സംഭവത്തെ കുറിച്ച് ചോദിച്ചപ്പോൾ എന്റെ കാറിനടിയിൽ ഒരു പട്ടി കുടുങ്ങിയാലുണ്ടാകുന്ന സങ്കടം പോലെയാണ് എന്ന് പറഞ്ഞ മോഡിയാണല്ലൊ ഇന്ത്യ ഭരിക്കുന്നത്. അല്ലാഹുവിന്റെ പ്രവാചകനെ വീട്ടിലേക്ക് സൽക്കരിച്ച് ആട്ടു മാംസത്തിൽ വിഷം കലർത്തി കൊല്ലാൻ ശ്രമിച്ചതടക്കം എല്ലാ നിലക്കും പ്രയാസപ്പെടുത്തിയ ജൂത സമൂഹത്തിലെ ഒരംഗം മരണപ്പെട്ടപ്പോൾ അയാളുടെ മയ്യിത്ത് കൊണ്ട് പോകുന്നത് കണ്ട് എഴുന്നേറ്റ് നിന്ന് പ്രവാചകനോട് അനുയായികൾ പറഞ്ഞു റസൂലെ അതൊരു ജൂതന്റെ മയ്യിത്താണ്. മറുപടിയായി പ്രവാചകൻ പറഞ്ഞത് അല്ല സഹാബത്തെ അതൊരു മനുഷ്യന്റെ മയ്യിത്താണ് എന്നാണ്.

ഇതാണ് അത്യുജ്ജലമായ മാനവികത. തന്റെ അനുയായികളുടെ വികാരത്തിനൊപ്പമല്ല പ്രവാചകൻ നിന്നത് എന്നതാണ് ശ്രദ്ധേയം.

ഈ ആധുനിക യുഗത്തിൽ നമ്മുടെ രാജ്യത്തെ ഡിജിറ്റൽ ഇന്ത്യയാക്കുമെന്ന് വലിയ വായിൽ ഗിരി പ്രഭാഷണങ്ങൾ നടത്തുന്നവർ നാട് ഭരിക്കുമ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്നത് എന്തൊക്കെയാണ്.

അഹമ്മദ് സാഹിബിനോട് കാണിച്ച ഈ ക്രൂരതക്കതിരെ

ഇന്ത്യയിലെ ഒട്ടുമിക്ക രാഷട്രീയ പാർട്ടികളും ശബ്ദമുയർത്തി.

എവിടേക്കാണ് നരേന്ദ്ര മോഡി ഈ രാജ്യത്തെ കൊണ്ട് പോകുന്നത്?

ഇവരുടെ കൈയിൽ കയ്യിൽ നിന്ന് രാഷ്ട്രത്തെ സംരക്ഷിച്ചെടുക്കാൻ ഓരോ ഭാരതീയനും ബാദ്ധ്യതയുണ്ട്. അത് ഈ രാജ്യത്തിന്റെ നിലനിൽപിനും അന്തസ് കാത്തു സൂക്ഷിക്കാനും അനിവാര്യമാണ്.

2017 ജനുവരി

ചരിത്രത്തോടൊപ്പം നടന്ന ഇ. അഹമ്മദ് സാഹിബ്

പ്രിയപ്പെട്ട നമ്മുടെ നേതാവ് ഇ. അഹമ്മദ് സാഹിബ് നമ്മോട് വിടവാങ്ങിയിരിക്കുന്നു. മുസ്‌ലിം ലീഗിന്റെ ചരിത്രത്തോടൊപ്പം നടന്ന നേതാവായിരുന്നു അദ്ദേഹം. മഹാനായ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഇൽ സാഹിബ് മുതൽ അഭിവന്ദ്യരായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾ വരെയുള്ള സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിം ലീഗിന്റെ ഇന്നോളമുള്ള മുഴുവൻ നേതാക്കളോടുമൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാൻ അദ്ദേഹത്തിന് സാധിച്ചു. മലബാറിലെ ചിരപുരാതനവും കുലീനവുമായ

ഒരു കുടുംബത്തിൽ ജനിച്ച് എം.എസ്.എഫിന്റെ പ്രവർത്തന രംഗത്തിലൂടെ കടന്ന് വന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ അഖിലേന്ത്യാ അദ്ധ്യക്ഷനായാണ് അദ്ദേഹം വിടവാങ്ങുന്നത്. മുസ്‌ലിമാണെന്ന് പറയാൻ ഉന്നത പാഠശാലകളിൽ കുട്ടികൾ മടിക്കുന്ന ഒരു കാലഘട്ടത്തിൽ എം.എസ്.എഫിന്റെ പതാകയുമേന്തി വിരലിലെണ്ണാവുന്ന വിദ്യാർത്ഥികളെയും സംഘടിപ്പിച്ച് എറണാകുളം ഗവ. ലോ കോളേജിന്റെ ഇടനാഴികളിൽ കൂടി പ്രകടനം നയിച്ചത് അദ്ദേഹത്തിന്റെ മനതാരിന്റെ അകതാരിലുള്ള ഒടുങ്ങാത്ത സമുദായ സ്നേഹം ഒന്ന് കൊണ്ട് മാത്രമായിരുന്നു.

അധികാരത്തിന്റെ എണിപ്പടി കയറാൻ മുസ്‌ലിം ലീഗിലൂടെ ഏറെ സൗകര്യമുള്ള ഈ കാലഘട്ടത്തിൽ നിന്ന് വിഭിന്നമായി ലീഗായാൽ ഒരു ഗ്രാമ പഞ്ചായത്തംഗം പോലുമാവാൻ കഴിയില്ലായെന്ന് എതിരാളികൾ പ്രചരിപ്പിച്ചിരുന്ന ഒരു കാലത്താണ് വിദ്യാസമ്പന്നനായ അദ്ദേഹം മുസ്‌ലിം ലീഗിലേക്ക് കടന്നു വന്നത്.

കണ്ണൂർ നിയമസഭാ മണ്ഡലത്തിൽ നിന്ന് ആദ്യമായി എം.എൽ.എ ആവുകയും 1991 മുതൽ പാർലിമെന്റംഗമായി തുടരുകയും ചെയ്യുന്ന അഹമ്മദ് സാഹിബ് 2004 മുതൽ 2014 വരെ നീണ്ട ഒരു പതിറ്റാണ്ടുകാലം കേന്ദ്ര മന്ത്രിസഭയിൽ അംഗമാവുകയും ചെയ്തു. തന്ത്രപ്രധാനമായ വിദേശകാര്യത്തിന്റെയും ഏറെ പ്രസക്തമായ മാനവ വിഭവശേഷി വകുപ്പും ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ റെയിൽവെ വകുപ്പിന്റെയും ചുമതല വഹിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. പാർലിമെന്റിൽ സംസാരിക്കുമ്പോഴും കേന്ദ്ര മന്ത്രി പദവി അലങ്കരിക്കുമ്പോഴും സ്വസമുദായത്തിന് വേണ്ടി വീറോടെ വാദിച്ച അഹമ്മദ് സാഹിബ് കേന്ദ്രമന്ത്രിയായി സത്യപ്രതിജ്ഞ ചെയതത് അല്ലാഹുവിന്റെ നാമത്തിലായിരുന്നു.

യു എൻ സെക്യൂരിറ്റി കൗൺസിലിൽ ഇന്ത്യയെ പ്രതിനിധീകരിച്ചപ്പോഴും ഒരു മുസ്‌ലിം ലീഗുകാരൻ എന്നതിൽ അദ്ദേഹം അഭിമാനം കൊള്ളുകയുണ്ടായി. അവസരം കിട്ടിയപ്പോഴൊക്കെ മഹത്തായ ഇന്ത്യാ രാജ്യത്തിന്റെ അന്തസ്സ് ലോകത്തിന്റെ ചക്രവാളങ്ങളോളം എത്തിച്ച അഹമ്മദ് സാഹിബ് നമ്മോട് വിട വാങ്ങുന്നത് ലീഗുകാരന്റെ അഭിമാനം രാജ്യത്തോളം ഉയർത്തിയിട്ടാണ്, രാജ്യസഭയുടെയും ലോകസഭയുടെയും സംയുക്ത സമ്മേളനത്തിൽ ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ലോക്സഭാ സ്പീക്കർ തുടങ്ങി പാർലമെന്റംഗങ്ങൾ മുഴുവൻ സന്നിഹിതരായ യോഗത്തെ രാഷ്ട്രപതി അഭിസംബോധനം ചെയ്തുകൊണ്ടിരിക്കെയായിരുന്നു അദ്ദേഹത്തിന്റെ വിട വാങ്ങൽ എന്നത് മറ്റൊരു മഹാത്ഭുതം തന്നെയാണ്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങൾക്ക് അവരുടെ അഭിമാനകരമായ നിലനിൽപിന് മുസ്‌ലിം ലീഗാണനിവാര്യം എന്ന് മനസിലാക്കി അതിൽ പ്രവർത്തിക്കുകയും ആ ജനാധിപത്യ പോരാട്ടത്തിന്റെ ഉത്തുംഗതയിൽ നിൽക്കെ വിടവാങ്ങുകയും ചെയ്ത അഹമ്മദ് സാഹിബ് എന്നും നമുക്ക് അഭിമാനമാണ്. പ്രിയപ്പെട്ട അഹമ്മദ് സാഹിബ് കാണിച്ച് തന്ന വഴിത്താരയിലൂടെ മുന്നോട്ട് പോകാൻ നാമോരോത്തരും പ്രതിജ്ഞാബദ്ധരാണ്. മഹാനായ നമ്മുടെ നേതാവിന്റെ മഗ്ഫിറത്തിനും മർഹമത്തിനും

വേണ്ടി എല്ലാവരും പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുന്നതോടൊപ്പം അഹമ്മദ് സാഹിബിനോടൊപ്പം നാളെ ജന്നാത്തുൽ ഫിർദൗസിൽ നാഥൻ നമ്മെളെയെല്ലാവരെയും ഒരുമിച്ച് കൂട്ടട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2016 ജനുവരി

പുതിയ നേതൃത്വം പുത്തനുണർവ്വ്

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന് പുതിയ നേതൃത്വം നിലവിൽ വന്നു. ദേശീയ പ്രസിഡന്റായിരുന്ന അഹമ്മദ് സാഹിബിന്റെ വിയോഗാനന്തരം ഇന്നലെ ചെന്നൈയിൽ ചേർന്ന ദേശീയ കൗൺസിലിൽ വെച്ചാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. ദേശീയ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മുനീറെമില്ലത്ത് പ്രൊഫ. ഖാദർ മൊയ്തീൻ സാഹിബ്, മുസ്ലിം ലീഗ് സ്ഥാപകാധ്യക്ഷനായിരുന്ന ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാ ഈൽ സാഹിബിന് ശേഷം തമിഴ് നാട്ടിൽ നിന്നുള്ള ദേശീയ അധ്യക്ഷനാണ്. ഒരു സൂഫിവര്യനെ പോലെ ജീവിച്ച ഖാഇദെ മില്ലത്തിനെ അക്ഷരത്തിലും അർത്ഥത്തിലും ഓരോ ചുവടിലും മുനീറെമില്ലത്ത് അനുകരിക്കുന്നു. ത്രിച്ചി ജമാൽ മുഹമ്മദ് കോളേജിലെ ഹിസ്റ്ററി വിഭാഗം തലവനായി ജോലി ചെയ്യുന്ന സമയത്താണ് മുസ്ലിം ലീഗ് രാഷ്ട്രീയത്തിലേക്ക് അദ്ദേഹം കടന്നു വരുന്നത്. പിന്നീട് ത്രിച്ചി നിയമസഭാ മണ്ഡലത്തിൽ മത്സരിക്കുകയും തുടർന്ന് പാർട്ടി തമിഴ്നാട് സ്റ്റേറ്റ് കമ്മിറ്റി ജനറൽ സെക്രട്ടറിയാവുകയും ചെയ്തു. തമിഴ് നാട്ടിലെ മുന്നണി രാഷ്ട്രീയത്തിൽ നിർണ്ണായക ഘടകമായി മുസ്ലിം ലീഗിനെ മാറ്റിയതിൽ മുനീറെമില്ലത്തിന് ഏറെ പങ്കുണ്ട്. അദ്ദേഹത്തിന്റെ സ്കോളർഷിപ്പിൽ പഠിച്ച് രാഷ്ട്രീയ രംഗത്തും ഔദ്യോഗിക രംഗത്തും ഉന്നതിയിലെത്തിയ ഒട്ടേറെ പേരുണ്ട്. 2004 ൽ വെല്ലൂരിൽ നിന്ന് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പ്രൊഫ. ഖാദർ മൊയ്തീൻ സാഹിബിന് ഐക്യരാഷ്ട്രസഭയിൽ ഇന്ത്യക്ക് വേണ്ടി സംസാരിക്കാൻ ഭാഗ്യം ലഭിച്ചിട്ടുണ്ട്.സൂഫിവര്യനെ പോലെ ജീവിച്ച് മസ്ജിദുകളിൽ അന്തിയുറങ്ങി ഓട്ടോറിക്ഷകളിലും ബസിലും സഞ്ചരിച്ച് സാധാരണക്കാർക്കിടയിൽ പ്രവർത്തിക്കുന്ന പ്രിയപ്പെട്ട മുനീറെമില്ലത്തിന്റെ നേതൃത്വം ദേശീയ തലത്തിൽ മുസ്ലിം ലീഗിന് പുതിയ ദിശാബോധം നൽകുക തന്നെ ചെയ്യും.

പുതിയ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബ് സി.എച്ച്. മുഹമ്മദ് കോയ സാഹിബിന് ശേഷം അധികാര രാഷ്ട്രീയത്തിലേക്ക് മുസ്ലിം ലീഗ് സംഭാവന ചെയ്ത നേതാവാണ്. അനുയായികൾ സ്നേഹത്തോടെ കുഞ്ഞാപ്പ എന്ന് വിളിക്കുന്ന കുഞ്ഞാലിക്കുട്ടി സാഹിബ് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങളുടെ കൂടെ തോളോട് തോള് ചേർന്ന് പ്രവർത്തിക്കാനും ഭാഗ്യം സിദ്ധിച്ച വ്യക്തിത്വമാണ്.

29-ാമത്തെ വയസിൽ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ നഗരസഭാ

ചെയർമാനായി (മലപ്പുറം) പാർലിമെന്ററി ജീവിതത്തിന് തുടക്കം കുറിച്ച് നവകേരള ശിൽപികളിലൊരാളായി മാറിയ നേതാവാണ് അദ്ദേഹം.

പുതിയ ദേശീയ ട്രഷറർ പി.വി. അബ്ദുൽ വഹാബ് സാഹിബ് രാജ്യ സഭാംഗമാണ് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ, സീതി സാഹിബ് എന്നിവരോടൊപ്പം മുസ്ലിം ലീഗ് ചരിത്രത്തിൽ നിർണ്ണായക പങ്ക് വഹിച്ച പി.വി. അലവിക്കുട്ടി സാഹിബിന്റെ മകനാണ് വഹാബ് സാഹിബ്, മമ്പാട് എം.ഇ.എസ് കോളേജ് പഠനകാലം മുതൽ പാർട്ടിയിൽ സജീവമായ അദ്ദേഹം വിദേശത്ത് പോയി വൻ വ്യവസായ സാമ്രാജ്യം കെട്ടിപ്പടുത്തപ്പോഴും മുസ്ലിം ലീഗുകാരനെന്ന നിലയിൽ അഭിമാനം കൊണ്ടു. നരേന്ദ്ര മോഡിയുടെ മുഖത്തേക്ക് വിരൽ ചൂണ്ടി നിങ്ങളുടെ സർജ്ജിക്കൽ അറ്റാക്ക് എന്റെ സമുദായത്തോട് വേണ്ടായെന്ന് പാർലിമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ വെച്ച് പറയാൻ ആർജ്ജവം കാണിച്ചത് അദ്ദേഹത്തിന്റെ സിരകളിലോടുന്ന ലീഗ് രക്തം ഒന്ന് കൊണ്ട് തന്നെയാണ്.

ദേശീയ ഓർഗനൈസിങ് സെക്രട്ടറിയായി ചുമതലയേറ്റ ഇ.ടി. മുഹമ്മദ് ബഷീർ സാഹിബ് ഇന്ത്യൻ മുസൽമാന്റെ പ്രതീക്ഷയാണ്. മാവൂർ ഗ്വാളിയോർ റയോൺസിലെ സാധാരണ തൊഴിലാളിയിൽ നിന്ന് ദേശീയ രാഷ്ട്രീയത്തിന്റെ നെറുകയിലേക്ക് ഉയർന്ന ഇ.ടി. എന്ന രണ്ടക്ഷരം സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ കൂടെ പ്രവർത്തിക്കാൻ ഭാഗ്യം ലഭിച്ച നേതാവാണ്. ഇന്ത്യൻ പാർലിമെന്റിന്റെ അകത്തളങ്ങളിലും പുറത്തും തന്റെ സമുദായത്തിന് വേണ്ടി സധൈര്യം പോരാടുന്ന ബഷീർ സാഹിബും സമദാനിയും സിറാജ് സേട്ടുവും ഉത്തരേന്ത്യയിൽ നിന്നടക്കമുള്ള പ്രഗൽഭരായ മറ്റ് നേതാക്കളും കൂടി ഉൾക്കൊള്ളുന്ന മഹത്തായ ഒരു നേതൃതമാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന് ലഭിച്ചിട്ടുള്ളത്. ഇന്ത്യൻ മുസൽമാനെ ഇന്നത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാൻ നമ്മുടെ നേതൃത്വത്തിന് സാധിക്കും.

സർവ്വശക്തൻ തുണക്കട്ടെ....

എല്ലാവിധ ആശംസകളും നേരുന്നു.

2017 ഫെബ്രുവരി 17

ഖലീഫ ഉമറിന്റെ ഭരണം മോഹിച്ച ഗാന്ധിജി

ഇന്ന് ജനു. 30. നമ്മുടെ പ്രിയപ്പെട്ട രാഷ്ട്രപിതാവിനെ ആർ.എസ്.എസ്. കാരൻ വെടിവെച്ചു കൊന്ന് തള്ളിയ ദിനമാണിന്ന്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി അർദ്ധനഗ്നനായി, സമാധാനത്തിന്റെ സന്ദേശവുമായി സമരം നടത്തിയ അഹിംസയുടെ പ്രവാചകൻ സ്വാതന്ത്ര്യം ലഭിച്ചതിന്റെ തൊട്ടടുത്ത മാസങ്ങളിൽ തന്നെ കൊല ചെയ്യപ്പടുകയെന്നത് ഒരു പക്ഷേ ലോകത്തിലെ സ്വാതന്ത്ര്യസമര പോരാട്ട ചരിത്രങ്ങളിൽ തന്നെ അത്യപൂർവ്വ സംഭവമായിരി

ക്കും. ഇന്ത്യയെ ഒരു മതാധിഷ്ഠിത രാഷ്ട്രമാക്കണമെന്ന ഫാസിസ്റ്റുകളുടെ കുതന്ത്രങ്ങൾക്കെതിരായിട്ടായിരുന്നു ഗാന്ധിജി സഹനസമരം നടത്തിയത്. ഇന്ത്യൻ ദേശീയ നേതാക്കളുടേയും ബ്രിട്ടീഷ് മേധാവികളുടെയും കൂട്ടായ തീരുമാനത്തിന്റെ ഫലമായി രണ്ട് സ്വതന്ത്ര രാജ്യങ്ങളായി ഇന്ത്യൻ ഉപഭൂഖണ്ഡം മാറിയപ്പോൾ അവിഭക്ത ഇന്ത്യയുടെ ഖജനാവിൽ നിന്ന് പാക്കിസ്ഥാന് അർഹതപ്പെട്ട പണം നൽകാൻ ചില നേതാക്കൾ വിമുഖത പ്രകടിച്ചപ്പോൾ അത് കൃത്യമായി പാക്കിസ്ഥാന് എത്തിച്ച് നൽകണമെന്നും പാക്കിസ്ഥാനും എന്റെ രാജ്യമാണ് എന്നും മഹാത്മാ ഗാന്ധി പറഞ്ഞു.

പാക്കിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്ക് വന്ന അഭയാർത്ഥികൾ ഡൽഹിയിലേയും ആഗ്രയിലേയും അതിർത്തി പ്രദേശങ്ങളിലേയും മസ്ജിദുകളിൽ തമ്പടിക്കുകയും അവിടെ വെച്ച് കലാപത്തിന് വഴിമരുന്നിടുകയും ചെയ്തപ്പോൾ

അതിനെതിരായി മഹാത്മജി ഉപവസിച്ചു. ഇന്ത്യയിലെ മുസ്ലിംകളുടെ മേലെ വിഭജനത്തിന്റെ പാപഭാരം കെട്ടിവെച്ച് അവരെ അരികുവൽക്കരിക്കാൻ ശ്രമമുണ്ടായപ്പോൾ രാഷ്ട്രത്തിന്റെ വിഭജനം ഏതെങ്കിലും മത വിഭാഗത്തിന്റെ മേൽ ആരോപിക്കാൻ ഞാൻ സമ്മതിക്കില്ലായെന്ന് പറഞ്ഞ അദ്ദേഹം ഇന്ത്യ ഒരു രാമരാജ്യമാകണം എന്നും ആ രാമരാജ്യത്ത് ഖലീഫ ഉമറിന്റെ ഭരണമാണ് നടപ്പിലാക്കേണ്ടതെന്നും ആഗ്രഹം പ്രകടിപ്പിച്ചു.

മഹാത്മജി കേശാദിപാദം മതേതര വാദിയും ഈ രാജ്യത്തിലെ സാധാരണക്കാരോടും ദലിതരോടും ഏറെ ദയാവായ്പുള്ളവനുമായിരുന്നു. ഗാന്ധിജിയെ കൊന്ന് തള്ളിയ ഛിദ്ര ശക്തികളും അധർമ്മത്തിന്റെ അസുരവിത്തുകളുമായവർ ഇന്ന് രാജ്യത്ത് അസഹിഷ്ണുത വിതച്ചുകൊണ്ട് രാജ്യത്ത് ഹിംസാത്മകമായ മുദ്രാവാക്യവുമായി മുമ്പോട്ട് പോകുമ്പോൾ മഹാത്മജിയുടെ സന്ദേശങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. ഏതൊരു ആശയത്തിന്റെ സംസ്ഥാപനത്തിന് വേണ്ടിയാണോ 1948 ജനു. 30 ബിർളാ മന്ദിരത്തിന് മുന്നിൽ ആർ.എസ്.എസ്. കാരനായ നാഥുറാം ഗോഡ്സേയുടെ വെടിയേറ്റ് അദ്ദേഹം മരിച്ചു വീണത് അതേ ആശയത്തിനു വേണ്ടിയുള്ള പോരാട്ടം ഇന്ന് ഏറെ ശക്തമായി തന്നെ നമ്മൾ മുന്നോട്ട് കൊണ്ട് പോവേണ്ടതുണ്ട്. മഹാത്മാഗാന്ധിയെ വധിച്ച അതേ കരങ്ങൾ രാഷ്ട്രത്തിന്റെ നിയന്ത്രണത്തിൽ ഏറെ സ്വാധീനം ചെലുത്തുമ്പോൾ ഓരോ രാജ്യസ്നേഹിക്കും ഫാസിസ്റ്റുകൾക്കെതിരായ സംരംഭങ്ങളിൽ ഒരുമിച്ച് നിൽക്കാൻ ബാധ്യതയുണ്ട്. മഹാത്മജിയുടെ ആ വിശാലമായ സ്വപ്നം പൂവണിയാൻ ഈ രക്തസാക്ഷി ദിനത്തിൽ നമുക്കൊരുമിച്ച് പ്രതിജ്ഞയെടുക്കാം.

ജയ് ഹിന്ദ്

2016 ജനുവരി 30

വിട്ടുവീഴ്ചയില്ലാത്ത സോഷ്യലിസ്റ്റ്

ഡോ. റാം മനോഹർ ലോഹ്യ വിട പറഞ്ഞിട്ട് 50 വർഷം കഴിഞ്ഞു. 2017 ഒക്ടോബർ 12 ഡോ. ലോഹ്യയുടെ അൻപതാം ചരമ വാർഷിക ദിന മാണ്. ഇന്ത്യ കണ്ട മഹാനായ സോഷ്യലിസ്റ്റ് നേതാവായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി യുടെ നേതാവായി പ്രക്ഷോഭത്തിനിറങ്ങിയ ലോഹ്യ സ്വാതന്ത്ര്യാനന്തരവും ഇന്ത്യയിലെ അടിസ്ഥാന വർഗ്ഗങ്ങളുടെയും പിന്നാക്കക്കാരുടെയും ഉന്നതിക്ക് വേണ്ടി ജീവിതം സമർപ്പിച്ച വലിയ മനുഷ്യനായിരുന്നു.

രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്കൊപ്പം അദ്ദേഹത്തിന്റെ വ്യതിരിക്തമായ നിലപാടുകളും ഈ സമൂഹത്തിൽ ധൈര്യ സമേതം അവത രിപ്പിക്കുകയുണ്ടായി. മുതലാളിത്തത്തിനും കമ്യൂണിസത്തിനും എന്നും എതി രായിരുന്നു ലോഹ്യ. മുതലാളിത്തത്തിൽ നിന്നും കമ്യൂണിസത്തിൽ നിന്നും വ്യത്യസ്തമായ ഒരു നാഗരിക സംസ്കാരമാണ് ഇന്ത്യൻ സാഹചര്യത്തിൽ സോഷ്യലിസം എന്നാണ് ലോഹ്യ തന്റെ പ്രഭാഷണത്തിലൂടെ വിഭാവനം ചെ യ്തിരുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ സമൂഹത്തിലും കാര്യമായ മാറ്റങ്ങൾ വന്നിട്ടില്ലെന്ന് പാർലിമെന്റിൽ അദ്ദേഹം നടത്തിയ യുക്തിഭദ്രമായ ഒരു പ്രസം ഗമുണ്ട്. ജനസംഖ്യയുടെ അഞ്ചിലൊന്ന് ഭാഗം മാത്രം വരുന്ന സവർണ ജാ തികളാണ് ഇന്ത്യയുടെ അഞ്ചിൽ നാല് ഭാഗത്തിന്റെയും ഭാവിഭാഗധേയങ്ങൾ നിർണ്ണയിക്കുന്നത്. വ്യവസായവും സൈന്യവും സിവിൽ ഭരണവും രാഷ്ട്രീയ കക്ഷികളുടെ നേതൃത്വവും തുടങ്ങി ദേശീയ മുഖ്യാധാരകളെല്ലാം ഈ അഞ്ചി ലൊരു ഭാഗം മാത്രമായ ഉയർന്ന ജാതിക്കാരുടെ കൈപ്പിടിയിലാണ്. ഉയർന്ന ഉദ്യോഗങ്ങളിലേക്കുള്ള നിയമനവും അത് കൈകാര്യം ചെയ്യുന്നവരുടെ ജാ തീയതയും വർഗ്ഗീയതയും വർഗ്ഗ പരമായ പശ്ചാത്തലവും പരിശോധിച്ചാൽ ഇത് വ്യക്തമാവുക തന്നെ ചെയ്യും എന്ന അദ്ദേഹത്തിന്റെ പ്രസംഗം ഇന്ത്യൻ പാർലിമെന്റിനെ പ്രകമ്പനം കൊള്ളിച്ചു. മഹാത്മജിക്ക് ഏറെ ഇഷ്ടമായി രുന്നു ഡോ. റാം മനോഹർ ലോഹ്യയെ. ലോഹ്യയുടെ നിലപാടുകളെയും കാഴ്ചപ്പാടുകളെയും പല ഘട്ടങ്ങളിലും മഹാത്മജി പുകഴ്ത്തി പറഞ്ഞിട്ടുണ്ട്. നിർഭയനും ലാളിത്യ ശീലവുമുള്ള അദ്ദേഹത്തെ പോലെ മറ്റൊരാളെ ഞാൻ കണ്ടിട്ടില്ല എന്നാണ് ഗാന്ധിജി ലോഹ്യയെ പറ്റി പറഞ്ഞത്. ഡോ. റാം മനേ ാഹർ ലോഹ്യയുടെ ചരിത്രം പഠിക്കുമ്പോഴും അദ്ദേഹത്തിന്റെ പാർലിമെന്റ് പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ച് ലോഹ്യ വിചാരവേദി പുറത്തിറക്കിയ പുസ്ത കം വായിക്കുമ്പോഴും നമുക്ക് തോന്നുന്നത് ഒരു പത്ത് വർഷം കൂടിയെങ്കിലും അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ ഇന്ത്യയുടെ ഗതിവിഗതി മറ്റൊന്നാകുമായിരുന്നു എന്നാണ്. ദേശീയതയും ദേശസ്നേഹവും വലിയ ചർച്ചയാക്കുന്ന ഒരു കാല ഘട്ടത്തിലൂടെയാണ് ഇന്ത്യ ഇന്ന് കടന്ന് പോകുന്നത്. ഫാഷിസത്തിനെതിരെ നിലപാടെടുക്കുന്നവരെ മുഴുവൻ രാജ്യദ്രോഹികളായി ചിത്രീകരിക്കുകയും അവരോട് പാക്കിസ്ഥാനിലേക്ക് പോകാനുള്ള ആഹ്വാനവും നിത്യസംഭവ മായി മാറിയിരിക്കുന്നു. എന്നാൽ റാം മനോഹർ ലോഹ്യയുടെ കാഴ്ചപ്പാട് മറ്റാന്നൊയിരുന്നു. ഒരു വിശ്വദേശീയതയാണ് നമുക്ക് വേണ്ടത്. ലോകത്ത്

മുഴുവൻ മനുഷ്യന് സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം വേണം. ഇതിനനുസൃതമായി രാജ്യങ്ങളിൽ പുതിയ നിയമനിർമ്മാണം നടക്കണം. അതിന് ഐക്യരാഷ്ട്രസഭ മുൻകൈ എടുക്കണം. ഇന്ത്യയും പാക്കിസ്ഥാനം തർക്കങ്ങൾ മാറ്റി വെച്ച് ഒരു കോൺഫെഡറേഷൻ രൂപീകരിക്കുന്നത് ഉചിത മായിരിക്കും എന്ന് പാർലമെന്റിൽ അദ്ദേഹം നിർദ്ദേശിച്ചു. 1910ൽ ദരിദ്രനായി ജനിച്ച ലോഹ്യ 1967ൽ അൻപത്തി ഏഴാം വയസിൽ മരണപ്പെടുന്നത് വരെ പാവങ്ങൾക്കും അടിസ്ഥാന വർഗ്ഗത്തിനും വേണ്ടിയായിരുന്നു പ്രവർത്തിച്ച ത്. അവിവാഹിതനുമായിരുന്നു 1967 ൽ അസുഖ ബാധിതനായ സമയത്ത് ന്യൂ ഡൽഹിയിലെ വെല്ലിങ്ടൺ ആശുപത്രിയിൽ അദ്ദേഹത്തെ പ്രവേശിപ്പി ച്ചു. അവിടെ വെച്ചാണ് ഡോ. ലോഹ്യ അന്തരിക്കുന്നത്. വെല്ലിങ്ടൺ ആശു പ്ത്രിയിലെ ചികിത്സാരീതികളെ കുറിച്ച് ഒട്ടേറെ ആക്ഷേപങ്ങളുയർന്നു. അവിടെത്തെ അനാസ്ഥയാണ് അദ്ദേഹത്തിനറെ മരണത്തിനിടയാക്കിയത് എന്ന് വിശ്വാസിക്കുന്ന ഒട്ടേറെയാളുകൾ ഇന്നുമുണ്ട്. വെലിങ്ടൺ ആശു പ്ത്രി ആണ് പിന്നീട് റാംമനോഹർ ലോഹ്യ ഹോസ്പിറ്റൽ ആയിമാറിയത്.

മുസ്‌ലിം ലീഗ് ദേശീയ പ്രസിഡന്റും എം.പിയുമായിരുന്ന ഇ. അഹമ്മദ് സാഹിബിന്റെ മരണവുമായി ബന്ധപ്പെട്ടും ഒട്ടേറെ ഗുരുതരമായ ആരോപ ണങ്ങൾ ഈ ആശുപത്രിയ്ക്ക് നേരെയുണ്ടായി.

ഒരു വിട്ടുവീഴ്ചക്കും തയ്യാറാകാത്ത സോഷ്യലിസ്റ്റായിരുന്നു ലോഹ്യ. ജീവിച്ചിരിക്കുന്ന വലിയ നേതാക്കളെ പോലും വിസ്മരിക്കുന്ന ഇക്കാലത്ത് പല പ്രധാനമന്ത്രിമാരുടെയും രാഷ്ട്രപതിമാരുടെയും പേരുകൾ പോലും ഓർത്തെടുക്കാൻ ആളില്ലാത്ത ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തില റാം മനോഹർ ലോഹ്യയുടെ വിചാരങ്ങളും കാഴ്ചപ്പാടുകളും ഇന്നും ചർച്ച ചെ യ്യപ്പെട്ടു കൊണ്ടേയിരിക്കുകയാണ്.

2017 ഒക്ടോബർ 12

ദിനാ വാഡിയ

മഹാനായ ഖാഇദെ അസം മുഹമ്മദലി ജിന്നാ സാഹിബിന്റെ മകൾ ദിനാ വാഡിയ (98) ഇന്ന് ന്യൂയോർക്കിൽ അന്തരിച്ചു. ഒരു നൂറ്റാണ്ടോളം ജീവിച്ച ദിനാ വാഡിയ ഖാഇദെ അഅസമിനുണ്ടായ ഏക സന്തതിയാണ്. ജിന്നാ സാ ഹിബിന്റെ രണ്ടാം ഭാര്യ റൂത്തി എന്ന മറിയമാണ് ഇവരുടെ മാതാവ്. അദ്ദേ ഹത്തിന്റെ ആദ്യ ഭാര്യ നേരത്തെ മരണപ്പെട്ടിരുന്നു. പിന്നീട് ഏറെ കാലം വി വാഹം കഴിക്കാതെ മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിൽ സജീവമായി നിൽക്കുന്ന സമയത്താണ് ബോംബെയിലെ കോടീശ്വരനായ പാഴ്സി വ്യവസായിയുടെ മകൾ റോത്തി ജിന്നാ സാഹിബിന്റെ സ്വഭാവ മഹിമയിലും വ്യക്തിത്വത്തി ലും ആകൃഷ്ടയായി അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നു വരുന്നത്.

'മുസ്‌ലിം ലീഗ് ചരിത്രത്തിന്റെ ദശാസന്ധികളിൽ' എന്ന പുസ്തകത്തിൽ

മുസ്‌ലിം ലീഗിന്റെ ചരിത്രകാരനായ എം.സി. വടകര ആ സംഭവത്തെ പറ്റി എഴുതിയിട്ടുണ്ട്.

കോടീശ്വരനായ അച്ഛന്റെ അനുമതിക്ക് കാത്തു നിൽക്കാതെ തന്റെ പത്താൻപതാം ജന്മദിനത്തിൽ കൊട്ടാര തുല്യമായ ഭവനത്തിൽ നിന്ന് ഇറങ്ങി വരികയും മറിയം എന്ന പേര് സ്വീകരിച്ച് ഇസ്‌ലാം ആശ്ലേഷിക്കുകയും തന്റെ ഭാര്യയായി തീരുകയും ചെയ്ത റൂത്തി ഇന്ത്യയിലെ അത്ഭുത വനിതയാണ്.

ഇന്ത്യയിലെ അത്ഭുത വനിതയാണെന്ന് ഇന്ത്യക്കാരും ഇംഗ്ലീഷുകാരും പുകഴ്ത്തി പറഞ്ഞ തന്റേടക്കാരിയും ധീരയും സുന്ദരിയും ബുദ്ധിശാലിയും അത്യന്തം ദേശീയ വാദിയും ആയിരുന്നു. തന്റെ ഹൃസ്വമായ ദാമ്പത്യ ജീവിതത്തിൽ മിന്നൽപിളർ പോലെ വരികയും പോവുകയും ചെയ്ത പ്രാണപ്രേയസിയുടെ ഖബറിന് മുന്നിലെത്തിയപ്പോൾ ഖാഇദെ അഅസമിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. (പേജ് 245)

മഹാനായ ജിന്നാ സാഹിബ് ജീവിതത്തിൽ ഒരിക്കൽ പോലും വികാര വിക്ഷുബ്ധതനാകുന്നതോ സങ്കടപ്പെടുന്നതോ കണ്ണ് നിറയുന്നതോ ആരും കണ്ടിട്ടില്ല. പക്ഷെ ജിന്നാ സാഹിബ് കണ്ണ് നിറഞ്ഞത് രണ്ടേ രണ്ട് സമയത്ത് മാത്രമാണ്. ഒന്ന് റൂത്തി മരിച്ചപ്പോഴും രണ്ടാമത്തേത് പാക്കിസ്ഥാന്റെ ഗവർണ്ണർ ജനറൽ പദവി ഏറ്റെടുക്കുന്നതിന് വേണ്ടി ബോംബെ ജുമാ മസ്ജിദ് ഖബറിസ്ഥാനിൽ റൂത്തിയുടെ ഖബറിനരികെ നിന്ന് ഫാത്തിഹ ഓതി മഗ്ഫിറത്തിന് വേണ്ടി പ്രാർത്ഥിച്ച സമയത്തും

ഒരുകൊച്ചു കുഞ്ഞിനെ പോലെ എങ്ങലടിച്ചു കരഞ്ഞു. റൂത്തി മരിക്കുമ്പോൾ പത്ത് വയസാണ് ദിന വാഡിയക്ക്. ദിന മോളെ നെഞ്ചോട് ചേർത്ത് വാവിട്ട് കരഞ്ഞ ജിന്നാ സാഹബിന്റെ ചിത്രം കേരളത്തിലെ സാംസ്കാരിക രംഗത്ത് പ്രശസ്തനായ ഡോ. മുണ്ടോൾ അബ്ദുല്ലയുടെ ശേഖരത്തിലുണ്ട്. ജിന്നാ സാഹിബിനെ വിവാഹം കഴിക്കാൻ ഏറെ പേർ ആഗ്രഹിച്ചിരുന്നുവത്രെ. ഇന്ത്യയുടെ വാനമ്പടിയായിരുന്ന സരോജിനി നായിഡു ലണ്ടനിൽ ജിന്നയുടെ ജൂനിയറായി പഠിക്കുന്ന കാലത്ത് അദ്ദേഹത്തോട് വലിയ പ്രണയമായിരുന്നത്രെ. പക്ഷെ അതൊന്നും അദ്ദേഹം ശ്രദ്ധിക്കുക പോലും ചെയ്തിരുന്നില്ല. ജിന്നാ സാഹിബ് എക്കാലത്തും വലിയ നിലപാടുകളുള്ള ഒരു വ്യക്തിത്വമായിരുന്നു. പക്ഷെ ഖാഇദെ അഅസമിന്റെ എക്കാലത്തെയും വലിയ സങ്കടം മകളായ ദിനയുടെ വിവാഹമായിരുന്നു.

ഒരന്യ മതസ്തനെ പ്രണയിച്ച് അവരുടെ കൂടെ ദിന ഇറങ്ങിയപ്പോൾ ആ വലിയ ഹൃദയം തകർന്നു പോയി. ജിന്നാ സാഹിബ് പാക്കിസ്ഥാനിലേക്ക് പോകുമ്പോൾ അദ്ദേഹത്തിന്റെ വിൽപത്രം തയ്യാറാക്കി. ഇന്ത്യയിൽ അവശേഷിക്കുന്ന സ്വത്തുക്കൾ മുഴുവൻ അനാഥശാലകൾക്കും മറ്റും എഴുതി വെച്ചു.

വിൽപത്രം എഴുതുന്ന നിയമ വിശാരദൻമാർ ചോദിച്ചു. മകൾക്ക് വേണ്ടി ഒന്നും ബാക്കി വെക്കുന്നില്ലേ. അവൾ മുർതദ്ദായി (മത ഭ്രഷ്ട) മുർതദ്ദിന് പിതാവിന്റെ സ്വത്തിൽ അവകാശമില്ല എന്ന് പറഞ്ഞ്കൊടുത്ത് ഡി.സി. തേർ

ഡ് എന്ന പ്രത്യേക വിമാനത്തിൽ സഹോദരി ഫാത്തിമ ജിന്നയോടൊപ്പം കറാച്ചിയിലേക്ക് പറന്നു. ജിന്നാ സാഹിബിന്റെ നെഞ്ചിന്റെ ചൂടേറ്റ് വളർന്ന ദിനാ വാഡിയ ഇന്ന് ചരിത്രത്തിന്റെ യവനിക്കപ്പുറത്തേക്ക് മറഞ്ഞു പോയി. ജിന്നാ സാഹിബ് മരണപ്പെട്ടപ്പോൾ പാക്കിസ്ഥാനിൽ അദ്ദേഹത്തിന്റെ മരണാനന്തര കർമ്മങ്ങളിൽ ദിന പങ്കെടുത്തിരുന്നു. പിന്നീട് 2004ൽ ഇന്ത്യ പാക് ക്രിക്കറ്റ് മത്സരം കാണാൻ സൗഹൃദ പ്രതിനിധിയായി അവർ പാക്കിസ്ഥാനിൽ പോയിരുന്നു. വസ്ത്ര നിർമ്മാണ രംഗത്തെ പ്രശസ്തരായ ബോംബെ ഡൈയിങ്ങിന്റെ സ്ഥാപകരിലരാളായ നുസ്ലി വാഡിയ ദിന വാഡിയയുടെ പുത്രനാണ്. ജിന്നാ സാഹിബിലൂടെ മാത്രമേ മകൾ ദിന യുടെ ചരിത്രങ്ങൾ പറയാൻ സാധിക്കൂ. നൂറ്റാണ്ടുകളോളം ഇന്ത്യ ഭരിച്ച മുസ്‌ലിം രാജാക്കൻമാരുടെ കാലത്ത് ആയിരക്കണക്കിന് വഖഫ് സ്വത്തുകൾ ഇന്ത്യയിലുണ്ടായിരുന്നു. അതിനൊന്നും ഒരു രേഖയോ മറ്റോ ഇല്ലാതിരിക്കുന്ന സമയത്താണ് ബ്രിട്ടീഷ് ഇന്ത്യയിൽ 'വഖഫ് അൽ ഔലാദ്' എന്നൊരു നിയമം ജിന്നാ സാഹിബ് സ്വന്തമായി ഉണ്ടാക്കി പാസാക്കി എടുത്തു. അലിഗഡ് സർവകലാശാലയിലെ വിദ്യാർത്ഥികൾ അദ്ദേഹത്തെ ഒരു റിക്ഷയിൽ കയറ്റി ആനയിച്ചത് ചരിത്രത്തിൽ കാണാം.

എം.സി. വടകര വീണ്ടുമെഴുതുന്നു. കറാച്ചിയിലെ മദ്രസത്തുൽ ഇസ്‌ലാമിയയിൽ നിന്ന് അമ്മിഞ്ഞപ്പാലിനോടൊപ്പം ഇസ്‌ലാമിക മൂല്യങ്ങൾ കൂടി ഊറ്റിക്കുടിച്ച മതാഭിമാനിയായിരുന്നു ജിന്ന. ഇന്ത്യയിലെ മുസ്‌ലിംകളെ ഏറെ ദ്രോഹിച്ച വെല്ലിങ്ടൺ പ്രഭു സ്ഥലം മാറിപ്പോകുമ്പോൾ ബോംബെയിലെ ധനാഢ്യൻമാർ നൽകിയ യാത്രയപ്പ് യോഗം കലക്കാൻ തന്റെ ഭാര്യ റൂത്തിയുടെ കൈപിടിച്ച് തോക്ക് ചൂണ്ടി നിൽക്കുന്ന പട്ടാളക്കാർക്കിടയിലൂടെ കയറി ചെല്ലുമ്പോൾ റൂത്തിയുടെ അകത്ത് ദിനയുടെ ഭ്രൂണം വളരുന്നുണ്ടായിരുന്നു. ആ യോഗം കലക്കിയതിന് ശേഷമാണ് അദ്ദേഹവും ഭാര്യയും അവിടെ നിന്ന് പുറത്ത് കടന്നത്.

സംഭവ ബഹുലമായിരുന്നു ദിനയുടെ പിന്നീടുള്ള ജീവിതം. ആ ജീവിതത്തിന് ഇന്ന് ഇവിടെ തിരശ്ശീല വീഴുകയാണ്.

ജിന്നാ സാഹിബിന്റെ ഒരേയൊരു അനന്തരഗാമി ഓർമ്മയായി.

2017 നവംബർ 1

സുവർണ്ണ ജൂബിലിയും കടന്ന് മാണിസാർ

സർവ്വാദരണീയരായ കെ.എം. മാണി സാർ കേരള നിയമസഭയിൽ തുടർച്ചയായി ഒരേ നിയോജക മണ്ഡലത്തിൽ നിന്നും വിജയിച്ച് അൻപത് വർഷങ്ങൾ തികക്കുന്ന അപൂർവ്വ ബഹുമതിക്ക് അർഹനായി. നമ്മുടെ ജനാധിപത്യ ചരിത്രത്തിൽ മറ്റൊരാൾക്കും എത്തിപ്പിടിക്കാൻ കഴിയാത്ത വലിയ നേട്ടമാണിത്. ഇനിയൊരാൾക്ക് അത്തരത്തിൽ ഒരവസരം ലഭിക്കും എന്നതി

ന് വിദൂര പ്രതീക്ഷ മാത്രമേ നമുക്കൊക്കെയുള്ളൂ. ഒരേ നിയോജക മണ്ഡലത്തിൽ നിന്ന് ഇടതടവില്ലാതെയാണ് അദ്ദേഹം നിയമസഭയിലെത്തിയത്.

മാണിസാർ കേരള രാഷ്ട്രീയത്തിലെ താപ്പാനമാരിൽ ഒരാളാണ്. വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന ഒരു പാർട്ടിയാണ് കേരള കോൺഗ്രസ് എന്ന മാണി സാറിന്റെ വിശേഷണം പോലെ അറം പറ്റിയ ഒരു വാചകം കേരള രാഷ്ട്രീയ ചരിത്രത്തിൽ തന്നെ വേറെയുണ്ടാകില്ല. ആർ ശങ്കർ കേരള മുഖ്യമന്ത്രിയായ കാലത്ത് കോൺഗ്രസ് ഗ്രൂപ്പ് വഴക്കിന്റെ ഭാഗമായി അന്നത്തെ അഭ്യന്തര മന്ത്രി പി.ടിചാക്കോക്ക് എതിരെയുണ്ടായ ഒരു ദുരാരോപണവും അതേ തുടർന്നുള്ള അദ്ദേഹത്തിന്റെ രാജിയും ആക്സ്മിക മരണവും വലിയ തോതിലുള്ള വിവാദ കൊടുങ്കാറ്റാണ് കേരള രാഷ്ട്രീയത്തിൽ അഴിൺുവിട്ടത്

പി.ടി. ചാക്കോയെ അനുകൂലിക്കുന്ന കോൺഗ്രസിലെ ഒരു വിഭാഗം മാറി നിൽക്കുകയും പിന്നീടത് കേരള കോൺഗ്രസ് എന്ന പേരിൽ രൂപാന്തരപ്പെടുകയും ചെയ്തതാണ് ചരിത്രം.

കെ.എം. ജോർജ്ജ് ചെയർമാനായി മന്നത്ത് പത്മനാഭന്റെ ആശിർവാദത്തോടെ രൂപീകൃതമായ കേരള കോൺഗ്രസ് 1965 ലെ നിയമസഭ ചേരാൻ കഴിയാതിരുന്ന തെരഞ്ഞെടുപ്പിൽ 25 എം. എൽ എ മാരെ വിജയിപ്പിച്ച് കേരളത്തെ അമ്പരിപ്പിച്ച മുന്നേറ്റം നടത്തിയ രാഷ്ട്രീയ ശക്തിയായിരുന്നു. കോട്ടയം ഡി.സി.സിയുടെ ജനറൽ സെക്രട്ടറിയായിരുന്ന കെ.എം. മാണി പിന്നീട് കേരള കോൺഗ്രസിലേക്ക് വരികയും നേതൃനിരയിലെത്തുകയും സംസ്ഥാനത്തെ അഗ്രഗണനീയനായ രാഷ്ട്രീയ നേതാവായി വളരുകയും ചെയ്തത് വളരെ പെട്ടന്നായിരുന്നു.. മാണി സാർ എന്നാണ് അദ്ദേഹത്തിന്റെ വിളിപ്പേര് . സാധാരണക്കാരനായ കൂലി തൊഴിലാളി മുതൽ വില്ലേജ് ആഫീസിലെ പ്യൂൺ തുടങ്ങി മുഖ്യമന്ത്രിമാരും പ്രധാനമന്ത്രിമാർ വരെ മാണി സാർ എന്നാണ് അഭിസംബോധന ചെയ്യുന്നത്. കേരള കോൺഗ്രസ് സംസ്ഥാനത്ത് ഉടനീളം വേരോട്ടമുള്ള ഒരു പാർട്ടി അല്ലെങ്കിലും അവരുടേതായ ഒരു ഇടം കേരള രാഷ്ട്രീയത്തിൽ അവർ ഉണ്ടാക്കി എടുത്തിട്ടുണ്ട്. നിയമസഭയിൽ 50 വർഷം തികച്ചതിന്റെ അനുമോദന ചടങ്ങിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞത് പോലെ അദ്ധ്വാനവർഗ്ഗസിദ്ധാന്തം എന്ന സ്വന്തമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ ഉടമയാണ് മാണി സാർ. മുഖ്യമന്ത്രി പിണറായി വിജയൻ കെ.എം. മാണിയെ വിശേഷിപ്പിച്ചത് 'മാണി പ്രമാണി' എന്നാണ് 50 വർഷമായിട്ടും യാതൊരു മടുപ്പും കൂടാതെയാണ് പാലായിലെ ജനത അദ്ദേഹത്തെ വിജയിപ്പിച്ച് പോരുന്നത്.

പല വലിയ നേതാക്കളിലും കാണുന്ന സവിശേഷതകൾ അദ്ദേഹത്തിലും കാണാനാവും. കെ.എം. മാണി എന്നൊരു വലിയ വടവൃക്ഷം ഉയർന്ന് നിൽക്കുമ്പോഴും ആ വൃക്ഷത്തിന് താഴെ വലിയ തോതിൽ മറ്റ് മരങ്ങളൊന്നും ഉയർന്ന് വന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇ.എം.എസ്. കെ. കരുണാ

കരൻ, സി.എച്ച്. മുഹമ്മദ് കോയ സാഹിബ് തുടങ്ങിയവർ ചെയ്തത് പോലെ ശക്തരായ പിൻഗാമികളെ വളർത്തിക്കൊണ്ട് വരുന്ന കാര്യത്തിൽ മാണിസാർ അത്ര വലിയ വിജയമായിരുന്നില്ല എന്ന് വിലയിരുത്താനാണെനിക്കിഷ്ടം. പ ി.ടി. ചാക്കോയുടെ പേരിലുണ്ടായ പാർട്ടിയിൽ നിന്ന് ചാക്കോയുടെ മകനായ പി.സി. തോമസിന് പോലും പടിയിറങ്ങേണ്ടി വന്നത് മറ്റൊരു കൗതുകം. സം സ്ഥാന രാഷ്ട്രീയത്തിലെ പല റെക്കോർഡുകളുടെയും ഉടമയാണെങ്കിലും കേരളത്തിന്റെ മുഖ്യമന്ത്രിയാവുക എന്നത് അദ്ദേഹത്തിന് സഫലമാവാതെ പോയ ഒരു മോഹമാണ് സി.എച്ച്. മുഹമ്മദ് കോയ സാഹിബിന് പിൻഗാമി യായി ഒരു ശ്രമം നടന്നെങ്കിലും സി.എച്ചിന്റെ രാഷ്ട്രീയ തന്ത്രത്തിന് മുന്നിൽ അത് നിഷ്പ്രഭമാവുകായിരുന്നു. രണ്ടംഗങ്ങളുടെ ഭൂരിപക്ഷം മാത്രമുണ്ടായി രുന്ന കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാറിന്റെ കാലത്തും അത്തരമൊരു കിം വദന്തി നില നിന്നെങ്കിലും പിന്നീട് അതൊക്കെ അപ്രസക്തമായി. കേരള രാഷട്രീയത്തിൽ എന്നും സജീവത നിലനിർത്തിപ്പോരുന്ന കെ.എം. മാണി സാറിന് ഈ അവസരത്തിൽ എല്ലാ ഭാവുകങ്ങളും നേരുന്നു.

2011 മാർച്ച്

പുതിയ കരുത്തുമായി എം. കെ. മുനീർ

പ്രിയപ്പെട്ട ഡോ. എം. കെ. മുനീർ സാഹിബ് മുസ്‌ലിം ലീഗ് പാർലി മെന്ററി പാർട്ടി ലീഡറും പ്രതിപക്ഷ ഉപനേതാവുമായി തെരഞ്ഞെടുക്കപ്പെട്ട തിൽ വളരെയേറെ സന്തോഷിക്കുന്നു. വിവാദങ്ങളും സംവാദങ്ങളും നിറഞ്ഞു നിൽക്കുന്ന കേരള രാഷ്ട്രീയത്തിൽ ആരോപണ പ്രത്യാരോപണങ്ങളെ രച നാത്കമായി നേരിടാൻ മുനീർ സാഹിബിന് കഴിയും. രു കാലഘട്ടത്തിന്റെ വർണ്ണാഭമായ ചരിത്രം തന്റെ ചരിത്രമാക്കി മാറ്റിയ കേരളം കണ്ട എക്കാല ത്തെയും വലിയ രാഷ്ട്രതന്ത്രജ്ഞനും മുൻ മുഖ്യമന്ത്രിയുമായിരുന്ന സി.എ ച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പുത്രൻ ലീഗ് അസംബ്ലി പാർട്ടി നേതാ വായി വരുമ്പോൾ അത് ചരിത്രത്തിന്റെ മറ്റൊരു തനിയാവർത്തനമാകുന്ന ഈ വേളയിൽ ഒന്നാം കേരള നിയമസഭയിൽ മുസ്‌ലിം ലീഗ് അസംബ്ലി പാർട്ടി നേതാവായി മഹാനായ സി.എച്ച്. കടന്ന് വന്ന ചരിത്രം നമുക്ക് ഓർമ്മ വരികയാണ്. നാളെ (ഏപ്രിൽ 25) തുടങ്ങാനിരിക്കുന്ന നിയമസഭാ യോഗം ചേരുന്നത് 197ലെ ഒന്നാം നിയമസഭ ചേർന്ന പഴയ നിയമസഭാ ഹാളിലാണ്. തന്റെ പ്രിയപ്പെട്ട പിതാവ് പാർട്ടി ലീഡറായി കേരള നിയമസഭയെ അഭിസം ബോധന ചെയ്ത അതേ ഹാളിൽ അതേ സ്ഥാനത്ത് പുതിയ ഭൗത്യവുമായി ചെന്ന് കേരള രാഷ്ട്രീയത്തിന്റെ നെറുകയിലേക്കുള്ള പ്രയാണത്തിന് തുടക്കം കുറിക്കാൻ കഴിയുന്നത് വലിയ ഭാഗ്യം തന്നെയാണ്.

മുനീർ സാഹിബ് നമ്മുടെ പ്രതീക്ഷക്കപ്പുറത്ത് ഉയർന്ന് പ്രവർത്തിക്കും എന്ന പ്രത്യാശയോടെ അദ്ദേഹത്തിന് എല്ലാവിധ ആശംസകളും പിന്തുണ യും നേരുന്നു.

24 ഏപ്രിൽ 2016

ഫിദൽകാസ്ട്രോ

ഈ നൂറ്റാണ്ട് കണ്ട മഹാനായ മനുഷ്യ സ്നേഹിയും ധീരനായ വിപ്ലവകാരിയുമായിരുന്നു ഇന്ന് വിടപറഞ്ഞ ഫിദൽകാസ്ട്രോ. ലോകത്തിന്റെ നെറുകയിൽ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന്റെ രക്തനക്ഷത്രമായി കാസ്ട്രോ ജ്വലിച്ചു നിന്നു. അമേരിക്കയുടെ മൂക്കിന് താഴെ അവരുടെ മുതലാളിത്ത സാമ്രാജ്യത്വ അജണ്ടകൾക്ക് എതിരെ സന്ധിയില്ലാത്ത പോരാട്ടം നടത്തി. 30ലേറെ തവണ ലോകപോലീസിന്റെ ചാരസംഘടന വധിക്കാൻ ശ്രമിച്ചിട്ടും അചഞ്ചലനായി താൻ വിശ്വസിച്ച ആദർശത്തിൽ ഉറച്ച് നിന്ന് കൊണ്ട് തന്നെ തന്റെ ജനതയേയും രാജ്യത്തേയും ഒരു പോറൽ പോലുമേൽക്കാതെ ആത്മാഭിമാനത്തോടെ അന്തസ്സോടെ നയിക്കാൻ കാസ്ട്രോക്ക് കഴിഞ്ഞു. ലോകത്തൊരു നേതാവും ഇത്രയധികം കാലം തന്റെ ജനതയുടെ ഭരണാധികാരിയായി വാണരുളീയിട്ടില്ല. അമേരിക്കയുടെ എല്ലാ വധശ്രമങ്ങളെയും മറികടന്ന് ഒടുവിൽ അധികാരം തന്റെ സഹോദരൻ റൗൾകാസ്ട്രോക്ക് കൈമാറിയാണ് വിടവാങ്ങിയത്. ക്യൂബൻ ജനതയുടെ എക്കാലത്തേയും ആവേശവും നേതാവും കാസ്ട്രോ മാത്രമാണ്. ലോക വിപ്ലവകാരികളുടെ ഉൾപുളകവും സ്പന്ദനവുമായ ചെഗുവേരയോടൊപ്പം ചേർന്ന് കാസ്ട്രോ നടത്തിയ പോരാട്ടങ്ങൾ അടിസ്ഥാന തൊഴിലാളി വർഗ്ഗത്തിന് ചരിത്രത്തിൽ തുല്യതയില്ലാത്ത അഭിമാന പോരാട്ടങ്ങളായിരുന്നു. അമേരിക്കൻ ധാർഷ്ട്യത്തിന് മുമ്പിൽ അടിപതറാതെ ജ്വലിച്ചു നിന്ന രണ്ട് വ്യക്തിത്വങ്ങളെയാണ് ഈ നൂറ്റാണ്ട് ദർശിച്ചത്. അതിൽ കാസ്ട്രോയെക്കാൾ ഞാൻ വിലമതിക്കുന്നത് ഇമാം ഖുമൈനിയെയാണ്. ആയ്ത്തുള്ളാ ഖുമൈനി അമേരിക്കയുടെ പാവഭരണാധികാരിയായ ഇറാനിലെ ഷാപഹ്ലവിക്കെതിരെ പരിശുദ്ധമായ ഇസ്ലാമിന്റെ സന്ദേശങ്ങൾ ഉയർത്തിപ്പിടിച്ച് ഖുർആനികമായ ആവശേത്തിലൂന്നി കലിമതു തൗഹീദിന്റെ അമരധ്വനിയുമായി നടത്തിയ പോരാട്ടങ്ങൾ ഇറാനിലെ ഇസ്ലാമിക വിപ്ലവമെന്ന് പിന്നീട് അറിയപ്പെട്ടു. ഷാപഹ്ലവിയെ സ്ഥാനഭ്രഷ്ടനാക്കി അമേരിക്കൻ സാമ്രാജ്യത്വത്തെ വെല്ലുവിളിച്ച് ഇറാനിൽ ഇസ്ലാമിക ഭരണം നടത്താൻ ഖുമൈനിക്ക് കഴിഞ്ഞു. ഖുമൈനി എക്കാലത്തും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾക്ക്, അധർമ്മത്തിന്റെ അസുരവിത്തുകൾക്ക് എതിരായി ചെറുത്ത് നിൽപ്പ് നടത്തുന്നവർക്ക് ആവേശമാണ്. നമ്മളെ സംബന്ധിച്ചിടത്തോളം ഇറാനും ക്യൂബയും ഇന്ത്യയുടെ ഉത്തമ സുഹത്തുക്കളാണ്. ഇന്ത്യയുടെ രാഷ്ട്രപതി പറഞ്ഞത് പോലെ ഇന്ത്യയുടെ ഉത്തമ സുഹൃത്താണ് കാസ്ട്രോ. ഖുമൈനിയുടേയും കാസ്ട്രോയുടേയും നെഹ്റുവിന്റെയും നിലപാടായ ചേരി ചേരാ നയം ശക്തിപ്പെടുത്താനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊള്ളുമെന്ന് നമുക്ക് പ്രത്യാശിക്കാം.

2016 നവംബർ 25

സഖാവ് കുഞ്ഞാലി
ഏറനാട്ടിലെ രക്തനക്ഷത്രം

ഇന്ന് ജൂലായ് 28, കേരളത്തിൽ ആദ്യമായി ഒരു നിയമസഭാംഗം വെടിയേറ്റ് മരിച്ചതിന്റെ ഓർമ ദിനമാണിന്ന്. അത് മറ്റാരുമായിരുന്നില്ല കിഴക്കനേറനാട്ടിൽ തോട്ടം താഴിലാളികളെ സംഘടിപ്പിച്ച് അവരുടെ അവകാശങ്ങൾക്കായി പടപൊരുതിയ സഖാവ് കുഞ്ഞാലിയായിരുന്നു ആ നേതാവ്.

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ജനിച്ച് ബ്രിട്ടീഷ് ഇന്ത്യയിൽ പട്ടാളക്കാരനായി സേവനം ചെയ്ത ശേഷം സജീവ കമ്യൂണിസ്റ്റ് കാരനായി. നിലമ്പൂർ സഖാവ് കുഞ്ഞാലിയുടെ തട്ടകമായിരുന്നു. കുഞ്ഞാലിയുടെ പ്രവർത്തന ഫലമായി തോട്ടം മേഖലയിൽ അഭിവക്ത കമ്യൂണിസ്റ്റ് പാർട്ടിയുടെ തൊഴിലാളി വിഭാഗമായ എ.ഐ.ടി.യു.സി ക്ക് വലിയ സ്വാധീനം ലഭിക്കുകയുണ്ടായി.

കാളികാവ് പഞ്ചായത്ത് പ്രസിഡന്റും പിന്നീട് നിയമസഭാഗവുമായി. എം.എൽ.എ ആയിരിക്കുമ്പോഴാണ് 1969 ജൂലൈ 28ന് കുഞ്ഞാലി കൊല്ലപ്പെടുന്നത്. അതിനും രണ്ട് ദിവസം മുമ്പാണ് അദ്ദേഹത്തിന് ചുള്ളിയോട് അങ്ങാടിയിൽ വെച്ച് വെടിയേൽക്കുന്നത്. സഖാവ് കുഞ്ഞാലിയെ വെടിവെച്ചത് അന്നത്തെ ഐ.എൻ.ടി.യു.സി. നേതാവ് ആര്യാടൻ മുഹമ്മദാണ് എന്ന് പറഞ്ഞു കൊണ്ട് ദേശാഭിമാനിയിൽ വാർത്ത വരികയും ഇ.എം.എസ്. അടക്കമുള്ളവർ പേര് വെച്ച് ലേഖനം എഴുതുകയുമാക്കെ ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെച്ച് കുഞ്ഞാലി തന്റെ മരണമൊഴിയിൽ പോലീസുകാരോട് പറഞ്ഞത് എന്നെ വെടിവെച്ചത് ആര്യാടൻ മുഹമ്മദ് ആണെന്നാണ്. മണ്ണിന്റെ മക്കളുടെ സ്വപ്നങ്ങളിൽ പ്രത്യാശയുടെ പൊൻകിരണങ്ങൾ മിന്നിച്ച് ആ വിപ്ലവത്തിന്റെ രക്തനക്ഷത്രം ചരിത്രത്തിന്റെ അകലങ്ങളിലേക്ക് അപ്രത്യക്ഷനായി. ചൂഷണമില്ലാത്ത ഒരു നാളെയും സ്വപ്നം കാണാൻ, ആ സ്വപ്നം മനസിൽ താലോലിക്കുന്നവരുടെ സമരണകളുടെ ലോകത്തേക്ക് കുഞ്ഞാലി പറന്നു പോയി. കുഞ്ഞാലിയുടെ കൊലപാതകത്തിൽ പങ്കുണ്ടെന്ന് പറഞ്ഞ് ആര്യാടൻ മുഹമ്മദിനെ പോലീസ് അറസ്റ്റ് ചെയ്തു. നിലമ്പൂരിലെ ഒരു ട്രേഡ് യൂണിയൻ നേതാവായി അറിയപ്പെട്ടിരുന്ന ആര്യാടൻ കമ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിന്റെയും കോൺഗ്രസ് പ്രസ്ഥാനത്തിന്റെയും നെറുകയിലേക്ക് വന്നത് ഈ സംഭവത്തോട് കൂടിയാണ്. പക്ഷെ കമ്യൂണിസ്റ്റുകാരൻ തരാതരത്തിനനുസരിച്ച് വാദങ്ങളും വാക്കുകളും മാറ്റിമറിക്കുന്നതിന് ഇവിടെയും കേരളം സാക്ഷിയായി.

കുഞ്ഞാലിയുടെ രക്തസാക്ഷിത്വവും ആര്യാടൻ മുഹമ്മദിന് നേരെയുള്ള കൊലക്കേസ് പ്രതിയെന്ന ആക്ഷേപവും രാഷ്ട്രീയ കേരളത്തെ പിടിച്ച് കുലുക്കിയ സംഭവ വികാസങ്ങളായിരുന്നു. കാലം അധികമാകുന്നതിന് മുന്നേ 1980 ൽ അധികാരത്തിൽ വന്ന സഖാവ് ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ കോൺഗ്രസ് (എ)യുടെ പ്രതിനിധിയായി എം.എൽ.എ

പോലുമല്ലാത്ത ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പ് മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. അദ്ദേഹത്തിന് മത്സരിക്കാൻ വേണ്ടി നിലമ്പൂർ എം.എൽ.എ ആയ സി. ഹരിദാസ് രാജി വെക്കുകയും പിന്നീട് രാജ്യസഭംഗമാവുകയും ചെയ്തു. കുഞ്ഞാലിയുടെ ഘാതകൻ എന്ന് കേരളം മുഴുവൻ പ്രസംഗിച്ചു നടന്നത് ആരെ പറ്റിയാണോ അതേ വ്യക്തിയെ തന്നെ ചെങ്കൊടി കെട്ടിയ സ്ജ്ജേജുകളിൽ കയറ്റി ഇരുത്തി കുഞ്ഞാലിയുടെ വിരഹം കൊണ്ട് വിതുമ്പുന്ന കുടുംബാംഗങ്ങളുടെ മുമ്പിലൂടെ തെരഞ്ഞെടുപ്പ് പ്രചരണം നടത്തി ജയിപ്പിച്ച് എം.എൽ.എയും മന്ത്രിയുമാക്കി. ആര്യാടൻ നേരത്തേ നിരപരാധിയാണെന്ന് തെളിഞ്ഞ് കേസിൽ നിന്ന് കുറ്റവിമുക്തിനേടുകയായിരുന്നു. മുസ്ലിം ലീഗ് നേതാക്കളുമായി സഖാവ് കുഞ്ഞാലിക്ക് നല്ല ബന്ധമായിരുന്നു. കാളികാവിലെ പ്രമുഖ മുസ്ലിം ലീഗ് നേതാവും മുൻ കാളികാവ് പഞ്ചായത്ത് പ്രസിഡന്റുമായ ബാപ്പു ഹാജി ഒരിക്കൽ അനുസ്മരിക്കുകയുണ്ടായി.

ബാപ്പു ഹാജിയും സഖാവ് കുഞ്ഞാലിയും ഒരു യാത്ര കഴിഞ്ഞ് പുലർച്ചെ നാലുമണിക്ക് കാളികാവിലെ അടക്കാ കുണ്ട് അങ്ങാടിയിൽ വന്നിറങ്ങുമ്പോൾ അവിടെ വലിയ ആൾക്കൂട്ടം. ഇരു ഭാഗത്തുമായി സ്റ്റേജ് കെട്ടി വലിയ വാദപ്രതിവാദം നടക്കുകയാണ്. കുഞ്ഞാലി അതിലൊരു വേദിയിലേക്ക് കയറിയിട്ട് രണ്ട് മണിക്കൂറോളം പ്രസംഗിച്ചതോടെ ആളുകളൊക്കെ പിരിഞ്ഞ് പോയി. പിന്നീട് അത്തരമൊരു പരിപാടി അവിടെ നടന്നിട്ടില്ലത്രെ. സഖാവ് കുഞ്ഞാലിക്ക് സഞ്ചരിക്കാൻ ഒരു ജീപ്പ് വാങ്ങി കൊടുത്തതും ബാപ്പു ഹാജി തന്നെ. താൻ ശരിയാണെന്ന് കരുതിയ പ്രസ്ഥാനത്തിന് വേണ്ടി, തന്റെ നെഞ്ചോട് ചേർത്ത സംഘടനക്ക് വേണ്ടി ജീവിതം ബലിയർപ്പിച്ച ധീര സഖാവിനെ ഒരിക്കൽ കൂടി ഓർത്തെടുക്കുന്നു.

2016 ജൂലൈ 28

റഹീം മേച്ചേരിയെന്ന അക്ഷരപ്രതി

പതിമൂന്ന് വർഷം മുൻപ് ഇത് പോലെയൊരു ആഗസ്റ്റ് ഇരുപത്തി ഒന്നിനാണ് പ്രിയപ്പെട്ട റഹീം മേച്ചേരി താൻ ഏറെ സ്നേഹിച്ച ഈ സമുദായത്തിന്റെ ജീഹ്വയായ ചന്ദ്രിക പത്രത്തിന്റെ താളുകളിൽ തന്റെ ഹൃദയരക്തം പുരട്ടി മരണപ്പെട്ടു പോയത്. ഒരു പക്ഷെ ലോക ചരിത്രത്തിൽ ഒരു പത്രാധിപരും തന്റെ പത്രം വിതരണം ചെയ്യുന്ന വാഹനത്തിൽ യാത്ര ചെയ്യുകയും ആ വാഹനം അപകടത്തിൽ പെട്ട് താൻ പത്രാധിപനായ പത്രത്തിന്റെ താളുകളിൽ തന്റെ കരൾ ചോര പുരട്ടി ഈ ലോകത്തോട് വിട പറഞ്ഞിട്ടുണ്ടാവുകയില്ല. രാജ്യത്തെ ന്യൂനപക്ഷ പിന്നാക്ക ജനതയുടെ അവകാശ പോരാട്ടങ്ങൾക്ക് ഊർജം പകർന്ന എഴുത്തുകാരനായിരുന്നു അദ്ദേഹം. കേരളത്തിലെ വിപ്ലവകാരിയായ എഴുത്തുകാരൻ സിവിക് ചന്ദ്രൻ പ്രിയപ്പെട്ട റഹീം മേച്ചേരിയെ കുറിച്ചു പറഞ്ഞത് അവസാനത്തെ പത്രാധിപർ അന്തരിച്ചു എന്നാണ്. അന്ന് ആ ലേഖനം വായിച്ചിട്ട് ഞാൻ കരഞ്ഞു പോയിട്ടുണ്ട്. മേച്ചേരി എന്നും സമു

ദായ അഭിമാനിയും മുസ്‌ലിം ലീഗ് ജീവനായി കൊണ്ട് നടന്ന ആവേശമുള്ള മുസ്‌ലിം ലീഗ്കാരനുമായിരുന്നു. മേച്ചേരിയുടെ ലേഖനങ്ങളാണ് മുസ്‌ലിം ലീഗിനെതിരെ വന്ന ശക്തമായ എതിർ പ്രാചാരണങ്ങളെ മറികടക്കാൻ നമ്മെ പ്രാപ്തമാക്കിയത്. പ്രിയപ്പെട്ട മേച്ചേരി എഴുതിയുണ്ടാക്കിയ ലീഗാണ് ഇന്നീ കാണുന്ന ലീഗ്. മുസ്‌ലിം ലീഗിന് നിർഭാഗ്യകരമായ പിളർപ്പുണ്ടായപ്പോൾ പാണക്കാട് കുടുംബത്തിനോടൊപ്പം ഏറനാട്ടിലെയും വള്ളുവനാട്ടിലെയും സാധാരണക്കാരായ മുസ്‌ലിം ലീഗ് പ്രവർത്തകരെ കൂടെ നിർത്താൻ മഹാനായ സി.എച്ചിന്റെ പ്രസംഗങ്ങളും അതോടൊപ്പം തന്നെ മേച്ചേരിയുടെ ലേഖനങ്ങളും ഹേതുവായിരുന്നു. അതുകൊണ്ടാണ് ചരിത്രകാരനായ എം.സി. വടകര മേച്ചേരിയുടെ അനുസ്മരണകുറിപ്പിലെഴുതിയത് ഇന്ന് ഈ പുഷ്പ കലമായിരിക്കുന്ന മുസ്‌ലിം ലീഗുണ്ടല്ലോ അത് മേച്ചേരി എഴുതിയുണ്ടാക്കിയതാണ് മേച്ചേരിയുടെ നഷ്ടം നികത്താൻ നമ്മളിനി എത്ര കാലം കാത്തിരിക്കേണം കൂർമ്മമായ ഓർമശക്തി. അദമ്യമായ സമുദായ സ്നേഹം, അനുഗ്രഹീതമായ തൂലിക എല്ലാം കൊണ്ടും മേച്ചേരി നമുക്കനുഗ്രഹമായിരുന്നു മുസ്‌ലിം ലീഗിന്റെ നയപരിപാടി തീരുമാനിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതായിരുന്നു. ലീഗ് വിരോധ കോട്ടകൾ തകർത്തെറിഞ്ഞത് പ്രിയപ്പെട്ട മേച്ചേരിയുടെ ലേഖനങ്ങളായിരുന്നു. ചരിത്രത്തിന്റെ ചവറ്റു കൊട്ടയിലേക്ക് ചണ്ടികളെപോലെ വലിച്ചെറിയപ്പെടുമായിരുന്ന ഒരു സമൂഹത്തെ രാഷ്ട്രീയ ബോധത്തിന്റെ ഉത്തേജകം പകർന്ന് ആത്മാഭിമാനമുള്ളവരാക്കി പരിവർത്തപ്പിക്കാൻ തന്റെ ധിഷണ മുഴുവൻ പ്രയോഗിച്ച ആ മഹാമനുഷ്യന് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

2016 ആഗസ്റ്റ് 21

പി. സീതി ഹാജി
ഏറനാടിന്റെ ശൗര്യം

മഹാനായ പി. സീതി ഹാജിയെ ഓർക്കുമ്പോൾ നമ്മുടെ മനസ്സിൽ ആവേശകരമായ ഒരു പാട് കാര്യങ്ങൾ കടന്നു വരുന്നുണ്ട്. കേരള രാഷ്ട്രീയത്തിൽ എന്നും ഒരു വിസ്മയമായിരുന്നു സീതി ഹാജി. തന്റെ വിദ്യാഭ്യാസം എൽ. പി. (ലോക പരിചയം) യാണെന്ന് പറയാൻ ധൈര്യം കാണിച്ച നേതാവ്. കേരള രാഷ്ട്രീയത്തിലെ തലയെടുപ്പുള്ള മഹാമേരുക്കൾ നിറഞ്ഞ് നിൽക്കുന്ന നിയമസഭക്കകത്ത് തന്റെ പ്രദേശത്തിനും സമുദായത്തിനും സമൂഹത്തിനും വേണ്ടി ഏറനാടൻ ശൈലിയിൽ വാദിക്കുന്ന സീതി ഹാജി എക്കാലവും ആർജ്ജവമുള്ള നേതാക്കൻമാരുടെ പ്രതീകമായിരുന്നു. ലീഡർ കെ. കരുണാകരൻ സീതി ഹാജിയെ അനുസ്മരിച്ച് കൊണ്ട് പറഞ്ഞു. അസംബ്ലിയിൽ എത്ര സങ്കീർണ്ണമായ ചർച്ചയാണെങ്കിലും തന്റെ കോമൺസെൻസ് കൊണ്ട് ആ വിഷയത്തെ കൈകാര്യം ചെയ്യാനും താൻ ഉദ്ദേശിച്ചതിലേക്ക് കാര്യങ്ങൾ

എത്തിക്കാനും സീതി ഹാജിക്കുണ്ടായിരുന്ന വൈഭവം അപാരമായിരുന്നു. മുസ്‌ലിം ലീഗിനെ ജീവനേക്കാൾ സ്നേഹിച്ച സീതി ഹാജി ഏറ്റവും വലിയ ജനകീയ നേതാവായിരുന്നു. ബാബരി മസ്ജിദിന്റെയും മണ്ഡൽ കമ്മീഷന്റെയും വിഷയത്തിൽ കോൺഗ്രസുമായുള്ള അഭിപ്രായ വിത്യാസത്തെ തുടർന്ന് മുന്നണി ബന്ധം പ്രതിസന്ധിയിലായ ഒരു സാഹചര്യം ഞാൻ ഇപ്പോൾ ഓർക്കുകയാണ്. ലീഗ് ഹൗസിലെ മീറ്റിങ് ഹാളിലേക്ക് കടന്ന് പോകുന്ന സീതി ഹാജിയോട് പത്രക്കാർ ചോദിച്ചു. ലീഗ് മുന്നണി ബന്ധം വിഛേദിക്കുമെന്ന് കേൾക്കുന്നുണ്ടല്ലോ എന്ന് സീതി ഹാജി പറഞ്ഞ മറുപടി മുസ്‌ലിം ലീഗ് കോൺഗ്രസുമായി പിരിയേണ്ട ഒരു സാഹചര്യം ഇപ്പോൾ ഉണ്ട് എന്ന് ഞാൻ കരുതുന്നില്ല. മുസ്‌ലിം ലീഗ് ജനാധിപത്യ മുന്നണിയിൽ തുടരും. എന്നാൽ ആ മീറ്റിങ്ങിലെ ചർച്ചയെ തുടർന്ന് മുന്നണി വിടാൻ തീരുമാനിച്ചു. മീറ്റിങ് കഴിഞ്ഞ് ലീഗ് ഹൗസിൽ നിന്ന് ഇറങ്ങി വരുന്ന സീതി ഹാജിയോട് പത്രക്കാർ ചോദിച്ചു. ഇനി എന്താണ് പാർട്ടിയുടെ പരിപാടി. കോൺഗ്രസിനെ ഞങ്ങൾ ഒരു പാഠം പഠിപ്പിക്കും എന്ന് പറഞ്ഞ ഹാജിയോട് പത്രക്കാർ തിരിച്ച് ചോദിച്ചു. രണ്ട് മണിക്കൂർ മുമ്പ് താങ്കൾ പറഞ്ഞത് ഇതിന് വിരുദ്ധമായിരുന്നല്ലൊ. ഉടൻ വന്നു മറുപടി അത് പത്തായക്കോടന്റെ അഭിപ്രായം ഇപ്പൊ പറഞ്ഞത് എന്റെ പാർട്ടിയുടെ അഭിപ്രായം.

മുസ്‌ലിം ലീഗിൽ നിർഭാഗ്യകരമായ പിളർപ്പുണ്ടായപ്പോൾ ഏഴ് എം.എൽ.എമാരും തലമുതിർന്ന നേതാക്കളും പോഷക സംഘടനാ ഭാരവാഹികളിൽ മിക്കവരും അഖിലേന്ത്യാ ലീഗിൽ ചേർന്നെങ്കിലും പാണക്കാട് പൂക്കോയ തങ്ങളോടൊപ്പം സി.എച്ചിന്റെ വലംകൈയായി ശക്തമായി മുസ്‌ലിം ലീഗിൽ അദ്ദേഹം നിലയുറപ്പിച്ച് നിന്നു. മുസ്‌ലിം ലീഗിന്റെ ഔദ്യോഗിക ജിഹ്വയായ ചന്ദ്രികയും ലീഗ് ഹൗസും എതിർ പക്ഷത്തിന്റെ കൈകളിലാകുന്ന സാഹചര്യം വന്നപ്പോൾ എറനാടിന്റെ ശൗര്യം ഉപയോഗിച്ച് അത് മുസ്‌ലിം ലീഗിന് നഷ്ടപ്പെടാതെ നിലനിർത്തുന്നതിൽ നേതൃപരമായ പങ്ക് വഹിച്ചത് സീതി ഹാജിയായിരുന്നു. ചെറുപ്രായത്തിൽ തന്നെ മുസ്‌ലിം ലീഗിൽ ആകൃഷ്ടനായ അദ്ദേഹം ബാലലീഗ് സംഘടിപ്പിച്ച് കൊണ്ടാണ് മുസ്‌ലിംലീഗ് പ്രവർത്തനം ആരംഭിക്കുന്നത്. മലപ്പുറത്തിന്റെ ഹോജയായ സീതി ഹാജി തമാശകൾ ഇന്നും നമ്മുടെ നാടുകളിൽ സുപരിചിതമാണ്. പക്ഷെ അതിൽ പലതും അദ്ദേഹത്തിന്റെ പേരിൽ കെട്ടിവെക്കപ്പെട്ടതാണെങ്കിലും അദ്ദേഹത്തിന്റെതായ യഥാർത്ഥ തമാശകൾ ഏറെ ചിന്തനീയമായിരുന്നു. അദ്ദേഹത്തിന്റെ തടി കച്ചവടവുമായി ബന്ധപ്പെട്ട്, മരങ്ങൾ വെട്ടിമാറ്റുന്നത് കൊണ്ടാണ് ഇവിടെ മഴ പെയ്യാത്തത് എന്ന ഒരു കവയിത്രിയുടെ ആരോപണത്തിന് സീതി ഹാജി മറുപടി കൊടുത്തത് കടലിൽ മരമുണ്ടായിട്ടാണോ മഴ പെയ്യുന്നത് എന്ന് ചോദിച്ചിട്ടാണ്. ഒരിക്കൽ നിയമസഭയിൽ ടി.കെ. ഹംസ പ്രമാദമായ സിമന്റ് കുംഭകോണക്കേസിലെ പ്രതിയാരാണെന്ന് ചോദിച്ചപ്പോൾ ക്ഷോഭത്തോടെ സീതി ഹാജി പറഞ്ഞു. അത് വാപ്പയാണെന്ന് ടി. കെ. ഹംസയുടെ വാപ്പക്ക് പറഞ്ഞു എന്ന് പറഞ്ഞ് കോലാഹലമായപ്പോൾ സീതി ഹാജി തിരിച്ച് ചോ

ദിച്ചു എങ്കിൽ ആ പ്രതി ആരാണെന്ന് നിങ്ങൾ തന്നെ പറയൂ. ടി.കെ. ഹംസ പറഞ്ഞു ഒരു ഫാദർ അൽഫോൽസാണ്. ഫാദറിന്റെ മലയാളം അച്ഛൻ അതിന് ഏറനാട്ടിലെ മാപ്പിളമാർ പറയുന്നത് വാപ്പ എന്നാണ്. ഞാൻ പറഞ്ഞത് തെറ്റിപ്പോയിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ ആ ഫലിതത്തിൽ നിയമസഭ മുഴുവൻ കുലുങ്ങി ചിരിച്ച് ആ വിവാദം അവിടെ തന്നെ കെട്ടടങ്ങുകയായിരുന്നു. നിലമ്പൂരിന്റെ വനാന്തരങ്ങളിൽ നിന്ന് കൂപ്പ് ലേലം വിളിച്ചെടുക്കുന്ന തടികൾ ചാലിയാറിലൂടെ തെരപ്പം കുത്തി കല്ലായിയിലേക്ക് കൊണ്ട് പോകുന്ന തൊഴിലാളികൾക്കിടയിൽ നിന്ന് ഉയർന്ന് വന്ന പ്രിയപ്പെട്ട സീതി ഹാജി ഗവ: ചീഫ് വിപ്പായി ഔദ്യോഗിക പദവിയിലിരിക്കെയാണ് ഈ ലോകത്ത് നിന്ന് വിട പറയുന്നത്. അചഞ്ചലമായ ധൈര്യവും എന്നുമോർക്കുന്ന നർമ്മവും പതറാത്ത നേതൃപാടവവും ഒത്തിണങ്ങിയ സീതി ഹാജി സമുദായത്തിനും നാടിനും നൽകിയ സംഭാവനകൾ എന്നും സ്മരിക്കപ്പെടും തീർച്ച.

2016 ഡിസംബർ 5

എം. സി. വടകരക്ക് സേവനരത്ന പുരസ്ക്കാരം

മുസ്ലിം ലീഗിന്റെ ആധികാരിക ചരിത്രകാരനെന്ന് അഭിവന്ദ്യരായ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അഭിമാനപുരസ്കാരം മലയാളികൾക്ക് പരിചയപ്പെടുത്തിയ നേതാവ്.

ഗതകാല സംഭവ പരമ്പരകളെ ആഖ്യാനം ചെയ്യാൻ കവിതക്കായി കാത്ത് വെച്ച് പദങ്ങളാണ് എം.സി. അനർഗളം ഉപയോഗിച്ചത്. സന്ദർഭങ്ങളേയും സംഭവങ്ങളേയും കഥാപാത്രങ്ങളേയും ഭാഷാപ്രയോഗങ്ങളേയും ഇണചേർത്ത് പിരിച്ച് അവയുടെ സാജാത്യ വൈജാത്യങ്ങൾ വഴി ആഖ്യാനം രസനീയമാക്കുന്ന പദ്ധതി ഒരുപക്ഷെ ഷേക്സ്പിയറുടെ ചരിത്ര നാടകങ്ങളിൽ നിന്നാവാം എം.സിക്ക് ലഭിച്ചത്.

നേതാക്കളേയും തിരഞ്ഞെടുപ്പുകളേയും അധികാരാരോഹണ അവരോഹങ്ങളേയും ഇതുപോലെ ജോഡി ചേർന്ന് തമ്മിലുരസി ആഖ്യാനത്തിലെ ചൂട് തണുത്തുപോവാതെ അവതരിപ്പിക്കാൻ അസാമാന്യ പാടവം എം.സി.ക്ക് മാത്രമാണുള്ളത്.

എം.സി.യുടെ ഓരോ രചനയും ചരിത്രത്തെ ചിത്രീകരിക്കുക മാത്രമല്ല വ്യാഖ്യാനിക്കുകയും വായനക്കാരനെ പഠിപ്പക്കുകയും ചെയ്യുന്നു. ചരിത്രത്തിന്റെ ചുരുണ്ടുപോയ താളുകളിൽ മരവിച്ച് കിടന്ന സംഭവതന്തുക്കളെ തന്ത്രികളാക്കി ഉണർത്തി മീട്ടി സ്വർഗ്ഗീയ ലഹരി പകർന്ന ഗ്രന്ഥങ്ങൾ കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ ചരിത്രം പഠിക്കുന്നവർക്ക് ഒരു റഫറൻസ് കൂടിയാണ്. കാവ്യാത്മകമായ രചനക്കൊപ്പം വാചാലമായി പ്രസംഗിക്കുന്ന ആ വാഗ്മിത്വം മറ്റാർക്കും അനുകരിക്കാനാവാത്തതാണ്. വളരെ പതുക്കെ

തുടങ്ങുന്ന താളാത്മകമായ പ്രഭാഷണം ഒരു കുറിപ്പ് പോലും കൈവശമില്ലാതെ ശ്രോതാക്കളെ വിസമയിപ്പിക്കുകയും അറിവിന്റെ ചക്രവാളങ്ങളിലേക്ക് വാതായനങ്ങൾ തുറന്ന് തരികയും ചെയ്യുന്ന സമകാലിക കേരളത്തിലെ അതിപ്രഗത്ഭനായ ഈ വാഗ്മിയുടെ പ്രസംഗങ്ങൾ ശ്രവണ സുന്ദരമാണ്.

എം.സി.യോട് ഒരുമിച്ചുള്ള സൗഹൃദ സംഭാഷണങ്ങൾ പോലും വിഷയ വൈവിധ്യങ്ങൾ കൊണ്ട് സമ്പുഷ്ടമായിരിക്കും. മതം, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം, സംസ്ക്കാരം, വിദ്യാഭ്യാസം, വേദാന്തം, പത്ര പ്രവർത്തനം തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്ന വിജ്ഞാനത്തിന്റെ മൊഴിമുത്തുകൾ ആ വചന സാഗരത്തിലൂടെ ഉതിർന്ന് വരും. വാക്കും പ്രവൃത്തിയും തമ്മിലുള്ള ബന്ധമാണ് അദ്ദേഹത്തെ ഏറെ വ്യത്യസ്തനാക്കുന്ന മറ്റൊരു ഘടകം. വിജ്ഞാനം മനുഷ്യനെ വിനയാന്വിതനാക്കും എന്ന പ്രവാചക വചനത്തിന്റെ മകുടോദാഹരണമാണ് എം.സി.

അറിവിന്റേയും മഹാപാണ്ഠിത്യത്തിന്റേയും ഉന്നതമായ സ്വഭാവ വൈശിഷ്ട്യത്തിന്റേയും തുളുമ്പാത്ത നിറകുടം. ഈ മഹാപുരുഷന്റെ സമഗ്രസംഭാവനകൾ മുൻനിർത്തി വള്ളിക്കുന്ന് നയോജകമണ്ഡലം ഗ്ലോബൽ കെ.എം.സി.സി മശ്രിഖ് - മഗ്രിബുകൾക്കിടയിൽ പുകൾപെറ്റ നമ്മുടെ നായകൻ മർഹും ഇ. അഹമ്മദ് സാഹിബിന്റെ പേരിലുള്ള പ്രഥമ സേവനരത്ന പുരസ്ക്കാരം സസ്നേഹം സമർപ്പിക്കുന്നു.

2017 ഏപ്രിൽ 14

ബാപ്പു മുസ്ലിയാർ വിടവാങ്ങി

മഹാനായ ശൈഖൂനാ കോട്ടുമല ടി.എം. ബാപ്പു മുസ്ലിയാർ നമ്മെ വിട്ട് പിരിഞ്ഞു. മഹാനവർകളുടെ വിയോഗത്തോട് കൂട ആർജ്ജവമുള്ള ഒരു പണ്ഡിതനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. നിലപാടുകളിൽ എന്നും കാർകശ്യം പുലർത്തിയിരുന്ന, സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങൾക്കും ഇസ്ലാമിക ശരീഅത്തിനും വേണ്ടി ആരോടും മുഖ്ത്ത് നോക്കി ന്യായം പറയാൻ ധൈര്യം കാണിച്ചിരുന്ന ഒരു വലിയ നേതാവിയിരുന്നു ബാപ്പു ഉസ്താദ്.

ശരീരത്ത് വിഷയത്തിൽ ഏകദേശം രണ്ട് മൂന്ന് വർഷം മുമ്പ്

റിപ്പോർട്ടർ ചാനലിൽ നികേഷ് കുമാർ നയിച്ച ഒരു ചർച്ച ഈ അവസരത്തിൽ ഞാനോർക്കുകയാണ്. ബാപ്പു മുസ്ലിയാരെയും കേരളത്തിലെ പ്രമുഖ ബുദ്ധിജീവികളെയുമൊക്കെ ഇരുത്തി തന്റെ തനത് ശൈലിയിൽ തുളളിച്ചാടിക്കൊണ്ട് നികേഷിന്റെ ചോദ്യം ഉസ്താദിനോട് മധ്യവയസ് പിന്നിട്ട പ്രവാചകൻ(സ)

9 വയസുള്ള ആയിശ(റ)യെ വിവാഹം കഴിക്കുന്നതിനെ കുറിച്ച് ഇക്കാലത്ത് ചിന്തിക്കാൻ കഴിയുമൊ? അപ്രതീക്ഷിതമായി വന്ന ചോദ്യത്തിൽ ഒട്ടും പതറാതെ ബാപ്പു മുസ്ലിയാർ മറുപടി പറഞ്ഞത് ഇങ്ങനെയായിരുന്നു അല്ലാ

ഹുവിന്റെ പ്രവാചകനെപ്പോലൊരു പുതു മണവാളനും ആയിശ(റ)യെപ്പോലൊരു മണവാട്ടിയും ഉണ്ടെങ്കിൽ ഇന്നും ആ വിവാഹം നടക്കും നികേഷ്.

വിവാഹ പ്രായത്തിന്റെ ചർച്ച നടക്കുമ്പോൾ, ശരീഅത്തിനെ നിങ്ങൾ വിമർശിക്കുമ്പോൾ നിങ്ങൾക്ക് മനസിലാവത്ത ഒരു കാര്യമുണ്ട് ഇത് വിശ്വാസപരമായ പ്രശ്നമാണ് അതിൽ നിങ്ങൾക്കെന്ത് കാര്യം? അല്ലാഹുവിന്റെ ഏകത്വത്തിലും മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിലും ഈ ലോക ജീവിതത്തിന് ശേഷം ശാശ്വതമായ മറ്റൊരു ലോകമുണ്ടെന്നും വിശ്വസിക്കുന്ന ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഞങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണ് അങ്ങിനെയൊരു വിശ്വാസം നിങ്ങൾക്കുണ്ടോ? നിങ്ങൾക്കത് മനസിലാക്കാൻ കഴിയില്ല അത് കൊണ്ട് നിങ്ങളെന്തിനിതിൽ ഇടപെടണം?

ഇസ്ലാമിക വിശ്വാസമനുസരിച്ച് ജീവിക്കാൻ മുസ്ലിമിന് ഭരണഘടനാപരമായി ലഭിച്ച അവകാശത്തെ നിങ്ങളെന്തിന് ചോദ്യം ചെയ്യുന്നു? തുടങ്ങി ആർജ്ജവത്തോടെ. ധൈര്യസമേതം ബാപ്പു ഉസ്താദ് ഉന്നയിച്ച വാദങ്ങൾക്ക് മറുപടി ഉണ്ടായില്ല. അനാഥശാലകളുമായി ബന്ധപ്പെട്ട് പ്രശ്നം ചടുലമായി അവതരിപ്പിച്ചതും ഉസ്താദ് തന്നെയായിരുന്നു. കേരളീയ മുസ്ലിം സമൂഹത്തെ തന്റെ ഹജ്ജ് കമ്മിറ്റി ചെയർമാൻ എന്ന പദവി ഉപയോഗിച്ച് ഒര കുടക്കീഴിൽ ഒന്നിച്ചിരുത്താനും ഏകോപിച്ച് കൊണ്ട് പോവാനും അദ്ദേഹത്തിന് സാധിച്ചു.

നിസ്തുലമായിരുന്നു ആ സേവനങ്ങൾ

നമുക്ക് ആ വലിയ പണ്ഡിതനെ നഷ്ടപ്പെട്ടു. രാജാധിരാജനായ തമ്പുരാൻ നാളെ അവന്റെ സുഖലോല സ്വർഗ്ഗത്തിൽ അവരേയും നമ്മളേയും ഒരുമിച്ച് കൂട്ടട്ടെ ആമീൻ.

2017 ജനു. 10

ഏക സിവിൽ കോഡ്, ബഹുസ്വരതയക്ക് എതിര്

ഒരു ഇടവേളക്ക് ശേഷം ഏക സിവിൽകോഡിനെ കുറിച്ചുള്ള ചർച്ചകളും വിവാദങ്ങളും സജീവമായ സാഹചര്യത്തിൽ രാഷ്ട്രീയ പാർട്ടികളും സംഘടനകളും അവരുടെ നിലപാടുകൾ വ്യക്തമാക്കേണ്ടതുണ്ട്. രാജ്യത്ത് ഏകീകൃത സിവിൽ നിയമം കൊണ്ട് വരാനുള്ള മോഡി സർക്കാറിന്റെ നീക്കത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം അറിയാൻ രാജ്യത്തെ മതേതര സമൂഹത്തിന് ആകാംക്ഷയുണ്ട്. സി.പി.ഐ.എം. അവരുടെ അഭിപ്രായം തുറന്ന് പറയേണ്ടതുണ്ട്. രാജ്യത്തിന്റെ ബഹുസ്വരത നിലനിൽക്കുന്നത് വിവിധ ജാതികൾക്കും മതങ്ങൾക്കും അവരുടെ വിശ്വാസ പ്രമാണങ്ങൾ അനുസരിച്ച് ഭരണ ഘടന വിഭാവനം ചെയ്യുന്ന സ്വാതന്ത്രം അനുസരിച്ച് ജീവിക്കാൻ സാധിക്കുന്നത് കൊണ്ടാണ്. ഏകീകൃത സിവിൽ നിയമം വരുന്നതോട് കൂടി ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം എന്ന മഹത്തായ അടിസ്ഥാന പ്രമാണമാണ്

ഇല്ലാതാവുന്നത്. ഇത് മുസ്‌ലിം സമുദായത്തെ മാത്രം ബാധിക്കുന്ന ഒന്നല്ല. ഇന്ത്യയിലെ ഓരോ സമുദായങ്ങൾക്കും ഓരോ വിഭാഗങ്ങൾക്കും അവരുടെതായ സ്വത്തത്വബോധം ഉണ്ട്. നാഗാലന്റിലെ നാഗൻമാർക്കും വിവിധ മത ക്കാരായ സിക്കുകാർ, പാർസികൾ ജൈനർ തുടങ്ങി എല്ലാവർക്കും കൂടി ഒരു നിയമം എന്നത് രാജ്യത്ത് ഒരിക്കലും അനുവദിക്കാൻ പറ്റാത്ത ഒന്നാണ്. കുറെ നാളായി രാജ്യത്ത് ഏക സിവിൽ കോഡിന്റെ വിവാദം ഉയർന്ന് വരാൻ തുടങ്ങിയിട്ട്. യഥാർത്ഥത്തിൽ ഈ വാദത്തിന് സ്വാതന്ത്ര്യത്തോളം പഴക്കമുണ്ട്. ഭരണഘടനയിൽ നിർദ്ദേശമുണ്ട് എന്നാണ ഇതിനെ അനുകൂലിക്കുന്നവരുടെ ന്യായം. എന്നാൽ ഇതിനേക്കാൾ മുൻഗണനയിലുള്ള നിർദ്ദേശങ്ങളിൽ മൗനം പാലിക്കുകയും ഏക സിവിൽ കോഡിൽ അമിതമായ താൽപര്യം കാണിക്കുകയും ചെയ്യുന്നതിലെ ദുഷ്ടലാക്ക് കാണാതിരുന്നു കൂടാ. നമ്മുടെ നാട്ടിൽ വല്ലാതെ പ്രയാസപ്പെടുത്തിയ ഒരു നിയമമായിരുന്നു വിവാഹ രജിസ്ട്രേഷൻ നിയമം. ഇത് നിയമമാകുന്ന സമയത്ത് നമ്മുടെ പണ്ഡിതൻമാരും പണ്ഡിത സഭകളും ഈ വിഷയം വേണ്ടത്ര ഗൗവത്തിൽ എടുത്തില്ല എന്നത് കാണേണ്ടതുണ്ട്. ഞാൻ മുന്നെ തന്നെ എന്റെ അഭിപ്രായം പറഞ്ഞിട്ടുണ്ട്.

മുസ്‌ലിംകൾക്ക് വിവാഹം മാത്രമല്ല ശരീഅത്ത്. ജനനം മുതൽ മരണം വരെ ശരീഅത്ത് നിഷ്കർശിക്കുന്നുണ്ട്.

വിവാഹം രജിസ്റ്റർ ചെയ്യുന്നതോട് കൂടി ആ സ്വാതന്ത്ര്യത്തിൽ മേൽ കൈ വെക്കുകയാണ് ചെയ്യുന്നത്. പള്ളികളിൽ നിന്നും മറ്റ് മത സ്ഥാപനങ്ങളിൽ നിന്നും കൊടുക്കുന്ന സർട്ടിഫിക്കറ്റുകളായിരിക്കണം വിവാഹ രജിസ്ട്രേഷന്റെ ആധികാരിക രേഖ. അത് പഞ്ചായത്തിലും നഗരസഭകളിലും രജിസ്റ്റർ ചെയ്യണമെന്ന് പറയുമ്പോൾ എതിർപ്പ് കൂടാതെ അംഗീകരിച്ച സമുദായത്തിന്റെ തീരുമാനം എന്നെ ആശ്ചര്യപ്പെടുത്തുന്നു. യഥാർത്ഥത്തിൽ ഇത് ഏക സിവിൽ കോഡിലേക്കുള്ള നീക്കത്തിന്റെ ആദ്യ ചവിട്ട് പടിയാണെന്ന് നമ്മൾ മനസിലാക്കേണ്ടിയിരുന്നു.

ഇസ്‌ലാമിൽ മറ്റ് ആരാധനാ കർമ്മങ്ങളായ നമസ്കാരവും നോമ്പ്, സക്കാത്ത് തുടങ്ങിയത് പോലെ തന്നെ വിവാഹവും മത ശാസനയുടേയും വിശ്വാസത്തിന്റെയും ഭാഗം തന്നെയാണ്. ഇസ്‌ലാമിൽ ഒരു കർമ്മം ബാധകമാവുന്നത് വ്യക്തികൾക്ക് പ്രായപൂർത്തി ആവുന്നതോട് കൂടിയാണ്. പക്ഷെ വിവാഹപ്രായത്തിന്റെ വിഷയം വന്നപ്പോൾ അതിൽ സുവ്യക്തമായ ഒരു നിലപാട് എടുക്കാൻ നമ്മുടെ മത നേതൃത്വത്തിന് കഴിഞ്ഞില്ല. ഇത് സംബന്ധമായി കോടതിയിൽ പോകുമെന്ന് അന്ന് പണ്ഡിത സഭകൾ ഒക്കെ പറഞ്ഞിരുന്നെങ്കിലും ആ വഴിക്ക് ശക്തമായ ഒരു നീക്കവും ഉണ്ടായില്ല. അല്ലെങ്കിൽ ആ തീരുമാനത്തിന് ഒരു തുടർച്ച പിന്നീട് ആരുടെ ഭാഗത്ത് നിന്നും കണ്ടില്ല. മഹാനായ ശംസുൽ ഉലമ ഇ.കെ. അബൂബക്കർ മുസ്‌ലിയാർ ജീവിച്ചിരുന്ന കാലഘട്ടത്തിൽ ഇസ്‌ലാമിക ശരീഅത്തിന് എതിരായ നീക്കം ഉണ്ടായപ്പോൾ അഭിവന്ദ്യരായ ജി.എം. ബനാത്ത് വാല സാഹിബും ഇബ്രാഹീം സുലൈ

മാൻ സേട്ട് സാഹിബും സയ്യിദ് മുഹമ്മദ് അലിശിഹാബ് തങ്ങളും ഒക്കെ നേതൃത്വം നൽകി സമുദായത്തിൽ ഒരു ഐക്യം ഉണ്ടാക്കുകയും ശരീഅത്ത് സംരക്ഷിച്ച് കിട്ടുകയും ചെയ്തിരുന്നു. പക്ഷെ പിന്നീട് എന്ത് കൊണ്ട് എന്നറിയില്ല ഭരണഘടനാപരമായ വിശ്വാസ സംരക്ഷണത്തിന് വേണ്ടി പോരാടുന്നതിൽ പഴയ ഊർജ്ജം ഉണ്ടായിട്ടില്ല. ഇപ്പോൾ സംഘ് പരിവാർ അവരുടെ അജണ്ടയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് പുറത്ത് എടുത്തിരിക്കുന്നു. ഈ വിഷയത്തിൽ മാർക്സിസ്റ്റ് പാർട്ടിയും സംഘ് പരിവാറും ഒരേ തൂവൽ പക്ഷികളാണ്. ഇടക്കാലത്ത് ഉണ്ടായ അമാന്തം ഒഴിവാക്കി ജാഗ്രതയോട് കൂടി മുസ്‌ലിം സംഘടനകൾ രംഗത്ത് വന്നില്ലെങ്കിൽ കടുത്ത വില നൽകേണ്ടി വരും എന്ന് മാത്രം ഓർമ്മിപ്പിക്കുന്നു.

2016 മെയ്

ഇന്ന് നവംബർ ഒന്ന് കേരളപിറവി ദിനം

1956 നവംബർ ഒന്നിനാണ് ജസ്റ്റിസ് ഫസൽഅലി കമ്മീഷന്റെ നിർദ്ദേശ മനുസരിച്ച് കേന്ദ്ര ഗവൺമെന്റ് കേരള സംസ്ഥാനം രൂപീകരിച്ച് വിജ്ഞാപനം ഇറക്കുന്നത്. അതിന് മുമ്പെ ഐക്യകേരളത്തിന് വേണ്ടിയുള്ള ശ്രമങ്ങൾ നിരവധി നടന്നിട്ടുണ്ട്. ഐക്യകേരളം രൂപീകരിക്കുന്നതിനു വേണ്ടിയുള്ള വലിയ നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കാൻ തീരുമാനിക്കുന്ന ഘട്ടത്തിൽ തന്നെ കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിന് വേണ്ടിയുള്ള ശ്രമങ്ങളും വലിയ തോതിലുള്ള സമ്മർദ്ദങ്ങളും പ്രക്ഷോഭങ്ങളും ഉണ്ടായിട്ടുണ്ട്. "പേരുവിൻ യുവാക്കളെ ചേരുവിൻ സഖാക്കളെ ചോരയെങ്കിൽ ചോരയാലീ കേരളം വരക്കുവാൻ."

എന്ന് പറഞ്ഞ് കൊണ്ട് വലിയ പ്രകടനങ്ങളും പ്രക്ഷോഭ സമരങ്ങളും രൂപപ്പെട്ടിരുന്നു.

മലബാറും കൊച്ചിയും തിരുവിതാറുമായി വിഭജിച്ച് കിടന്നിരുന്ന പ്രദേശങ്ങൾ കൂടിച്ചേർന്ന് ഐക്യകേരളം രൂപീകൃതമായി.

സംസ്ഥാന പുനഃസംഘടന കമ്മീഷന്റെ മുമ്പിൽ മുസ്‌ലിം ലീഗ് പാർട്ടി ഐക്യകേരളത്തിന് വേണ്ടിയുള്ള നിവേദനം സമർപ്പിച്ചിരുന്നു.

1954 ജൂൺ നാലാം തിയതി കോഴിക്കോട് വന്ന സംസ്ഥാന പുനഃസംഘടനാ കമ്മീഷനെ സ്വീകരിക്കാൻ റെയിൽവെ സ്റ്റേഷനിൽ മുസ്‌ലിം ലീഗ് നേതാവ് സി.എച്ച്. മുഹമ്മദ് കോയാ സാഹിബും സന്നിഹിതനായിരുന്നു. ചെയർമാൻ ജസ്റ്റിസ് ഫസൽ അലിയോടും അംഗങ്ങളായ ഹൃദയനാഥ് കുൽസുവിനോടും സർദാർ കെ.എൻ. പണിക്കരോടും മുസ്‌ലിം ലീഗ് നേതാക്കൻമാർ കോഴിക്കോട് ഗസ്റ്റ് ഹൗസിൽ വെച്ച് ചർച്ച നടത്തി.

ബി. പോക്കർ സാഹിബും കെ.എം.സീതി സാഹിബും സി.എച്ച്. മുഹമ്മദ് കോയ സാഹിബുമാണ് ആ ചർച്ചയിൽ പങ്കെടുത്തത്. മുസ്‌ലിം ലീഗിന്റെ നിവേദനം അവർ അവിടെ സമർപ്പിച്ചു. തിരുക്കൊച്ചിയും മലബാറും

ഗൂഡലൂരും കാസർഗോഡും ലക്ഷദ്വീപും അടങ്ങിയ ഐക്യകേരളം രൂപീകരിക്കണമെന്നാണ് മുസ്‌ലിം ലീഗ് കൊടുത്ത മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടത്. അങ്ങിനെ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം 1956 നവംബർ ഒന്നിന് ഐക്യകേരളം രൂപം കൊണ്ടു.

മഹാകവി വള്ളത്തോൾ അന്ന് പാടി.

ഭാരതമെന്ന പേര് കേട്ടാലഭിമാനപൂരിതമാകണം അന്തരംഗം

കേരളമെന്ന് കേട്ടാലോ തിളക്കണം ചോര നമുക്ക് ഞെരമ്പുകളിൽ.

ഓരോ മലയാളികളുടെയും അഭിമാനമായി നമ്മുടെ സംസ്ഥാനം രൂപീകൃതമായി. എഴു പതിറ്റാണ്ടു കഴിഞ്ഞ് ഇന്ന് ലോകത്തിന് മാതൃകയായ കേരള മോഡൽ സമർപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ, വിദ്യാഭ്യാസ, വിവര സാങ്കേതിക രംഗങ്ങളിലും മറ്റ് നാനാതരത്തിലുമുള്ള പുരോഗതിയുടെ മേഘലകളിലും ഈ നാട് മുന്നിൽ തന്നെയാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനമായി കേരളം മാറി. കേരളത്തോടൊപ്പം മുസ്‌ലിം ലീഗും വളർന്നു. ഒന്നാം കേരള നിയമസഭ മുതൽ ഇന്നേവരെ മുസ്‌ലിം ലീഗിന് നിയമനിർമ്മാണ സഭകളിൽ നിർണ്ണായക പങ്കാളിത്തം വഹിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധങ്ങളായ പുരോഗതിക്ക് ഉതകുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്താൻ പാർട്ടിയുടെ പ്രതിനിധികൾക്ക് സാധിച്ചിട്ടുമുണ്ട്. കക്ഷി രാഷ്ട്രീയ ഭേദമന്യേ ഏവരാലും അംഗീകരിക്കുന്ന ഒരു യാഥാർത്ഥ്യമാണത്. 1954 ഏപ്രിൽ മാസത്തെ മുസ്‌ലിം ലീഗിന്റെ മലബാർ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രമേയത്തിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഐക്യ കേരളത്തിന്റെ സംസ്ഥാപനം ഉണ്ടായത് എന്നതിൽ ഓരോ ലീഗുകാരനും അഭിമാനിക്കാവുന്നതാണ്. 1956 നവംബർ ഒന്നിന് കേരളമുണ്ടായതിന് പിന്നാലെ നവംബർ പതിനെട്ടിന് മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റിയും നിലവിൽ വന്നു. പ്രഥമ സംസ്ഥാന കമ്മിറ്റിയുടെ പ്രസിഡന്റ് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളും ജനറൽ സെക്രട്ടറി കെ. എം. സീതി സാഹിബുമായിരുന്നു. ഓരോ മലയാളിക്കും അഭിമാനിക്കാവുന്ന തലത്തിലേക്ക് നമ്മുടെ ഈ പച്ചത്തുരുത്ത് ലോകത്തോളം വളർന്നിരിക്കുന്നു.

രാഷ്ട്രീയ സാമുദായിക സാമൂഹ്യ മതേതര മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന മലയാള നാടിന്റെ ഭാഷയും സംസ്കാരവും പാരമ്പര്യവും നിലനിർത്തി ഐക്യത്തോടെ നമുക്ക് മുന്നേറാം.

എല്ലാവർക്കും ഹൃദയം നിറഞ്ഞ കേരളപ്പിറവി ദിനാശംസകൾ

ഈദ് മുബാറക്

ഇന്ന് ഹജ്ജ് പെരുന്നാളാണ്. മാനവകുലത്തിന്റെ ചരിത്രത്തിലെ ത്യാഗ സുരഭിലമായ ഇന്നലെകളെ കുറിച്ചുള്ള ഓർമ്മകളാണ് ഹജ്ജും ഹജ്ജ് പെരുന്നാളും നമുക്ക് പകർന്നു നൽകുന്നത്. ഖലീലുല്ലാഹി ഇബ്രാഹീം നബി(അ) ഉം പ്രിയ പത്നി ഹാജറും (റ) മകൻ ഇസ്മാ ഇൽ നബി (അ) ഉം അനുഭവിച്ച ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ത്യാഗ സന്നദ്ധതയുടെയും ഓർമ്മപ്പെരുന്നാൾ കൂടിയാണ് ഹജ്ജ് പെരുന്നാൾ.

തന്റെ നാഥന് വേണ്ടി എല്ലാം സമർപ്പിച്ച, നാഥന്റെ കൽപന അനുസരിച്ച് മാത്രം ജീവിക്കുകയും പ്രിയപ്പെട്ടത് മുഴുവൻ ത്യജിക്കാനും തയ്യാറായ ഇബ്രാഹീം നബിയുടെ ജീവിത ചരിത്രം ആധുനിക മനുഷ്യന് വലിയ പാഠങ്ങൾ നൽകുന്നവയാണ്. നരബലി തെറ്റാണെന്നും മനുഷ്യന് ഭക്ഷണമാക്കാൻ കഴിയുന്ന മൃഗങ്ങളെ ബലിയർപ്പിച്ച് അതിന്റെ മാംസം പാവങ്ങളുടെ വിശപ്പടക്കാൻ വിതരണം ചെയ്യുകയാണ് വേണ്ടതെന്നും ഹസ്രത്ത് ഇബ്രാഹിം (അ) തന്റെ ജീവിതം കൊണ്ട് ലോക ജനതയ്ക്ക് കാണിച്ചു കൊടുത്തു.

അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് നബി (സ) നമുക്ക് പഠിപ്പിച്ച് തന്നത് ഇബ്രാഹീമിമില്ലത്തിനെ പിന്തുടർന്ന് ജീവിക്കാനുള്ള അദ്ധ്യാപനങ്ങളാണ്. ഇന്ന് ഇസ്ലാമിന്റെ പേരിൽ ലോകത്ത് വലിയ പോരാട്ടങ്ങളൊക്കെ നടക്കുകയാണ്. ഐ.എസ്. ഐ.എസ്.തുടങ്ങിയ തീവ്രവാദ സായുധ സംഘങ്ങൾ ഇസ്ലാമിക ഭരണകൂടങ്ങൾ എന്ന പേരിൽ ഭരണം സ്ഥാപിക്കാനുള്ള വലിയ ശ്രമങ്ങൾ നടത്തുകയാണ്. അത്തരം ജൽപനങ്ങൾ നടത്തുന്ന വിധ്വംസക പ്രവർത്തകർക്കുള്ള ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇബ്രാഹീം നബി(അ) യുടെചരിത്രം.

ഇബ്രാഹിം (അ) ഒരു ഭരണകൂടവും സ്ഥാപിച്ചിട്ടില്ല. തന്റെ മതം കൽപിച്ചതിനനുസരിച്ചും അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചും നേരായ മാർക്ഷത്തിൽ ജീവിക്കുകയും അതുവഴി ശാശ്വതമായ സ്വർഗ്ഗീയ ജീവിതം കരസ്ഥമാക്കുകയുമാണ് ഓരോ സത്യവിശ്വാസിയുടെയും ലക്ഷ്യം.

ആ ഉദ്യാന ജീവിതത്തിലേക്കുള്ള ക്ഷണികമായ ഒരു വഴിയാത്രയാണ് ഈ ഭൗതിക ജീവിതം.

“കൂടിലില്ലാ ജനിക്കുന്ന നേരത്തും കൂടിയല്ലാ മരിക്കുന്ന നേരത്തും; മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത് മത്സരിപ്പു എന്തിനു നാം വ്യഥാ” എന്ന് ജ്ഞാനപ്പാനയിൽ പൂന്താനം നമ്പൂതിരി ചോദിച്ചത് പോലെ ഇന്നല്ലെങ്കിൽ നാളെ ഈ ലോകത്ത് നിന്ന് പോകേണ്ടവരാണ് നമ്മളെല്ലാവരും. പരസ്പരം ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും വർഗ്ഗത്തിന്റെയും ദേശീയതയുടെയും മറ്റു പലതിന്റെയും പേരിൽ ഏറ്റുമുട്ടേണ്ടവരല്ല മനുഷ്യൻ. ഇതിന്റെ ഏറ്റവും വലിയ സന്ദേശമാണ് ഹജ്ജ് നമുക്ക് നൽകുന്നത്. ഹജ്ജിന്റെ ഏറ്റവും പ്രധാന കർമ്മമായ അറഫ സംഗമത്തിലെ വിടവാങ്ങൽ പ്രസംഗത്തിൽ പ്രവാചകൻ മുഹമ്മദ് നബി(സ) അവിടെ കൂടിയവരോടും ഇനി വരാനിരിക്കുന്ന ലോകജനതയോടുമായി പറഞ്ഞതും ഇപ്രകാരമായിരുന്നു; “ജനങ്ങളേ

അറബിക്ക് അനറബിയേക്കാൾ ഒരു പ്രത്യേകതയുമില്ല."

ആര്യൻമാരാണ് ഉന്നതർ എന്ന് പറഞ്ഞ് ഊറ്റം കൊണ്ടിരുന്ന അഡോൾഫ് ഹിറ്റ് ലറ്റിന്റെ ഏകാധിപത്യത്തിലും ഫാഷിസത്തിലും ആവേശം ഉൾക്കൊണ്ടവർ രാജ്യം ഭരിക്കുമ്പോൾ പ്രവാചകന്റെ വാക്കുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഈ ഭൂമി ലോകത്തെ മനുഷ്യർ മുഴുവൻ ആദമിന്റെ (അ)സന്താന പരമ്പരയാണ്. ആദം നബിയാണെങ്കിലോ മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതും, നിങ്ങളെ വിവിധ സമൂഹങ്ങളും ഗോത്രങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടി മാത്രമാണ്. ഈയൊരു സൗഹാർദ്ദ സംസ്കാരമാണ് നാം ലോകത്തിന് കൈമാറേണ്ടത്. ഈയൊരു സംസ്കൃതിയാണ് ലോകം ഇന്ന് ആവശ്യപ്പെടുന്നതും. അതിനൊരു പാട് ത്യാഗം ചെയ്യേണ്ടി വരും. ഖലീലുല്ലാഹി ഇബ്രാഹിം നബി(അ)യുടെ ത്യാഗം നമ്മുടെ മുമ്പിലുണ്ട്.

മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് ഒരിക്കൽ പറഞ്ഞു. നംറൂദിന്റെ തീകുണ്ഡത്തിലേക്ക് നിങ്ങൾ കടന്നുചെല്ലുക, ഇബ്രാഹീം നബി(അ)യുടെ ഈമാൻ നിങ്ങൾക്കുണ്ടെങ്കിൽ നിങ്ങൾക്ക് പൊള്ളുകയില്ല. എല്ലാവർക്കും ഒരിക്കൽ കൂടി ഹൃദ്യമായ ഈദാശംസകൾ.

2015 സെപ്തംബർ 15

അറഫ – മനുഷ്യ മഹാസാഗരം

ഇന്ന് ലോക മുസ്ലിം മഹാ സമ്മേളനം അഥവാ അറഫാ ദിനം.

അതിരുകളില്ലാത്ത സാഹോദര്യത്തിന്റെ വിളംബരവുമായി അല്ലാഹുവിന്റെ അതിഥികൾ അണിനിരക്കുന്ന അറഫ സംഗമം.

കാല് കോടിയിലധികം വരുന്ന തീർഥാടകർ അറഫ സംഗമത്തിൽ പങ്കെടുക്കുന്നു. കറുത്തവനും വെളുത്തവനും തമ്മിൽ അറബിയും അനറബിയും തമ്മിൽ വ്യത്യാസമില്ല. അധികാരി ഇല്ല; പ്രജ ഇല്ല. ദൈവത്തിന് മുന്നിൽ മനുഷ്യരെല്ലാം ഒന്ന്.സ്ത്രീ സമൂഹത്തോട് ഏറ്റവും മാന്യതയോടെ പെരുമാറുകയെന്ന് പ്രവാചകൻ അരുൾ ചെയ്ത മനുഷ്യാവകാശത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് അറഫ സംഗമം.

തക്ബീർ ധ്വനിയുടെ അകമ്പടിയിൽ ഇരു കരങ്ങളും തന്റെ നാഥനിലേക്കുയർത്തി ആ മരുഭൂമിയിൽ കണ്ണുനീർ ചാലുകളൊഴുക്കി കഴിഞ്ഞ് പോയ പാപങ്ങളുടെ കറകളഞ്ഞ് ജനിച്ച കുഞ്ഞിനെ പോലെ തിരികെ അണയാനുള്ള പ്രാർത്ഥനയിൽ മുഴുകിയ ഹാജിമാർക്കുള്ള ഐക്യദാർഢ്യമെന്നോണം ലോക മുസ്ലിംകൾ വ്രതമെടുക്കുകയാണ് പെരുന്നാളിന് മുന്നോടിയായുള്ള ഒരു ആത്മീയ മാറ്റം.

2017 ആഗസ്റ്റ് 31

'അല്ലാഹു'

അല്ലാഹുവും ദൈവവും രണ്ടും രണ്ട് തന്നെയാണ്. അല്ലാഹു എന്നത് ദൈവത്തിന്റെ പര്യായപദമല്ല. ദൈവങ്ങൾ, ദേവൻ, ദേവത, ദേവി തുടങ്ങിയവ 'ദൈവ'ത്തിന്റെ വകഭേദങ്ങളാണ്. ഗോഡിന്റെ വകഭേദങ്ങളായ ഗോഡ്സ്, ഗോഡസ് എന്നിവയും അതുപോലെ തന്നെയാണല്ലോ. സാധാരണയായി ഉപയോഗിക്കുന്ന ആൾദൈവം മനുഷ്യദൈവം കോടീശ്വരൻ ഈശ്വരൻ എന്നിവയും മറ്റൊരർത്ഥത്തിൽ ഇത് പോലെ തന്നെ. ദൈവം എന്നതിന്റെ അറബി ഇലാഹ് ആണ്. അതിന്റെ കൂടെ അലിഫ് ലാം കൂട്ടി ലോകത്തെ എല്ലാ സൃഷ്ടിക്കുകയും സംവിധാനിക്കുകയും ചെയ്യുന്ന പകരക്കാരനില്ലാത്ത മഹാശക്തിക്ക് ഖുർആനിൽ പ്രയോഗിച്ച പദമാണ് 'അല്ലാഹു-ന് ബഹുവചനമോ ലിംഗഭേദമോ ഇല്ല താനും. ലോകത്ത് ഒരു ഭാഷയിലും അല്ലാഹു എന്നതിന് പകരമാകുന്ന വാക്ക് അസാധ്യമാണ്. ബഹുദൈവ വിശ്വാസങ്ങൾക്കെതിരെയും വിഗ്രഹാരാധനകൾക്കെതിരെയും രംഗത്ത് വന്ന പ്രഥമ പ്രവാചകൻ നൂഹ് നബി മുതൽ ഉപയോഗിച്ച് വരുന്ന പദമാണ് അല്ലാഹു. "നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി എന്നിട്ടദ്ദേഹം പറഞ്ഞു എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക അവനല്ലാതെ നിങ്ങൾക്ക് യാതൊരു ആരാധ്യനുമില്ല. (ഖുർആൻ 23:22)

അത് കൊണ്ട് തന്നെ ഭാഷകൾക്കതീതമായി ലോകത്തിന്റെ ഏതു കോണിൽ നിന്നും പറയാവുന്ന അല്ലെങ്കിൽ പറയേണ്ട സമാതനകളില്ലാത്തതും പകരം വെക്കാനില്ലാത്തതുമായ പദമാണ് അല്ലാഹു. അത് അങ്ങനെ തന്നെ ആരുടെ മുമ്പിലും പറയാൻ നമുക്ക് സാധിക്കണം. സാധിക്കട്ടെ..

അല്ലാഹുവിന്റെ നാമത്തിൽ എന്നതിന് പകരം ദൈവത്തിന്റെ നാമത്തിൽ എന്നല്ല ഒരു മുസ്ലിം പറയേണ്ടത് എന്നർത്ഥം.

2016 മെയ്

നബിദിനാശംസ

'തവലഅൽ ബദറു അലൈനാ"...

ചരിത്രത്തിന്റെ തെളിമയിൽ നൂറുമേനിയുടെ പകിട്ടിൽ ജീവിച്ച പ്രവാചകൻ മുഹമ്മദ് നബി (സ) ലോകചരിത്രത്തിൽ തുല്യതയില്ലാത്ത... വ്യക്തിത്വമാണ്. ജീവിതത്തിന്റെ സർവ്വതലങ്ങളിലും മഹത്തായ സന്ദേശമുയർത്തി എന്റെ ജീവിതമാണ് എന്റെ സന്ദേശമെന്ന് ലോകത്തിന്ന് ആദ്യം പഠിപ്പിച്ചു കൊടുത്തത് പ്രവാചകനാണ് (സ). ഫാതിമയുടെയും ഇബ്രാഹീമിന്റെയും പിതാവായി പ്രവാചകൻ(സ) കാണിച്ച മാതൃകയേക്കാൾ ലോകത്ത് വേറേത് പിതാവുണ്ട്. അബ്ദുള്ളയുടേയും ആമിനാബീവിയുടേയും മകനിൽ നിന്നല്ലാതെ ഒരു മകന്റെ മാതൃക വേറെ ഏതുണ്ട് പിൻപ

റ്റാൻ ഖദിജ ബീവിയുടെയും ആഇശാബീവിയുടേയും ഭർത്താവിൽ നിന്നല്ലാതെ ഒരു ഭർത്താവിന്റെ മാതൃക വേറേത് പിൻപറ്റാനാണ്. അനാഥനിൽ പോലും മാതൃക കാണിച്ച് പ്രവാചകൻ(സ) കുഞ്ഞുനാൾ തൊട്ട് പിതാവും മാതാവും ഇല്ലാത്ത ലോകത്ത് ജീവിക്കേണ്ടി വന്നു. ആടിനെ മേച്ച് ജീവിതം കരുപ്പിടിപ്പിച്ച പ്രവാചകനിൽ(സ) ഏതൊരു തൊഴിലാളികൾക്കും മാതൃകയുണ്ട്. സിറിയയിലേക്ക് വർത്തകസംഗത്തെ നയിച്ച് പോയ പ്രവാചകനിൽ(സ) കച്ചവടക്കാർക്കും മാതൃക കാണാം. ബദറിലും ഉഹ്ദിലും ഖന്ദക്കിലും തുടങ്ങി എത്രയോ പോരാട്ടങ്ങളിൽ പടനയിച്ച യോദ്ധാവായ പ്രവാചകനിൽ ഏതൊരു യോദ്ധാവിന്നും മാതൃകയുണ്ട്. പട്ടിണികിടന്ന് ദിവസങ്ങളോളം കഴിച്ച് കൂട്ടിയ പ്രവാചകൻ (സ) പ്രാരാബ്ധക്കാരന്നും മാതൃക കാണിച്ചു. നീതിയുടെ നേർസാക്ഷ്യം പഠിപ്പിച്ച് മദീനയുടെ ഭരണാധികാരിയായ പ്രവാചകനിൽ ഏതൊരു ഭരണാധികാരിക്കും മാതൃകയുണ്ട്. തന്റെ സംഘത്തിന്റെ വിജയകരമായ മുന്നേറ്റത്തിന്ന് വേണ്ടി ഹുദൈബിയ്യ സന്ധിയിൽ ഒപ്പുവെച്ച പ്രവാചകൻ(സ)യേക്കാൾ വലിയ നയതന്ത്രശാലി മറ്റാരാണുള്ളത്?

സ്ത്രീശാക്തീകരണത്തിന്റെ പുതിയ മാനങ്ങൾ ചർച്ച ചെയ്യപ്പെടുന്ന വർത്തമാന കാലത്ത് എന്റെ പ്രവാചകൻ(സ) ആയിരത്തി നാന്നൂറ് വർഷങ്ങൾക്ക് ഇപ്പുറത്തും ലോകത്തിന്ന് വെളിച്ചം വീശുകയാണ്. ജനിച്ചത് പെണ്ണാണെങ്കിൽ അവളെ ജീവനോടെ കഴിച്ച് മൂടുന്നത് നാട്ടാചാരമായി കണ്ടിരുന്ന ഒരു കാലം. ഉപഭോഗവസ്തുവായി മാത്രം പെൺവർഗ്ഗത്തെ കണ്ടിരുന്ന ഒരു കാലം. സ്ത്രീകൾക്ക് ആത്മാവില്ലെന്ന് വിശ്വസിച്ചിരുന്ന മനുഷ്യർ ജീവിച്ചിരുന്ന ഒരുകാലം. ഇത്തരം ഇരുട്ടിലാർന്ന ഒരു ജനതക്ക് മുൻപിലാണ് മാതൃകയുടെ മഹാവെളളിവെളിച്ചം പകർന്ന് തിരുദൂതർ ജന്മം കൊള്ളുന്നത്.

'നിങ്ങളിൽ മാന്യൻ സ്ത്രീകളോട് നന്നായി പെരുമാറുന്നവനാണ്' എന്ന് പഠിപ്പിച്ച നബി(സ) പെൺമക്കളെ പോറ്റി വളർത്തുന്നവർക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്ത് അവർക്ക് ഇടയിൽ പ്രബോധനം ചെയ്ത നബി(സ) സമ്മാനപ്പൊതിയുമായി വീട്ടിൽ കയറുമ്പോൾ ഓടിവരുന്ന കുഞ്ഞുമക്കളിൽ പെൺമക്കളുണ്ടെങ്കിൽ അതവർക്ക് നൽകണമെന്ന് പഠിപ്പിച്ചു കഴുത്ത് ഞെരിച്ച് കൊന്നുതള്ളിയിരുന്ന ഒരു കാലത്ത് നിന്നും സ്ത്രീകൾക്ക് വിമോചനത്തിന്റെ പാത തുറന്നു കൊടുത്തുവെന്ന് മാത്രമല്ല, പെൺകുട്ടികൾ ഉണ്ടാവാൻ വേണ്ടി പ്രാർത്ഥിക്കുന്ന ഒരു ജനതയാക്കി അവരെ മാറ്റുകയും ചെയ്തു. തൗഹീദിന്റെ അമരധ്വനികൾ തീർത്ത പരിവർത്തനത്തിന്റെ പരിമളം അവരിലൂടെ ലോകത്തിന്ന് മുൻപിൽ കാണിച്ചുതന്ന പുണ്യപ്രവാചകന്റെ (സ) ജനനം എന്തുകൊണ്ടും അനുഗ്രഹമായ ദിവസമാണ്.

എല്ലാവർക്കും എന്റെ നബിദിനാശംസകൾ

2016 നവംബർ

നുണക്കഥയ്ക്ക് പിന്നിൽ ഗൂഢാലോചന

മുസ്‌ലിം യൂത്ത് ലീഗ് അസാമിലേക്ക് വസ്ത്രം ശേഖരിച്ച് പുഴയിലൊഴുക്കി എന്ന് പറഞ്ഞ് സോഷ്യൽ മീഡിയയിലും മറ്റും കള്ള പ്രചരണം നടക്കുന്നത് കണ്ടു. മുസ്‌ലിം ലീഗ് ദേശീയ സമിതിയുടെ നിർദ്ദേശപ്രകാരം ആസാം കലാപബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച ദേശീയ സെക്രട്ടറി മാരിലൊരാളായ ഖുറം അനീസ് ഉമറിന്റെ നേതൃത്വത്തിലുള്ള സംഘത്തിന്റെ റിപ്പോർട്ടിന്റെ പ്രകാരമാണ് സംസ്ഥാന കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ജില്ലാ യൂത്ത് ലീഗ് കമ്മിറ്റികൾ ഈ വിഭവ സമാഹാരം നടത്തിയത്. കലാപ ബാധിതർക്ക് ഏറ്റവും കൂടുതൽ ആവശ്യം ഭക്ഷ്യവസ്തുക്കളാണെന്ന് മനസിലാക്കി റൊട്ടി, ബ്രഡ്, ഗോതമ്പ്, ബേക്കറി വിഭവങ്ങൾ മുതലായവയും ജീവൻ രക്ഷാമരുന്നുകളും വസ്ത്രങ്ങളുമാണ് ശേഖരിച്ചത്. മരുന്നുകൾ തന്ന് സഹായിച്ച ഐ.എം.എ. അടക്കമുള്ള സംഘടനകളെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. വിഭവസമാഹാരം നടത്തിയ വസ്തുക്കൾ ആസാമിലെത്തിക്കാൻ അന്നത്തെ യു.പി. എ ഗവൺമെന്റിൽ റെയിൽവെ സഹമന്ത്രിയായിരുന്ന ഇ. അഹമ്മദ് സാഹിബിന്റെ ഉത്തരവ് പ്രകാരം ഒരു സ്പെഷൽ കോച്ച് തന്നെ റെയിൽവെ അനുവദിക്കുകയായിരുന്നു. യാത്രാ തീവണ്ടിയായ ഗുവാഹത്തി എക്സ്പ്രസിൽ ഒരു ചരക്ക് ബോഗി ഘടിപ്പിക്കയായിരുന്നു മലപ്പുറം ജില്ലയിൽ നിന്ന് ശേഖരിച്ച വസ്തുക്കൾ പാലക്കാട് റെ. സ്റ്റേഷനിലാണ് എത്തിച്ചത് യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റി അംഗങ്ങളുടെ കൂടെ അന്നത്തെ മലപ്പുറം ജില്ലാ ഭാരവാഹികളായ ഞാനും ഉസ്മാൻ താമരത്തും അനുഗമിച്ചിരുന്നു. അന്നത്തെ യൂത്ത്‌ലീഗ് സംസ്ഥാന ട്രഷറർ യശ്ശഃശരീരനായ പി.എം. ഹനീഫ് ദിവസങ്ങൾക്ക് മുമ്പേ തന്നെ ഗോഹട്ടിയിൽ എത്തി അതവിടെ ഇറക്കാനും മറ്റുമുള്ള കാര്യങ്ങൾ ശരിയാക്കിയിരുന്നു. രണ്ട് ദിവസത്തെ യാത്രക്ക് ശേഷം ഞങ്ങളവിടെ എത്തുമ്പോൾ അഹമ്മദ് സാഹിബിന്റെ ഇടപെടൽ മൂലം ഗുവാഹത്തി ജില്ലാ കലക്ടർ ഞങ്ങളെ സ്വീകരിക്കാൻ റെ.സ്റ്റേഷനിൽ ഉണ്ടായിരുന്നു. കാരണം കലാപബാധിത പ്രദേശത്തേക്ക് സർക്കാർ ഏജൻസിക്കല്ലാതെ സഹായങ്ങളെത്തിക്കാൻ കഴിയുമായിരുന്നില്ല. അത് കൊണ്ട് തന്നെ മുസ്‌ലിം യൂത്ത് ലീഗ് ശേഖരിച്ച ഈ വസ്തുക്കൾ ജില്ലാ കല്കടർ ഏറ്റെടുത്ത് സർക്കാറിന്റെ സഹായമായിട്ടാണ് കൈമാറിയത്. അന്ന് അവിടെ ഗോഡൗണിൽ സൂക്ഷിക്കുകയും പിറ്റേ ദിവസം അതിരാവിലെ തന്നെ ആസാം ഗവൺമെന്റിന്റെ വാഹനത്തിൽ കേന്ദ്ര മിലിറ്ററിയുടെ സുരക്ഷയോട് കൂടി കലാപ ബാധിത പ്രദേശങ്ങളിലേക്ക് കൊണ്ട പോകുകയുമായിരുന്നു. ഗുവാഹത്തിയിൽ നിന്ന് 700 കി. മീ. ദൂരമുണ്ട് പ്രശനബാധിത പ്രദേശത്തേക്ക് ഞങ്ങളും അവരെ അനുഗമിച്ചു.

ഉദ്യോഗസ്ഥരുടെ നിർദ്ദേശ പ്രകാരം ഓരോ അഭയാർത്ഥി ക്യാമ്പിലും എത്തി ഞങ്ങളത് നേരിട്ട് വിതരണം ചെയ്തു അതിന്റെ വാർത്തയും ചിത്രങ്ങളും അന്ന് പത്രങ്ങളിലൊക്കെവന്നതാണ്.

എന്നാൽ എന്ത് ദുരുദ്ദേശത്തിന്റെ ഫലമായിട്ടാണ് ഇത്തരം ഒരു വാർത്ത പടച്ചുണ്ടാക്കിയത് എന്നറിയില്ല. ഗുജറാത്ത് ഫണ്ടിനെ കുറിച്ച് ഉണ്ടാക്കിയത് പോലെയുള്ള മറ്റൊരു നുണക്കഥ തന്നെയാണിത്. അഭിവന്ദ്യരായ മർഹൂം പാണക്കാട് ശിഹാബ് തങ്ങളെ പോലും കളവാക്കുന്ന തരത്തിൽ ഒരു രൂപ പോലും ഗുജറാത്തിലേക്ക് എത്തിയിട്ടില്ല എന്നാണ് അന്ന് കെ.ടി. ജലീലിനെ പോലുള്ളവർ പ്രസംഗിച്ചു നടന്നത്. മാധ്യമം അടക്കം അത് ഏറ്റു പിടിച്ചു. പിന്നീട് മുസ്‌ലിം ലീഗ് നിർമ്മിച്ച വീടുകൾക്ക് സമീപം ബി.ജെ.പി. ഭരിക്കുന്ന അഹമ്മദാബാദ് കോർപ്പറേഷൻ ചപ്പ് ചവറുകളും മാലിന്യങ്ങളും നിക്ഷേപിച്ചപ്പോൾ അത് ചൂണ്ടിക്കാട്ടി ലീഗിനെ വിമർശിച്ചിട്ടാണെങ്കിലും വർഷങ്ങൾക്ക് ശേഷം അവർക്ക് തന്നെ അത് തിരുത്തേണ്ടി വന്നു. മുസ്‌ലിം ലീഗിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ സി.പി.എം. പാർട്ടി കോൺഗ്രസിൽ പോലും ചർച്ചയായതാണ്. ചില മുസ്‌ലിം നാമധാരികളെ കൂട്ടുപിടിച്ച് പല പേരിലും രൂപത്തിലും അങ്ങിങ്ങ് ചില പ്രവർത്തനങ്ങളൊക്കെ നടത്തിയിട്ടും ന്യൂനപക്ഷങ്ങൾക്കിടയിൽ സ്വാധീനം ചെലുത്താൻ സാധിക്കാത്ത് സി.പി.എം. ഉം ഡി.വൈ.എഫ്ഐ യും തന്നെയാണ് ഈ അപവാദ പ്രചരണത്തിനു പിന്നിൽ. അതിനായി മെനഞ്ഞുണ്ടാക്കിയതാണ് പുഴവക്കത്ത് തള്ളിയ ഈ കീറത്തുണി നാടകം!! സർവ്വാദരണീയരും വിശുദ്ധരുമായ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെ പോലുള്ള നേതാക്കളിൽ വിശ്വാസമർപ്പിച്ചവരാണ് മുസ്‌ലിം ലീഗിന്റെ അണികളും പ്രവർത്തകരും. അവരെ തെറ്റിദ്ധരിപ്പിക്കാൻ ഉത്തരം നുണക്കഥകൾ കൊണ്ട് സാധിക്കില്ല.

ഞാൻ വെല്ലുവിളിക്കുന്നു. നിങ്ങളുണ്ടോ ബോഡോ കലാപകാരികൾ എല്ലാം നക്കിത്തുടച്ച ആസ്സാമിലെ മുസ്‌ലിം കലാപബാധിത പ്രദേശങ്ങളിൽ യൂത്ത് ലീഗ് നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടാൻ, ഞങ്ങളുടെ കൂടെ പോരാൻ?

2014 ജനുവരി

മുജാഹിദ് ലയനം

കഴിഞ്ഞ കുറച്ച് ദിവസങ്ങളായി വളരെ സന്തോഷദായകമായ വാർത്തകളാണ് കേട്ടുകൊണ്ടിരിക്കുന്നത് കേരളത്തിലെ ഭിന്നിച്ച് പോയ മുജാഹിദ് സംഘടകൾ ഐക്യപ്പെടാനും ഒന്നിച്ച് നിൽക്കാനുമുള്ള തീരുമാനത്തിലെത്തിയിരിക്കുന്നു.

കേരള മുസ്‌ലിം ഐക്യസംഘവും കേരള നദ്‌വത്തുൽ മുജാഹിദീനുമൊക്കെ കേരളീയ മുസ്‌ലിം സമൂഹത്തിനിടയിൽ സജീവമായി പ്രവർത്തിച്ചിരുന്ന സംഘടനകളാണ്. ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങളും പള്ളികളും മക്തബുകളും ഒക്കെ അവരുടേതായിട്ടുണ്ട് പ്രസിദ്ധീകരണ രംഗത്തും മുസ്‌ലിം സാഹിത്യ രംഗത്തും സംഘടനയുടെ സംഭാവനകൾ ഏറെ വലുതാണ്.

സമുദായ സേവന രംഗത്തും സമുദായങ്ങൾ തമ്മിലുമുള്ള ഐക്യത്തിനും വലിയ പ്രാധാന്യം നൽകിയ മുജാഹിദ് പ്രസ്ഥാനത്തിൽ നിർഭാഗ്യകരമായ പിളർപ്പുണ്ടായി.

അത് പിന്നെ പിളർപ്പുകളും ഗ്രൂപ്പുകളുമായി മാറി അത് തെരുവുകളിൽ അങ്ങോട്ടുമിങ്ങോട്ടും ആക്ഷേപങ്ങളും അധിക്ഷേപങ്ങളും പറയുന്നിടത്തേക്കെത്തി വലിയ പ്രശ്നങ്ങളുണ്ടായി. മഹാനായ ഹൈദരലി ശിഹാബ് തങ്ങൾ വിളിക്കുന്ന മുസ്ലിം സംഘടനകളുടെ കോ-ഓഡിനേഷൻ കമ്മിറ്റികളിൽ ഒരുമിച്ചിരിക്കുകയും പിന്നീട് തെരുവിൽ പോരടിക്കുകയും പള്ളികളും സ്ഥാപനങ്ങളും പിടിച്ചടക്കുകയും ചെയ്യുന്ന അവസ്ഥ തുടരുകയും ചെയ്തു.

ആ സംഘടനകൾ ഒരുമിച്ച് നിൽക്കുന്നു എന്ന് വരുമ്പോൾ എന്ത് തന്നെയായാലും അത് ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ നമുക്ക് ഒരാശ്വാസം നൽകുന്ന സംഗതി തന്നെയാണ്. ഈ സന്ദർഭത്തിൽ സമുദായ സംഘടകളോട് ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അല്ലാഹു ഏകനാണെന്നും മുഹമ്മദ് നബി(സ) അന്ത്യ പ്രവാചകനാണെന്നും ഒരേ ഖുർആനിലും ഖിബ്ലയിലും വിശ്വസിക്കുകയും ചെയ്യുന്നവർ പരസ്പരം കാഫിറും മുശ്രിക്കും ഖുറാഫിയും ആക്കുന്ന അവസ്ഥ ഇല്ലാതെ നമുക്ക് മുന്നോട്ട് പോകണം.

വലിയ അഭിപ്രായ വിത്യാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ പഴയ കാല നേതാക്കൻമാർക്കിടയിലുണ്ടായിരുന്ന വിശാലമായ കാഴ്ചപ്പാടിനെ നാം പിന്തുടരണം.

മലയാളത്തിൽ ഖുത്ബ നിർവ്വഹിക്കുന്ന, സുബഹിക്ക് ഖുനൂത്ത് ഇല്ലാത്ത തിരുരങ്ങാടി സൗദാബാദിലെ മുജാഹിദ് മസ്ജിദിന് സമസ്തയുടെ നേതാവായിരുന്ന ബാഫഖി തങ്ങൾ തറക്കല്ലിട്ടത് ഇതിന് ഏറ്റവും വലിയ തെളിവാണ് മലപ്പുറം നഗരത്തിൽ ആദ്യമായി ഒരു ഈദ് ഗാഹ് നടന്നപ്പോൾ മഹാനായ പി.എം.എസ്.എ. പൂക്കോയ തങ്ങൾ നമസ്ക്കാരത്തിന് നേതൃത്വം നൽകുകയും മുജാഹിദ് നേതാവായിരുന്ന പി.പി. അബ്ദുൽ ഗഫൂർ മൗലവി ഖുത്ബ നിർവഹിക്കുകയും ചെയ്തത് നമുക്കറിയാം. നദ് വത്തുൽ മുജാഹിദ് സംസ്ഥാന പ്രസിഡന്റ് പ്രൊ. മങ്കട അബ്ദുൽ അസീസ് മൗലവി മരണപ്പെട്ടപ്പോൾ ഇമാമത്ത് നിന്നത് പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങളായിരുന്നു. ഇതിൽ നിന്നൊക്കെ മാറി സംഘടനകൾ പരസ്പരം വിഴുപ്പലക്കലുകൾ രൂക്ഷമായ ഘട്ടത്തിൽ മുജാഹിദ് സംഘടനകൾ ഐക്യപ്പെടുന്നു എന്നത് വളരെയധികം സന്തോഷകരമാണ്. ഞാനതിനെ ആത്മാർത്ഥമായി സ്വാഗതം ചെയ്യുന്നു.

2016 ഡിസംബർ 20

അനൈക്യ ശബ്ദങ്ങളെ അവഗണിക്കുക.'

മുസ്‌ലിം സമുദായം കൂടുതൽ ഒത്തൊരുമയോടെ കൂടിയിരിക്കേണ്ട വർത്തമാന കാല്ത്ത് നിരഭാഗ്യകരമായ ചില കാര്യങ്ങളാണ് കണ്ടു വരുന്നത്. അഭിമാനകരമായ ചരിത്ര പാരമ്പര്യമുള്ള ഒരു പാർട്ടിയാണ് മുസ്‌ലിം ലീഗ്. ലോകത്ത് ആദ്യമായി നിലവിൽ വന്ന ഒരു മുസ്‌ലിം രാഷ്ട്രീയ പാർട്ടിയാണത്. സമുദായത്തിന്റെ അഭിമാനകരമായ അസ്തിത്വമാണ് മുസ്‌ലിം ലീഗിന്റെ മുദ്രാവാക്യം. മുസ്‌ലിം സമുദായത്തിനകത്തെ അവാന്തര വിഭാഗങ്ങളുടെ അഭിപ്രായങ്ങൾ മുസ്‌ലിം ലീഗിന്റെ ചട്ടക്കൂടിനകത്തേക്ക് കൊണ്ട് വരാൻ ലീഗ് പാർട്ടി ഇന്നേവരെ ആരെയും അനുവദിച്ചിട്ടില്ല.

സർവേന്ത്യാ മുസ്‌ലിം ലീഗിന്റെ പ്രഥമ പ്രസിഡന്റായിരുന്ന ആഗാഖാൻ ഇസ്മായീലി(ശിയാ) മുസ്‌ലിംകളുടെ ആത്മീയ നേതാവായിരുന്നു. മഹാകവി അല്ലാമ ഇഖ്ബാൽ മുതൽ മുഹമ്മദലി ജൗഹർ തുടങ്ങി ഖാദിയാനിയായിരുന്ന മുഹമ്മദ് സഫറുള്ളവരെ പ്രവർത്തിച്ച പാർട്ടിയാണ് മുസ്‌ലിം ലീഗ്. കേരളത്തിൽ പാർട്ടിയുടെ ചരിത്രം പരിശോധിച്ചാലും സ്ഥിതി മറിച്ചല്ല. മഹാനായ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ. കെ.എം. സീതി സാഹിബ്, എൻ.വി. അബ്ദുസലാം മൗലവി, പാണക്കാട് പൂക്കോയ തങ്ങൾ, പാങ്ങിൽ അഹമ്മദ് കുട്ടി മുസ്‌ലിയാർ, ചാപ്പനങ്ങാടി ബാപ്പു മുസ്‌ലിയാർ കെ.എം. മൗലവി തുടങ്ങി മുസ്‌ലിം ലീഗിന് വേണ്ടി പ്രാർത്ഥിച്ചവരും പ്രവർത്തിച്ചവരുമായ അനേകം നേതാക്കൻമാരും അനേകായിരം അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായ അണികളും ശക്തിപ്പെടുത്തിയ ഒരു പ്രസ്ഥാനമാണിത്.

ഷിയാ വിഭാഗത്തിൽ പെടുന്ന ഖായിദെ അഅസം മുഹമ്മദലി ജിന്ന സാഹിബ് അന്തരിക്കുന്ന സമയത്ത് കുവൈത്ത് സന്ദർശനത്തിലായിരുന്ന ബാഫഖി തങ്ങൾ ചന്ദ്രികയിലെഴുതിയ അനുശോചന കുറിപ്പിൽ ഇങ്ങിനെ വായിക്കാം.

“മുസ്‌ലിം ലോകത്തിലെ വന്ദ്യ നേതാവായ ജിന്നാ സാഹിബിന്റെ വിയോഗത്തിൽ അതിയായി വ്യസനിക്കുന്നു. അദ്ദേഹത്തിന്റെ ജനാസ നമസ്ക്കാരം അടുത്ത വെള്ളിയാഴ്ച കോഴിക്കോട്ടും പുറത്തുമുള്ള എല്ലാ പള്ളികളിലും വെച്ച് നടത്തുമെന്ന് ഞാൻ വിശ്വസിക്കുകയും അതിനായി അഭ്യർത്ഥിക്കുകയും ചെയ്യുന്നു.” ഇത് പോലെ എത്രയെത്ര ഉദാഹരണങ്ങൾ നമുക്ക് ഉദ്ധരിക്കാൻ കഴിയും.

മുജാഹിദ്, സുന്നി വിഭാഗങ്ങളിലെ ഓരോ കാലഘട്ടത്തിലേയും സമുന്നതരായ നേതാക്കൻമാർ മുസ്‌ലിം ലീഗിനോടൊപ്പം നിന്നിട്ടുണ്ട്. മറിച്ചും സംഭവിച്ചിട്ടുണ്ട്. മുസ്‌ലിം ലീഗുകാരനാവുക എന്നത് ഓരോ മുസ്‌ലിമിന്റെയും ബാധ്യതയാണെന്ന് ഫത്വ കൊടുത്ത കെ.എം. മൗലവിയും ലീഗ് ഈ രാജ്യത്തിന് അപകടമാണെന്നും അവർ ദേശദ്രോഹികളാണെന്നും പ്രസംഗിച്ച മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും മുസ്‌ലിം ലീഗിനെ നിശിതമായി വിമർശിച്ച ഇ. മെയ്തു മൗലവിയും ഒരു പോലെ സലഫി ആശയക്കാരായിരുന്നു.

മഹാനായ ശംസുൽ ഉലമ ലീഗിനെതിരെ പ്രസംഗിക്കുകയും പിന്നീട്

പ്രശംസിക്കുകയും ചെയ്ത ഘട്ടങ്ങളുണ്ടായിട്ടുണ്ട്. മുസ്‌ലിം ലീഗ് കൈകാര്യം ചെയ്യുന്നത് ന്യൂനപക്ഷ രാഷ്ട്രീയമാണ് അതിനോട് യോജിക്കാൻ കഴിയുന്ന ഏതൊരാൾക്കും ലീഗിൽ പ്രവർത്തിക്കാം സമുദായത്തിലെ അവാന്തരവിഭാഗങ്ങളിലെ അഭിപ്രായ വ്യത്യാസത്തിൽ കക്ഷി ചേരുക എന്നത് ഒരു മുസ്‌ലിം ലീഗുകാരന് യോജിച്ചതല്ല. മത സംഘടനാപരമായ തങ്ങളുടെ അഭിപ്രായത്തോടൊപ്പം മുസ്‌ലിം ലീഗ് നിൽക്കണമെന്ന് ശഠിക്കുന്നതും ശരിയല്ല. ഇത് നമ്മുടെ പൊതുവേദിയാണ്. പൊതു കാര്യത്തിന് വേണ്ടി പോലും ഒന്നിച്ചിരിക്കാൻ മടിച്ചിരുന്ന, കണ്ടാൽ സലാം പറയാത്ത, പരസ്പരം വിവാഹ ബന്ധം പോലും നടക്കാതിരുന്ന കാലത്താണ് മുസ്‌ലിം ലീഗിന്റെ ബാനറിന് കീഴിൽ എല്ലാവരും ഒരുമിച്ചത്.

സുന്നിയും മുജാഹിദും തബ്‌ലീഗും ത്വരീഖത്തും മറ്റും പറഞ്ഞ് പരസ്പരം ആക്ഷേപിക്കുമ്പോഴും എല്ലാവർക്കും ഒരുമിച്ച് നിൽക്കാവുന്ന ഒരേയൊരു ഇടം മുസ്‌ലിം ലീഗ് മാത്രമാണ്. കേരളീയ മുസ്‌ലിം സമൂഹത്തിന് മാത്രമവകാശപ്പെടാവുന്ന ആ അനുഗ്രഹം ഇല്ലാതാക്കാൻ ആരും ശ്രമിക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. അതേ മാർഗ്ഗത്തിൽ തന്നെ മുസ്‌ലിം ലീഗിനെ നിലനിർത്താനുള്ള ബാധ്യതയും നമുക്ക് തന്നെയാണ്. അതിന് വേണ്ടി ജാഗ്രതയോടെ നമുക്ക് പ്രവർത്തിക്കാം.

2017 നവംബർ

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്

ഇന്ന് നടന്ന കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ എം.എസ്. എഫ്. ഉജ്ജ്വല വിജയമാണ് കാഴ്ച വെച്ചത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിലെ ഏറ്റവും വലിയ വിദ്യാർത്ഥി പ്രസ്ഥാനം എം.എസ്. എഫ്. ആണ് എന്ന് പുതിയ കാലത്തിന്റെ വൈജ്ഞാനിക ബോധമുള്ള തലമുറ ഇതാ ഈ തിരഞ്ഞെടുപ്പിലൂടെ തെളിയിച്ചിരിക്കുന്നു. മാർകിസ്റ്റ് പാർട്ടിയുടെ ഗവർമെന്റ് അധികാരത്തിലേറി കഴിഞ്ഞിട്ടാണ് ഈ തിരഞ്ഞെടുപ്പ് നടക്കുന്നത്.

സി.പി.എംന്റെ ബുദ്ധിജീവി നാട്യക്കാരനായ വിദ്യാഭ്യാസ മന്ത്രി കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കാട്ടിക്കൂട്ടിയ കോപ്രായങ്ങൾക്ക് എതിരെ വിദ്യാർത്ഥി വിരുദ്ധ നടപടികൾക്കെതിരെ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ തകർത്ത ഇടതു പക്ഷ ഗവൺമെന്റിനെതിരെ പുതിയ തലമുറ നടത്തിയ വിധിയെഴുത്താണിത്. വിദ്യാഭ്യാസമുള്ള ഒരു സമൂഹം ഉയർന്നു വന്നാൽ മുസ്‌ലിം ലീഗിന് പ്രവർത്തിക്കാൻ ആളെ കിട്ടില്ലെന്ന് ചില രാഷ്ട്രീയ കണിയാന്മാർ കണക്ക് കൂട്ടി കവടി നിരത്തി പ്രവചനം നടത്തിയിരുന്നു. ആ മഹാ പ്രാവാചകന്മാരെ മുഴുവൻ അമ്പരപ്പിച്ചു കൊണ്ട് ഇതാ ഉജ്ജ്വലമായ വിജയം നേടി എം.എസ്.എഫ് കേരളത്തിന്റെ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ നെറുകയിൽ കസേര വലിച്ചിട്ടിരിക്കുകയാണ്.

എബിവിപിക്കാരൻ നടത്തിയ ഫാസിസ്റ്റ് പ്രചാരണങ്ങൾക്ക് എതിരെ, കേന്ദ്ര ഗവൺമെന്റിന്റെ അധികാരത്തിന്റെ തിണ്ണബലത്തിൽ അവർ നടത്തിയ ക്യാമ്പസിനകത്തെ വിഭാഗീയ പ്രവർത്തനങ്ങൾക്കെതിരെ, അസഹിഷ്ണുതപരമായ നിലപാടുകൾക്കെതിരെ, മാർകിസ്റ്റ് പാർട്ടിയുടെ കഠാര രാഷ്ട്രീയത്തിനെതിരെ അക്രമ രാഷ്ട്രീയത്തിനെതിരെ, സ്വന്തം സഹപ്രവർത്തകന്റെ പുറത്ത് കോമ്പസ് കൊണ്ട് എസ്.എഫ്.ഐ എന്നെഴുതിവെച്ച ചോര രാഷ്ട്രീയത്തിനെതിരെ എം.എസ്.എഫിന്റെ പ്രവർത്തകന്മാർ നടത്തിയ സമാധാനപരമായ മുന്നേറ്റമാണ് ഈ തിരഞ്ഞെടുപ്പ് വിജയത്തിലൂടെ നമുക്ക് കാണാൻ കഴിഞ്ഞത് നാളെയുടെ വിരിയാനിരിക്കുന്ന വസന്തത്തിന്റെ പരാഗങ്ങളാണ് വിദ്യാർത്ഥി സമൂഹം രാഷ്ട്രത്തിന്റെ ഭാവി വിധാതാക്കളാണ്. ആ തലമുറയിതാ അവരുടെ മനസാക്ഷിയുടെ അംഗീകാരം അവരുടെ സമ്മതിദാനാവകാശം മഹാനായ സീതി സാഹിബിന്റെ പ്രസ്ഥാനത്തിന് പഠിക്കുക പഠിക്കുക വീണ്ടും പഠിക്കുക എന്ന് പറഞ്ഞു ഒരു തലമുറയെ സ്വപ്നം കാണാൻ പഠിപ്പിച്ച അവരെ തോറ്റിയുണർത്തി കൂടെക്കൂട്ടി അവർക്ക് ആത്മാഭിമാനം പകർന്ന മഹാനായ സി.എച്ചിന്റെ പ്രസ്ഥാനത്തിന് വോട്ട് ചെയ്തിരിക്കുന്നു താജ്മഹലിനേക്കാൾ സുന്ദരവും കുത്തുബ്മിനാറിനെക്കാൾ ഉന്നതവും ചെങ്കോട്ടയെക്കാൾ സുദൃഢവുമായ ഒരു സംസ്കാരത്തിന്റെ ഉടമകളിതാ മലയാളക്കരയുടെ വിദ്യാഭ്യാസ നവോത്ഥാനത്തിന് ശില്പ മധുരമായ നേതൃത്വം നൽകിയ ഒരു സമൂഹത്തിന്റെ പിൻഗാമികളിതാ എം.എസ്. എഫിന് വോട്ട് നൽകിക്കൊണ്ട് അവരുടെ കടപ്പാട് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നു ഇതൊരു വലിയ ഉദാഹരണമാണ് ചൂണ്ടു പലകയാണ് അക്രമ രാഷ്ട്രീയക്കാർക്കെതിരായ അസഹിഷ്ണുതാവാദികൾക്കെതിരായ വലിയ ചൂണ്ടു പലക. ന്യൂനപക്ഷങ്ങളും ദളിതുകളും ഒരുമിച്ചു ഒരു മെയ്യായ് ഒരുമിച്ചു നിന്നപ്പോൾ അധർമത്തിന്റെ അസുരവിത്തുകൾ കടപുഴുകി വീണിരിക്കുന്നു എം.എസ്. എഫിന് വോട്ട് ചെയ്ത എം.എസ്. എഫിന് വേണ്ടി പ്രവർത്തിച്ച എല്ലാവരെയും ഇത്തരുണത്തിൽ അഭിനന്ദിക്കുന്നു. നമുക്കൊരുമിച്ചു മുന്നേറാം. ഒരു നവ കേരള സൃഷ്ടിപ്പിനായ് നമുക്കൊത്തൊരുമിച്ചു മുന്നേറാം, ഒരു നവ ഭാരത സൃഷ്ടിപ്പിനായി. ദളിതനും മതസ്ഥിതനും പിന്നോക്കകാരനും ന്യൂനപക്ഷക്കാരനും മുസൽമാനും ഏകോതര സഹോദരന്മാരായി ജീവിക്കുന്ന ആ സ്വച്ചന്ദസുന്ദര ഭാരതത്തിനായ് നമുക്ക് പ്രവർത്തിക്കാം. ക്യാമ്പസുകളിലേ ഈ നവോന്മേഷം ഈ പുത്തനുണർവ് ഇതിനുള്ള ഹേതുവാകട്ടെ ഒരിക്കൽ കൂടി അഭിവാദ്യങ്ങൾ

2016 ജൂലൈ.

സി. പി. എമ്മിന്റെ നരനായാട്ട് അവസാനിപ്പിക്കുക

മലപ്പുറം ജില്ലയുടെ തീരപ്രദേശത്ത് പോലീസിന്റെ സഹായത്തോടെ

ആക്രമണം അഴിച്ചു വിട്ട് രാഷ്ട്രീയ നേട്ടമുണ്ടാകാനുള്ള സി.പി.എം. ശ്രമങ്ങളാണ് നടന്നു കൊണ്ടിരിക്കുന്നത് പുരുഷന്മാരായ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ മീൻ പിടിക്കാൻ കടലിൽ പോകുന്ന സമയത്ത് താനൂരിലെ എം.എൽ.എ. സിഗരറ്റ് മുതലാളിയുടെ ഗുണ്ടകൾ തേർവാഴ്ച നടത്തുന്ന ഭീകരമായ കാഴ്ചകളാണ് കാണാൻ കഴിയുന്നത് പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് സിപിഎം ഗുണ്ടകൾക്ക് വേണ്ട ഒത്താശയും ചെയ്യുന്ന കാണുമ്പോൾ കേരളത്തിലെ പിണറായിയുടെ സർക്കാർ ഈ രണ്ട് മാസം കൊണ്ട് എത്രത്തോളം ശരിയാകുന്നുണ്ട് എന്ന് മനസിലാക്കാം. ഈ നരനായാട്ട് അവസാനിപ്പിച്ചിട്ടില്ലെങ്കിൽ പാർട്ടി പ്രവർത്തകരുടെയും തീരദേശത്തെ പാവപ്പെട്ട ജനങ്ങളുടെയും ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ മുസ്ലിം ലീഗും യൂത്ത് ലീഗും പ്രതിജ്ഞ ബദ്ധമായി മുന്നോട്ടുവരും പോലീസ് നിഷ്ക്രിയമായി നോക്കി നിന്നാൽ ജനാധിപത്യ രീതിയിൽ അവർക്ക് വേണ്ട സംരക്ഷണം കൊടുക്കാൻ മുസ്ലിംലീഗ് പാർട്ടി നിർബന്ധിതമാകും ഞങ്ങളുടെ പ്രവർത്തകരുടെയും അനുഭാവികളെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ഞങ്ങൾക്കുമുണ്ട്. ഞങ്ങളത് നിർവഹിക്കുകതന്നെ ചെയ്യും ഇതിന് വേണ്ടി ഏതറ്റം വരെ പോകാനും മുസ്ലിംലീഗ് തയ്യാറാണ്.

2016 ജൂലൈ

അർ. എസ്. എസിന് നിലമൊരുക്കുന്ന സി. പി. എം.

മലപ്പുറം ഉപ തെരഞ്ഞെടുപ്പ് പ്രചാരണം ചൂട് പിടിച്ചതോടെ സി.പി.എം. വിറളി പിടിക്കുന്നത് എന്തിനാണെന്ന് കാര്യം ദുരൂഹമാണ്. മുസ്ലിംലീഗ് നിസംശയം ജയിച്ച് കയറുന്ന ഒരു തെരഞ്ഞെടുപ്പിൽ ലീഗിന്റെ വിജയത്തിളക്കം കുറക്കാനും ബി.ജെ.പി. ഉയർത്തുന്ന ഫാഷിസ്റ്റ് രാഷ്ട്രീയത്തിന് കുട പിടിക്കാനുമുള്ള ശ്രമമാണ് ഇതിന്റെ പിന്നിലെന്ന് വ്യക്തമാണ്. സി.പി.എം. സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും, എ.വിജയരാഘവനും കഴിഞ്ഞ ദിവസം നടത്തിയ പ്രസ്താവനകൾ നിരീക്ഷിക്കുന്ന ആർക്കും മനസിലാകും സി.പി. എം.കാലാകാലങ്ങളായി പിന്തുടരുന്ന കമ്മ്യൂണിസ്റ്റ് വർഗ്ഗീയ രാഷ്ട്രീയ നിലപാടിൽ നിന്നും അവർ ഒരു ഇഞ്ചും മാറിയിട്ടില്ലാ എന്ന്. ദേശീയ രാഷ്ട്രീയത്തെ മനസിലാക്കുന്നതിലും നിലപാട് എടുക്കുന്നതിലും സി.പി.എം. പരാജയപ്പെട്ടത് കൊണ്ടു തന്നെയാണ് ഒന്നാം പാർലമെന്റിൽ പ്രതിക്ഷ നേതാവ് സ്ഥാനം ഉണ്ടായിരുന്ന പാർട്ടി ഇന്ന് ദേശീയ രാഷ്ട്രീയത്തിൽ നിന്നും അപ്രസക്തരായി മൃതപ്രായമായത്. അന്ധമായ കോൺഗ്രസ് വിരോധവും സവർണ്ണ ഇടത് മൃദു ഹിന്ദുത്വ നിലപാടുകളും ഈ അപചയത്തിന് ആക്കം കൂട്ടി എന്ന് നിരീക്ഷിക്കാനാവും. കോൺഗ്രസിനും മുസ്ലിംലീഗിനുമെതിരെ സി.പി.എം. നടത്തിയ പ്രചരണങ്ങൾ

സി.പി.എമ്മിന് ഗുണം ചെയ്തില്ല എന്ന് മാത്രമല്ല ബി.ജെ.പിക്ക് അത് വളമാവുകയും ചെയ്തു എന്നതാണ് ഇതിന്റെ ഫലം.

മലപ്പുറത്ത് ലീഗിന് വേണ്ടി മുസ്ലിം വോട്ടുകൾ ഏകീകരിക്കുന്നു എന്ന പ്രസ്താവനയിലൂടെ അദൃശ്യമായ ഹൈന്ദവ ഏകീകരണം സി.പി.എം. ലക്ഷ്യമിടുന്നുണ്ട്.

ന്യൂനപക്ഷ സംഘാടനം ഭൂരിപക്ഷത്തിന് ഭീഷണിയാണെന്ന് പറയുന്ന വിജയ രാഘവനിൽ നിന്ന് ആർ.എസ്. എസിന് വിടുപണി ചെയ്യുന്ന അനുഭവം മുമ്പും ഉണ്ടായിട്ടുണ്ട്. സി.പി.എം. ഉഴുത് മറിച്ച ഈ മണ്ണിൽ വിത്ത് എറിഞ്ഞ് വിളവ് എടുക്കുന്നത് ബി.ജെ.പി.യാണെന്ന് മാത്രം.

ഇവിടെയാണ് സി.പി.എം. പിന്തുടരുന്ന രാഷ്ട്രീയത്തിലെ അപകടം നമുക്ക് ബോധ്യമാവുക. ഇവിടെയാണ് കോൺഗ്രസ് ഉൾപ്പെടുന്ന ഐക്യജനാധിപത്യ മുന്നണിയിലുള്ള നിലപാടിന്റെ പ്രസക്തി വർദ്ധിക്കുന്നത്. ആരാണ് ശത്രു എന്ന് പോലും തിരിച്ചറിയാൻ സി.പി.എമ്മിന് ഇതുവരെ കഴിഞ്ഞിട്ടില്ല. കോൺഗ്രസ് വിരുദ്ധത മുഖമുദ്രയാക്കി സി.പി.എമ്മിന് എത്രകാലം പിടിച്ച് നിൽക്കാനാകുമെന്ന് കണ്ടറിയണം. എന്നാൽ മറുവശത്ത് ആർ.എസ്. എസ്. നിലപാടുകൾക്ക് വളം വെച്ച് കൊടുക്കുന്ന തരത്തിൽ കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് സി.പി. എം.ഉയർത്തിയ പച്ച് ബ്ലൗസ്, പച്ച ബോർഡ്, നിലവിളക്ക് തുടങ്ങിയ വിവാദങ്ങൾ ഇതിന്റെ ഉദാരഹണമാണ്. മാത്രമല്ല ഫാസിസ്റ്റ് വിരുദ്ധ രാഷ്ട്രീയം വിറ്റ് വോട്ട് നേടി അധികാരം പിടിച്ച പിണറായി വിജയന്റെ ഭരണത്തിലെ ഓരോ കാര്യങ്ങളിലും ഈ നിലപാട് സാധൂകരിക്കുന്നു.

കോൺഗ്രസിനെ മുഖ്യ ശത്രുപക്ഷത്ത് നിർത്തുന്നതിലൂടെ സി.പി. എം.ഇപ്പോഴും തുടരുന്നത് ഈ നിലപാടാണ്. ഇക്കഴിഞ്ഞ യു.പി. ഗോവ, പഞ്ചാബ്, ഉത്തരാഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നപ്പോൾ ബി.ജെ.പിക്ക് ഒപ്പം സന്തോഷിച്ച പാർട്ടി സി.പി.എം.ആയിരുന്നു എന്നത് കോടിയേരിയുടെയും വി.എസിന്റെയും അന്നത്തെ പ്രസ്തവാനകൾ വ്യക്തമാക്കി തരുന്നുണ്ട്. യഥാർത്ഥത്തിൽ ഈ തെരഞ്ഞെടുപ്പുകൾ കോൺഗ്രസിന്റെ തിരിച്ചുവരവായിരുന്നു എന്നത് പോലും മറച്ചുപിടിച്ചായിരുന്നു ഇവരുടെ പ്രസ്താവനകൾ. യു.പി. യിലും ഉത്തരാഖണ്ഡിലും മണിപ്പൂരിലും ഭരണ വിരുദ്ധ വികാരമാണ് ബി.ജെ.പിക്ക് തുണയായത്. 15 വർഷത്തിന് ശേഷമാണ് യു.പി.യിൽ ബി.ജെ.പി. തിരിച്ച് വരുന്നത് ഗോവയിൽ മുഖ്യമന്ത്രിയും നാല് മന്ത്രിമാരും പരാജയപ്പെട്ടു മുഖ്യമന്ത്രിയെ തോൽപിച്ച ഗോവ ഫോർവേർഡ് പാർട്ടിക്ക് ഉപ മുഖ്യമന്ത്രി പദം നൽകി രാഷ്ട്രീയ കുതിരക്കച്ചവടത്തിലൂടെയാണ് ഗോവയിൽ അധികാരം പിടിച്ചത്. മണിപ്പൂരിൽ ഏറ്റവും വലിയ ഒറ്റക്കക്ഷി കോൺഗ്രസ് തന്നെയാണ്. പഞ്ചാബിൽ അത്ഭുതകരമായ തിരിച്ച് വരവാണ് കോൺഗ്രസ് നടത്തിയത്. ബ്ലൂസ്റ്റാർ ഓപ്പറേഷനും ഇന്ദിരാജിയുടെ വധവും തുടർന്നുണ്ടായ സാഹചര്യവും പഞ്ചാബികളുടെ മനസിൽ നിന്ന് പിഴുതുമാ

റ്റപ്പെട്ട കോൺഗ്രസാണ് അധികാരത്തിലേക്ക് നടന്നുകയറിയത്. ഇതൊക്കെ നൽകുന്നത് കോൺഗ്രസിന്റെ തിരിച്ചുവരവല്ലാതെ മറ്റെന്താണ്.?

ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന മോദിയിൽ നിന്ന് പ്രധാനമന്ത്രിയായ മോദിയിൽ എത്തിനിൽക്കുന്ന ബി.ജെ.പി സർവ്വസന്നാഹങ്ങളും ഒരുക്കി നടത്തിയ ക്യാമ്പയ്നിടയിലാണ് ഇതെന്നുകൂടി ഓർക്കണം. മോദി പ്രഭാവം വെറും പൊള്ളയാണെന്ന് തെളിയിക്കുന്ന ഒന്നായിരുന്നു കെജ്രിവാളിന്റെ ഡൽഹിയിലെ അരങ്ങേറ്റം. മാധ്യമങ്ങൾ കൊട്ടിഘോഷിച്ച മോദി ഇഫക്ട് വെറും പൊള്ളയാണെന്നും കോൺഗ്രസ് തിരിച്ചുവരവിന്റെ പാതയിലാണെന്നും ഇവിടെയും കാണാം. മാത്രമല്ല ഒരിടത്തും സി.പി.എം. ചർച്ചയിൽ പോലും കടന്ന് വന്നില്ല. ഫാസിസ്റ്റ് ഭീഷണിയുള്ള സംസ്ഥാനത്ത് മുഖ്യ പാർട്ടി ഇന്നും കോൺഗ്രസാണ് എന്നിരിക്കെ കോൺഗ്രസിന്റെ തകർച്ച ആഘോഷിക്കുന്ന സി.പി.എം. ബി.ജെ.പി.യുടെ വളർച്ചയിൽ തങ്ങളുടെ പങ്ക് എന്താണെന്ന് ഓർക്കുന്നത് നന്നായിരിക്കും. 1977 ൽ ഇന്ത്യയിൽ ആദ്യമായി കോൺഗ്രസ് ഇതര മന്ത്രിസഭ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നത് സി.പി. എമ്മും ബി.ജെ.പി.യുടെ പൂർവ്വ രൂപമായ ജനസംഘവും തമ്മിൽ നടത്തിയ രാഷ്ട്രീയ നീക്കങ്ങളെ കൊണ്ടായിരുന്നു. വാജ് പെയിയും അദ്വാനിയും മന്ത്രിമാരായ ആ സർക്കാറിന് സി.പി.എം. പിന്തുണ നൽകിയത് കോൺഗ്രസിൽ ന്യൂനപക്ഷ പ്രീണനം ആരോപിച്ചായിരുന്നു എന്നത് വിരോധാഭാസമാണ്.

ബാങ്ക് ദേശ സാൽക്കരണം മുതലുള്ള ഒട്ടനവധി സോഷ്യലിസ്റ്റ് ആശയങ്ങൾ നടപ്പിലാക്കിയ ഇന്ദിരാഗാന്ധിയെ ഭാരത യക്ഷി എന്നാണ് ഇടത് പാർട്ടികൾ വിളിച്ചിരുന്നത് 1977 ൽ സി.പി.എമ്മും ജനസംഘവും ഒരേ വിരുപ്പിൽ കിടന്നാണ് കേരളത്തിൽ പോലും തെരഞ്ഞെടുപ്പിനെ നേരിട്ടത്. ഇന്നത്തെ മുഖ്യമന്ത്രി പിണറായി വിജയൻ ആദ്യമായി നിയമസഭയിൽ എത്തിയത് ധർമ്മടത്ത് ജനസംഘത്തിന്റെ പിന്തുണയിലൂടെയാണ്. ഉദുമയിൽ കെ.ജി. മാരാർ എന്ന ആർ.എസ്.എസ്. നേതാവിന് സി.പി.എം. നൽകിയ പിന്തുണ ഇന്നും നമ്മുടെ മുന്നിലുണ്ട്. ഈ രാഷ്ട്രിയ നിലപാട് മറച്ച് പിടിക്കാനാണ് സിപി.എം. കോൺഗ്രസിനും ലീഗിനുമെതിരെ ബാന്ധവം ആരോപിക്കുന്നത്. കാലാകാലങ്ങളിൽ സി.പി.എമ്മിന് ലഭിച്ചിരുന്ന ഈഴവ വോട്ടുകൾ ചോർന്ന് തുങ്ങിയതോടെ ഇനി പിടിച്ച് നിൽക്കാൻ മുസ്ലിം ന്യൂനപക്ഷത്തെ കൂടെ നിർത്തിയാലേ സാധിക്കൂ എന്ന തിരിച്ചറിവിൽ നിന്നാണ് സി.പി.എം. ഇപ്പോൾ പയറ്റുന്ന കപട ആർ.എസ്. എസ്. വിരുദ്ധത ഉടലെടുക്കുന്നത്.

2016 ഏപ്രിൽ

പിണറായിയുടെ R.S.S പേടി

കേരള ഗവർണർ ജസ്റ്റിസ് ഐ.സദാശിവം കേരളത്തിന്റെ മുഖ്യ മന്ത്രി

യെ കഴിഞ്ഞ ദിവസം രാജ്ഭവനിലേക്ക് വിളിപ്പിച്ചിരിക്കുന്നു. ആ വിളിയാളം കേട്ട് അനുസരണയുള്ള ഒരു കുഞ്ഞാടിനെ പോലെ തിരുമുമ്പിൽ പോയി മുഖം കാണിക്കുകയും ചെയ്തു. ഇത് നമ്മുടെ രാജ്യത്തിന്റെ ജനാധിപത്യ സംവിധാനത്തിൽ തെറ്റായ കീഴ് വഴക്കം സൃഷ്ടിക്കും. ഗവർണർ പദവി ഒരു ഭരണഘടനാപരമായ പദവിയാണ. ഗവർണർ എന്നൊരു പദവി തന്നെ ആവ ശ്യമുണ്ടോ എന്ന ചർച്ച നമ്മുടെ രാജ്യത്ത് പലപ്പോഴും ഉയർന്ന് വന്നിട്ടുണ്ട്. ഗവർണറെ ആരും തെരഞ്ഞെടുക്കുന്നതല്ല. രാഷ്ട്രപതി നിയമിക്കുന്നാണ്. ആ രാഷ്ട്രപതിയെ പോലും എം.എൽ.എമാരും എം.പി.മാരും തെരഞ്ഞെ ടുക്കുന്നതാണ്. ഉപരാഷ്ട്രപതിയേയും അങ്ങിനെ തന്നെ. കേന്ദ്രത്തിന്റെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കേണ്ടവരല്ല ഗവർണമാർ. സംസ്ഥാന ഭരണത്തിലെ ദൈനംദിന കാര്യങ്ങളിൽ സാധാരണയായി രാജ്ഭവൻ ഇടപെ ടാറില്ല. സാങ്കേതിക അർത്ഥത്തിൽ മാത്രമാണ് ഗവർണ്ണർ ഭരണത്തലവനായി ട്ടുള്ളത്. അക്ഷരാർത്ഥത്തിൽ മുഖ്യമന്ത്രിയാണ് ഭരണത്തലവൻ. ജനങ്ങളാൽ തെരെഞ്ഞെടുക്കപ്പെട്ട. ജനപ്രതിനിധികളുടെ നേതാവായി മുഖ്യമന്ത്രി സത്യ പ്രതിജ്ഞ ചെയ്യും. ഏറ്റവും വലിയ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാവിനെ സർക്കാറുണ്ടാക്കാൻ വിളിക്കാൻ ഭരണഘടനാ പരമായ ബാധ്യത ഗവർണർ ക്കുണ്ട്. ആ മുഖ്യ മന്ത്രി പറയുന്നതിനനുസരിച്ചാണ് കൗൺസിൽ ഓഫ് മിനിസ്റ്റേഴ്സ് ഉണ്ടാവുക. ആ കാബിനറ്റ് നിർദ്ദേശിക്കുമ്പോഴാണ് അസംബ്ലി വിളിച്ച് കൂട്ടുന്നത്. ആ കാബിനററാണ് ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസം ഗം തയ്യാറാക്കി കൊടുക്കുന്നത്. അതിലൊരു വാക്ക് പോലും സ്വന്തമായി പറ യാൻ കഴിയില്ല. ഇത്രയും പരിമിതമായ അധികാരങ്ങൾ മാത്രമുള്ള ഗവർണ്ണർ മുഖ്യമന്ത്രിയെ വിളിച്ചത് ഒട്ടും ശരിയായില്ല എന്നാണ് എന്റെ അഭിപ്രായം. അഥവാ അങ്ങിനെ വിളിച്ചാൽ തന്നെയും മുഖ്യമന്ത്രി അത് അനുസരിക്കേണ്ട തുമില്ല. അല്ലെങ്കിലും സി.പി.എമ്മിന് അടുത്ത കാലത്തായി ഒരു ബി.ജെ.പ ി പേടി പിടികൂടിയിരിക്കുന്ന കാര്യം തീർച്ചയാണ്. ഞാനൊക്കെ പൊതു പ്രവർത്തനം തുടങ്ങുന്ന കാലത്ത് ഇ. കെ. നായനാർ മുഖ്യമന്ത്രിയായ 1987 വർഷം നാദാപുരം, കല്ലാച്ചി ഭാഗങ്ങളിൽ അക്രമം ഉണ്ടായപ്പോൾ വാരിയം കണ്ടി കുഞ്ഞഹമ്മദാജി അടക്കം കൊല ചെയ്യപ്പെട്ട സംഭവത്തിൽ ഗവർണ്ണർ ആശങ്ക പ്രകടിപ്പിച്ചു എന്നൊരു വാർത്ത പത്രങ്ങളിലൊക്കെ വന്നിരുന്നു. അന്ന് സി.പി.എമ്മിന്റെ അധ്യാപക സംഘടനയായ കെ.ജി.ടി. യുവിന്റെ ഓഫീസ് ഉൽഘാടനത്തോടനുബന്ധിച്ച് മലപ്പുറത്ത് നടന്ന പ്രകടനത്തിൽ മുഴങ്ങിയ മു ദ്രാവാക്യം ഇങ്ങിനെയായിരുന്നു. "കേന്ദ്രം വാഴും പാദുഷമാർക്ക് ഇടതുപക്ഷ കേരള സർക്കാർ കണ്ണിൽ കരടായി തീർന്നപ്പോൾ വിഷം പുരട്ടി പറഞ്ഞയച്ച അഭിനവ പൂതന രാംദുലാരി, ഓർത്തു കളിച്ചോ സൂക്ഷിച്ചോ ബീഹാറല്ലിത് കേരളമാണ്" ഒരു കലാപത്തിൽ കേവലമൊരു ആശങ്ക പ്രകടിപ്പിക്കുക മാത്രം ചെയ്തതിന് ഗവർണ്ണർക്കെതിരെ ഇങ്ങിനെയൊക്കെ മുദ്രാവാക്യം വിളിച്ച സി.പി.എമ്മാണ് ഇന്ന് അനുസരണയുള്ള കൊച്ചു കുഞ്ഞിനെ പോലെ ഒട്ടും സമയം പാഴാക്കാതെ രാജ്ഭവനിലേക്ക് ഓടിപ്പോയത്.

ഗവർണ്ണർമാരെ ഉപയോഗിച്ച് സംസ്ഥാനങ്ങളെ തങ്ങളുടെ വരുതിയിൽ നിർത്താം എന്ന് ബി.ജെ.പി. കണക്കു കൂട്ടുമ്പോൾ അതിനനുസരിച്ച് ചാഞ്ഞ് കൊടുക്കുന്ന ഒരു മുഖ്യമന്ത്രിയാണല്ലൊ കേരളം ഭരിക്കുന്നത് എന്നോർത്ത് ജനാധിപത്യ കേരളം ലജ്ജിക്കുന്നു.

2017 ജൂലൈ.

സി. പി. എം. സൈബർ വോയ്സ് ഗ്രൂപ്പിനുള്ള മറുപടി

"പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ കേരളയാത്രയോട് ഞങ്ങൾക്ക് ചോദിക്കാനുള്ളത്" എന്ന പേരിൽ സോഷ്യൽ മീഡിയയിൽ ഒരു മെസേജ് കണ്ടു. അതിൽ പറയുന്നു.

1957ൽ വിദ്യാഭ്യാസമുള്ള മുസ്ലിംകളെ കണ്ടെത്തി നിയമസഭയിലേക്ക് മത്സരിപ്പിച്ചതും ടി.എ. മജീദിനെ പൊതുമരാമത്ത് മന്ത്രിയാക്കിയതും കമ്യൂണിസ്റ്റ്കാരാണ് എന്ന്. ഞാൻ ചോദിക്കട്ടെ, എത്ര മുസ്ലിംകളെ നിങ്ങൾ 1957ൽ മത്സരിപ്പിച്ചു? 114 നിയമസഭാ മണ്ഡലങ്ങളിൽ ദ്വയാംഗ മണ്ഡലങ്ങളായ വർക്കലയിലും പൊന്നാനിയിലും പിന്നെ കൊണ്ടോട്ടി, കായംകുളം എന്നീ ഏകാംഗ മണ്ഡലങ്ങളിലുമായി ആകെ നാല് മുസ്ലിം സ്ഥാനാർത്ഥികളെ മാത്രം മത്സരിപ്പിച്ചപ്പോൾ മുസ്ലിം ലീഗ് 14 സ്ഥാനാർത്ഥികളെയാണ് മത്സരിപ്പിച്ചത്. ടി.എ.മജീദ് ഒന്നാം ഇ.എം.എസ്. മന്ത്രിസഭയിൽ അംഗമായിരുന്നെങ്കിലും പിന്നീട് എന്താണ് അദ്ദേഹത്തിന് സംഭവിച്ചത്. കമ്യൂണിസ്റ്റ് പാർട്ടിയിൽ ഏറെ അവഗണന നേരിട്ട് ടി.എ. മജീദ് പാർട്ടി പിളർന്നപ്പോൾ സി.പി.ഐയുടെ ഭാഗമാവുകയാണ് ചെയ്തത്. പിന്നീട് മുസ്ലിം ലീഗും സി.പി.ഐയും കൂടിയുള്ള 1970 ലെ സി. അച്യുതമേനോൻ മന്ത്രിസഭയിൽ അദ്ദേഹത്തെ ഗവ. ചീഫ് വിപ്പ് ആക്കിയത് മഹാനായ ബാഫഖി തങ്ങളുടെ ഇടപെടൽ മൂലമായിരുന്നു എന്നത് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം അറിയാവുന്ന ആർക്കും മനസിലാക്കാവുന്നതേയുള്ളൂ. അടുത്ത വാദം മറ്റൊന്നാണ്. ഏറെ യാതനകൾ അനുഭവിച്ച മലബാറിലെ മാപ്പിള സമൂഹത്തിന് അതിൽ നിന്നൊരു മോചനം സാധിച്ചത് ഭൂപരിഷ്കരണം മൂലമാണെന്നാണ്. 195 7 ലാണ് ആദ്യത്തെ മന്ത്രിസഭ വരുന്നത്. അതിന് ശേഷം മെയ് ഒൻപതാം തിയതി സി.എച്ച്. മുഹമ്മദ് കോയ ഒരു അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ചു. അസംബ്ലി രേഖകളിൽ അത കാണാം. 'സി.എച്ച്. മുഹമ്മദ് കോയ അനൗദ്യോധിക പ്രമേയം 1957 മെയ് 9" ആരാധനാലയങ്ങൾ നിർമ്മിക്കാൻ മലബാറിലുണ്ടായിരുന്ന പ്രത്യേക നിയമം എടുത്ത് കളയൽ പ്രമേയം. ആ പ്രമേയം അവതരിപ്പിച്ച് കൊണ്ട് സി.എച്ച്. നടത്തിയ ചരിത്രപരമായ പ്രസംഗത്തിൽ പറയുന്നുണ്ട്. ഞാൻ ഈ പറയുന്നത് തിരുവിതാം കൂറിൽ നിന്നുള്ള മെമ്പർമാർക്ക് അത്ഭുതമായി തോന്നാം.

പടക്കനിർമ്മാണശാലകൾ നിർമ്മിക്കാൻ ലൈസൻസ് വേണമെന്ന് പറയുന്നത് പോലെ മലബാറിൽ ആരാധനാലയങ്ങൾ നിർമ്മിക്കാൻ ലൈസൻസ് വേണമെന്ന നിയമമുണ്ട്. അത് പിൻവലിക്കാനുള്ള നിയമനിർമ്മാണം ഇവിടെ ഉണ്ടാകണം എന്ന സി.എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ അനൗദ്യോഗിക പ്രമേയത്തെ ഗവൺമെന്റിന്റെ ഔദ്യോഗിക പ്രമേയമായി അവതരിപ്പിക്കാം എന്ന് നിയമന്ത്രിയായ വി.ആർ കൃഷ്ണയ്യർ ഉറപ്പ് നൽകുകയും ആ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ആരാധനാലയങ്ങൾ നിർമ്മിക്കാനുള്ള നിയന്ത്രണങ്ങൾ എടുത്ത് കളയുകയും ചെയ്യുന്നു എന്ന് അന്നത്തെ ഉത്തരവിൽ വ്യക്തമായി പറയുന്നുണ്ട്. ഇ.എം.എസ്. നമ്പൂതിരിപ്പാട് പള്ളി നിർമ്മിക്കാൻ ഏലംകുളത്ത് സ്ഥലം നൽകിയെന്നും ഏലംകുളം മനക്കലെ കന്ന് പൂട്ട് കാരൻ അവറാനെകൊണ്ട് പള്ളി സംരക്ഷിച്ചു എന്നു പറയുന്നതും പച്ചക്കള്ളമാണ്. ഏലംകുളത്ത് പോയി അന്വേഷിച്ചാൽ ആർക്കും ബോധ്യപ്പെടാവുന്നതേയുള്ളു അക്കാര്യം. പിന്നെ, മൂസ്‌ലിം ഉദ്യോഗസ്ഥർക്ക് ആദ്യമായി സംവരണം നൽകിയത് ഇ.എം.സ്. ഗവ. ആണെന്ന് പറയുന്നതും ശരിയല്ല. കേരളത്തിൽ 33 ശതമാനം പിന്നാക്ക (ഈഴവ, ലത്തീൻ, മുസ്‌ലിം) സംവരണം ഉണ്ടായിരുന്നു. ഇതിൽ ഏതെങ്കിലും ഒരു സമുദായത്തിന് ഇത് നൽകിയാൽ തന്നെ ഈ സംവരണം തീരുമായിരുന്നു. അങ്ങിനെയിരിക്കെ സി.എച്ച്. നിയമസഭയിൽ പറഞ്ഞു. കുറുക്കനെ സദ്യക്ക് വിളിച്ച കൊറ്റിയുടെ അവസ്ഥയാണ് എന്റെ സമുദായത്തിന് ഉള്ളത്. സംവരണം ഉണ്ടൊ എന്ന് ചോദിച്ചാൽ ഉണ്ട് കിട്ടിയോ എന്ന് ചോദിച്ചാൽ കിട്ടിയിട്ടില്ല അത്കൊണ്ട് ഈ സംവരണം സമുദായങ്ങൾക്കിടയിൽ വിഭജിച്ച് കൊടുക്കുകയാണെങ്കിൽ ഉപകാരപ്പെടും എന്ന സി.എച്ചിന്റെ ധിഷണാപരമായ ഇടപെടൽ ഗവൺമെന്റിന് അംഗീകരിക്കേണ്ടി വന്നു. മുസ്‌ലിം സമുദായത്തിന് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തികൊണ്ട് ഇറക്കിയ ഗവൺമെന്റ് ഉത്തരവിൽ ഇത് വ്യക്തമായി പറയുന്നുണ്ട്. മലപ്പുറം നേർച്ചക്ക് ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ വിലക്ക് നീക്കി അനുമതി നൽകിയത് ഇ.എം.എസ്. ഗവ. ആണെന്ന് പറയുന്നു അത് സത്യം തന്നെയാണ്. പിന്നെ ഇതിൽ പറയുന്നു. 1921 സ്വാതന്ത്ര സമരത്തെ മുസ്‌ലിം ലീഗും കോൺഗ്രസും കയ്യൊഴിഞ്ഞപ്പോൾ അവരെ സ്വാതന്ത്രസമര സേനാനികളായി അംഗീകരിച്ചത് കമ്യൂണിസ്റ്റ് സർക്കാറാണെന്ന്. തെറ്റാണ് ആ വാദം. കമ്യൂണിസ്റ്റുകാർ എക്കാലവും പറഞ്ഞിരുന്നത് 1921ലെ സമരം കാർഷിക സമരമെന്നാണ്. 1967ലെ സപ്തകക്ഷി മുന്നണിയെ പിന്തുണക്കാൻ മുസ്‌ലിം ലീഗ് വെച്ച വ്യവസ്ഥയിലൊന്നായിരുന്നു ആ സമരത്തെ സ്വാതന്ത്രസമരമായി അംഗീകരിച്ച് അതിൽ പങ്കെടുത്തവർക്കും ദിരിതമനുഭവിച്ചവർക്കും സ്വാതന്ത്ര്യസമര പെൻഷൻ നൽകണമെന്നത്. 1957ൽ ഇ.എം.എസ്. ഭരിച്ചപ്പോൾ ഇവർക്ക് പെൻഷൻ നൽകിയിട്ടില്ലായിരുന്നു. അത് പോലെ വിമോചന സമരം തെറ്റായിരുന്നു എന്ന് മുസ്‌ലിം ലീഗ് ഇന്ന് വരെ പറഞ്ഞിട്ടില്ല.

മലപ്പുറം ജില്ല രൂപീകരിച്ചത് ഇ.എം.എസ്. ആണ് എന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്? ആ ഗവൺമെന്റിന്റെ മുഖ്യമന്ത്രി അദ്ദേഹമായിരുന്നു എന്നത് ശരിയാണ്. മാർക്സിസ്റ്റ് പാർട്ടിയുടേയും ബാഫഖി തങ്ങൾ അടക്കമുള്ള മുസ്‌ലിം ലീഗ് നേതാക്കൻമാരുടെയും ചർച്ചയുടെ ഫലമായി തെര

ഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞ കാര്യമാണത്. സി.പി.എം. ജില്ലക്ക് എതിരായിരുന്നു എന്നും മന്ത്രിസഭയിൽ സി.എച്ചിന്റെ ശക്തമായ വാദവും രാഷ്ട്രീയമായ സമ്മർദ്ദവുമാണ് ജില്ല നൽകാൻ നിർബ്ബന്ധിതമായത് എന്ന് അന്നത്തെ റവന്യൂ മന്ത്രിയായ ഗൗരിയമ്മ പറഞ്ഞിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റി രൂപീകരിച്ചത് സി.എച്ച്.വിദ്യാഭ്യാസ മന്ത്രി ആയിരിക്കുമ്പോഴാണ് സി.പി.ഐ.എം. അതിനും എതിരായിരുന്നു. സാധാരണ ഒരു യൂണിവേഴ്സിറ്റിയുടെ തറക്കല്ലിടൽ ചടങ്ങ് നടത്തുക അക്കാലത്തെ മുഖ്യമന്ത്രിയാണ്. എന്നാൽ മലപ്പുറം ജില്ലക്കാരായിട്ട് പോലും മുഖ്യമന്ത്രി ഇ.എം. എസോ മന്ത്രി ഇമ്പിച്ചിബാവയോ ആ ചടങ്ങിൽ പങ്കെടുത്തില്ല.

സ്ക്കൂളുകളിൽ അറബി തസ്തിക സൃഷ്ടിച്ചതും സി.പി.എം ആണത്രെ!! 67 സി.എച്ച് മന്ത്രിയായപ്പോഴാണ് അറബി അദ്ധ്യാപകരെ ഭാഷാ അദ്ധ്യാപകരായി പരിഗണിച്ചതും എൽ.പി. യിൽ തസ്തിക ആരംഭിച്ചതും. ഒട്ടേറെ പഴി അതിന്റെ പേരിൽ ലീഗിനും സി.എച്ചിനും കേൾക്കേണ്ടി വന്നില്ലെ. 1980ൽ കമ്യൂണിസ്റ്റുകാർക്ക് മേധാവിത്തമുള്ള നായനാർ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അറബി അടക്കമുള്ള ന്യൂനപക്ഷ ഭാഷകൾക്കെതിരെ കരിനിയമം കൊണ്ട് വന്ന് ഇല്ലാതാക്കാൻ ശ്രമിച്ചപ്പോൾ മുസ്ലിം ലീഗ് മൂന്ന് ജീവൻ നൽകിയാണ് അതിനെ ചെറുത്തതും അറബി ഭാഷയെ സംരക്ഷിച്ചതും. പിന്നെ ഇവിടെ പാലൊളി കമ്മിറ്റിയെ കുറിച്ച് പറയുന്നു. 2004 ൽ ചരിത്രത്തിലാദ്യമായി മുസ്ലിം ലീഗിന് ഇ. അഹമ്മദ് സാഹിബിലൂടെ കേന്ദ്ര മന്ത്രിസഭയിൽ അംഗത്വം ലഭിച്ച കാലത്താണ് ഇന്ത്യൻ മുസ്ലിംകളുടെ വിദ്യാഭ്യാസ, പിന്നോക്കാവസ്ഥ പഠിക്കാൻ ജസ്റ്റിസ് രജീന്ദർ സച്ചാറിന്റെ നേതൃത്വത്തിൽ ഒരു കമ്മീറ്റിയെ യു.പി.എ. ഗവ. നിയമിക്കുന്നത്. അതിന്റെ ശോഭ കെടുത്താൻ നിങ്ങൾ കെട്ടിക്കൂട്ടി ഉണ്ടാക്കിയതാണ് പാലൊളി കമ്മിറ്റി. മോയിൻകുട്ടി വൈദ്യർ സ്മാരകത്തിന് കെട്ടിടമുണ്ടാക്കിയതും അക്കാദമിയാക്കിയതും കെ. കരുണാകരനും ഉമ്മൻ ചാണ്ടിയും മുഖ്യമന്ത്രിമാരായപ്പോഴാണെന്ന് സഖാക്കൾ മറന്ന് പോകരുത്. ചരിത്രത്തിലാദ്യമായി കേരളത്തിലൊരു മുസ്ലിം ഡി.ജി.പി. ഉണ്ടാവാൻ അവസരം വന്നപ്പോൾ സത്താർ കുഞ്ഞ് എന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥനെ അപ്രധാന തസ്തികയിലേക്ക് മാറ്റി നിയമിച്ചത് നായനാർ സർക്കാർ അല്ലെ. ഒന്നാം ഉമ്മൻ ചാണ്ടി സർക്കാർ മുഹമ്മദ് റിയാസുദ്ധീൻ ഐ.എ. എസിനെ ചീഫ് സെക്രട്ടറി ആക്കിയപ്പോൾ പിന്നീട് തൊട്ടുടനെ വന്ന വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭ ഒരു കാരണവും പറയാതെ മാറ്റിയില്ലെ? ന്യൂനപക്ഷ വിദ്യാഭ്യാസ പുരോഗതിയിൽ അർഹത ഇല്ലാത്ത ഓഹരി പറ്റാൻ ശ്രമിക്കുന്ന നിങ്ങളല്ലെ കോപ്പിയടി ആരോപിച്ച് ആ പുരോഗതിയെ കളിയാക്കാൻ ശ്രമിച്ചത്. കേരളത്തിൽ തരാതരം ന്യൂനപക്ഷ ഭൂരിപക്ഷ വർഗ്ഗീയതയെ വികാരപരമായി മുതലെടുക്കാൻ ശ്രമിച്ചു എന്നല്ലാതെ രചനാത്മകമായി ന്യൂനപക്ഷങ്ങൾക്ക് വേണ്ടി സി.പി.എം ഒന്നും ചെയ്തിട്ടില്ല എന്നതാണ് ചരിത്ര സത്യം.

2015 ജനുവരി 15

നിലമ്പൂർ കാട്ടിൽ നിന്നും കേൾക്കുന്ന വെടിയൊച്ചകൾക്ക് അവസാനമില്ലേ...?

ഒരു വനിതയടക്കം രണ്ട് മാവോയിസ്റ്റുകളുടെ കൊലപാതകവുമായി ബന്ധപ്പെട്ട് വിവാദങ്ങളും അഭ്യൂഹങ്ങളും തകൃതിയായി നടക്കുകയാണ്. മാവോയിറ്റുകളുമായി പോലീസ് നടത്തിയ ഏറ്റുമുട്ടലിലാണെന്നും പോലീസ് ഏകപക്ഷീയമായി വെടിവെച്ച കൊലപ്പെടുത്തുകയാണ് ചെയ്തതെന്നുമുള്ള രണ്ട് തരം വാർത്തകളാണ് പൊതുജനങ്ങൾക്കിടയിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ നിജസ്ഥിതി പുറത്ത വരാത്തിടത്തോളം കാലം ഇത്തരം ആശയക്കുഴപ്പങ്ങൾക്ക് അവസാനം ഉണ്ടാവുകയുമില്ല. അതിനാൽ സത്യം സത്യമായി പുറത്ത് വരേണ്ടത് അനിവാര്യമാണ്.

ഏറ്റുമുട്ടൽ കൊലപാതകങ്ങൾ ഇന്ത്യയിൽ പല ഭാഗങ്ങളിലും നടന്നു കൊണ്ടിരിക്കുകയാണ്. ഈയടുത്ത് ഭോപ്പാലിൽ നടന്നിട്ടുള്ളത് വരെ പോലീസിന്റെ ഏകപക്ഷീയമായ കൊലപാതകങ്ങൾ ആയിരുന്നുവെന്ന ആക്ഷേപങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. ഈ വിഷയത്തിലും സത്യം പുറത്ത് വരാത്തിടത്തോളം കാലം അത് തുടരുന്നുവെന്നതാണ് യാഥാർത്ഥ്യം. പക്ഷേ, കേരളം പോലെ പ്രബുദ്ധമായ ഒരു സംസ്ഥാനത്ത് മാർക്സിസ്റ്റ് തീവ്രസംഘടനയുടെ പ്രവർത്തകർ കൊല്ലപ്പെടുമ്പോൾ അതും കമ്മ്യൂണിസ്റ്റ് പാർട്ടികൾ സംസ്ഥാനം ഭരിച്ച് കൊണ്ടിരിക്കുമ്പോൾ നടന്ന സംഭവത്തിന്റെ ദുരൂഹത പുറത്ത് കൊണ്ടുവരണ്ടത് തികച്ചും അനിവാര്യമാണ്.

അടിയന്തരാവസ്ഥ കാലത്ത്, ഇപ്പോൾ പോലീസ് നടപടിയെ വിമർശിച്ച കാനംരാജേന്ദ്രന്റെ നേതാവ് സി. അച്ചുതമേനോൻ മുഖ്യമന്ത്രി ആയിരിക്കുമ്പോഴാണ് കോഴിക്കോട് റീജണൽ എൻജിനിയറിംങ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന രാജൻ കക്കയം പോലീസ് ക്യാമ്പിൽ വെച്ച് പോലീസ് പീഡനത്തിലൂടെ മരണപ്പെട്ടത്. പിന്നീട്ത് വലിയ കോളിളക്കം സൃഷ്ടിക്കുകയുണ്ടായി. രാജൻ കേസ് കേരളത്തിന്റെ അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന കെ. കരുണാകരനെ ലക്ഷ്യം വെച്ച് വർഷങ്ങളോളം വലിയ ചർച്ചകളും വിവാദങ്ങളുമുണ്ടാക്കിയിരുന്നു. കക്കയം ക്യാമ്പിൽ കൊല്ലപ്പെട്ട രാജന്റെ അച്ഛനായ ഈച്ചരവാര്യരുടെ വേദനയിലും ദൈന്യതയിലും മലയാളികൾ ഒന്നാകെ പങ്കുചേർന്നിരുന്നു. എന്നാൽ അന്ന് ഈച്ചരവാര്യരുടെ കണ്ണുനീർ രാഷ്ട്രീയമായി പലരും ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പിന്നീട് ഈച്ചരവാര്യർ തന്റെ ആത്മകഥയിൽ ഒരു ചോദ്യമുന്നയിക്കുകയുണ്ടായി. 'മരിച്ചിട്ടും എന്തിനാണ് നിങ്ങൾ എന്റെ മകനെ മഴയത്ത് നിർത്തിയിരിക്കുന്നത്.'...അന്ന് രാജൻ കേസിൽ വലിയ മനുഷ്യാവകാശ വാദികളായി നടന്നിരുന്ന സി.പി.എം. ഇന്ന്

കേരളം ഭരിക്കുമ്പോഴാണ് നിലമ്പൂരിലെ ഈ സംഭവമുണ്ടായിട്ടുള്ളത്. അതിനാൽ തന്നെ ഇപ്പോൾ നടന്നിട്ടുള്ള നക്സൽ വേട്ടയുടെ നിജസ്ഥിതി പുറത്ത് കൊണ്ടു വരേണ്ട ബാധ്യത കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനുണ്ട്. കെ.പി.സി.സി പ്രസിഡണ്ട് വി.എം. സുധീരൻ ആവശ്യപ്പെട്ടത് പോലെ ഒരു ജുഡീഷ്യൽ അന്വേഷണം തന്നെയാണ് സത്യം പുറംലോക മറിയുന്നതിന്ന് ഫലപ്രദം.

നിലമ്പൂർ കാട്ടിൽ നിന്നും നമ്മൾ കേൾക്കുന്ന ആദ്യത്തെ വെടിയൊച്ചയല്ലിത്. ഇതിന് മുമ്പും സമാനസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു പോലീസ് ഉദ്യോഗസ്ഥനെ വെടിവെച്ച് കൊന്ന് കാട്ടിലേക്ക് ഭാര്യയേയും മക്കളേയും കൊണ്ട് രക്ഷപ്പെട്ടു എന്ന് പറയപ്പെട്ട മുജീബിന്റെയും ഭാര്യയുടേയും മൃതദേഹമാണ് പിറ്റേന്ന് നേരം പുലർന്നപ്പോൾ പുറം ലോകത്തിന് കാണാൻ കഴിഞ്ഞത്. അന്നത്തെ പത്രങ്ങളും പോലീസും പറഞ്ഞത് മുജീബ് ആദ്യം ഭാര്യയെ വെടിവെച്ച് കൊലപ്പെടുത്തി പിന്നീട് സ്വയം വെടിയുതിർത്ത് ആത്മഹത്യ ചെയ്തു എന്നതായിരുന്നു. എന്നാൽ മലപ്പുറത്തെ കുന്നുമ്മലിൽ നിന്ന് പഴയ നക്സൽ നേതാവ് ഗ്രോ വാസു മൈക്ക് കെട്ടി പ്രസംഗിച്ചത് ഞാനോർക്കുന്നു. 'മുജീബ് ഒരിക്കലും ആത്മഹത്യ ചെയ്തിട്ടില്ല. മുജീബ് തന്റെ ഭാര്യയെ വെടിയുതിർത്ത് കൊലപ്പെടുത്തീട്ടുമില്ല അത് വനാന്തർ ഭാഗത്ത് വെച്ച് പോലീസ് ചെയ്തതാണ്.' അന്നും കേരളം ഭരിക്കുന്നത് സി.പി.എം ആയിരുന്നു. അച്യുതാനന്ദൻ മുഖ്യമന്ത്രിയും കോടിയേരി ആഭ്യന്തരമന്ത്രിയുമായിരുന്നു. ഇപ്പോൾ കോടിയേരി പാർട്ടി സെക്രട്ടറിയും പിണറായി ആഭ്യന്തരം കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയുമാണ്. കൊന്നും കൊടുത്തും അറപ്പ് തീരാത്ത കമ്മ്യൂണിസ്റ്റുകൾ കേരളം ഭരിക്കുമ്പോൾ ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുന്നത് സംശയത്തിന്റെ ചില മുനകൾ ബാക്കി വെക്കുന്നുണ്ട്.

കേരളത്തിന്റെ പുതിയ ഡി.ജി.പി യായി ലോക്നാഥ് ബെഹ്റയെ വെച്ചപ്പോൾ നരേന്ദ്രമോഡിയുടെ ഇതുപോലുള്ള വ്യാജ ഏറ്റുമുട്ടൽ കഥകളിലെല്ലാം അനുഭാവ പൂർണ്ണമായ നിലപാടെടുത്തിരുന്ന ഒരു പോലീസ് സംവിധാനത്തിലേക്ക് സംസ്ഥാനത്തിന്റെയും പോലീസ് സംവിധാനം മാറുന്നുണ്ടോ എന്ന ആശങ്കകളും ഇവിടെ ഉയർന്ന് കേൾക്കുന്നുണ്ട്.

അതിനാൽ, മഹത്തായ ജനാതിപത്യ സംവിധാനമുള്ള നമ്മുടെ നാട്ടിൽ ബഹുജനങ്ങളുടെ ഇത്തരത്തിലുള്ള ആശങ്കകൾ അകറ്റാനും ഇക്കാര്യങ്ങളുടേയെല്ലാം നിജസ്ഥിതി പുറത്ത് വരുന്നതിനും ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി കാര്യങ്ങൾ പൊതുജനത്തെ ബോധ്യപ്പെടുത്തണം. ഇവിടെ രാജ്യദ്രോഹികൾക്കും തിവ്രവാദ പ്രവർത്തനം നടത്തുന്നവർക്കും കടുത്ത ശിക്ഷ നൽകേണ്ടതുണ്ട്, അവർ കുറ്റവാളികളാണെന്ന് രാജ്യത്തെ ജനങ്ങൾക്ക് ബോധ്യപ്പെടുത്തി അവർക്ക് ക്യാപ്പിറ്റൽ പണിഷ്മെന്റ് നൽകേണ്ടതുണ്ട്. അത് കമ്മ്യൂണിസ്റ്റ് തീവ്രവാദമായാലും മതതീവ്രവാദമായാലും അതുപോലുള്ള എന്തായാലും ശരി ശിക്ഷിക്കപ്പെടേണ്ടതുണ്ട്.

2016 ആഗസ്റ്റ്

നൗഷാദിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുക

ഇന്ന് നവംബർ 26. കഴിഞ്ഞ വർഷം ഇതേ ദിവസമാണ് കോഴിക്കോട് ഓട വൃത്തിയാക്കുന്നതിനിടെ മാൻഹോളിൽ ശ്വാസം മുട്ടി ജീവനു വേണ്ടി പിടഞ്ഞ രണ്ട് ഇതര സംസ്ഥാന തൊഴിലാളികളെ രക്ഷപ്പെടുത്താൻ വേണ്ടി യുള്ള പ്രയത്നത്തിനിടയിൽ മാളികക്കടവ് മേപ്പക്കുടി നൗഷാദ് എന്ന നമ്മുടെ പ്രിയ സഹോദരൻ മരണപ്പെട്ടത്. ഉമ്മയും ഭാര്യയും കൊച്ചു കുഞ്ഞും മാത്രമുള്ള കുടുംബത്തിന്റെ ഏക അത്താണിയായിരുന്നു പ്രിയപ്പെട്ട നൗഷാദ്. നൗഷാദിന്റെ ജീവത്യാഗത്തിന്റെ പിറ്റേന്ന് അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടി നൗഷാദിന്റെ ഭാര്യക്ക് ജോലി നൽകുമെന്ന് ഉറപ്പ് നൽകിയിരുന്നു. വർഷം ഒന്ന് കഴിഞ്ഞെങ്കിലും ആ ഉറപ്പ് പാലിക്കാൻ ഇത് വരെ അധികാരികൾ തയ്യാറായിട്ടില്ല.

നോക്കൂ പൊന്നുമോന്റെ ഓർമ്മകൾക്ക് മുമ്പിൽ കണ്ണീർ പുഷ്പങ്ങളുമായി അസ്മാബി എന്ന ആ ഉമ്മ നൊമ്പരപ്പെട്ട് ജീവിക്കുകയാണ്. ഒരിക്കലും തിരിച്ചു വരില്ലെന്ന് അറിഞ്ഞിട്ടും തന്റെ പ്രിയതന്റെ കാൽ പെരുമാറ്റത്തിന് കാതോർത്തിരിക്കുന്ന നൗഷാദിന്റെ പ്രിയപ്പെട്ട ഭാര്യയായ സഫ്രീനയോട് മലയാളക്കര നൽകിയ വാഗ്ദാനം പാലിക്കാൻ ഒരു വർഷമായിട്ടും കഴിഞ്ഞിട്ടില്ല. ഞാൻ കുറ്റപ്പെടുത്തി പറയുകയല്ല. ജിഷ കൊല്ലപ്പെട്ടപ്പോൾ ജിഷയുടെ സഹോദരിക്ക് ജോലി നൽകുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചു. ദിവസങ്ങൾക്കുള്ളിൽ ഉത്തരവിറങ്ങി ജിഷയുടെ സഹോദരി ജോലിയിൽ ജോയിൻ ചെയ്തു എന്ന് ഉറപ്പു വരുത്താനുള്ള ജാഗ്രത നമ്മുടെ ഗവൺമെന്റ് എടുത്തു. വളരെ നല്ല കാര്യമാണ് ഞാനതിനെ കുറച്ച് കാണുകയല്ല പക്ഷെ, ഈ ചെറുപ്പക്കാരനെ മാത്രം ആശ്രയിച്ച് ഒരു ഓട്ടോറിക്ഷയിൽ നിന്നുള്ള വരുമാനം കൊണ്ട് മാത്രം ജീവിച്ചിരുന്ന ആ കുടുംബത്തിന് ജോലി നൽകുമെന്ന് പ്രഖ്യാപിച്ച് അതിന്റെ പേരിൽ ഇവിടെ വർഗ്ഗീയ വാദികൾ മുടി അഴിച്ച് ആടിയതും വിവാദങ്ങൾ ഉണ്ടായതുമൊക്കെ നമുക്കറിയാം. ആ വിവാദങ്ങളെ ഭയപ്പെട്ടിട്ടാണോ എന്നറിയില്ല ഉമ്മൻ ചാണ്ടിയുടെ പ്രഖ്യാപനം ഇന്നും വനരോദനമായി കിടക്കുകയാണ്. പിന്നീട് അധികാരത്തിൽ വന്ന പിണറായി സർക്കാറിനും ആ വാഗ്ദാനം പാലിക്കാനുള്ള ബാദ്ധ്യതയുണ്ടായിരുന്നു. എന്ത് കൊണ്ടെന്നറിയില്ല ഒരു വർഷമായിട്ടും അതുണ്ടായില്ല. നൗഷാദിന്റെ വീട്ടിൽ പോകാനും നൗഷാദ് സ്മൃതിമണ്ഡപം ഉദ്ഘാടനം ചെയ്യാനുമൊക്കെ ഇടതുപക്ഷ നേതാക്കൻമാർ കാണിച്ച വ്യഗ്രത നമ്മുടെ മുമ്പിലുണ്ട്. അത് ആത്മാർത്ഥതയോടെയാണെങ്കിൽ ഇനി ഒരു നിമിഷം പോലും വൈകാതെ ആ അനാഥ കുടുംബത്തിന് ഗവൺമെന്റ് പ്രഖ്യാപിച്ച ജോലി നൗഷാദിന്റെ ഭാര്യ സഫ്രീനക്ക് നൽകാൻ സർക്കാർ തയ്യാറാവണം. അതിന് വേണ്ടിയുള്ള പോരാട്ടങ്ങൾ നമുക്ക് സോഷ്യൽ മീഡിയയിലൂടെയും സംഘടനാ സംവിധാനത്തിലൂടെയും

നടത്താം. അതിന് വേണ്ടി എല്ലാവരുടെയും പ്രതികരണങ്ങളും പിന്തുണയും അഭ്യർത്ഥിക്കുന്നു.

2016 നവംബർ

ഇത് പ്രതിഷേധാർഹം

കഴിഞ്ഞ മന്ത്രിസഭാ യോഗം,1994 ലെ കൂത്ത്പറമ്പ് വെടിവെപ്പിൽ പരിക്കേറ്റ് ശയ്യാവലംബിയായി കിടക്കുന്ന പുഷ്പന് അഞ്ച് ലക്ഷം രൂപയും മാസാന്തം 8000 രൂപയുടെ പെൻഷനും അനുവദിച്ചതായുള്ള വാർത്ത കണ്ടു. ഒരു സംസ്ഥാന മന്ത്രിസഭ രാഷ്ട്രീയ പാർട്ടിയുടെ സമരത്തിൽ പങ്കെടുത്ത് പരിക്കേറ്റ് കിടക്കുന്ന ഒരാൾക്ക് ഇത്തരത്തിൽ സഹായ ധനവും പെൻഷനും അനുവദിക്കുന്നത് കരണീയമായ ഒരു നടപടിയല്ല. 1994 ൽ സാശ്രയ വിരുദ്ധ സമരത്തിന്റെ ഭാഗമായി ഡി.വൈ.എഫ്.ഐ അന്നത്തെ സഹകരണ മന്ത്രി എം.വി. രാഘവനെ തടയുകയും രാഘവന്റെ ജീവന് ഭീഷണി ഉയർന്ന സാഹചര്യത്തിൽ മന്ത്രിയെ സംരക്ഷിക്കാൻ വേണ്ടി പോലീസ് വെടിവെപ്പ് നടത്തുകയും ചെയ്തു. 1994 ൽ നടന്ന ഈ സംഭവത്തിനു 2016ൽ ഒരു ഗവൺമെന്റ് ഇത്തരത്തിൽ ധനസഹായം അനുവദിച്ചത് ഏത് രീതിയിലാണ് അതിനെ ന്യായീകരിക്കാൻ കഴിയുന്നത്. താൻ വിശ്വസിച്ച പ്രസ്ഥാനത്തിന് വേണ്ടി സമരത്തിന് ഇറങ്ങാനും ആ സമരത്തിൽ സജീവമായി പങ്കെടുക്കാനും പുഷ്പന് അവകാശമുണ്ട്. പുഷ്പനെ പോലെ ആത്മാർത്ഥതയുള്ള പ്രവർത്തകന്റെ അർപ്പണ മനോഭാവത്തെയും ഒടുങ്ങാത്ത അഭിനിവേശത്തെയും വിലമതിക്കാൻ കഴിയാത്തതാണ്. പരിക്കേറ്റ് ശയ്യാവലംബിയായ കിടക്കുമ്പോഴും തന്റെ സംഘടനയെയും തന്റെ പ്രസ്ഥാനത്തെയും ആവേശമായി കൊണ്ട് നടക്കാനും കടിച്ചമർത്തുന്ന വേദനകൾക്കിടയിൽ പുഷ്പൻ തന്റെ ആത്മകഥയിൽ പറഞ്ഞത് പോലെ ബെഡിൽ വെച്ചൊരു ഉറമ്പ് കടിച്ചാൽ ആയിരം സൂചിമുനകൾ ശരീരത്തിൽ ആഞ്ഞു തുറക്കുന്നത് പോലെയുള്ള വേദന കൊണ്ട് ഞാൻ പുളയാറുണ്ട് ആ വേദനകൾ കടിച്ചമർത്തുമ്പോഴും തന്റെ സംഘടനയെ വല്ലാതെ സ്നേഹിച്ച പുഷ്പന്റെ പാർട്ടിയുടെ പ്രതിബദ്ധതയെ ഇവിടെ ചോദ്യം ചെയ്യുകയാണ്. പാർട്ടിക്ക് വേണ്ടി സമരം ചെയ്ത് ജീവച്ഛവമായി മാറേണ്ടി വന്ന പുഷ്പനെ സഹായിക്കേണ്ടത് മാർക്കിസ്റ്റ് പാർട്ടിയാണ്. ഡി.വൈ.എഫ് യാണ്. അല്ലാതെ സർക്കാർ ഖജനാവിലെ നികുതിപ്പണം എടുത്തിട്ടല്ല. 1980ലെ ഭാഷാസമരത്തിൽ പങ്കെടുത്ത് രക്തസാക്ഷികളായവരുടെ കുടുംബത്തെ സഹായിച്ചതും സംരക്ഷിച്ചതും മുസ്ലിം ലീഗ് പ്രസ്ഥാനമാണ്. അല്ലാതെ ലീഗിന് പ്രാതിനിധ്യമുള്ള യു.ഡി.എഫ് സർക്കാരല്ല. ആ കുടുംബത്തിന് വരുമാനം ലഭിക്കുന്ന സംരംഭങ്ങൾ അവർക്കു വേണ്ടി നൽകിയ മുസ്ലിം ലീഗ് പ്രസ്ഥാനത്തിന്റെ ആഹ്വാന പ്രകാരം നടന്ന അവകാശ പോരാട്ടത്തിൽ ജീവൻ നൽകേണ്ടി വന്നപ്പോൾ ആ കുടുംബത്തിന് കൈത്താങ്ങായത് അവർ വിശ്വസിച്ച നെഞ്ചേറ്റിയ പ്രസ്ഥനമാണ്. ഭാഷാ

സമരത്തിൽ പോലീസിന്റെ വെടിയേറ്റ് ശരീരത്തിൽ വെടിയുണ്ടായുമായി ജീവിക്കുന്ന എത്രയോ ലീഗ് പ്രവർത്തകരുണ്ട്. അവരുടെ ചികിത്സ നടത്തുന്നത് മുസ്ലിം ലീഗാണ്. കൂത്ത് പറമ്പിലെ ജീവിക്കുന്ന രക്തസാക്ഷി പുഷ്പനെ പോലെ 1980ലെ ഭാഷാസമരത്തിൽ ജീവിക്കുന്ന രക്തസാക്ഷികളായ ആളുകൾ ഇന്നും നമുക്കിടയിലുണ്ട്. പക്ഷെ മുസ്ലിം ലീഗ് പാർട്ടി ഫണ്ടുകൾ ഉപയോഗിച്ച് അവരെ സഹായിക്കുകയാണ് ചെയ്യുന്നത്. അല്ലാതെ അധികാരത്തിലിരിക്കുന്ന സമയത്ത് പൊതുമുതൽ ഉപയോഗിച്ചല്ല. പാർട്ടിക്ക് വേണ്ടി സമരത്തിനിറങ്ങിയവരെ സഹായിക്കേണ്ടത് അതാത് പാർട്ടികളാണ്. അല്ലാതെ രാജ്യത്തിനു വേണ്ടി ത്യാഗം ചെയ്യുന്ന ജവാന്മാരെ പോലെ സ്വതന്ത്ര സമര സേനാനികളെപോലെ ഗവൺമെന്റ് വിരുദ്ധ സമരം ചെയ്തവരെ സഹായിക്കലല്ലമറിച്ച് ഇത് പ്രതിഷേധാർഹമായ കാര്യമാണ്.

2016 ജൂൺ

മലപ്പുറം നൽകുന്ന സന്ദേശം

മലപ്പുറം ലോക്സഭാ തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിക്കുണ്ടായത് തിളക്കമാർന്ന വിജയമാണ്. ഈ ഉപതെരഞ്ഞെടുപ്പിലെ രാഷ്ട്രീയം സൂക്ഷ്മമായി വിലയിരുത്തുമ്പോൾ മനസിലാക്കാൻ കഴിയുന്നത് ഇത് മതതരത്വത്തിന്റെയും സത്യസന്ധതയുടെയും പ്രോജ്ജ്വല വിജയമാണ്.

ശ്രദ്ധേയമായ ഒരു വസ്തുത.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ മലപ്പുറം ലോക്സഭയുടെ കണക്ക് എടുക്കുമ്പോൾ ബി.ജെ.പിക്ക് 73447 വോട്ടുണ്ടായിരുന്നു. അത് ഇത്തവണ 65662 ആയി ചുരങ്ങി. ഒരു ലക്ഷത്തിലേറെ പുതിയ വോട്ടർമാരിൽ 80% ഉം വോട്ട് രേഖപ്പെടുത്തിയ സാഹചര്യത്തിൽ കൂടിയാണ് ഇത്.

ദേശീയ നതാക്കളെ കൊണ്ട് വന്നും നിർലോഭമായി പണമിറക്കിയും കേന്ദ്ര ഭരണത്തിന്റെ എല്ലാ സൗകര്യവും ഒരുക്കിയിട്ടും ബി.ജെ.പിക്ക് വോട്ടും ആനുപാതിക ശതമാനവും കുറഞ്ഞത് മലപ്പുറത്തെ തെരഞ്ഞെടുപ്പ് ഫലം മതേതരത്വത്തിന്റെ വിജയം എന്ന് തന്നെയാണ് വീണ്ടും വീണ്ടും തെളിയിക്കുന്നത്. ഉന്നതമായ മതേതര മൂല്യം ഉയർത്തി പിടിക്കുന്നതിൽ മലപ്പുറം വീണ്ടും മാതൃക കാട്ടിയിരിക്കുന്നു.

മറുവശത്ത് സി.പി.എം. 2014 ലെ ലോക്സഭാ തെരഞ്ഞെടുപ്പിനേക്കാൾ വോട്ട് പിടിച്ചു എന്നാണ് കാര്യമായി പ്രചരിപ്പിക്കുന്നത്. എന്നാൽ 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിനേക്കാൾ അവർക്ക് വോട്ട് കുറയുകയാണ് ചെയ്തിരിക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ട വസ്തുത 2014ലും 2016ലും മത്സരിച്ചിരുന്ന എസ്.ഡി.പി.ഐ വെൽഫയർ പാർട്ടി, പി.ഡി.പി.തുടങ്ങിയവർ ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ചിട്ടില്ല. ഇതിൽ പി.ഡി.പി. പരസ്യമായി എൽ.ഡി.എഫ്ന് പിന്തുണ പ്രഖ്യാപിച്ചു. എസ്.ഡി.പി.ഐ മനഃസാക്ഷി വോ

ട്ടിന് നിർദ്ദേശിച്ചെങ്കിലും ലീഗിന് അവർ വോട്ട് നൽകുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ആദ്യമായി വേങ്ങരയിൽ നിന്ന് പി.കെ. കുഞ്ഞാലിക്കുട്ടി നിയമസഭയിലേക്ക് മത്സരിക്കുമ്പോൾ എസ്.ഡി.പി.ഐയുടെ സംസ്ഥാന ജ. സെക്രട്ടറിയായിരുന്നു ലീഗിനെതിരെ സ്ഥാനാർത്ഥിയായി വന്നത്. തലശ്ശേരിയിൽ കോടിയേരിക്ക് വേണ്ടി വോട്ട് പിടിക്കുകയും എടരിക്കോട് ഗ്രാമപഞ്ചായത്തിലടക്കം എൽ.ഡി.എഫ് കാലത്തേ സി.പി.എം. സ്വതന്ത്ര വേഷത്തിൽ ഭരണത്തിൽ പങ്കാളികളാവുകയും ചെയ്തവരാണ് എസ്.ഡി.പി.ഐ ജമാഅത്തെ ഇസ്ലാമിയുടെ രാഷ്ട്രീയ വിഭാഗമായ വെൽഫയർ പാർട്ടിയും സി.പി.എം. ഉം ചേർന്ന് കൂട്ടിലങ്ങാടി അടക്കം രണ്ടിലേറെ പഞ്ചായത്തുകൾ മലപ്പുറത്ത് സഖ്യം ചേർന്ന് ഭരിക്കുന്നുണ്ട്. ജമാഅത്ത് ഒരു കാലത്തും ലീഗിന് വോട്ട് ചെയ്തിട്ടില്ല് മുമ്പ് എം.കെ. മുനീറും മഞ്ഞളാം കുഴി അലിയും തമ്മിൽ മത്സരിച്ചപ്പൊൾ അലിക്കും ശശികുമാറും അലിയും തമ്മിൽ മത്സരിച്ചപ്പൊ ശശികുമാറിനും മൂല്യം കണ്ടവരാണവർ. മാത്രമല്ല ഇവിടെ എസ്.ഡി.പി.ഐയും വെൽഫയറും സ്വന്തമായി മത്സരിച്ചിരുന്നുവെങ്കിൽ യുഡി.എഫിന്റെ ഭൂരിപക്ഷം ഇതിലും കൂടുമായിരുന്നു ലീഗിന്റെ വിജയം വർഗ്ഗീയ ധ്രുവീകരണത്തിന്റെ ഫലമാണ് എന്ന സി.പി.എം. വാദം മുഖം നഷ്ടപ്പെട്ട ബിജെ.പിക്ക് ആശ്വാസം പകരുന്ന തരത്തിലായിപ്പോയി. യു.ഡി.എഫിന് കിട്ടിയ മുഴുവൻ വോട്ടുകളും കറ കളഞ്ഞ മതേതര വോട്ടുകളാണ്. മഹാനായ ഖാഇദെമില്ലത്ത് ഇസ്മായിൽ സാഹിബ് മുതൽ കുഞ്ഞാലിക്കുട്ടി സാഹിബ് വരെയുള്ള ജനപ്രതിനിധികളും മലപ്പുറമെന്ന പച്ച തുരുത്തും ഇന്ത്യയിലെ ദേശീയ രാഷ്ട്രീയത്തിന് ഒരു വലിയ സന്ദേശമാണ് നൽകുന്നത്. ഈ സന്ദേശം ഉൾകൊണ്ട് അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ രാജ്യത്തെ മതേതര ജനാധിപത്യ ശക്തികൾ ഐക്യപ്പെട്ട് നിന്നാൽ ഇന്ന് ഭരണംകയ്യാളുന്ന ഫാസിസ്റ്റ് ദുർഭൂതത്തിൽ നിന്ന് ഇന്ത്യയെ രക്ഷിക്കാൻ കഴിയും. ശുഭാപ്തി വിശ്വാസത്തോടെ.

2017 മെയ്

അറുപതിന്റെ നിറവിൽ നിയമസഭ

ഒന്നാം കേരള നിയമസഭയുടെ അറുപതാം വാർഷികം ഇന്നലെ പഴയ നിയമസഭാ ഹാളിൽ ആഘോഷിക്കുകയുണ്ടായി. സംസ്ഥാന രൂപീകരിണത്തിന് ശേഷമുള്ള ആദ്യ നിയമസഭ സമ്മേളനം 1957 ഏപ്രിൽ 27ന് നടന്നപ്പോൾ കേരള രാഷ്ട്രീയത്തിലെ ഉന്നതശീർഷരായ നേതാക്കൻമാർ അവിടെയുണ്ടായിരുന്നു. മുഖ്യമന്ത്രി ഇ.എം.എസ്. സ്പീക്കർ ശങ്കരനാരായണൻ തമ്പി, ആർ. ശങ്കർ, പട്ടം താണുപിള്ള, പി.ടി. ചാക്കോ കെ.ആർ ഗൗരിയമ്മ, കെ.എം. ജോർജ്ജ്, ടി.വി.തോമസ് തുടങ്ങി കേരള രാഷ്ട്രീയത്തിലെ എക്കാലത്തെയും മുടിചൂടാമന്നൻമാരായ നേതാക്കൾക്കിടയിലേക്കാണ് 30 വയസുള്ള ഒരു ചെറുപ്പക്കാരൻ മുസ്ലിം ലീഗിന്റെ നിയമസഭാ പാർട്ടി ലീഡറായി കടന്നു വരുന്നത്. അതെ, നമ്മുടെ പ്രിയപ്പെട്ട സി.എച്ച്. സി.എച്ച്. മുഹമ്മദ് കോയ

സാഹിബ് നിയമസഭയിൽ നടത്തിയ ആദ്യത്തെ പ്രസംഗം, കേരള നിയമസഭയിലെ മുസ്‌ലിം ലീഗിന്റെ ആദ്യത്തെ ശബ്ദം സ്പീക്കർ ശങ്കരനാരായണൻ തമ്പിയെ അഭിനന്ദിച്ച് കൊണ്ട് ആ മുപ്പത് വയസുകാരൻ ഇങ്ങനെ തുടങ്ങി. സർ, അങ്ങയെ അഭിനന്ദിച്ച് കൊണ്ട് ഇവിടെ പ്രകടിപ്പിക്കപ്പെട്ട വികാരങ്ങളോട് മുസ്‌ലിംലീഗ് പാർട്ടിയുടെ നേതാവ് എന്ന നിലക്ക് ഞാനും യോജിക്കുന്നു. അങ്ങ് ഇന്ന് ഏറ്റെടുത്തിരിക്കുന്നത് ഏറ്റവും ഗൗരവാരഹമായ ഒരു ഉത്തരവാദിത്വമാണ്. എന്റെ പാർട്ടി പ്രത്യേകിച്ചും ന്യൂനപക്ഷത്തെ പ്രതിനിധീകരിക്കുന്ന ഒരു പാർട്ടിയാണെന്നും ആ ന്യൂനപക്ഷത്തിന്റെ ശബ്ദം ഞങ്ങൾക്കിവിടെ പ്രകടിപ്പിക്കേണ്ടതുണ്ടെന്നും മനസിലാക്കുമ്പോൾ ഞങ്ങൾ അങ്ങയിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിന്റെ സ്വഭാവം എന്താണെന്ന് അങ്ങ് വേണ്ട പോലെ ധരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ കേരള നിയമസഭയുടെ ഒന്നാമത്തെ സ്പീക്കറായി അങ്ങയെ ഐകൃകണ്ഠ്യേനേ തെരഞ്ഞെടുത്തത് ശുഭലക്ഷണമായി ഞാൻ കരുതുന്നു. സ്പീക്കർ കക്ഷികൾക്കും കക്ഷി രാഷ്ട്രീയത്തിനും അതീതനനായിരിക്കണമെന്നുള്ളത് എല്ലാവരാലും സമ്മതിക്കപ്പെട്ടിട്ടുള്ള കീഴ് വഴക്കമാണല്ലൊ. ആ നിലയിൽ അങ്ങയെ എല്ലാ കക്ഷികളും കൂടി തെരഞ്ഞെടുത്തത് ശുഭലക്ഷണമായി കണക്കാക്കാവുന്നതാണ്. എന്നാൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ മറ്റു കക്ഷികളുമായി യാതൊരു ആലോചനയും ഭരണകക്ഷി നടത്തിയില്ല എന്നതിൽ എനിക്ക് ഖേദമുണ്ട്. ഇന്ത്യൻ പ്രസിഡന്റ് തെരഞ്ഞെടുപ്പുമായി സംബന്ധിച്ചു തങ്ങളുടെ കക്ഷിയുമായി ആലോചിച്ചിട്ടില്ലായെന്ന കാരണത്താൽ ആ തെരഞ്ഞെടുപ്പിൽ നിന്ന് മാറി നിന്ന കക്ഷിയാണ് ഇങ്ങിനെ ചെയ്തത് എന്നതിൽ ഞങ്ങൾക്ക് വലിയ അത്ഭുതം തോന്നുന്നുണ്ട്. ഏതായാലും ഈ അവസരത്തിൽ ഇതേ പറ്റിയൊന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ സഭയിൽ എല്ലാ കാര്യങ്ങളിലും നിക്ഷ്പക്ഷതയും നീതിയും പാലിക്കാൻ ഞങ്ങളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ അങ്ങേയ്ക്ക് ലഭിക്കുന്നതാണ്. ജനാധിപത്യ തത്വങ്ങൾ വളരെയൊന്നും ദഹിച്ചിട്ടില്ലാത്തവരും ആ തത്വങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിന് വേണ്ടി ചുമതലപ്പെട്ട സ്ഥാനങ്ങൾ അധികമൊന്നും വഹിച്ചിട്ടില്ലാത്തവരുമടങ്ങുന്ന ഒരു കക്ഷിയുടെ പരീക്ഷണം സന്നദ്ധതയോടെ ഏറ്റെടുത്തിരിക്കുന്ന ഈ സന്ദർഭത്തിൽ ജനാധിപത്യ മാർഗ്ഗങ്ങളിൽ കൂടി പ്രവർത്തിക്കുന്ന എല്ലാ കക്ഷികളോടും നീതിയും നിക്ഷ്പക്ഷതയും പാലിക്കുന്നതിൽ അങ്ങേയ്ക്ക് വലിയ ഉത്തരവാദിത്വമുണ്ട്. ആ കാര്യങ്ങളിൽ അതായത് നിയമസഭയുടെ അന്തസും നീതിയും പാലിക്കുന്ന കാര്യത്തിൽ മുസ്‌ലിം ലീഗ് പാർട്ടിയുടെ എല്ലാ വിധ പിന്തുണയും സഹകരണവും അങ്ങേയ്ക്ക് ലഭിക്കുന്നതാണെന്ന് ഉറപ്പ് നൽകി കൊണ്ടും എല്ലാ വിജയങ്ങളും ആശംസിച്ച് കൊണ്ടും ഞാനവസാനിപ്പിക്കുന്നു.

ഇതാണ് സി.എച്ച്. നടത്തിയ പ്രസംഗം പിറ്റേന്ന് ഇറങ്ങിയ എല്ലാ പത്രങ്ങളും സി.എച്ചിനെ പുകഴ്ത്തി കൊണ്ട് തലക്കെട്ടുകൾ കൊടുക്കുകയുണ്ടായി.

“ജനാധിപത്യ തത്വങ്ങൾ വളരെയൊന്നും ദഹിച്ചിട്ടില്ലാത്തവരും സ്ഥാന

ങ്ങൾ അധികമൊന്നും വഹിച്ചിട്ടില്ലാത്തവരും' എന്ന സി.എച്ചിന്റെ പ്രസംഗത്തിലെ വരികൾ എല്ലാ പത്രങ്ങളും പ്രത്യേകം എടുത്തുദ്ധരിക്കുകയുണ്ടായി. ഒന്നാം കേരള നിയമസഭയുടെ കണ്ടുപിടുത്തമായിരുന്നു സി.എച്ച്. എന്നാണ് അഡ്വ. രാജേശ്വരി കമ്യൂണിസ്റ്റ് ഭരണവും കേരളവും എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത്. അറുപത് വർഷങ്ങൾക്കിപ്പുറം ഇന്നും നിയമഭയിലെ മുസ്ലിംലീഗ് സമാജികരുടെ ഇടപെടലുകളും വിഷയാവതരണ രീതിയും പരിശോധിച്ചാൽ ബോധ്യമാവുന്ന ഒരു കാര്യം എന്ന് പറയുന്നത് നിയമസഭയുടെ മാന്യതക്ക് നിരക്കാത്ത ഒരു ഇടപെടലും അവരിൽ നിന്ന് ഉണ്ടാവില്ല എന്നതാണ്. ഭരണപക്ഷത്ത് മാത്രമല്ല പ്രതിപക്ഷത്തായാലും ലീഗ് എം.എൽ എമാർ ഉന്നയിക്കുന്ന വിഷയങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നതും അത് കൊണ്ടാണ്. ഈ അവസരത്തിൽ അറുപതാം വാർഷികാഘോഷത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

2017 ഏപ്രിൽ

മലപ്പുറം എന്ന വികാരം

മലപ്പുറം ജില്ലയുടെ ഒരു പിറന്നാൾ കൂടി വന്നെത്തി. 1969 ജൂൺ 16നാണ് കേരളത്തിന്റെ പത്താമത്തെ ജില്ലയായി മലപ്പുറം ആസ്ഥാനമായി പുതിയൊരു ജില്ല കൂടി കേരളത്തിൽ പിറവി എടുക്കുന്നത്. മലപ്പുറം ഏറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു പ്രദേശമാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിൽ രക്തപങ്കിലമായ അധ്യായം തുന്നിച്ചേർത്ത ധീരദേശാഭിമാനികളുടെ മണ്ണ് കൂടിയാണ് മലപ്പുറം. ബ്രിട്ടീഷ്കാരൻ എല്ലൊടിച്ച് ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് ചണ്ടികളെ പോലെ തള്ളിയ ഒരു പ്രദേശം ഇന്ന് രാജ്യത്തിന് അഭിമാനമായി ലോകത്തിന്റെ നെറുകയിൽ ആത്മാഭിമാനത്തോടെ വിരാജിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും അധികം സമാധാനത്തോടെയും പരസ്പര സൗഹൃദത്തോടെയും ആളുകൾ താമസിക്കുന്ന പ്രദേശമാണ് മലപ്പുറം. ജാതിയുടെയോ മതത്തിന്റെയോ വർഗ്ഗത്തിന്റെയോ വിഭാഗീയതയുടെയോ പേരിൽ ഒരു അന്തരവുമില്ലാതെ എല്ലാവരും ഏകോദര സഹോദരങ്ങളായി ജീവിക്കുന്ന ഒരു മാതൃകാപ്രദേശം കൂടിയാണ് മലപ്പുറം. ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമായിരുന്ന ബാബരി മസ്ജിദ് ഫാഷിസ്റ്റ് ശക്തികളാൽ തകർക്കപ്പെട്ടതിനോടനുബന്ധിച്ച് രാജ്യത്ത് പലയിടത്തും വലിയ പ്രക്ഷുബ്ധ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടപ്പോൾ പോലും ശാന്തിയുടെ തുരുത്തായി ഈ ജില്ല നിലകൊണ്ടു. പൊന്നാനി മുതൽ നീണ്ട് കിടക്കുന്ന തീരദേശവും നാടുകാണി വരെ തല ഉയർത്തി നിൽക്കുന്ന ഗിരിനിരകളും പച്ചപ്പട്ടുടുത്ത വയലുകളും നിറഞ്ഞൊഴുകുന്ന ചാലിയാറും ചരിത്രപ്രസിദ്ധമായ നിളയും അടങ്ങിയ ഈ പ്രവിശാല ഭൂമി നമ്മുടെ ഒരു വൈകാരികത കൂടിയാണ്.

ഈ ജില്ല ഉണ്ടാക്കി എടുക്കാൻ മുസ്ലിം ലീഗ് പാർട്ടിയും പ്രിയപ്പെട്ട അഹമ്മദ് കുരിക്കളും സി.എച്ച്. മുഹമ്മദ് കോയ സാഹിബും ഒരു പാട്

പ്രയാസപ്പെട്ടിടുണ്ട്. സപ്ത കക്ഷി മുന്നണിയിൽ ഭാഗഭാക്കാകാൻ മുസ്‌ലിം ലീഗ് വെച്ച ഡിമാന്റുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് മലപ്പുറം ജില്ലയുടെ രൂപീകരണം തന്നെയായിരുന്നു. ആ ജില്ല രൂപീകരിച്ച് ഇവിടം വരെ എത്തിച്ചു. വിരലിൽ എണ്ണാവുന്ന ഓത്ത് പള്ളികൾ മാത്രമുണ്ടായിരുന്ന ഈ ജില്ല ഇന്ന് യൂണിവേഴ്സിറ്റികളുടെ ആസ്ഥാന ജില്ലയാണ്. പുരോഗമനം എന്തെന്നറിയാതെ ഏറെ പിന്നോക്കം നിന്നിരുന്ന പ്രദേശങ്ങളായ ഏറനാട്, വള്ളുവനാട് താലൂക്കുകൾ ഇന്ന് ചരിത്രത്തിൽ ആദ്യത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത ജില്ലയായി മാറി. ഇന്ത്യയിലെ ഏറ്റവും ശക്തമായ കുടുംബശ്രീ സംവിധാനമുള്ള, ഇന്ത്യയിൽ ഏറ്റവും നല്ല ഗതാഗത സംവിധാനങ്ങളുള്ള രാജ്യത്ത് ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ള ഒരു വലിയ പ്രദേശമാണിന്ന് മലപ്പുറം. ആരാന്റെ വിറക് വെട്ടികളും വെള്ളം കോരികളുമായി അവഗണിക്കപ്പെടുമായിരുന്ന ഒരു ജനതയെ സംഘ ബോധത്തിന്റെ ഉത്തേജകം കുത്തിവെച്ച് അവരെ വികസനത്തിലേക്കും പുരോഗതിയിലേക്കും നയിച്ച് കൊണ്ട് പോയത് മുസ്‌ലിം ലീഗ് പാർട്ടിയാണ്.

മലപ്പുറം ജില്ല വിഭജിക്കണം എന്നൊരു ചർച്ച ഇന്ന് വളരെ സജീവമാണ്. അതിനൊരു പാട് ന്യായങ്ങളും ബന്ധപ്പെട്ടവർ നിരത്തുന്നുണ്ട്.

എന്നാൽ തികച്ചും വ്യക്തിപരമായ എന്റെ അഭിപ്രായം ഇവിടെ രേഖപ്പെടുത്തട്ടെ. ഈ ജില്ല വിഭജിക്കുന്നത് ശരിയല്ല. ഇന്ത്യ എന്നത് നമ്മുടെ ഒരു വൈകാരികതയായത് പോലെ മലപ്പുറം നമ്മുടെ ഒരു വൈകാരികതയാണ്. എല്ലാവിധ വൈജാത്യങ്ങൾക്കിടയിലും ഒരു ഭാരതീയനെ അഭിമാന പുളകിതമാക്കുന്നത് ഇന്ത്യ എന്ന വൈകാരികതയാണ് നമ്മുടെ രാജ്യം എന്ന വൈകാരികത. പുരോഗതിക്ക് വേണ്ടി നമ്മൾ ഈ രാജ്യത്തിന്റെ എന്തെങ്കിലും തരത്തിലുള്ള ഒരു വിഭജനം ആഗ്രഹിക്കുമോ? എന്നത് പോലെ മലപ്പുറം ജില്ലക്കാരെ രണ്ട് ജില്ലക്കാരായി കാണാൻ എനിക്ക് സാധിക്കുന്നില്ല.

12 നിയോജക മണ്ഡലങ്ങൾ 16 ആക്കിയത് പോലെ താലൂക്കുകളും വില്ലേജുകളും റവന്യൂഡിവിഷനുകളും പഞ്ചായത്തുകളും വാർഡുകളുമൊക്കെ വികസനത്തിന് വേണ്ടി വിഭജിച്ച് കൊണ്ട് വരാം. മലപ്പുറം അങ്ങിനെ തന്നെ നിൽക്കട്ടെ, നമ്മുടെ രാജ്യം പോലെ നമ്മുടെ ഒരു വൈകാരികതയായി.

201 ജൂൺ 16

ഈ സ്നേഹപൊയ്ക തകർക്കാൻ അനുവദിക്കില്ല.

മലപ്പുറം സിവിൽ സ്റ്റേഷൻ ഗ്രൗണ്ടിൽ ബോംബ് സ്ഫോടനം നടത്തിയ രാജ്യ ദ്രോഹികളെ എത്രയും പെട്ടെന്ന് നിയമത്തിന്റെ മുന്നിൽ കൊണ്ട് വരണമെന്ന് ശക്തമായി ആവശ്യപ്പെടുകയാണ്. മലപ്പുറം സിവിൽ സ്റ്റേഷൻ കേരളത്തിലെ മറ്റ് കലക്ട്രേറ്റുകളെ പോലെയുള്ള ഒരു പ്രദേശമല്ല. അത് രാ

ജ്യ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ ദേശാഭിമാനികളായ മാപ്പിളമാരെ കൊന്നൊടുക്കാൻ ബ്രിട്ടീഷ് മർദ്ദകോപകരണമായ ഹേഗ് ബാരക്സിന്റെയും വെള്ളപ്പട്ടാളത്തിന്റേയും അവരുടെ കുതിരപ്പട്ടാളത്തിന്റെയുമൊക്കെ ആസ്ഥാനമായിരുന്നു.

ഏക്കർ കണക്കിന് വിശാലമായി കിടക്കുന്ന തന്ത്ര പ്രധാനമായ ആ ഭൂമി ഒരു ഭാഗം മുഴുവൻ കടലുണ്ടി പുഴയാണ്. മറുഭാഗത്ത് പാലക്കാട് കോഴിക്കോട് ദേശീയ പാതയും അതിനപ്പുറത്ത് കോട്ടക്കുന്നും അപ്പുറത്ത് എം.എസ്.പി.യുടെ പരേഡ് ഗ്രൗണ്ടും എല്ലാം കൂടിയായി ഒരു പട്ടാള ക്യാമ്പിന്റെ ആസ്ഥാനമായിരുന്നല്ലൊ നമ്മുടെ ജില്ലാ അസ്ഥാനം. അതിൽ ഹേഗ് ബാരക്സ് ആയിരുന്നു ഇന്നത്തെ സിവിൽ സ്റ്റേഷൻ.

മലപ്പുറത്തെ പെരുവംകുഴിയിൽ തറവാട്ടുകാരുടെ കയ്യിൽ നിന്ന് ബ്രിട്ടീഷ് പട്ടാളം ബലം പ്രയോഗിച്ച് പിടിച്ചെടുത്തതാണത്. വെള്ളക്കാരായ ഉദ്യോഗസ്ഥർക്ക് കീഴിൽ വളരെ പ്രാകൃതരായ ഗിരിവർഗ്ഗക്കാരായ ഇന്ത്യക്കാരുൾകൊള്ളുന്ന ബ്രിട്ടീഷ് മിലിറ്ററി ആയിരുന്നു ഹേഗ് ബാരക്സ്. പെരുച്ചാഴി, പട്ടി, പൂച്ച, കാക്ക മുതലായ ജന്തുക്കളെ കൊന്ന് ചുട്ടും പുഴുങ്ങിയും ഭക്ഷണമാക്കിയ മനുഷ്യത്വരഹിതമായ എല്ലാ സ്വഭാവ സവിശേഷതകളുടേയും മൂർത്തീ ഭാവങ്ങളായിരുന്നു ആ റെജിമെന്റിൽ ഉണ്ടായിരുന്നത്. അതിന്റെ ഏഴയലത്ത്കൂടി പോലും നടന്ന് പോകാൻ ആളുകൾക്ക് ഭയമായിരുന്നു. എത്രയെത്ര സഹോദരിമാരുടെ കണ്ണുനീർ ആ സിവിൽ സ്റ്റേഷനകത്ത് ഉതിർന്നു വീണിട്ടുണ്ടാകും. എത്രയോ സാധാരണക്കാരുടെ ജീവൻ അവിടെ നഷ്ടപ്പെട്ടിട്ടുണ്ട്. മലപ്പുറത്തും പരിസര പ്രദേശങ്ങളിലും ആ പട്ടാളക്കാർ നടത്തിയ പേക്കൂത്തുകൾ തുല്യത ഇല്ലാത്തതാണ്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി എല്ലാം സഹിച്ചവരുടെ കഷ്ടപ്പാടിന്റെ ഓർമകളാണ് അവിടെയുള്ള പഴയ കെട്ടിടങ്ങളിൽ ഇന്നും കാണുന്ന ഓരോ നമ്പറുകളും അടയാളങ്ങളുമൊക്കെ. സ്വാതന്ത്ര്യം കിട്ടി ഏറനാട് വള്ളുവനാട് താലൂക്കുകൾ ഉൾപ്പെടുത്തി ഒരു ജില്ല വന്നു. ജില്ലാ ആസ്ഥാനമായി മുണ്ടുപറമ്പിലെ ഇന്നത്തെ ഗവ.കോളേജാണ് വന്നത്. പിന്നീട് മുസ്ലിം ലീഗിന് സർക്കാറിൽ മേധാവിത്വമായ അധികാരം ലഭിച്ചപ്പോൾ ആ ഹെഗ് ബാരക്സിനെ ഇവിടെ നിന്ന് കരകടത്തി. ആസ്ഥാനത്ത് സിവിൽ സ്റ്റേഷനും ജില്ലാ പഞ്ചായത്ത് ഓഫീസും ഒക്കെ കൊണ്ടു വരികയും സാധാരണക്കാരന്റെ ആശാകേന്ദ്രമാക്കി മാറ്റുകയും ചെയ്തു. അവിടെയാണ് ഇന്ന് സ്ഫോടനം ഉണ്ടായിട്ടുള്ളത്. മലപ്പുറം കലക്ട്രേറ് നമ്മുടെ ആസ്ഥാനമാണ്. ഈ സ്ഫോടനത്തിന് പിന്നിൽ ആരായിരുന്നാലും ശരി അവർ ഇതിലൂടെ ശ്രമിക്കുന്നത് ഈ നാടിന്റെ സമ്പന്നമായ സമാധാനവും പരസ്പര സഹവർതിത്വവും ഇല്ലാതാക്കാനാണ്. ഇത് മലപ്പുറത്തുകാർക്ക് പരിചിതമായ ഒരു കൃത്യമല്ല. നമ്മുടെ രാജ്യത്ത് പല സ്ഥലങ്ങളിലും ഉത്തരം ദുരൂഹമായ പല സ്ഫോടനങ്ങളും ഇടക്കിടക്ക് നടന്ന് കൊണ്ടിരിക്കുന്നു. ഈ സംഭവം കേട്ടപ്പോൾ എനിക്ക് ഓർമ വരുന്നത് 1993 ലെ താനൂരിൽ നടന്ന ബോംബ് സ്ഫോടനമാണ്. ശ്രീശാന്ത് എന്ന ഒരു ആറെസെസുകാരനാ

ണ് അന്ന് കൊലചെയ്യപ്പെട്ടത്. സ്വന്തം താമസ സ്ഥലത്ത് വെച്ച് ബോംബ് എറിയുകയും അത് മുസ്‌ലിം സമുദായത്തിന്റെ പേരിൽ കെട്ടിവെക്കുകയും അത് വഴി മലപ്പുറത്ത് കലാപത്തിന് ശ്രമിക്കുകയും ആയിരുന്നു ലക്ഷ്യം എന്നാണ് പോലീസ് അന്വേഷണത്തിൽ തെളിഞ്ഞത്. അന്നത്തെ ജില്ലാ പോലീസ് സൂപ്രണ്ടായ അരുൺകുമാർ സിൻഹ ഐ.പി.എസ്. പറഞ്ഞത് മല പ്പുറം ജില്ലയെ ദൈവം രക്ഷിച്ചു എന്നാണ്, തീവ്ര വാദികളും ഫാസിസ്റ്റുകളും രാജ്യത്തിന്റെ സ്വാസ്ഥ്യം കെടുത്താൻ ശ്രമിക്കുമ്പോൾ മുസ്‌ലിം ലീഗ് ശ്രമി ക്കുന്നത് ജനാധിപത്യ പോരാട്ടത്തിലൂടെ ഒരു ജനതയുടെ ആത്മാഭിമാനവും അവകാശവും നേടിയെടുക്കാനാണ്. അറിയപ്പെടുന്നവരും അല്ലാത്തവരുമായ അനേകായിരങ്ങൾ ഇതിന് വേണ്ടി ത്യാഗം ചെയ്തിട്ടുണ്ട്. ആ ഒരു സൗഹൃദ അന്തരീക്ഷം തകർക്കാൻ ഒരു ശക്തിയേയും നാം അനുവദിച്ചുകൂടാ. നമ്മു ടെ അവകാശങ്ങളും സുരക്ഷയും ജനാധിപത്യ മാർഗ്ഗത്തിലൂടെ തന്നെ നമു ക്ക് ഉറപ്പ് വരുത്താം. അതിന് നമുക്കീ അർദ്ധ ചന്ദ്ര താരാങ്കിതമായ ഹരിത പതാകയുടെ കീഴിൽ മുസ്‌ലിം ലീഗിന്റെ പാതയിൽ അടിയുറച്ച് നിൽക്കാം.

2016 നവംബർ 3

ഇന്ത്യൻ മുസ്‌ലിംകളെ പാക്കിസ്ഥാനിലേക്ക് അയക്കുന്നവരോട്

ഇന്ത്യയുടെ അറുപത്തി ഏഴാം ആണ്ടിലും നരേന്ദ്ര മോദിയുടെ ആളു കൾ പറയുന്നത് മോദിയെ വിമർശിച്ചാൽ പാക്കിസ്ഥാനിലേക്ക് പോകേണ്ടി വരുമെന്നാണ്. ഞങ്ങൾക്കൊന്നേ അവരോട് പറയാനുള്ളൂ.

ഈ രാജ്യം ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യാനിയുമടങ്ങുന്ന ഒട്ടനവധി മത വിശ്വാസികളുടേതാണ്. ഈ രാജ്യം മതമുള്ളവന്റേയും മതമില്ലാത്തവന്റേയും മാതൃരാജ്യമാണ്. ഈ രാജ്യം വിട്ട് പോകാൻ പറയാൻ അവകാശമുള്ള ഒരാ ളെയും ഇന്ത്യ പ്രസവിച്ചിട്ടില്ല. മാപ്പിളപ്പാട്ട് ശാഖയിലെ കുഞ്ചൻ നമ്പ്യാരെന്ന് വിശേഷിക്കപ്പെട്ട, ജനകീയ പ്രശ്നങ്ങൾ വിഷയങ്ങളാക്കി പാട്ടുകൾ രചിച്ച പ്രശസ്ത കവി പുലിക്കോട്ടിൽ ഹൈദർ സാഹിബ് ഒരിക്കൽ പാടിയിട്ടുണ്ട്.

പാക്കിസ്ഥാനിൽ പോകൂല
പാക്കിസ്ഥാനികളാകൂല
പാക്കിസ്ഥാനിലയ്ക്കണ
നിങ്ങളെ അപ്പരിപ്പിനി വേവൂല.

ഞങ്ങളോട് പാക്കിസ്ഥാനിലേക്ക് പോകാൻ പറയാൻ മാത്രമുള്ള രാജ്യ സ്നേഹികളൊന്നുമല്ല നിങ്ങൾ. പാക്കിസ്ഥാൻ എന്ന് പറയുന്നത് ഒരു അന്യ രാജ്യമാണ്. നമുക്ക് ആ രാജ്യവുമായി ഒരു ബന്ധവും ഇല്ല. ഞങ്ങളോരും

അവിടെനിന്ന് ചേക്കേറിയവരുമല്ല എന്നാൽ എൽ.കെ.അദ്വാനി പാക്കിസ്ഥാനിൽ നിന്ന് വന്നതാണ്. അധ്വാനിയുടെ ബന്ധുക്കൾ ഇന്നും അവിടെയുണ്ട്.

ഞാൻ ചോദിക്കട്ടെ, ലോകത്തിലെ ഏറ്റവും വലിയ പ്രതിമ സ്ഥാപിക്കുന്നുണ്ട്. നരേന്ദ്ര മോദി ഗുജറാത്തിൽ സർദാർ വല്ലഭായി പട്ടേലിന്റേതാണാ പ്രതിമ. വല്ലഭായി പട്ടേൽ ആണത്രെ മോദിയുടെ രാഷ്ട്രീയ ഗുരു!!

ബ്രിട്ടീഷ് സാമ്രാജ്യവും ഇന്ത്യയുടെ ദേശീയ നേതാക്കളായിരുന്ന നെഹ്റുവും പട്ടേലും ഒപ്പ് വെച്ചിട്ടില്ലായിരുന്നെങ്കിൽ വിഭജന കരാർ പൂർത്തിയാകുമായിരുന്നില്ല. പാക്കിസ്ഥാൻ എന്ന രാജ്യമേ ഉണ്ടാകുമായിരുന്നില്ല. പാക്കിസ്ഥാൻ ഇന്ത്യയെ ആക്രമിച്ച സമയത്ത് പാക്കിസ്ഥാനോടുള്ള ഇന്ത്യൻ മുസ്ലിംകളുടെ നിലപാടിനെ കുറിച്ച് മഹാനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബിനോട് പത്രക്കാർ ചോദിച്ചപ്പോൾ, ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് പാക്കിസ്ഥാനല്ല എന്റെ സംസ്കാരത്തിന്റെ പിതൃഭൂമിയായ, ഞാൻ അഞ്ച് നേരം സുജൂദ് ചെയ്യുമ്പോൾ എന്റെ മനതാരിൽ തെളിഞ്ഞ് വരുന്ന പരിശുദ്ധ കഅബാലയം സ്ഥിതിചെയ്യുന്ന എന്റെ പുണ്യ പ്രവാചകന്റെ മദീന മുനവ്വറ ഉൾക്കൊള്ളുന്ന സൗദി അറേബ്യ തന്നെ ഇന്ത്യയെ ആക്രമിച്ചാലും ആ സൗദി പട്ടാളക്കാരനെ അരിഞ്ഞ് വീഴ്ത്തി ഭാരതാംഭയുടെ അഭിമാനം കാക്കാൻ ഇന്ത്യൻ മുസ്ലിംകളുണ്ടാവും ഇത് ഞങ്ങളുടെ രാജ്യമാണ് 'ഹുബ്ബുൽ വത്വനി മിനൽ ഈമാൻ' എന്നായിരുന്നു സി.എച്ചിന്റെ മറുപടി.

ഈ രാജ്യ സ്നേഹവും ആത്മാഭിമാനവും മനസിൽ പേറി നടക്കുന്നവരോട് രാജ്യം വിട്ട് പോകാൻ ആക്രോശിക്കുന്നവരാണ് യഥാർത്ഥ രാജ്യദ്രോഹികൾ എന്ന് മാത്രമാണ് ഇത് സംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

ഇന്ത്യ പെറ്റമ്മയെ പോലെ നാം സ്നേഹിക്കേണ്ട നമ്മുടെ അമ്മ നാടാണ്.

2015 ജനുവരി

ബാബരി ധ്വംസനത്തിന് 24 വയ്സ്സ്

ഇന്ന് ഡിസം.6

1992 ഡിസം: 6 നാണ് ഇന്ത്യൻ മതേതരത്വത്തിന്റെ പ്രതീകമായ ബാബറി മസ്ജിദ് ഒരു സംഘം രാജ്യദ്രോഹികളാൽ തകർക്കപ്പെട്ടത്.

മുഗൾ ചക്രവർത്തിയായിരുന്ന ബാബറിന്റെ സേനാനായകൻ വഖഫ് ഭൂമിയിൽ പണികഴിപ്പിച്ച ആ ദേഹം ഈ രാജ്യത്തെ ഫാസിസ്റ്റ് ശക്തികൾ അവരുടെ രാഷ്ട്രീയ അജണ്ടകൾ നടപ്പിലാക്കുന്നതിന് വേണ്ടി ചരിത്രസത്യങ്ങളെ വികലമാക്കിയാണ് രാമജന്മഭൂമിയാണെന്ന് പ്രചരിപ്പിച്ചത്. 450 വർഷക്കാലം മുസ്ലിംകൾ സുജൂദ് ചെയ്ത ദൈവിക ഭവനത്തിൽ 1948 ലാണ് വിഗ്രഹം സ്വയംഭൂവായി എന്ന കള്ളം പ്രചരിപ്പിച്ച് പ്രശ്നമുണ്ടാക്കുന്നത്.

എൽ കെ അദ്വാനിയുടെ രഥയാത്രയോടെ പ്രശ്നം രൂക്ഷമായി. പിന്നീട്

നരസിംഹറാവു ഗവൺമെന്റ് ഇന്ത്യ ഭരിക്കുന്ന സന്ദർഭത്തിലാണ് ഒരു സംഘം കർസേവകർ പള്ളി തകർത്ത് താൽക്കാലിക ക്ഷേത്രമുണ്ടാക്കി ആരാധന ആരംഭിക്കുന്നത്. കല്യാൺ സിങ്ങിന്റെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാറായിരുന്നു ഈ സമയത്ത് യു.പി. ഭരിച്ചിരുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. ബാബരി മസ്ജിദിന്റെ തകർച്ചയെ കുറിച്ച് അന്നത്തെ ഉപരാഷ്ട്രപതിയും പിന്നീട് രാഷ്ട്രപതിയുമായ കെ.ആർ. നാരായണൻ പറഞ്ഞത് ഗാന്ധിജിയുടെ വധത്തിന് ശേഷം ഇന്ത്യ കണ്ട ഏറ്റവും വലിയ രണ്ടാമത്തെ ദുരന്തം എന്നായിരുന്നു.

സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ പറഞ്ഞത് പോലെ അത് തകർത്തത് ഇന്ത്യയുടെ ശത്രുക്കളാണ് ആ ഹിന്ദുത്വ ശക്തികളെ ഒരിക്കലും നമുക്ക് ഹിന്ദുക്കളായി കാണാനാവില്ല. ഇന്ത്യൻ മതേതരത്വത്തോട് നീതി പുലർത്താൻ ബാബരി മസ്ജിദ് യഥാസ്ഥാനത്ത് പണി കഴിപ്പിക്കേണ്ടതുണ്ട്. ജസ്റ്റിസ് ലിബർഹാൻ കമ്മീഷന്റെ കണ്ടെത്തലുകൾ അനുസരിച്ച് ബാബരി ധ്വംസനത്തിലെ കുറ്റക്കാർക്കെതിരെ നടപടി എടുക്കേണ്ടതുണ്ട്. ന്യൂനപക്ഷ പിന്നാക്ക ദലിതുകളടക്കം ഇന്ത്യയിലെ മുഴുവൻ മത, ഭാഷാ വിഭാഗങ്ങളുടെയും വിശ്വാസവും ആത്മവിശ്വാസവും സംരക്ഷിക്കുമ്പോഴാണ് നമ്മുടെ രാജ്യം പുരോഗതിയിലേക്ക് എത്തിച്ചേരുക.

ആ രാഷ്ട്ര പുരോഗതിക്കും ഇന്ത്യാ രാജ്യത്തിന്റെ മഹത്തായ പാരമ്പര്യവും അന്തസ്സും നില നിർത്തുന്നതിന് വേണ്ടിയും മതേതര സമൂഹത്തോട് രാജ്യത്തിന്റെ പ്രതിബദ്ധത തെളിയിക്കേണ്ടതിനും മസ്ജിദ് യഥാസ്ഥാനത്ത് പുനർ നിർമ്മിക്കേണ്ടതുണ്ട്. ഈ ആവശ്യം ഉന്നയിച്ച് കൊണ്ട് കേരള നിയമസഭ ഐക്യകണ്ഠേനെ പാസാക്കിയ പ്രമേയത്തിന് ഇന്നും പ്രസക്തിയുണ്ട്. നിർഭാഗ്യകരമെന്നു പറയട്ടെ ഇന്നു ഇന്ത്യ ഭരിക്കുന്നത് മതേതര പൈതൃകത്തിലും മതനിരപേക്ഷതയിലും ഒട്ടും വിശ്വാസമില്ലാത്ത സംഘ് പരിവാർ ദുശ്ശക്തികളാണ്. അവർക്കെതിരായ ഒരു ജനാധിപത്യ മതേതര കൂട്ടായ്മക്ക് ഇന്ത്യയിലെ മുഴുവൻ വർഗ്ഗീയ വിരുദ്ധ ശക്തികളും ഒരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമായി വന്നിരിക്കുന്ന ഈ സാഹചര്യത്തിൽ, ജനാധിപത്യവും മതേതരത്വവും കാത്ത് സൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ ഒരു സർക്കാറിന് വേണ്ടി വരാനിരിക്കുന്ന നാളുകളിൽ പ്രവർത്തിക്കാൻ നമുക്ക പ്രതിജ്ഞയെടുക്കാം...

2016 ഡിസംബർ 6

ഇന്ദിര ആവാസ് യോജന
മലപ്പുറം മോഡൽ യാഥാർത്ഥ്യമെന്ത്?

ഇന്ദിര ആവാസ് യോജന ഭവന പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ന്യൂനപക്ഷങ്ങൾക്ക് പരമാവധി കിട്ടുന്ന ധനസഹായം എഴുപതിനായിരം

രൂപയാണ്. അത് അറുപതിനായിരവും അതിന് താഴെയുമാവാം. എഴുപതിനായിരം തന്നെ കിട്ടിയാലും ഏത് മലയാളി മുസ്‌ലിമിനാണ് വീട് വെക്കാൻ സാധിക്കുക?

ഉത്തരേന്ത്യയിലെ ഇടുങ്ങിയ ഗല്ലികളിലും കോളനികളിലും കഴിയുന്ന പാവപ്പെട്ട മുസ്‌ലിംകൾക്ക് ഈ സംഖ്യ കൊണ്ട് ഒരു പക്ഷെ വീടുണ്ടാക്കാൻ കഴിഞ്ഞെന്ന് വരാം. കേന്ദ്ര ഭവന പദ്ധതിയിൽ നിന്ന് ധനസഹായം സ്വീകരിച്ചയാൾക്ക് പിന്നീട് ഗവൺമെന്റിൽ നിന്ന് വീട് നിർമ്മാണത്തിനായി യാതൊരു വിധ ആനുകൂല്യവും ലഭിക്കില്ല. അതിനാണോ ഈ മുതലക്കണ്ണീർ ഒലിപ്പിക്കുന്നവർ ശ്രമിക്കുന്നത്. എഴുപതിനായിരം രൂപക്ക് ഒരു വിറക് പുര എടുക്കാൻ കേരളത്തിൽ സാധിക്കുമോ? കേരളീയ മുസ്‌ലിംകളുടെ സാമൂഹിക ചുറ്റുപാട് ഇതിനൊക്കെ മുകളിലാണ്. മുസ്‌ലിം ലീഗ് നിർമ്മിച്ച് നൽകുന്ന ബൈത്തുറഹ്‌വക്ക് പോലും എട്ട് ലക്ഷവും അതിന് മുകളിലുമാണ് ചിലവ്. മഞ്ചേരി ജില്ലാ ആശുപത്രിക്ക് വേണ്ടി ഫണ്ട് പിരിച്ചിട്ടുണ്ട്. ശരി തന്നെയാണ്. അതൊരിക്കലും ഗവൺമെന്റ് ഫണ്ട് ലഭിക്കാത്തത് കൊണ്ടല്ല ഈ ആരോപണതൊഴിലാളികൾ കേരളത്തിലെ ഗവ. ഹോസ്പിറ്റലുകളിൽ പോയി നോക്കൂ അവിടങ്ങളിൽ വാർഡിലെ അസൗകര്യം മൂലം രോഗികൾ നിലത്ത് പായ വിരിച്ച് കിടക്കുന്നത് കാണാം. മഞ്ചേരി ജനറൽ ആശുപ്ത്രിയിൽ ഒരു രോഗിയും നിലത്ത് കിടക്കുന്നില്ല. ബെഡും സ്ട്രെച്ചറും മറ്റ് ഭൗതിക സാഹചര്യങ്ങളും ഇഷ്ടം പോലെ. ഇതെന്ത് കൊണ്ട് സംഭവിച്ചു മലപ്പുറം ജനത മത, കക്ഷി രാഷ്ട്രീയ ഭേദമന്യേ സമൂഹത്തിന്റെ നാനാതുറകളിലുമുള്ളവർ ഒത്തൊരുമിച്ച് നിന്ന് പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്ത ജനറൽ ആശുപ്ത്രി ഫണ്ടിലേക്ക് നിർലോഭം ധനസഹായം നടത്തി. ഇതിലെന്താണ് കുഴപ്പം. തന്നെയുമല്ല ഗവൺമെന്റിൽ നിന്ന് കിട്ടാവുന്ന ഒരു ഫണ്ട് പോലും പാഴാക്കിയിട്ടില്ല. എം.എൽ എമാരും ടി.കെ. ഹംസ ഒഴിച്ചുള്ള എം.പി.മാരും ആശുപത്രി വികസനത്തിലേക്ക് ഫണ്ട് നൽകി. ശിഹാബ് തങ്ങൾ ജനറൽ ഹോസ്പിറ്റൽ എന്ന് പേരിട്ടത് ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പ് മന്ത്രി ആയപ്പോഴാണ്. ഗവൺമെന്റിന്റെ ധനസഹായം കൊണ്ട് ചെയ്യാവുന്ന വികസന പ്രവ്യത്തിയിൽ പരിമിധിതപ്പെടുത്താതെ ഭൗതിക സാഹചര്യങ്ങൾക്ക് മറ്റ് വഴികൾ കൂടി തേടുന്നത് തെറ്റാണോ? മലപ്പുറം ജില്ലയുടെ ഖ്യാതി ലോകത്തോളം ഉയർത്തിയ ഈ സംഭവങ്ങളിലെ നന്മ മനസിലാക്കാൻ ഇടുങ്ങിയ ചിന്താഗതിക്കാർക്ക് സാധിക്കില്ല.

2015 ഡിസംബർ

"ആരുടെ വോട്ട് വേണം" "ആരുടെ വോട്ട് വേണ്ട"

വോട്ട് വേണ്ടാ എന്ന് പറയുന്നത് ജനാധിപത്യ വിരുദ്ധ നിലപാടാണ്. വോട്ട് വേണം എന്ന പറയുന്നതാണ് ജനാധിപത്യം. യു.ഡി.എഫിന്റെ ഭാഗമായ മുസ്‌ലിം ലീഗ് ഓരോ തെരഞ്ഞെടുപ്പിനെയും നേരിടുന്നത് ഐക്യജനാ

ധിപത്യ മുന്നണി വോട്ടർമാർക്ക് മുന്നിൽ അവതരിപ്പിക്കുന്ന പ്രകടനപത്രിക അടിസ്ഥാനമാക്കിയാണ്. ആ പ്രകടനപത്രികയിൽ കൂടിയാണ് നമ്മൾ നമ്മുടെ നിലപാടുകളും അധികാരത്തിലെത്തിയാലുള്ള വാഗ്ദാനങ്ങളും ജനങ്ങളെ അറിയിക്കുന്നത്. ജനാധിപത്യ മുന്നണിയുടെ നിലപാടുകൾ അംഗീകരിക്കുന്ന, പ്രകടന പത്രിക അംഗീകരിക്കുകയും മണ്ഡലങ്ങളിൽ നമ്മൾ നടപ്പിലാക്കുന്ന വികസന വാഗ്ദാനങ്ങളെ വിശ്വാസത്തിലെടുക്കുകയും ചെയ്യുന്ന ഇന്ത്യയുടെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കെടുക്കുന്ന ഏതൊരാൾക്കും വോട്ട് ചെയ്യാം. കാശ്മീർ തീവ്രവാദിയുടെ പോലും വോട്ട് വേണ്ടാ എന്ന് ഈ രാജ്യത്ത് ആരും പറയാറില്ലല്ലൊ. സാധാരണ ഗതിയിൽ ഒരാൾ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാവുന്നതും മത്സരിക്കുന്നതും ജയം അവകാശപ്പെട്ടുകൊണ്ടാണ്. പ്രചരണം നടത്തുന്നതും വോട്ടഭ്യർത്ഥിക്കുന്നതും ആ നാട്ടിലെ എല്ലാ വോട്ടർമാരോടുമാണ്. ആരെയും തരം തിരിച്ച് പ്രചരണം നടത്താൻ സാധിക്കില്ല. അത് കൊണ്ട് വോട്ട് വേണ്ടാ എന്ന് പറയുന്നത് ഏതൊരു സ്ഥാനാർത്ഥിക്കും കരണീയമല്ല എന്നാണ് ഈ വിഷയത്തിലുള്ള എന്റെ വിനീത അഭിപ്രായം.

2016 ഏപ്രിൽ

കോടതി വിധിയും സ്വകാര്യ സ്ക്കൂളുകളും

കേരളത്തിൽ ഇപ്പോൾ ഇടതുപക്ഷ ബുദ്ധി ജീവികൾ കരുതിക്കൂട്ടി വിവാദമാക്കാൻ ശ്രമിക്കുന്ന ഒന്നാണ് കോടതി ഉത്തരവ് പ്രകാരം വിദ്യാർത്ഥികൾ കുറവായ സ്ക്കൂളുകൾ അടച്ചുപൂട്ടാൻ ഉത്തരവായ പ്രശ്നം. ഇതിൽ മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ അബ്ദുറബ്ബിനേയും മുസ്ലിം ലീഗിനേയും പ്രതിക്കൂട്ടിൽ നിർത്താൻ ചിലർ ശ്രമിക്കുന്നുണ്ട്. മീഡിയയിൽ ആളാവാനുള്ള താൽപര്യമാണോ എന്നറിയില്ല നമ്മുടെ പക്ഷത്തുള്ള ചിലരും ഈ ആരോപണത്തിന് കുടപിടിക്കുന്നുണ്ട്. 1000 ഉം 500 ഉം ഒക്കെ കുട്ടികൾ പഠിച്ചിരുന്ന എയ്ഡഡ് സ്ക്കൂളുകളിൽ കുട്ടികൾ തുലോം ചുരുങ്ങിയപ്പോൾ സ്ക്കൂളുകൾ നടത്തി കൊണ്ട് പോകാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ എന്ത് ചെയ്യണം? ആ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയാനുള്ള കാരണം എന്താണ്. ഈ ബഹളം ഉണ്ടാക്കുന്നവരിൽ എത്ര പേരുണ്ട് സ്വന്തം നാട്ടിലെ സ്ക്കൂളുകളിൽ കുട്ടികളെ പഠിപ്പിക്കുന്നവർ (ഓരോ പൊതു വിദ്യാലയവും ആ നാടിന്റെ പൊതു സ്വത്താണ്. അത് സംരക്ഷിച്ച് നിർത്തണ്ടവർ തന്നെ തങ്ങളുടെ മക്കളെ വൻ തുക വാങ്ങി അധ്യയനം നടത്തുന്ന അന്യദേശത്തെ സ്ക്കൂളുകളിൽ അയക്കുന്നു. പണ്ട് നാട്ടിലുള്ള വിദ്യാർത്ഥികൾ എല്ലാം ഒരു പള്ളിക്കൂടത്തിന് കീഴിൽ പഠിച്ചപ്പോൾ ഇന്ന് ഒരു വീട്ടിലെ കുട്ടികൾ തന്നെ പല സ്ക്കൂളുകളിൽ പഠിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. അത് കൊണ്ട് പൊതുവിദ്യാലയങ്ങളുടെ നിലനിൽപ് പ്രതിസന്ധിയിലായെങ്കിൽ അതിൽ അബ്ദുറബ്ബ് എന്ത്

പിഴച്ചു.) മറ്റൊരു ശ്രദ്ധേയ വസതുത വിദ്യാഭ്യാസ വകുപ്പ് സ്ക്കൂളുകൾ അടച്ച് പൂട്ടാൻ അനുമതി നൽകാത്തത് കൊണ്ടാണ് സ്വകാര്യ മാനേജ്മെന്റുകൾ കോടതിയിൽ പോയി അനുകൂല വിധി സമ്പാദിച്ചത്. കേരളത്തിലെ രൂക്ഷമായ വിലക്കയറ്റവും മന്ത്രിമാരുടെ വിടുവായത്തവും അഭ്യന്തര വകുപ്പിന്റെ വീഴ്ചയും തുടങ്ങി മാറ്റമില്ലാതെ തുടരുന്ന ഭരണ കൊടുകാര്യസ്ഥത ചർച്ചയാവാതിരിക്കാൻ വേണ്ടിയാണ് ഇത്തരം ഒരു വിഷയം ഇപ്പോൾ എടുത്തിരിക്കുന്നത് എന്ന കാര്യം ജനാധിപത്യ കേരളത്തിന് നന്നായറിയാം. ഇക്കാര്യത്തിൽ മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി അബ്ദുറബ്ബിനെ ആക്ഷേപിക്കാനുള്ള ആരുടെയും ശ്രമം വിലപോവില്ല എന്ന് മാത്രം അറിയിക്കുന്നു.

2016 ജൂൺ

ബഹുസ്വര സമൂഹത്തിലെ മുസ്ലിം

കേരളത്തിൽ ചില ചെറുപ്പക്കാര കാണാതായതുമായി ബന്ധപ്പെട്ട് പല വിധ ഊഹാപോഹങ്ങളും വിവാദങ്ങളും പ്രചരിക്കുന്നുണ്ട്.

ആഗോള അടിസ്ഥാനത്തിലുള്ള തീവ്രവാദവും ഭീകരവാദവും വർഗ്ഗീയതയും ഏതെങ്കിലുമൊരു മതവുമായി ബന്ധപ്പെട്ടതല്ല എന്ന് എല്ലാവർക്കും അറിയാം. ലോകത്ത് അധിവസിക്കുന്ന 180 കോടിയിൽപരം മുസ്ലിംകളിൽ അര ശതമാനത്തിന് താഴെപോലും ഇത്തരം ചിന്താഗതിക്കാർ ഇല്ല. ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ഹൈന്ദവ വിശ്വാസികളിൽ വളരെ ചെറിയൊരു വിഭാഗമാണ് വർഗ്ഗീയ ചിന്താഗതിക്കാരായിട്ടുള്ളത്. കമ്യൂണിസ്റ്റ്കാർക്കിടയിലും മാവോയിസ്റ്റുകളും നക്സലൈറ്റുകളും ഭീകരവാദം പ്രചരിപ്പിക്കുന്നവരുണ്ട്. അവരും എണ്ണത്തിൽ വളരെ കുറവാണ്. പക്ഷെ വളരെ ഗൗരവത്തിൽ തന്നെ ഇത്തരം വിഷയത്തെ നാം സമീപിക്കേണ്ടതുണ്ട്. എങ്ങിനെയാണ് ചെറുപ്പക്കാർ ഇത്തരം ചതിക്കുഴിയിൽ വീഴുന്നത്? ഏത് മതമായാലും ദർശനമായാലും അതിന്റെ യഥാർത്ഥ സത്ത പഠിക്കാനും മനസ്സിലാക്കാനും സാധിക്കുന്നത് ഗുരുക്കൻമാരിൽ നിന്നും ആചാര്യൻമാരിൽ നിന്നുമാണ്. കാലം മാറി എല്ലാം ഗൂഗിൾ, യൂറ്റ്യൂബ് മുതലായ ആധുനിക വിവരസാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് ആർക്കും സ്വായത്തമാക്കാമെന്നായി. അത് തന്നെയാണ് ഈ അപചയങ്ങളുടെ ആക്കം വർദ്ധിപ്പിക്കുന്നതും, പ്രവാചകന്റെ (സ) കാലത്ത് തന്നെ ഇസ്ലാം കേരളത്തിൽ എത്തിയെന്ന് ചരിത്രത്തിൽ കാണാം. മതവിരുദ്ധമല്ലാത്ത എല്ലാ ആചാരങ്ങളിലും സംസ്കാരങ്ങളിലും ഇടപഴകിയാണ് അന്ന് മുതലേ മുസ്ലിം സമൂഹം കേരളത്തിൽ ജീവിച്ചു പോന്നത്. വേഷവും ഭാഷയും ഭക്ഷണ രീതി പോലും ഒന്ന് തന്നെ. ലോക പ്രശസ്തരായ പണ്ഡിതൻമാർ പോലും തലപ്പാവും തൊപ്പിയും അണിയുന്നതിനപ്പുറത്ത് വേഷത്തിൽ പ്രകടമായ ഒരു മാറ്റം അവരാരും സ്വീകരിച്ചിരുന്നില്ല. നേർച്ചകളിലും ആണ്ടറുതികളിലും ആഘോഷങ്ങളിലുമെല്ലാം കേരളീയ തനിമ ദർശിക്കാനാവും. മസ്ജിദും ആദാനും നമ്മൾ പള്ളിയും ബാങ്കും ആക്കി. കേരളത്തിൽ

മുസ്‌ലിംകളുടെ പേരുകൾ പോലും മലയാളവൽക്കരിച്ചു. ഇന്ന് ഫേസ് ബുക്ക് വാട്സാപ്പ്, യൂറ്റ്യൂബ് തുടങ്ങിയ സോഷ്യൽ മീഡിയയിൽ നിന്ന് സെർച്ച് ചെയ്ത് പഠിച്ച് അറിവ് നേടി കമ്പ്യൂട്ടർ ഉപയോഗിച്ച് പ്രഭാഷണം നടത്തുന്ന വരേക്കാൾ എത്രയോ വലിയ പണ്ഡിതൻമാർ ജീവിച്ച് കാണിച്ച് തന്ന മഹിതമായ മാതൃകയെ നിരാകരിച്ച് മുസ്‌ലിംകൾ മാത്രം ജീവിക്കുന്ന അറേബ്യൻ നാടുകളിലെ സംസ്കാരത്തെ ഇന്ത്യൻ ബഹുസ്വര സമൂഹത്തിലേക്ക് പറിച്ച് നടാനുള്ള ശ്രമം നല്ലതല്ല. ഈദ് മുബാറക് പറയുന്നതിൽ തെറ്റ് കണ്ടെത്തുകയും തകബ്ബലല്ലാഹു മിന്നാവമിൻ കും എന്ന് പറയണമെന്ന് ശഠിക്കുകയും ചെയ്യുമ്പോൾ ഇവിടെ നഷ്ടപ്പെടുന്നത് ആഘോഷ വേളകളിലെ വിത്യസ്ത മതവിശ്വാസികൾ തമ്മിലുള്ള പരസ്പര കൂടിചേരലുകളാണ്.

ഗൾഫ് സലഫിസത്തിന്റെ സ്വാധീനത്തിൽ പെട്ട് നാം നമ്മളിലേക്ക് മാത്രം ചുരുങ്ങാതെ ഒരു ബഹുസ്വര സമൂഹത്തിൽ എങ്ങിനെ ജീവിക്കണം എന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ച് തന്ന നമ്മുടെ കാരണവൻമാരുടേയും പണ്ഡിത നേതാക്കളുടേയും മാതൃകകളെ പിൻപറ്റി ജീവിച്ച് യുവാക്കളിൽ സങ്കുചിത മനസ്ഥിതിയും തീവ്ര വാദ ചിന്താഗതിയും സ്വാധീനിക്കപ്പെടാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്.

2017 ജൂൺ 6

ദേശീയ ഗാനം

ദേശീയ ഗാനം നമ്മുടെ ആത്മാഭിമാനത്തിന്റെ പ്രതീകമാണ്.

ഓരോ ഇന്ത്യക്കാരന്റേയും ആത്മാഭിമാനം ഉണർത്തുന്ന ഒന്നാണ്. സിനിമാ തീയ്യേറ്ററുകളിൽ പടം പ്രദർശിപ്പിക്കുന്നതിന് മുമ്പേ ദേശീയഗാനം ആലപിക്കണമെന്നും സ്ക്രീനിൽ ദേശീയ പതാക പ്രദർശിപ്പിക്കണമെന്നും പ്രേക്ഷകർ ഒന്നടങ്കം എഴുന്നേറ്റ് ആദരവ് പ്രകടമാക്കണം എന്നൊക്കെയുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് പൗരാവകാശത്തിന്റെ മേലിലുള്ള അടിച്ചേൽപ്പിക്കലായി മാറാതിരിക്കാൻ നാം ജാഗ്രത പുലർത്തേണ്ടതും ഗൗരവമായ ചർച്ചകൾ നടത്തേണ്ടതുമാണ്.

1985 ൽ കോട്ടയത്തെ ഒരു സ്ക്കൂളിൽ ദേശീയഗാനം ആലപിക്കുന്ന സമയത്ത് നാല് വിദ്യാർത്ഥികൾ എഴുന്നേറ്റ് നിൽക്കാതെ വന്നപ്പോൾ ദേശീയഗാനത്തെ അപമാനിച്ചു എന്ന് പറഞ്ഞ് സ്കൂൾ അധികൃതർ വിദ്യാർത്ഥികളെ സ്ക്കൂളിൽ നിന്നും പുറത്താക്കിയ സാഹചര്യത്തിൽ വിദ്യാർത്ഥികൾ ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയെ ധരിപ്പിക്കുകയും സ്ക്കൂൾ അധികൃതരുടെ നടപടിയെ ശരിവെക്കുന്നതായ രൂപത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കുകയും ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ വിഷയം എത്തിയ സാഹചര്യത്തിൽ അവരുടെ സ്വാതന്ത്ര്യത്തെ വകവെച്ചു കൊടുക്കുകയാണ് ഉണ്ടായത്. അവർ യഹോവാ മതത്തിൽപ്പെട്ട

വിശ്വാസികൾ ആയതുകൊണ്ട് അവരുടെ വിശ്വാസപരമായ ആചാരത്തിന് പരമോന്നത നീതിപീഠം നൽകിയ സ്വാതന്ത്ര്യം പുതിയ വർത്തമാനങ്ങളിൽ നൂറാവർത്തി വായിക്കപ്പെടേണ്ടതും വിലയിരുത്തപ്പെടേണ്ടതുമാണ്.

ഇന്ന് രാജ്യത്തുടനീളം ദേശീയതയുടെ പുതിയ അപ്പോസ്തലൻമാരായി ചമയുന്ന സംഘ് പരിവാർ യഥാർത്ഥത്തിൽ ഇന്ത്യയുടെ ദേശീയ ഗാനത്തേയും പതാകയേയും അംഗീകരിക്കാത്തവരാണ്. എന്നാൽ ദേശീയ ഗാനത്തെ കുറിച്ച് വിഭിന്ന അഭിപ്രായങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്. ബ്രിട്ടീഷ് രാജ കുമാരനായ ജോർജ്ജ് അഞ്ചാമൻ ഇന്ത്യയിൽ വന്ന സമയത്ത് അദ്ദേഹത്തെ പുകഴ്ത്തി രവീന്ദ്രനാഥ ടാഗോർ എഴുതിയ കവിതയാണ് ഇന്ത്യയുടെ ദേശീ ഗാനമെന്ന് പല ചരിത്രകാരൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ജനഗണമന അധി നായക ജയഹേ എന്ന ബംഗാളി ഭാഷയുടെ അർത്ഥം വരുന്നത് ജനങ്ങളുടെ മനസ്സിൽ അതിനായകൻ വിജയിക്കട്ടെ എന്നതാണെന്ന് ചേർത്ത് വെക്കുമ്പോ ഴാണ് ഇത്തരം വാദങ്ങൾക്ക് ബലം പകരുന്നത്. ഇതോടൊപ്പം തന്നെ പിന്നീട് വരുന്ന പഞ്ചാബ് സിന്ധ് ഗുജറാത്ത് മറാഠാ എന്ന വരികളിലെ സിന്ധ് ഇന്ന് പാക്കിസ്ഥാൻ പ്രവിശ്യയിലെ പ്രദേശവുമാണ്. അതുകൊണ്ട് തന്നെ ഭാരത ത്തിന് എല്ലായ്പ്പോഴും ഭീഷണി ഉയർത്തുന്ന നമ്മുടെ അയൽ രാജ്യമായ പ ാക്കിസ്ഥാനിലെ ഒരു പ്രദേശത്തിന്റെ പേര് വെച്ച് ദേശീയ ഗാനം ആലിക്കു ന്നത് ഇന്നും തിരുത്തപ്പെടാത്ത ചില ചോദ്യചിഹ്നങ്ങൾ ഉയർത്തുന്നുണ്ട്.

സ്വാതന്ത്ര്യ സമര ഭടന്മാർക്ക് പ്രചോദനം നൽകി ലോക പ്രശസ്ത ഉർദു കവിയായ സർ അല്ലാമാ മുഹമ്മദ് ഇഖ്ബാൽ രചിച്ച ദേശ സ്നേ ഹത്തിന്റെ മനോഹരകാവ്യമായ സാരേ ജഹാംസേ അച്ഛാ യും സാഹിത്യ ത്തിന് നൊബെൽ പുരസ്ക്കാരം കരസ്ഥമാക്കിയ രവീന്ദ്രനാഥ ടാഗോറിന്റെ ജനഗണമനയും പ്രശസ്ത ബംഗാളി കവിയായ ബങ്കിം ചന്ദ്ര ചാറ്റർജിയുടെ ആനന്ദമഠം എന്ന നോവലിൽ ദുർഗാപൂജയുടെ ഘട്ടത്തിൽ ഭൂമി ദേവിയെ വന്ദിക്കുന്ന വന്ദേമാതരവും ദേശീയഗാനമായി തിരഞ്ഞെടുക്കുന്നതിന് ഭരണ ഘടനാ നിർമ്മാണ സഭയിൽ ചർച്ചക്ക് വന്നിരുന്നു. എന്നാൽ സ്വരേ ജഹാംസേ അച്ഛാ എന്ന ഇഖ്ബാൽ കവിതക്കും വന്ദേമാതരത്തിനും എതിർപ്പ് വന്നു.

ബംഗ്ലാദേശിന്റെ ദേശീയഗാനവും ടാഗോർ എഴുതിയതാണ്. എന്നാൽ ജനഗണനമന ദേശീയഗാനമായി തിരഞ്ഞെടുക്കപ്പെടുകയാണ് ഉണ്ടായത്. അതിനാൽതന്നെ അന്ന് മുതൽ രാജ്യത്തെ ഓരോ പൗരനും അതിനെ അം ഗീകരിക്കാനും ആദരിക്കാനും ബാധ്യസ്ഥനാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നടപടി വിപരീത ഫലം സൃഷ്ടിക്കുമെന്ന ആശങ്കക ളും മറച്ചുവെക്കാനാവില്ല.

2016 നവംബർ

അധ്യാപകൻ (ഫ്രന്റും ഫിലോസഫറും)

ഇന്ന് സെപ്റ്റംബർ 5 അധ്യാപകദിനമാണ്. ഗുരുനാഥൻ എന്നത് എത്ര മധുരസുന്ദരമായ പദമാണ്. നമ്മുടെ ഒക്കെ ഓർമ്മയിലുണ്ടാകും നമ്മളെ ഏറെ സ്വാധീനിച്ച ഒരു അധ്യാപകൻ. മഹാനായ സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അദ്ദേഹത്തെ ഏറെ സ്വാധീനിച്ച വ്യക്തികളെ കുറിച്ച് പറയുമ്പോൾ ഇടക്കിടക്ക് കോഴിക്കോട് എം.എം. ഹെസ്ക്കുളിൽ പഠിക്കുമ്പോൾ അവിടത്തെ ഹെഡ് മാസ്റ്റർ ആയിരുന്ന മുഹമ്മദ് മാസ്റ്ററെ കുറിച്ച് പറയുമായിരുന്നു. കേരളം കണ്ട എക്കാലത്തേയും മഹാനായ പ്രതിഭാശാലി മുൻ മുഖ്യമന്ത്രി സി.എച്ച്. മുഹമ്മദ് കോയ സാഹിബ് തന്റെ പ്രൈമറി അധ്യാപകനായിരുന്ന ഈസകുട്ടി മാസ്റ്ററെ കുറിച്ച് ആവേശത്തോടെ സംസാരിക്കുമായിരുന്നു. അത്തോളിയിലെ സർ സയ്യിദ് എന്നാണ് സി.എച്ച്. അദ്ദേഹത്തെ വിശേഷിപ്പിക്കാറ്. അങ്ങിനെ നമുക്കൊക്കെ ഉണ്ടാകും ജീവിതത്തിൽ സ്വാധീനം ചെലുത്തിയ അധ്യാപകൻ.

ഇന്ത്യയുടെ സംസ്ക്കാരം എന്ന് പറയുന്നത് മാതാ പിതാ ഗുരു ദൈവം എന്നാണ്. ഇസ്ലാം പഠിപ്പിച്ചതിന് മാതാപിതാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അധ്യാപകർക്ക് വേണ്ടിയും പ്രാർത്ഥിക്കണം എന്നാണ്. മഹാനായ അലക്സാണ്ടർ പറഞ്ഞത് ജീവൻ തന്നത് എന്റെ മാതാപിതാക്കളാണ് എന്നാൽ ജീവിതം തന്നത് എന്റെ ഗുരുനാഥനും പഴയകാല അധ്യാപക വിദ്യാർത്ഥി സങ്കൽപ്പത്തിൽനിന്ന് ഇന്ന് കാര്യങ്ങൾ ഏറെ മാറി. കാര്യങ്ങൾ ചൊല്ലി പഠിപ്പിച്ചിരുന്ന അധ്യാപകനിൽ നിന്ന് കൂടെ പഠിക്കാൻ സഹായിക്കാൻ ഒരു ഫെസിലിറ്റേറ്ററായി ഇന്നത്തെ അധ്യാപക വിദ്യാർത്ഥി സങ്കൽപ്പം മാറി കഴിഞ്ഞു. നാക്കും ചോക്കും ചൂരൽ വടിയുമായി ക്ലാസ് റൂമിലെ അധികാരിയിൽ നിന്ന് ഫ്രണ്ടും ഫിലോസഫറുമായി പുതിയ കാലത്തെ ഗുരുനാഥൻമാർ മാറികഴിഞ്ഞു.

അധ്യാപകൻ സമൂഹത്തിൽ വളരെ ആദരവും പരിഗണനയും അർഹിക്കുന്നവരാണ്. അതിനനുസരിച്ച് അവരുടെ സേവനവേതന വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. പുതിയ തലമുറയെ വാർത്തെടുക്കുന്ന ഈ സോഷ്യൽ എഞ്ചിനീയർമാർ സർവ്വീസ് കാര്യങ്ങളുടേയും ടി.എ. ഡി.എ കളുടെയും കുട്ടികളുടെ തലയെണ്ണി തസ്തിക ഉറപ്പിക്കലിന്റേയും നൂലാമാലകളിൽ ടെൻഷൻ ആവേണ്ടവരല്ല. അതിനനുസരണമായി അവരെ പരിഗണിക്കാൻ സർക്കാർ തയ്യാറാവേണ്ടതാണ്. അപ്പോഴേ പാഠ്യപദ്ധതി സംബന്ധമായ ചിന്തക്കും മനനത്തിനും അധ്യാപകർക്ക് സമയം ലഭിക്കു.

അധ്യാപകൻ എന്നും തന്റെ വിദ്യാർത്ഥികളെ സ്വന്തം മക്കളായി കണ്ട് വേണം പഠിപ്പിക്കാൻ. അതിനാവാത്തൊരു ഘട്ടം വന്നാൽ അധ്യാപനം അവസാനിപ്പിക്കേണ്ടതാണ്. ഒരു അധ്യാപകന്റെ സ്വഭാവമാകണം പഠിപ്പിക്കുക എന്നത്. അധ്യാപനം ജന്മസിദ്ധമാണ്.

2017 സെപ്റ്റംബർ 5

മാതൃസ്നേഹത്തിന് പകരമാവുമോ ഡേ കെയറുകൾ

അണു കുടുംബങ്ങളുടെയും ദമ്പതികൾ ഇരുവരും ജോലിക്കാരായതിന്റെയും അനന്തരഫലമാണ് ഇന്നത്തെ ഡേ കെയറുകൾ. പരസ്യങ്ങളിൽ പറയുന്ന പാലൂറും വാക്ക് വിശ്വസിച്ച് പാൽ മണം മാറാത്ത പാവം പൈതലിനെ മാതാവിന്റെ മാറത്ത് നിന്ന് പറിച്ച് മാറ്റി യാതൊരു വിധ കെയറുമല്ലാത്ത ഡേ കെയറുകളിലും കളിക്കാൻ സ്വാതന്ത്ര്യമില്ലാത്ത പ്ലേ സ്ക്കൂളുകളിലും കൊണ്ട് പോയി തളളുന്ന ആധിനിക കുടുംബ സംസ്കാരം നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഇരു ഭാഗത്തുമുള്ളവരുടെ പണത്തോടുളള ആർത്തി മാത്രമാണ് ഇത്തരം സ്ഥാപനങ്ങൾ മുളച്ച് പൊന്താനുണ്ടായ കാരണം. സ്വന്തം കുഞ്ഞിനെ അമ്മ സ്നേഹിക്കുന്നത് പോലെ സ്നേഹിക്കാനും ലാളിക്കാനും മറ്റാർക്ക് കഴിയും? പ്രവാചകനായ സുലൈമാൻ നബി(അ)യുടെ അടുക്കൽ രണ്ട് സ്ത്രീകൾ ഒരു കുഞ്ഞിന്റെ മാതൃത്വത്തിൽ അവകാശവാദവുമായി വന്ന സന്ദർഭത്തിൽ കുഞ്ഞിനെ രണ്ടായി പകുത്ത് ഓരോ കഷ്ണം രണ്ട് അമ്മമാരും എടുത്തോളൂ എന്ന് സുലൈമാൻ നബി തീർപ്പുകൽപിച്ച ചരിത്രം ഓർത്തു പോവുകയാണ്. ആ സമയത്ത് യഥാർത്ഥ അമ്മ കുഞ്ഞിനെ ഇതര സ്ത്രീക്ക് കൈമാറാൻ പറയുകയായിരുന്നു. വാശിയും ആവലാതിയും മനസ്സിലാക്കി അവരെ വളർത്താൻ അമ്മമാർക്ക് മാത്രമേ കഴിയൂ ഇസ്ലാമിന്റെ കാഴ്ചപ്പാടിൽ കുടുംബത്തിന്റെ ഭാരം ഏൽപിക്കപ്പെട്ടിരിക്കുന്നത് പുരുഷനെയാണ്. ആധുനിക യുഗത്തിൽ സത്രീയും പുരുഷനും ജോലിക്ക് വേണ്ടി പുറത്ത് പോകേണ്ടി വരികയാണ്. ഇവിടെ ഒരു കുഞ്ഞു പൈതലിന് മാതാവിൽ നിന്ന് കിട്ടേണ്ട പരിലാളന നഷ്ടപ്പെടുകയാണ്. കുട്ടികൾക്ക് നാല് വയസ് ആകുന്നത് വരെയെങ്കിലും അമ്മമാർ ലീവ് എടുക്കട്ടെ എന്നാണ് എന്റെ പക്ഷം. അത് പോലെ ഒരു ചെറിയ ധനസഹായം അത് വരെ അവർക്ക് സർക്കാർ നൽകട്ടെ. കാരണം ഒരു രാജ്യത്തിന്റെ ശോഭനമായ ഭാവിക്ക് ആരോഗ്യവും സംസ്കാരവുമുള്ള യുവ സമൂഹം അന്ത്യന്താപേക്ഷിതാണ്. അത് പകർന്ന് നൽകാൻ ഏറ്റവും അർഹർ മാതാക്കളും, അത് കൊണ്ട് ഈ ധനസഹായം രാജ്യത്തിന് മുതൽകൂട്ടാവുമെന്ന കാര്യം തീർച്ചയാണ്. മുൻ രാഷ്ട്രപതി ഡോ. എ.പി. ജെ. അബ്ദുൽ കലാം വിങ്സ് ഓഫ് ഫയറിൽ പറയുന്നുണ് ഒൻപത് വയസ് വരെ തന്റെ മാതാവിന്റെ മടിയിൽ ഇരുന്നാണ് ഭക്ഷണം കഴിച്ചതെന്ന്. വിദേശ രാജ്യങ്ങളിൽ മാതാക്കളും ആയമാരും ചെറിയ ബോക്സ് പോലെയുളള ഉന്തുവണ്ടിയിൽ കുട്ടികളെ ഇരുത്തി ഉന്തി കൊണ്ട് പോകുന്നത് വിദേശ യാത്രകളിൽ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ഉന്നതമായ സംസ്കാരമുള്ള നാടുകളിലാണിതെന്നത് വേദനയുള്ളവാക്കുന്നു. കുഞ്ഞുങ്ങളെ മാറോട് ചേർത്ത് പിടിച്ചു നടക്കുമ്പോൾ മാതാവിന്റെ ശരീരത്തിൽ നിന്ന് സ്നേഹത്തിന്റെ ഒരു വിദ്യുത്തരംഗം കുഞ്ഞിന്റെ ശരീരത്തിലേക്ക് പോകുന്നുണ്ട്. അത് വഴി ആ കുഞ്ഞിന് ലഭിക്കുന്ന സുരക്ഷിതബോധം അവരുടെ ജീവിത വളർച്ചയിൽ

ഏറെ സ്വാധീനിക്കപ്പെടും. കുഞ്ഞായിരിക്കുമ്പോൾ ലഭിക്കാത്ത സ്നേഹവും സുരക്ഷയും മാതാപിതാക്കൾക്ക് പ്രായമാവുമ്പോൾ തിരിച്ച് ലഭിക്കണമെന്ന് പറയുന്നതിൽ എന്തർത്ഥമാണുള്ളത്?

2015 ഏപ്രിൽ

പുതുവൽസരാശംസകൾ

ചന്ദ്രകളഭം ചാർത്തിയുറങ്ങും തീരം...

ഇന്ദ്രധനുസ്സിൻ തൂവൽ പൊഴിയും തീരം...

ഈ മനോഹര തീരത്ത് തരുമൊ ഇനിയൊരു ജൻമം കൂടി.

വയലാർ

ഇനിയൊരു ജന്മമുണ്ടെന്ന് പറഞ്ഞാൽ മരണത്തോടെ ജീവിതം അവസാനിക്കുകയല്ല മറിച്ച് അനശ്വരമായ ജീവിതം ആരംഭിക്കുകയാണ്.

ശരീരമാകുന്ന മൺകൂടിനകത്ത് നമ്മൾ ഞെങ്ങി ഞെരുങ്ങി പലതരത്തിലുമുള്ള വേദനകളും തിന്ന് പ്രയാസപ്പെട്ടാണ് ഈ ലോകത്ത് ജീവിക്കുന്നത് ഈ കൂട് വിട്ട് പുറത്ത് വരുമ്പോഴാണ് അനന്ത വിശാലമായ മറ്റൊരു ലോകത്ത് അഥവാ പരലോകത്ത് ജീവിക്കാൻ കഴിയുന്നത് അതാണ് യഥാർത്ഥ ജീവിതം.

പലരും പേടിപ്പെടുത്തുന്നത് പോലെ ഭയാനകമല്ല മരണവും മരണാനന്തര ജീവിതവും. അത് ഈ ലോകത്ത് ജീവിച്ച് വിജയിച്ചവർക്കുള്ള അതിന്റെ ഫലമനുഭവിക്കാനുള്ള ലോകമാണ്. അതത്രെ അനശ്വരമായ ഫലഭൂമി. ജനനത്തിനും മരണത്തിനുമിടയിലുള്ള ഈ ലോകത്തെ നമ്മുടെ വാസം മരണശേഷമുള്ള അനന്തമായ ജീവിതത്തിലേക്കുള്ള ഇടവേളയാണ്. അതെ, അല്ലാഹുവിന്റെ കാലശേഖരത്തിൽ നമ്മുടെ ആയുസിലെ ഒരു വയസ് കൂടി കടന്ന് പോയി ഇതാ പുതിയൊരാണ്ട് കൂടി പിറക്കുകയാണ്.

എല്ലാവർക്കും എന്റെ ഹൃദയംഗമമായ പുതുവത്സരാശംസകൾ

ഹാപ്പി ന്യൂ ഇയർ

2016 ഡിസംബർ 31

റിപ്പബ്ലിക് ദിനാശംസകൾ

നമ്മുടെ രാജ്യം 67-ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുകയാണ്.

1947 ഓഗസ്റ്റ് 15 നാണ് ഇന്ത്യ സ്വതന്ത്രമാവുന്നത്.

വൈദേശികാധിപത്യത്തിന്റെ വൈജയന്തിയായ യൂണിയൻ ജാക് താഴെ ഇറക്കി ഇന്ത്യയുടെ ദേശാഭിമാന പ്രചോദിതമായ മൂവർണ്ണക്കൊടി വാനിലേക്കുയർത്തി ലോകം ഗാഢനിദ്രയിലാണ്ട അർദ്ധരാത്രി നമ്മൾ സ്വാതന്ത്ര്യം

നേടി.

സ്വാതന്ത്ര്യം നേടിയ ഇന്ത്യ 1950 ജനു. 26 ന് പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി (റിപ്പബ്ലിക് ഓഫ് ഇന്ത്യ)

നമ്മുടെ രാജ്യം ലോകത്തിലെ ഏറ്റവും മഹത്തായ രാജ്യങ്ങളിലൊന്നാണ്. 5000 വർഷത്തിലേറെ പാരമ്പര്യമുള്ള, സാംസ്കാരിക പൈതൃകമുള്ള ഒരു രാജ്യം. ലോകത്തിലെ വിവിധ വിശ്വാസധാരകൾ മതങ്ങൾ ജാതികൾ ഒരുമിച്ച് ചേർന്ന വൈവിധ്യങ്ങളിൽ ഏകത്വമുള്ള അപൂർവ്വമായ രാഷ്ട്രങ്ങളിൽ ഒന്ന്. ഈ മഹാരാജ്യം നമ്മുടെ ആത്മാഭിമാനത്തിന്റെ പ്രതീകമാണ്. നമ്മുടെ പൂർവ്വ പിതാക്കൾ അവരുടെ ജീവിതം സമർപ്പിച്ചിട്ടാണ് നമുക്ക് സ്വാതന്ത്ര്യം നേടിത്തന്നത്. ഈ മഹാരാജ്യത്തിന്റെ സ്വാതന്ത്രവും മതേതരത്വവും അവിച്ഛിന്നതയും കാത്ത് സൂക്ഷിക്കാൻ ഓരോ ഭാരതീയനും പ്രതിജ്ഞാബദ്ധനാണ്.

നമ്മുടെ വാക്കോ പ്രവൃർത്തിയൊ ഇടപെടലുകളോ ഒരിക്കൽ പോലും രാജ്യത്തിന്റെ അന്തസ്സിനൊ ആത്മാഭിമാനത്തിനൊ ക്ഷതമേൽക്കുന്നതായി ഉണ്ടാവാൻ പാടില്ല. ഇന്ത്യ ഓരോ ഭാരതീയന്റെയും ആത്മഹർഷമാണ്. എല്ലാവർക്കും എന്റെ സ്നേഹോഷ്മളമായ റിപ്പബ്ലിക് ദിന ആശംസകൾ.

2016 ജനുവരി 26

വിഷുആശംകൾ

പൂത്തുലഞ്ഞു നിൽക്കുന്ന കണിക്കൊന്നയും
വിഷുക്കണിയും കൈനീട്ടവും പുത്തനുടുപ്പും
കഴിഞ്ഞ കാലത്തിന്റെ മാധുര്യത്തിൽ നിന്നും
വരും കാലത്തിന്റെ അതിമധുരം നുകരനായ്
കുറെയേറെ പ്രതീക്ഷകളും സ്വപ്നങ്ങളുമായി ഒരു വിഷു കൂടി
വരവായി. ഏവർക്കും ഐശ്വര്യത്തിന്റയും സമൃദ്ധിയുടേയും വിഷു ആശംസകൾ..

2016 ഏപ്രിൽ 14

ഇന്ന് ശ്രീകൃഷ്ണ ജന്തി

ഹിന്ദു ദർശനത്തിലെ മുപ്പത്തിമുക്കോടി ദൈവ സങ്കൽപത്തിൽ കൃഷ്ണൻ നിർമ്മല സ്നേഹത്തിന്റെ പ്രതീകമായിട്ടാണ് പരിഗണിക്കപ്പെട്ടു പോരുന്നത്. മറ്റെല്ലാ ദൈവങ്ങൾക്കും അതീതനായിട്ടാണ് കൃഷ്ണസങ്കൽപത്തെ അവർ നോക്കിക്കാണുന്നത്. ശ്രീകൃഷ്ണന്റെ ശിൽപങ്ങൾക്കും ചിത്രങ്ങൾക്കു മൊക്കെ ഓമനത്വം തുളമ്പുന്ന ഒരു ഭാവമാണ്. ഹിന്ദു സങ്കൽപത്തിലെ ശിവന് കഴുത്തിൽ പത്തി വിടർത്തി നിൽക്കുന്ന നാഗത്തിന്റെ രൂപവും

ദുർഗ്ഗദേവിക്ക് പേടിപ്പെടുത്തുന്ന രൂപവും പോലെ പല ദൈവങ്ങൾക്കും ഓരോ വ്യത്യസ്ത രൂപവും ഭാവവുമണെങ്കിൽ. ശ്രീകൃഷ്ണന്റെ കയ്യിൽ എപ്പോഴും കാണുന്നത് ഒരു ഓടക്കുഴലായിരിക്കും.

മലയാളത്തിലെ പ്രശസ്ത കവി യൂസഫലി കേച്ചേരി എഴുതിയത് പോലെ "ആലിലക്കണ്ണാ നിന്റെ മുരളിക കേൾക്കുമ്പോൾ എൻ മനസ്സിൽ പാട്ടുണരും" അത് പോലെ

"കാർമുകിൽ വർണന്റെ ചുണ്ടിൽ ചേരും

ഓടക്കുഴലിന്റെയുള്ളിൽ"

ഇത് പോലെ എത്രയെത്ര വർണനകളാണ് കൃഷ്ണനെ കുറിച്ച് എഴുതപ്പെട്ടിട്ടുള്ളത്. ശ്രീകൃഷ്ണനെ കുറിച്ച് മലയാളത്തിൽ ഏറ്റവും മനോഹരമായി കവിത എഴുതിയിട്ടുള്ളവരിൽ പ്രധാനിയാണ് യൂസഫലി കേച്ചേരി. രാമനെ കുറിച്ച് പാട്ട് പാടിയ കബീറിനെ പോലെ കൃഷ്ണനെ കുറിച്ച് പാട്ടെഴുതിയ യൂസഫലിയും നമ്മുടെ രാജ്യത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ മഹൽ പ്രതീകമാണ്. അദ്ദേഹത്തിന്റെ ഗാനങ്ങൾ കേട്ട് പലർക്കും തോന്നിയിട്ടുള്ളത് അദ്ദേഹമൊരു കൃഷണനാരാധകനാണെന്നാണ്.

പക്ഷെ ഒരു ഇന്റർവ്യൂവിൽ അദ്ദേഹം അതിനെ ഉദാഹരണ സഹിതം ഘണ്ഡിക്കുന്നുണ്ട്. തന്റെ മക്കളെ കണ്ണാ എന്ന് സ്നേഹത്തോടെ വിളിക്കാത്തവരായിട്ട് ഹിന്ദു സമൂഹത്തിൽ ആരുമുണ്ടാവില്ല. കോളേജ് അമ്പാടിക്കണ്ണൻ പ്രണയത്തിന്റെ പ്രതീകമാണ്. ഗോക്കളെ മേച്ചും കളിച്ചും ചിരിച്ചും കുസൃതി നിറഞ്ഞ ഒരു ഉണ്ണിക്കണ്ണനായി ഹൈന്ദവ മനസുകളിൽ പ്രത്യേകിച്ച് സ്ത്രീ ജനങ്ങളിൽ വിരാജിക്കുന്നു. കൃഷ്ണനെ പോലൊരു പുരുഷൻ കൂടെയുണ്ടാവൻ ആഗ്രഹിക്കാത്ത പെൺമനസ്സ് ഉണ്ടാവാനിടയില്ല. കുസൃതി നിറഞ്ഞ ഉണ്ണിക്കണ്ണനായി സ്വന്തം കുഞ്ഞിനെ സങ്കൽപ്പിക്കാനാണ് ഓരോ ഹൈന്ദവ സ്ത്രീയും ആഗ്രഹിക്കുന്നത്.

സംഗീതം പൊഴിക്കുന്ന ഓടക്കുഴലും നെറുകയിൽ ചാർത്തിയ മയിൽ പീലിയും ശ്രീകൃഷ്ണന്റെ പ്രത്യേകതയാണ്.

ഒ.എൻ.വി. കുറുപ്പ് നഷ്ടകാല അനുഭവങ്ങളെ കുറിച്ച് എഴുതിയ പാട്ടിന്റെ അവസാനത്തിൽ പറയുന്നുണ്ട്. ഒരു മയിൽ പീലി ഇന്ന് കാണുമ്പോഴും ഒരു കുട്ടിയാകുവാൻ മോഹം.

ഒരു പുസ്തകത്തിന്റകത്തതു പെറ്റു പെരുകുമെന്നോർക്കുവാൻ മോഹം

നെറുകയിലതു ചൂടി നിൽക്കുമൊരു

ഉണ്ണിതൻ പ്രിയതോഴനാകുവാൻ മോഹം

കൃഷ്ണനെ കുറിച്ചാണങ്ങിനെ പറയുന്നത്.

ശ്രീകൃഷ്ണൻ പ്രണയമാണ്. സ്നേഹമാണ് പ്രണയത്തിന്റെയും സ്നേഹത്തിന്റെയും അനുരാഗത്തിന്റെയും പ്രതീകമാണ്.

നിഷ്കളങ്കതയുടെയും വെണ്ണ കട്ടു തിന്നുന്ന കൊച്ചു കുഞ്ഞിന്റെ ആർദ്ര തയുടെയുമൊക്കെ പ്രതീകമാണ് അമ്പാടിക്കണ്ണൻ; മഹാഭാരത യുദ്ധത്തിലെ കുരുക്ഷേത്ര ഭൂമിയിൽ അർജുനന്റെ തേരാളിയായി വന്നിട്ട് പറയുന്നുണ്ട്. അധർമ്മത്തിനെതിരെ ധർമ്മ വിജയത്തിന് വേണ്ടി അപ്പുറത്ത് നിൽക്കുന്ന സ്വന്തം രക്തത്തിൽ പിറന്ന ഉടപ്പിറപ്പിനെതിരെ അമ്പെയ്യാനും അവർക്കെതി രെ യുദ്ധം ചെയ്യാനും പക്ഷെ യുദ്ധത്തിന് വേണ്ടി ആഹ്വാനം ചെയ്യുകയും യുദ്ധത്തിൽ വില്ലാളി വീരനായ അർജുനന്റെ തേര് തെളിച്ച് പോകുകയും ചെയ്യുന്ന തേരാളിയായും ശ്രീകൃഷ്ണനെ ആരും പറയാറില്ല.

പാർത്ഥസാരഥി എന്ന് അദ്ദേഹത്തെ വിളിക്കാറുണ്ട്. പാർത്ഥൻ എന്ന് പറഞ്ഞാൽ അർജ്ജുനനാണ് അർജ്ജുനന്റെ ഡ്രൈവർ എന്നാണതിന്റെ അർ ത്ഥം. യുദ്ധം അനിവാര്യമായ ഘട്ടത്തിലാണ് കൃഷ്ണൻ അതിന് ആഹ്വാനം ചെയ്യുന്നത്. പ്രവാചകൻ മുഹമ്മദ് നബി(സ)യുടെ കാലഘട്ടത്തിലും യുദ്ധ ങ്ങളുണ്ടായിട്ടുണ്ട്. അതൊക്കെയും അധർമ്മത്തിനെതിരെ ധർമ്മം വിജയിക്കാ നായിരുന്നു പക്ഷെ അല്ലാഹുവിന്റെ പ്രവാചകനെ യുദ്ധത്തിന്റെ വക്താവായി ചിലർ പ്രചരിപ്പിക്കാറുണ്ട്. മക്കയിലെ അക്രമകാരികളായ ബഹുദൈവ വി ശ്വാസികളോട് യുദ്ധമുണ്ടായപ്പോൾ മദീനയുടെ ഭരണാധികാരിയായിരുന്ന പ്രവാചകൻ ബദ്റും ഉഹദും ഒക്കെ പട നയിച്ചിട്ടുണ്ട്.

അതിന്റെ സാഹചര്യം നാം മനസിലാക്കണം....

എല്ലാവർക്കും ശ്രീകൃഷ്ണ ജയന്തി ആസംസകൾ

2017 സെപ്റ്റംബർ 12

ക്രിസ്തുമസ് ആശംസ

നക്ഷത്രങ്ങൾ മണ്ണിലിറങ്ങി വരുന്ന രാവ് വരവായി...

മഞ്ഞ് പെയ്യുന്ന ഡിസംബർ രാത്രികളിൽ സാന്താ ക്ലോസ് അപ്പൂപ്പനും കരോൾ ഗാനസംഘങ്ങളും രാവ് പുലരുവോളം ആഘോഷം വിതറുമ്പോൾ പുൽക്കൂടും ക്രിസ്മസ് ട്രീയുമെല്ലാം മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ രാവിന്ന് ഹരം പകർന്ന് നാടും നഗരവും ആഘോഷത്തിന്റെ അല യൊലി തീർക്കുന്ന ദിനരാത്രങ്ങളാണിത്.

ശത്രുക്കളെ സ്നേഹിക്കുവാനും ഉപദ്രവിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥി ക്കുവാനും പഠിപ്പിച്ച യേശു അല്ലെങ്കിൽ ഈസാ നബി(അ) ക്രിസ്തുമത പ്രകാരം ദൈവപുത്രനും ഇസ്ലാം മത പ്രകാരം ദൈവദൂതനുമാണ്.

ഒരിക്കൽ കൂടി എല്ലാവർക്കും ക്രിസ്തുമസ് ആശംസകൾ നേരുന്നു.

2016 ഡിസംബർ 25

ജനാധികാര വസന്തത്തിന്

നിലാവിന്റെകൊടി അടയാളം

മലപ്പുറം ജില്ല മുസ്‌ലീം യൂത്ത് ലീഗിന്റെ പ്രസിഡന്റായി ചുമതലയേറ്റ് ഒരു വർഷത്തിന് ശേഷം 2013 ഡിസംബർ 1 മുതൽ 31 വരെ 1 ദിവസങ്ങൾ മലപ്പുറം ജില്ല മുഴുവൻ കാൽനടയായി നടത്തിയ യുവജനയാത്ര എന്റെ സംഘടനാ ജീവിതത്തിലെ ഏറ്റവും പ്രോജ്ജ്വലമായ അദ്ധ്യായമായിരുന്നു. ഈ ജാഥ തീരുമാനിക്കുമ്പോൾ വലിയ ആശങ്കകളായിരുന്നു മുന്നിൽ. കേരളത്തിലും കേന്ദ്രത്തിലും ഭരണപക്ഷമായ ഒരു പാർട്ടിയുടെ യുവജനസംഘടന എന്ത് പറഞ്ഞ് ജാഥ നടത്തും? ഫേസ്ബുക്ക് പോലുള്ള നവമാധ്യമങ്ങളിൽ സ്വയം അർപ്പിച്ച് അടിഞ്ഞുകൂടി ഇരിക്കുന്ന യുവതയെ ഈ ജാഥ എത്രമാത്രം സ്വാധീനിക്കപ്പെടും? ജനക്കൂട്ടത്തെ ആവശം കൊള്ളിച്ച് ഇളക്കിമറിക്കാൻ മാത്രം കഴിവുള്ളവരല്ല ഈ ജാഥ നയിക്കുന്നവരാരും. കൂടാതെ ഗതാഗതക്കുരുക്ക് തുടങ്ങിയ സ്ഥിരം തടസ്സങ്ങളും.

ജാഥയെ കുറിച്ചറിഞ്ഞ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ പകർന്ന് നൽകിയ ആത്മധൈര്യത്തിൽ ഞങ്ങൾ മുന്നോട്ടുപോയി. വെളിയങ്കോട് നിന്ന് മഹാനായ പാണക്കാട് സയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങൾ പതാക കൈമാറി ഉദ്ഘാടനം ചെയ്തത് മുതൽ അവിസ്മരണീയമായ ഒട്ടേറെ ചരിത്ര മുഹൂർത്തങ്ങൾക്കാണ് ജാഥ സാക്ഷ്യം വഹിച്ചത്.

കെ.എൻ.എം. ജില്ലാപ്രസിഡന്റ് എൻ.കുഞ്ഞിപ്പ മാസ്റ്റർ പൊന്നാട അണിയിച്ചതും വളാഞ്ചേരിയിൽ എത്തിയപ്പോൾ അത്തിപ്പറ്റ ഉസ്താദ് തലയിൽ കൈവെച്ച് പ്രാർത്ഥിച്ചതും കാവനൂർ മജ്മഅ് അറബി കോളേജിന് മുന്നിലെത്തിയപ്പോൾ മുഴുവൻ പണ്ഡിത വിദ്യാർത്ഥികളും തൂവെള്ള വസ്ത്ര മണിഞ്ഞ് ജാഥക്ക് സമാന്തരമായി അണിനിരന്ന് എതിരേറ്റതും ഉസ്താദുമാരായ സി.എം. കുട്ടി സഖാഫിയും കെ.എ. റഹ്മാൻ ഫൈസിയും പ്രാർത്ഥിച്ചതും മറക്കാൻ കഴിയാത്ത അനുഭവങ്ങളാണ്.

എടപ്പാളിലെത്തിയപ്പോൾ അവിടെയുള്ള അയ്യപ്പസേവാസമിതിക്കാർ ഞങ്ങളെ കുട്ടിക്കൊണ്ടുപോയി സ്നേഹത്തോടെ കഞ്ഞി വിളമ്പിതന്നതും എടവണ്ണപ്പാറ മുതൽ പുളിക്കൽ വരെയുള്ള നടത്തത്തിൽ ശബലിമലയിലേക്ക് മാലയിട്ട ലീഗുകാരായ അയ്യപ്പസ്വാമിമാർ ഹരിത പതാകയുമേന്തി ജാഥയിൽ കൂടെ നടന്നതും മനസ്സിൽ തങ്ങിനിൽക്കുന്നു. ഇതിനേക്കാളുമേറെ അത്ഭുതകരമായി ഒരു സംഭവമുണ്ടായത് ഓർത്തുപോവുകയാണ്. തിരൂർക്കാട് വെച്ച് ഉസ്താദ് കെ. മമ്മദ് ഫൈസിയുടെ നേതൃത്വത്തിൽ നൽകിയ സ്വീകരണം കഴിഞ്ഞ് ജാഥ മുന്നോട്ടുപോകവേ അപ്രതീക്ഷിതമായി ജാഥക്ക് മുന്നിൽ ഒരു കാറ് വന്ന് നിന്നു. അതിൽ നിന്ന് ഇറങ്ങിവന്നത് മറ്റൊരുമായിരുന്നില്ല. അത് സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ അഭിവന്ദ്യനായ ജനറൽ സെക്രട്ടറി സൈനുൽ ഉലമ ശൈഖുനാ ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ല്യാരായിരുന്നു. മഹാനവർകൾ ജാഥയിലേക്ക് വന്ന് എന്നെ പച്ചഷാൾ അണിയിച്ചുകൊണ്ട്

പറഞ്ഞു. "അല്ലാഹു അനുഗ്രഹിക്കും ഇത് നന്മയുടെ സംഘമാണ്." അതും പറഞ്ഞ് അദ്ദേഹം കാറിൽ കയറി തിരിച്ചുപോയി. മക്കരപറമ്പ് നാറാണത്ത് എത്തിയപ്പോൾ മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന ട്രഷററായിരിക്കെ അന്തരിച്ച പി.എം. ഹനീഫിന്റെ മക്കൾ ജാഥയെ സ്വീകരിക്കാൻ വന്നതും വിസ്മരിക്കാൻ സാധിക്കാത്തതാണ്.

അന്നുമിന്നും നമ്മെ മിഴിനീർ ഗംഗയിൽ മുക്കുന്ന ഓർമ്മയാണ് പുത്തൂർ പള്ളിക്കലിലെ ദേവതിയാൽ ഭാഷാ സമര രക്തസാക്ഷി റഹ്മാന്റെ ഉമ്മ ആയിശുമ്മ ജാഥയെ സ്വീകരിക്കാൻ ഒരു പച്ചപ്പുടവയുമായി കാത്ത് നിൽക്കുന്ന രംഗം. റഹ്മാന്റെ ചേതനയറ്റ ശരീരത്തിൽ പുതപ്പിച്ച അതേപോലുള്ള പച്ച പതാകയുമായി ആയിശുമ്മ കടന്നുവന്ന് എന്റെ കഴുത്തിൽ അത് അണിയിച്ചപ്പോൾ ജാഥയിലുള്ളവരും അതിന് സാക്ഷ്യം വഹിച്ചവരും പൊട്ടിക്കരയുകയായിരുന്നു. ജാഥയോടൊപ്പമുണ്ടായിരുന്ന നാടകസംഘത്തിലെ സി.പി.എം. അനുഭാവിയായ ചെണ്ടമുട്ടുകാരൻ ലീഗുകാരനായതും എടുത്തുപറയേണ്ടതാണ്. മുസ്‌ലിം ലീഗിന്റെ അഖിലേന്ത്യാ നേതത്വമുൾപ്പെടെ മുഴുവൻ നേതാക്കൻമാരും ജനപ്രതിനിധികളും പലപ്പോഴായി ജാഥയിൽ പങ്കെടുത്തു. ജാഥയിൽ മിച്ചം വന്ന തുക കൊണ്ടാണ് മലപ്പുറത്തെ ഭാഷാസമര സ്മാരകത്തിന്റെ മൂന്നാം നില പണിതുയർത്തിയത്. സാധാരണ പ്രവർത്തകരോട് പോലും ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞതും ശാഖാ തലങ്ങളെ പോലും ഇളക്കി മറിക്കാനായതും ജില്ലയിലെ യുവതയെ രാഷ്ട്രീയ പ്രബുദ്ധതയിൽ നിലനിർത്താൻ സാധിച്ചത് ഈ യുവജന യാത്രയുടെ നേട്ടങ്ങളിൽ ചിലത് മാത്രം.

2014 ഡിസംബർ 16

സംതൃപ്തമായ അഞ്ച് വർഷം

ഒരു ഉത്തരവാദിത്വം പൂർത്തീകരിച്ചു പടിയിറങ്ങുകയാണ്. മലപ്പുറം ജില്ലാ മുസ്‌ലിം യൂത്ത്‌ലീഗിന്റെ അധ്യക്ഷനായി അഞ്ച് വർഷത്തിലേറെ ചുമതല നിർവഹിക്കാൻ സാധിച്ചു. സംതൃപ്തമായിരുന്നു ഈ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾ. ജില്ലാ മുസ്‌ലിം യൂത്ത് ലീഗിന്റെ ജനറൽ സെക്രട്ടറി അല്ലാത്ത എല്ലാ ഉത്തരവാദിത്വവും ഞാൻ വഹിച്ചിട്ടുണ്ട്. മുസ്‌ലിം യൂത്ത് ലീഗിന്റെ ഏറ്റവും ശക്തമായ ജില്ലയിലെ പ്രധാനപ്പെട്ട ചുമതല ഏറ്റെടുക്കുമ്പോൾ മനസ്സിലുണ്ടായിരുന്ന പദ്ധതികളേറെ നടപ്പിലാക്കാൻ കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്. ജില്ലയിലെ യൂത്ത് ലീഗ് പ്രവർത്തകരുമായി ഒരാത്മബന്ധം സ്ഥാപിക്കാനായതും മുസ്‌ലിം ലീഗ് രാഷ്ട്രീയത്തെ ത്വാതികമായി പുതിയ തലമുറയ്ക്ക് മനസിലാക്കി കൊടുക്കുന്നതിന് വേണ്ടി പദ്ധതികൾ ആവിഷ്കരിച്ചതും എനിക്ക് സംതൃപ്തി നൽകിയ പ്രവർത്തനങ്ങളാണ്. 1921 ലെ സ്വാതന്ത്ര്യ സമരാനന്തരം എല്ലാം നഷ്ടപ്പെട്ട സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പ് മുസ്‌ലിംലീഗ് രാഷ്ട്രീയത്തിലൂടെയാണ് എന്ന ചരിത്ര സത്യം ബോധ്യപ്പെടുത്തുന്ന അതിജീവനത്തിന്റെ 90 വർഷങ്ങൾ എന്ന ക്യാമ്പയിൻ

ആണ് ഞങ്ങൾ ആദ്യം ഏറ്റെടുത്തത്. ജില്ല മുഴുവൻ ശാഖ മുതൽ ജില്ലാതലം വരെ വിവിധ പരിപാടികൾ അതിന്റെ ഭാഗമായി സംഘടിപ്പിച്ചു.

സ്വാതന്ത്ര്യനന്തരം മുസ്‌ലിംലീഗ് കെട്ടിപ്പടുക്കാൻ തന്റെ ധിഷണയും സമ്പത്തും ആരോഗ്യവും സമർപ്പിച്ച മഹാനായ സീതി സാഹിബിനെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുവാൻ എല്ലാ വർഷവും സീതി സാഹിബ് സ്മാരക അവാർഡ് ഏർപ്പെടുത്തി. (ജനാധികാര വസന്തത്തിനു നിലാവിന്റെ കൊടിയടയാളം) എന്ന മുദ്രാവാക്യമയർത്തി പതിനാറ് ദിവസം നീണ്ട്നിന്ന യുവജനജാഥ ജില്ലയുടെ മുക്കമൂലകളെ ഇളക്കിമറിച്ചു. മത രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ മുഴുവൻ പ്രഗത്ഭമതികളെയും പങ്കെടുപ്പിച്ച ആ യാത്ര മുസ്‌ലിം ലീഗിന്റെ ഇന്ത്യയിലെ മുഴുവൻ നേതാക്കന്മാരും പങ്കെടുത്ത ഒരു വലിയ സംഭവമായിരുന്നു. 1980 ലെ ഭാഷാ സമര രക്തസാക്ഷികൾക്ക് സ്മാരകമുണ്ടാക്കാൻ കഴിഞ്ഞത് ഈ കമ്മിറ്റിക്കാണ്. ഞങ്ങളുടെ ജാഥയെ അനുഗ്രഹിക്കാൻ ചെറുശ്ശേരി സൈനുദ്ധീൻ മുസ്‌ലിയാരും നദ്‌വത്തുൽ മുജാഹിദീന്റെ നേതാവ് കുഞ്ഞിപ്പ മാസ്റ്ററും സാഹിത്യ കാരന്മാരും സാംസ്കാരിക നായകരുമൊക്കെ വന്നുവെങ്കിലും റഹ്മാന്റെ ഉമ്മ ആ ജാഥയെ അനുഗ്രഹിക്കാൻ കടന്ന് വന്നത് കോൾമയിൽ കൊള്ളിക്കുന്ന ഓർമയാണ്. സംതൃപ്തമായ ഒരു കാലയളവ് തന്നെയായിരുന്നു കഴിഞ്ഞ അഞ്ചു വർഷം. അത്യാവശ്യം മോശമല്ലാത്ത പ്രവർത്തനം കാഴ്ചവെക്കാൻ കഴിഞ്ഞു എന്നെനിക്ക് ആത്മവിശ്വാസം തോന്നിയ ഒരു കമ്മിറ്റി. ഞങ്ങളുടെ പ്രിയപ്പെട്ട സഹപ്രവർത്തകന്മാരായ ഉസ്മാൻ താമരത്ത്, ഹാമിദ് നിയാസ്, ഫൈസൽ ബാഫഖി തങ്ങൾ, സുബൈർ തങ്ങൾ, കെ. സലാം, ലുഖ്മാൻ എടവണ്ണ, അൻവർ മുള്ളമ്പാറ...ഞങ്ങൾ എല്ലാവരും ഒരു കുടുംബം പോലെയാണ് ജീവിച്ചത്. ഉടപ്പിറപ്പീങ്ങളെ പോലെ എല്ലാ സുഖവും ദുഖവും പങ്ക് വെച്ച് ഭാരവാഹികൾ എല്ലാവരും അവരവരുടെ സഹഭാരവാഹികളുടെ വീടുകളിൽ പലപ്പോഴായി താമസിച്ച് കുടുംബത്തിലെ അംഗത്തെ പോലെ ഞങ്ങളുടെ ഇഴയടുപ്പവും സ്നേഹവും ജില്ലയിലെ മുസ്‌ലിം യുവജന രാഷ്ട്രീയത്തിൽ ഞങ്ങളാലാകുന്ന സേവനങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഒരഭിപ്രായ വ്യത്യാസം പോലും ഒരു ഘട്ടത്തലുമുണ്ടായില്ല. വിമർശനങ്ങളെയും എതിർപ്പുകളെയും പോസിറ്റീവായി കാണാൻ ഞങ്ങൾക്ക് കഴിഞ്ഞു. എതിർക്കാൻ വേണ്ടി എതിർത്തവരും വിമർശിക്കാൻ വേണ്ടി വിമർശിച്ചവരും ഉണ്ടായിരുന്നില്ല. എക്കാലത്തും അപഹസിക്കാനും പരിഹസിക്കാനും അസൂയപ്പെടാനും ആളുകളുണ്ടാകുമല്ലോ. അതിനെ ആ അർത്ഥത്തിൽ തന്നെ കാണാൻ നിലവിലെ കമ്മറ്റിക്ക് കഴിഞ്ഞു.

ഈ കാലയളവിൽ ഞങ്ങളോട് സഹകരിച്ച് നിഷ്കളങ്കരായ പ്രവർത്തകന്മാർ പിതൃതുല്യം വാത്സല്യം നൽകിയ നേതാക്കന്മാർ പ്രവാസ ലോകത്ത് നിന്ന് നിർലോഭമായ സഹായിച്ച് കെ.എം.സി. സിയുടെ പ്രവർത്തകന്മാർ എല്ലാവരോടുമുള്ള നന്ദി പ്രകടിപ്പിക്കുകയാണ് ഈ അവസരത്തിൽ. മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിൽ മരണം വരെ നിറഞ്ഞു നിന്ന് പ്രവർത്തിക്കണം എന്ന

താണെന്റെ ആഗ്രഹം. എന്റെ ജീവിതത്തിൽ മുസ്‌ലിം ലീഗുമായി ബന്ധപ്പെട്ട് എനിക്കുള്ള ഒരു വലിയ മോഹമെന്ന് പറയുന്നത് അല്ലാഹുവിന്റെ അനന്ത മായ കാലശേഖരത്തിൽ എന്റെ ഓഹരിയിലെ അവസാനം ദിവസം കഴിഞ്ഞ് നാഥന്റെ സവിധത്തിലേക്ക് ചെല്ലുമ്പോൾ ഈ അർദ്ധ ചന്ദ്ര താരാങ്കിതമായി ഹരിത പതാക നെഞ്ചോട് ചേർത്ത് എല്ലാവർക്കും അവസാനത്തെ കാഴ്ച നൽകി പോകണം എന്ന് തന്നെയാണ്. നിങ്ങളുടെയൊക്കെ പ്രാർത്ഥനയും പിന്തുണയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ പൊതു ജീവിതത്തി ലെ വലിയ ഉത്തരവാദിത്വം അത് നിർവഹിച്ച കാലം മുസ്‌ലിം ലീഗിന് അധി കാരമുള്ള കാലമായിരുന്നു. എന്നെ സംബന്ധിച്ചെടുത്തോളം ജില്ലാ മുസ്‌ലിം യൂത്ത് ലീഗിന്റെ പ്രസിഡന്റും ഗവർമെന്റിന്റെ ഔദ്യോഗികമായ പദവിയുള്ള മലപ്പുറം ജില്ലയുടെ ഉത്തരവാദിത്വമുള്ള കേരള സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡിന്റെ കേരള സ്റ്റേറ്റ് യുവജന ക്ഷേമ ബോർഡിൽ അംഗവും. ഒരേ സമയം ആ രണ്ട് ഉത്തരാവാദിത്വവും നിർവഹിക്കേണ്ടി വന്നു. ഭരണപരമായി സർക്കാരുമായി ബന്ധപ്പെട്ട ജില്ലയിലെ യുവജനങ്ങളുടെ കാര്യത്തിൽ തീരു മാനിക്കുന്ന ഗവൺമെന്റ് അതോറിറ്റിയുടെ ഉത്തരവാദിത്വവും എന്റെ സംഘ ടനയുടെ ഉത്തരവാദിത്വവും വന്നു ചേർന്നത് ഒരു നിയോഗമാണ്. അത് നല്ല രീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. അൽഹംദുലില്ലാഹ്

2016 ജൂൺ

ഭാഷാസമരം അവിസ്മരണീയ പ്രക്ഷോഭം

ഇന്ന് ജൂലായ് 30

1980 ജൂലായ് 30നാണ് മലയാളക്കരയിൽ ഭാഷാ സമരം നടന്നത്. ലോക ചരിത്രത്തിൽ തന്നെ അത്യപൂർവ്വമായ പ്രക്ഷോഭങ്ങളിൽ ഒന്നായിരുന്നു ഭാ ഷാ സമരം ഇ.കെ. നായനാർ നേതൃത്വം കൊടുത്ത ഉടതുപക്ഷ സർക്കാർ ജൂൺ 1 ന് സ്ക്കൂളുകളിലേക്ക് ഒരു സർക്കുലർ അയച്ചു. അറബി, ഉറുദു, സം സ്കൃതം എന്നിവ പഠിപ്പിക്കണമെങ്കിൽ അക്കമഡേഷൻ, ക്വാളിഫിക്കേഷൻ, ഡിക്ലറേഷൻ എന്നീ നിയമങ്ങൾ പാലിക്കണം എന്നായിരുന്നു ആ ഉത്തരവ്. മൂന്ന് ഭാഷകളെ പരാമർശിച്ചിരുന്നെങ്കിലും അറബി ഭാഷയെ മാത്രമേ ഈ നിയമം ബാധിക്കുമായിരുന്നുള്ളൂ. കാരണം ആ ഉത്തരവിൽ ഗവ. പറഞ്ഞത് വിദ്യാലയത്തിൽ കുട്ടിയെ ചേർക്കാൻ വരുന്ന രക്ഷിതാവ് എന്റെ കുട്ടിക്ക് മലയാളം പഠിക്കേണ്ടതില്ല അറബി മാത്രം പഠിച്ചാൽ മതി എന്ന് എഴുതി കൊടുക്കണം അതാണ് ഡിക്ലറേഷൻ. അറബി പഠിപ്പിക്കാൻ വേണ്ടി പ്രത്യേ കമായി ക്ലാസ് റൂമും അനുബന്ധ സൗകര്യങ്ങളും വേറെ സംവിധാനിക്കണം ഇതാണ് അക്കമഡേഷൻ. മൂന്നാമതായി ഉത്തരവിൽ പറയുന്നു നിലവിൽ അദ്ധ്യാപനം നടത്തി കൊണ്ടിരിക്കുന്ന മുഴുവൻ അദ്ധ്യാപകരും പ്രത്യേക യോഗ്യത നേടേണ്ടതാണ് ഇതാണ് ക്വാളിഫിക്കേഷൻ. ഉറുദുവിനേയും സം സ്കൃതത്തേയും ഇത് ബാധിക്കില്ല എന്ന് ഞാൻ പറയാൻ കാരണം ഉറുദു,

സംസ്കൃതം ഭാഷകൾ അഞ്ചാം ക്ലാസ് മുതൽ ഐച്ഛിക ഭാഷയായിട്ടാണ് പ ഠിപ്പിക്കുന്നത്. അവിടെ അതിന് വേറെ ഡിവിഷൻ ഉണ്ട്. അഥവാ ഡിക്ലറേഷന ും അക്കമഡേഷനും നേരത്തേ അവിടെയുണ്ട്. ഒന്നാം ക്ലാസ് മുതൽ മലയാ ളത്തിന് പുറമെ പഠിപ്പിച്ചിരുന്നത് അറബി മാത്രമാണ്. അത് കൊണ്ട് തന്നെ ഈ ഉത്തരവ് അറബി ഭാഷക്ക് മാത്രമായിരുന്നു യഥാർത്ഥത്തിൽ ബാധകം. ഈ ഉത്തരവിന് എതിരെ നിവേദനങ്ങളും പ്രതിഷേധങ്ങളും നടന്നെങ്കിലും അതൊന്നും ഗവ. മുഖവിലക്കെടുത്തില്ല. ആ സമയത്ത് അറബി അദ്ധ്യാപക രുടെ ഒരു സമരത്തെ അഭിസംബോധനം ചെയ്ത് സി.എച്ച്. മുഹമ്മദ് കോയ സാഹിബ് അദ്ധ്യാപകരോടായി പറഞ്ഞു. നിങ്ങൾ സ്ക്കൂളിലേക്ക് മടങ്ങുക ഈ സമരം സമുദായം ഏറ്റെടുത്തിരിക്കുന്നു. ആ പ്രഖ്യാപനത്തെ തുടർന്നാ ണ് മുസ്ലിം യൂത്ത് ലീഗ് ആ പ്രക്ഷോഭം ഏറ്റെടുത്തത്. 1980 ജൂലൈ 30 ന് കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാനങ്ങളും പിക്കറ്റ് ചെയ്യാൻ തീരുമാനിച്ചു. പരിശുദ്ധ റമദാൻ പതിനേഴിന്റെ ഓർമ്മകൾ തുടികൊട്ടുന്ന ദിനം കൂടിയായി രുന്നു അന്ന്. എല്ലായിടത്തും സമാധാനപരമായി സമരം അവസാനിച്ചപ്പോൾ കോഴിക്കോട്ട് ലാത്തിച്ചാർജിലും മലപ്പുറത്ത് വെടിവെപ്പിലും കലാശിച്ചു. അബ് ദുറഹ്മാൻ,അബ്ദുൽമജീദ്, അബ്ദുല്ല എന്ന കുഞ്ഞിപ്പ എന്നിവർ വെടിയേറ്റ് മരിക്കുകയും നിരവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു.

മുസ്ലിം സമുദായത്തിന്റെ ശക്തിദുർഗ്ഗമായ മലപ്പുറത്ത് ഈ പ്രക്ഷോ ഭത്തെ ചോരയിൽ മുക്കി ക്രൂരമായി തകർത്താൽ പിന്നെയാരും ഈ ആവശ്യ വുമായി വരില്ല എന്ന മൗഢ്യമായിരിക്കണം സർക്കാറിനെ ഈ കിരാത ചെ യ്തിക്ക് പ്രേരിപ്പിച്ചത്. പക്ഷെ മുസ്ലിം ലീഗ് പിൻമാറിയില്ല. നിയമസഭയിൽ ഈ പ്രശ്നം ശക്തമായി ഉന്നയിച്ചു. സി.എച്ച്. പറഞ്ഞു മലപ്പുറത്ത് നിന്ന് വീശുന്ന കാറ്റിന് മനുഷ്യന്റെ കരിഞ്ഞ മാംസത്തിന്റെ ഗന്ധമാണുള്ളത്. കെ. പി. എ മജീദ് സാഹിബ് ഈ രംഗങ്ങൾ നിയമസഭയിൽ അവതരിപ്പിക്കവെ വി കാരാതീതനായി ബോധം കെട്ട് വീണു. തുടർന്ന് മുസ്ലിം യൂത്ത് ലീഗ് ഒരു ലക്ഷം പേരുടെ സെക്രട്ടറിയേറ്റ് സമരം പ്രഖ്യാപിക്കുകയും അതേ തുടർന്ന് നായനാർ ചർച്ചക്ക് തയ്യാറാവുകയും മൂന്ന് കരിനിയമങ്ങളും എടുത്ത് കളയാൻ തീരുമാനിക്കുകയും ചെയ്തു. സമരഭടൻമാർക്കെതിരെയുള്ള കൊലക്കേസ് അടക്കമുള്ള കേസുകൾ നിരുപാധികം പിൻവലിച്ചു. അത് കൊണ്ട് തന്നെ യൂത്ത് ലീഗിന്റെ ഈ സമരം സ്വതന്ത്ര ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലെ അവിസ്മരണീയ സംഭവമായി മാറി. നിലവിലെ മുസ്ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റി മലപ്പുറം കോട്ടക്കുന്നിൽ നാല് നിലയിൽ അതി മനോഹരമായി ഭാഷാ സമര സ്മാരകം പണിതുയർത്തിയിരിക്കുന്നു. പുതിയ തലമുറ ഈ സമരത്തെ കുറിച്ചും അറബി ഭാഷാസംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും പഠിക്കു കയും മനസിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്ന് അഭ്യർത്ഥിക്കുന്നു.

2016 ജൂലൈ 30.

കോടതി വിധിയും ലീഗ് വിരോധികളും

സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുസ്‌ലിം ലീഗിന്റെ പേര് മാറ്റും എന്ന് ദിവാസ്വപ്നം കണ്ടവർക്കുള്ള മറുപടിയാണ് ഇലക്ഷൻ കമ്മീഷൻ നടത്തിയ പ്രസ്ഥാവന.

ഏഴ് പതിറ്റാണ്ടായി രാജ്യത്ത് വ്യവസ്ഥാപിതമായി പ്രവർത്തിച്ച് വരുന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് 'ആ പേരിട്ടതും പ്രവർത്തനം തുടങ്ങിയതും അഭിഷ്പതമായ കാലഘട്ടത്തിലായിരുന്നു. വിഭജനത്തിന്റെ പാപഭാരം മുസ്‌ലിം ലീഗിന്റെ തലയിൽ കെട്ടിവെക്കാൻ കൊണ്ട് പിടിച്ച ശ്രമമുണ്ടായി. മുസ്‌ലിംകൾക്കിവിടെ ഇനിയെന്ത് കാര്യം ഇവർക്ക് പാക്കിസ്ഥാനിലേക്ക് പൊയ്കൂടെയൊ എന്ന് ചോദിച്ച് മുഖ്യപ്രസംഗം എഴുതിയത് ആർ.എസ്.എസിന്റെ കേസരിയല്ല മറിച്ച് മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ദേശീയ പ്രസ്ഥാനവും പടുത്തുയർത്തിയ മാതൃഭൂമി പത്രമാണ്. അന്നത്തെ ഒരു ശരാശരി ഇന്ത്യാക്കാരന്റെ മനസായിരുന്നു അത്. മുസ്‌ലിമിന് ഇവിടെ ഒരു രണ്ടാം കിടപൗരന്റെ അവകാശം പോലുമില്ല എന്നായിരുന്നു പ്രചരണം. വെല്ലൂർ പോലീസ് അക്കാദമിയിൽ മുസ്‌ലിം പോലീസ് കേഡറ്റുകളെ പിരിച്ചുവിട്ടു 1950 ജനു. 26 രാജ്യം റിപ്പബ്ലിക്കാവുന്നത് വരെ മുസ്‌ലിംകളെ സംബന്ധിച്ച് ഓർക്കാൻ കഴിയാത്ത കാലമായിരുന്നു. മുസ്‌ലിംകളും ഈ രാജ്യത്തെ പൗരൻമാരാണ് അവർക്കും ഇന്ത്യയിൽ അധികാര അവകാശങ്ങളുണ്ട് എന്ന് പറഞ്ഞതിന് മഹാത്മജിയെ വെടിവെച്ച് കൊന്നു. അങ്ങിനെ ഒരു പാട് പ്രതിസന്ധികളും പ്രയാസങ്ങളും നേരിട്ട് കാലഘട്ടത്തിലാണ് ഖാഇദെ മില്ലത്ത് ബംഗാൾ ഉൾക്കടൽ തീരത്ത് നിന്നും മുസ്‌ലിം ലീഗ് എന്ന നാമവുമായി വരുന്നത്. ഇത് പാക്കിസ്ഥാനിലെ പാർട്ടിയാണ്, ഇത് പാക്കിസ്ഥാന്റെ കൊടിയാണ് എന്നൊക്കെയുള്ള ആക്ഷേപങ്ങളെ ഇരുകൈ കൊണ്ടും തട്ടിമാറ്റി. മഹാനായ പി.എം.എസ്.എ പൂക്കോയ തങ്ങൾ അടക്കം ജയിലിൽ കിടന്നു ഇത് പോലെ എന്തെല്ലാം ആക്ഷേപങ്ങളും പ്രകോപനങ്ങളും അതെല്ലാം അതിജയിച്ച് ഏഴ് പതിറ്റാണ്ടായി. പത്ത് കൊല്ലം കേന്ദ്ര മന്ത്രിസഭയിൽ അംഗമായി, യു.എൻ. സെക്യൂരിറ്റി കൗൺസിൽ അംഗമായി ഇന്ത്യയെ പ്രതിനിധീകരിച്ച് ഇന്ത്യയുടെ നെറുകയിൽ ആത്മാഭിമാനത്തിന്റെ പ്രതീകമായി അർദ്ധ ചന്ദ്ര താരാങ്കിത ഹരിത പതാകയുമായി മുസ്‌ലിം ലീഗ് മുന്നോട്ട് പോകുകയാണ്.

ഹുക്കൂമത്തെ ഇലാഹി സ്ഥാപിക്കാൻ പുറപ്പെട്ടരും പവിത്രമായ ജിഹാദിനെ വികലമാക്കി അവരിപ്പിച്ചവരും ബാബരി മസ്ജിദിന്റെ പേരിൽ കണ്ണീരൊഴുക്കി രംഗത്ത് വന്നവരും ആർ.എസ്.എസിന് ബദലായി ഐ.എസ്.എസ് ഉണ്ടാക്കിയരും രാഷ്ട്രീയ പാർട്ടിയുണ്ടാക്കിയപ്പോൾ അവരൊക്കെ സ്വീകരിച്ച പേരുകൾ നമുക്ക് മുമ്പിലുണ്ട്.

യാതൊരു തരത്തിലുമുള്ള മുസ്‌ലിം ഐഡന്റിറ്റിയും വെളിപ്പെടുത്താത്ത വയാണവയൊക്കെ. ഇവിടെയാണ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സമുദായത്തിന്റെ അഭിമാനകരമായ അസ്തിത്വം ഉയർത്തിപ്പിടിച്ച് ജൈത്രയാത്ര തുടരുന്നത്. മുസ്‌ലിം ലീഗിന്റെ പതാകയുമായി പാലക്കാട് പുതുനഗരത്തിറങ്ങിയ

ഖാഇദെ മില്ലത്തിനെ ചിലർ ഗോബാക്ക് വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് അല്ലാഹു വിളിക്കട്ടെ ഞാൻ തിരിച്ച് പോകുമെന്നാണ്. സർവ്വ ശക്തനായ രാ ജാധിരാജനായ തമ്പുരാനിൽ ഭാരമേൽപിച്ച് തുടക്കം കുറിച്ച് ഈ പ്രസ്ഥാനം ഏതെങ്കിലും കാറ്റത്ത് പാറിപ്പോകുന്ന അപ്പൂപ്പൻ താടിയല്ലായെന്ന് വിമർശകർ മനസിലാക്കിക്കൊ!!!

ജയ് ഹിന്ദ്,

ജയ് മുസ്‌ലിം ലീഗ്

2016 ജനുവരി

യൂത്ത് ലീഗ് ഇരകളോടൊപ്പം

ദേശീയപാത 45 മീറ്ററിൽ തന്നെ പൂർത്തിയാക്കും എന്ന മുഖ്യമന്ത്രിയു ടെ പ്രഖ്യാപനം ആത്മാർത്ഥതയോടെ ഉള്ളതാണെങ്കിൽ അതിനെ സ്വാഗതം ചെയ്യുന്നു. റോഡുകൾ ഏതൊരു പ്രദേശത്തിന്റെയും നെടുംപാതകളാണ്. കേരളത്തിൽ പ്രത്യേകിച്ച് മലബാറിൽ ഇന്ന് കാണുന്ന റോഡുകളിൽ അധി കവും ശഹീദെ മില്ലത്ത് ടിപ്പു സുൽത്താൻ പടയോട്ടം നടത്തിയ ചെമ്മൺപ ാതകളാണ്. അതിൽ ടാറിങ് നടത്തിയതിനപ്പുറം മറ്റ് വികസനങ്ങളൊന്നും ഇന്നും നടന്നിട്ടില്ല. പക്ഷെ ദേശീയപാത വീതി കൂട്ടുമ്പോൾ സ്ഥലം നഷ് ടപ്പെടുന്നവർക്ക് മതിയായ നഷ്ട പരിഹാരം കൊടുക്കുക തന്നെ വേണം. കൊച്ചി മെട്രോക്ക് സ്ഥലമേറ്റെടുക്കാൻ വേണ്ടി ഉണ്ടാക്കിയത് പോലെയുള്ള പാക്കേജ് ഇവിടെയും വേണം.

അത് പോലെ തന്നെ ഗെയിൽ വാതക പൈപ്പ് ലൈൻ അതും അനിവാര്യ മായി ഇവിടെ വരേണ്ട ഒരു വികസന പ്രവർത്തനമാണ്. നമ്മുടെ ഗ്രാമങ്ങളിൽ കൂടിയും നഗരങ്ങളിൽ കൂടിയും കടന്ന് പോകുന്ന വൈദ്യുതി കമ്പി പോലെ ഇതും വരും. ഗെയിൽ വാതക പൈപ്പ് ലൈനിന് എതിരെയും ദേശീയ പാത വീതി കൂട്ടുന്നതിനെതിരെയും ജനങ്ങളെ സംഘടിപ്പിച്ച് ആശയകുഴപ്പമുണ്ടാ ക്കുന്നത് ജമാഅത്തെ ഇസ്‌ലാമിക്കാരാണ്. അവർ എക്കാലവും സ്വീകരിച്ച നിലപാടാണത്. ഈ രാജ്യത്ത് സ്വാതന്ത്രാനന്തരം ജനാധിപത്യ സംവിധാനം പതുക്കെ വേര് പിടിച്ച് വരുമ്പോൾ, ഇന്ത്യലോകത്തിന് ജനാധിപത്യ മാതൃ കയായി ഉയരുന്ന സന്ദർഭത്തിൽ ജനാധിപത്യം നിഷിദ്ധമാണെന്ന് പറഞ്ഞ് അരാജകത്വത്തിലേക്ക് നയിക്കാനും മത രാഷ്ട്രവാദത്തിന്റെ ഭീകരതയിലേക്ക് വഴി നടത്താനും ശ്രമിച്ചവരാണ് ജമാഅത്തെ ഇസ്‌ലാമിക്കാർ വിദ്യാഭ്യാസം എന്നത് ഏതൊരു സമൂഹത്തിന്റെയും സാംസ്കാരികമായ ഔന്നത്യത്തിന്റെ അടിത്തറയാണ്. പൊതു വിദ്യാഭ്യാസ മേഖല എന്ന് പറയുന്നത് ഒരു നാടിന്റെ ജീവനാഡിയാണ്. ഇന്ത്യ പോലെ ഒരു രാജ്യത്തെ ബഹുസ്വര സമൂഹത്തിന്റെ കെട്ടുറപ്പിന് പൊതുവിദ്യാഭ്യാസം അനിവാര്യമാണ്. പക്ഷെ പൊതു വിദ്യാഭ്യാ സം നിഷിദ്ധവും പാപവുമാണെന്ന് പ്രചരിപ്പിക്കുകയും തങ്ങളുടെ അനുയാ

യികളെയെങ്കിലും അതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്തു.

ജ. ഇസ്ലാമി ഇപ്പോൾ റോഡ് വികസനത്തിനും വാതക പൈപ്പ് ലൈനിനും എതിരായി രംഗത്ത് വരുമ്പോൾ അവരുടെ പൂർവ്വിക ചരിത്രം നാം ഓർക്കേണ്ടതുണ്ട്. നാടിന്റെ മുന്നേറ്റത്തിനനുസരിച്ച് ഗതാഗത മടക്കമുള്ള പശ്ചാത്തല വികസനം കാലാനുസൃതമായി നടക്കേണ്ടതുണ്ട്. പക്ഷെ അതിന് വേണ്ടി സ്ഥലം ഒഴിപ്പിക്കേണ്ടി വരുമ്പോൾ ഇരകൾക്ക് മതിയായ നഷ്ട പരിഹാരം നൽകിയേ തീരൂ. ഇല്ലെങ്കിൽ കിടപ്പാടവും ഭൂമിയും നഷ്ടപ്പെടുന്നവരോടൊപ്പം ഏതറ്റം വരെ പോകാനും മുസ്ലിം യൂത്ത് ലീഗ് തയ്യാറാണ്.

2016 ജൂലൈ

ഓരോ വോട്ടും കോണിക്ക്

സ്നേഹനിധിയായ ഇ. അഹമ്മദ് സാഹിബിന്റെ ദേഹവിയോഗത്തെ തുടർന്ന് ഒഴിവ് വന്ന മലപ്പുറം ലോക്സഭാ ഉപതെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണിക്ക് വേണ്ടി പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബ് മത്സരിക്കുകയാണല്ലോ. ദേശീയ രാഷ്ട്രീയ രംഗത്ത് ന്യൂനപക്ഷ, പിന്നോക്ക വിഭാഗങ്ങൾ ഏറെ വെല്ലുവിളി നേരിടുന്ന സാഹചര്യത്തിൽ കടന്നുവരുന്ന ഈ തെരഞ്ഞെടുപ്പിന് വലിയ രാഷ്ട്രീയ പ്രാധാന്യമുണ്ട്. ഈ അനിവാര്യത ഉൾക്കൊണ്ട മലപ്പുറത്തെ ഉൽബുദ്ധരായ വോട്ടർമാർ ഒന്നൊഴിയാതെ കുഞ്ഞാലിക്കുട്ടി സാഹിബിന് "കോണി" അടയാളത്തിൽ വോട്ട് രേഖപ്പെടുത്തുമെന്ന് സി.പി.എം. ന് പോലും ബോധ്യപ്പെട്ടിരിക്കുന്നു എന്നാണ് കോടിയേരി ബാലകൃഷ്ണന്റെയും എ. വിജയരാഘവന്റെയും പ്രസതാവനകൾ കേട്ടാൽ നമുക്ക് മനസിലാക്കാൻ കഴിയുന്നത്. മലപ്പുറത്തെ വോട്ടർമാർക്കിടയിൽ അപകടകരമായ രാഷ്ട്രീയ ധ്രുവീകരണം നടത്തി ഒരു വിഭാഗത്തിന്റെ വോട്ട് സി.പി.എം. ന്റെ പെട്ടിയിലാക്കാൻ നടത്തുന്ന ഇത്തരം അബദ്ധ ജൽപനങ്ങൾ ഫലത്തിൽ ബി.ജെ.പി. യുടെ ഫാസിസ്റ്റ് പ്രചാരണത്തിനാണ് ആക്കം കൂട്ടുക.

മുസ്ലിം ന്യൂനപക്ഷ സ്വാധീനമേഖലകളിൽ ഫാസിസ്റ്റ് വിരുദ്ധ രാഷ്ട്രീയം വിറ്റ് വോട്ട് വാങ്ങി അധികാരത്തിലേറിയ പിണറായി സർക്കാർ എത്ര പെട്ടന്നാണ് ന്യൂനപക്ഷ വിരുദ്ധരും ആറെസെസിന് വിധേയരുമായി മാറിയത്? ജന. വിരുദ്ധ നയങ്ങളെ വിമർശിക്കുന്ന മുഴുവനാളുകളെയും ദ്രോഹിക്കുന്ന സർക്കാർ പോലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. മറുഭാഗത്ത് മതേതര ഇന്ത്യയുടെ നിലനിൽപിന് പോലും ഭീഷണിയാവുന്ന തരത്തിലുള്ള ഫാസിസ്റ്റ് വൽക്കരണത്തിനാണ് മോദി-അമിത് ഷാ കൂട്ടു കെട്ട് ശ്രമിച്ച് കൊണ്ടിരിക്കുന്നത്.

കേന്ദ്ര-കേരള സർക്കാറുകളോടുള്ള വോട്ടർമാരുടെ പ്രതിഷേധം വലിയൊരു അളവിൽ യി.ഡി.എഫ് അനുകൂല വോട്ടായി മാറും എന്ന് മനസിലാക്കിയാണ് അദൃശ്യമായ ഹൈന്ദവ ഏകീകരണത്തിന് സി.പി.എം. വിത്തിറ

ക്കുന്നത് പക്ഷെ അതിന്റെ ഫലം കൊയ്യുന്നത് ആറെസെസായിരിക്കും എന്ന് സി.പി.എം. നേതാക്കൾ മനസിലാക്കണം.

ദേശീയ രാഷ്ട്രീയത്തിൽ യു.പി.എ യും കേരളത്തിൽ യു.ഡി.എഫ് മാത്രമാണ് പിന്നോക്ക, ന്യൂനപക്ഷ, മതേതര വിശ്വാസികൾക്കുള്ള ഏക രക്ഷാമാർഗ്ഗം.

അതിന് വേണ്ടിയുള്ള നല്ലൊരു ശുഭസൂചനയാവട്ടെ മലപ്പുറം ലോക്സഭാ ഉപതെരഞ്ഞെടുപ്പ്. മതേതര വിശ്വാസികളുടെ ആത്മവീര്യം വീണ്ടെടുക്കാൻ സഹായകരമായ തരത്തിലുള്ള വമ്പിച്ച ഭൂരിപക്ഷത്തിന് കുഞ്ഞാലിക്കുട്ടി സാഹിബിനെ വിജയിപ്പിക്കണമെന്ന് എല്ലാ വോട്ടർമാരോടും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

2017 ഏപ്രിൽ

ഇത് കാത്തിരുന്ന നേതൃത്വം

മുസ്ലിം യൂത്ത് ലീഗിന്റെ സംസ്ഥാന അധ്യക്ഷനായി അഭിവന്ദ്യനായ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറിയായി പി.കെ. ഫിറോസും ട്രഷററായി എം.എ സമദും തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്.

ഇത് കാത്തിരുന്ന കമ്മിറ്റിയാണ്.

സമൂഹവും സമുദായവും ഏറെ പ്രതിസന്ധിയിലൂടെ കടന്ന് പോകുന്ന ഈ സാഹചര്യത്തിൽ മുനവ്വറലി ശിഹാബ് തങ്ങളുടെ നേതൃത്വം നമുക്ക് ഏറെ ആത്മവിശ്വാസം നൽകുന്നു.

കേൾവിയും കേൾപോരുമില്ലാത്ത ഒരു സമുദായത്തെ തന്റെ നേതൃപാടവം കൊണ്ട് വിരൽ ചൂണ്ടി നയിച്ച മഹാനായ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടേയും സമുദായത്തിന്റേ ആത്മാഭിമാനം സംരക്ഷിക്കാൻ വേണ്ടി കാരാഗ്രഹവാസം വരെ അനുഷ്ഠിക്കേണ്ടി വന്ന ധീരതയുടെ പ്രതീകമായ പി.എം.എസ്.എ പൂക്കോയ തങ്ങളുടെയും പൗത്രനും നിനച്ചിരിക്കാത്ത നേരത്ത് നമ്മുടെ കൺവെട്ടത്ത് നിന്ന് മറഞ്ഞ പാണക്കാട് സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങളുടെ പുത്രനുമാണ് മുനവ്വറലി തങ്ങൾ.

ബ്രിട്ടീഷ് കാലഘട്ടത്തിലെ ഖാൻ ബഹദൂർ പട്ടവും ഖാൻ സാഹിബ് പട്ടവും മുതൽ ഇന്നേവരെ എല്ലാ വിധത്തിലുമുള്ള അർഹതയുണ്ടായിട്ടും എന്നും അധികാര സോപാനത്തിൽ നിന്നും മാറി നിന്ന് മാതൃകയായ പാണക്കാട് കുടുംബത്തിലെ അഭിമാനമാണ് മുനവ്വറലി ശിഹാബ് തങ്ങൾ. പരിചയ സമ്പന്നതയുടെ പ്രതീകവും എം.എസ്.എഫിന്റെ നേതൃതലത്തിൽ വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യവുമുള്ള പി.കെ. ഫിറോസ്, പകരതയും ദീർഘ ദൃഷ്ടിയും ഒരു പോലെ പ്രകടിപ്പിക്കുന്ന എം.എ. സമദ് ഇവരോടൊപ്പം

പ്രഗൽഭരായ ഉപ ഭാരവാഹികളും അടങ്ങുന്ന ഒരു ടീം സജ്ജരായി അണിനി രക്കുമ്പോൾ മുസ്‌ലിം യൂത്ത് ലീഗിനെ നയിക്കാൻ ഏറ്റവും നല്ലൊരു ടീമിനെ തന്നെയാണ് ലഭിച്ചിരിക്കുന്നത്.

കേരളീയ യുവതയുടെ പ്രതീക്ഷക്കൊത്തുയരാൻ ഈ യുവ നേതൃത്വ ത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ച് കൊണ്ട് എല്ലാവിധ ആശംസകളും നേരുന്നു.

2016 ഡിസംബർ 15

എന്റെ ജന്മദിനം

ഏപ്രിൽ 13 എന്റെ ജന്മദിനമാണ്. 1972 ഏപ്രിൽ 13 നാണ് കൊണ്ടോട്ടി യിലെ എന്റെ ഉമ്മയുടെ വീട്ടിൽ ഏറെ വെളിച്ചമില്ലാത്ത ഒരു മുറിയിൽ അതിരാവിലെ 6 മണിക്ക് ശേഷം ഞാൻ ഭൂജാതനായ്. അന്നൊക്കെ വീ ടുകളിലാണ് ജനനവും മരണവും ഒക്കെ. ഇപ്പോൾ ജനനവും മരണ വും ഒക്കെ ആശുപത്രികളിലേക്ക് മാറി. ലേബർ റൂമിൽ ജനിക്കുകയും ഐ.സി.യുവിൽ മരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണല്ലോ ഇന്ന്. അതിന്റെ ഗുണദോഷങ്ങളൊക്കെ ഉണ്ട്. എങ്കിലും ജനിമൃതികൾ ആശുപ ത്രിയിലേക്ക് മാറിയ ഒരു കാലമാണിന്ന്. 13 എന്നത് ഒരു അശുഭലക്ഷണ മുള്ള നമ്പറായിട്ടാണ് ചിലരൊക്കെ കണ്ടുവരുന്നത്. ഒരു അന്ധവിശ്വാസ മാണെങ്കിൽ പോലും പ്രധാനപ്പെട്ട കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും 13-ാം നമ്പർ റൂമോ ഫ്ളോറ്റോ ഉണ്ടാവാറില്ല. കേരള ഹൈക്കോടതിക്ക് 12 കഴിഞ്ഞാൽ പിന്നെ 14-ാം നിലയേ ഉള്ളൂ. പലപ്പോഴും മന്ത്രിമാർ 13-ാം നമ്പർ എടുക്കുവാൻ തയ്യാറാവാറില്ല. ധൈര്യസമേതം 13 തിരഞ്ഞെടു ത്ത് ഒരാളുണ്ടായിരുന്നു അച്ചുതാനന്ദൻ ഗവൺമെന്റിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന എം.എ. ബേബി.

അന്ന് വിദ്യാഭ്യാസ വകുപ്പിലുണ്ടായ കെടുകാര്യസ്ഥതകളും ലോക സഭ യിലേക്ക് എം.എ. ബേബിക്കുണ്ടായ നാണം കെട്ട് തോൽവിയും പാർട്ടി യിലും രാഷ്ട്രീയത്തിലും ഇപ്പോൾ ഏറെ പിന്തള്ളപ്പെട്ടു കിടക്കുന്നതും ആ 13ന്റെ നിർഭാഗ്യമാണെന്ന് പറയുന്നവരുണ്ട്. ഈ തമാശകൾക്കിടയി ലും13ന്റെ മഹാഭാഗ്യവും പേറി നടക്കുന്ന ഒരാളാണ് ഞാൻ കാരണം പിറന്നു വീണ 13 എന്ന തിയ്യതി കത്തികൊണ്ടറുത്ത് മാറ്റാനോ തീ കൊണ്ട് കരിച്ചുകളയാനോ കാറ്റിൽ പറത്തിവിടാനോ വെയിലിൽ ഉണ ക്കികളയാനോ വെള്ളത്തിൽ കഴുകിക്കളയാനോ എനിക്ക് ആവില്ലല്ലോ. അതെന്റെ പൊക്കിൾക്കൊടി അടയാളം പോലെ ജനനം മുതൽ എന്റെ കൂടെയുണ്ട്.

അല്ലാഹുവിന്റെ അനന്തമായ കാലശേഖരത്തിൽ എന്റെ ഓഹരിയിലെ ഒരു വർഷം കൂടി നഷ്ടപ്പെട്ടു. ഞാൻ എന്റെ മരണത്തിലേക്ക് ഒരു ആണ്ടു കൂടി നടന്നടുത്തു. സർവ്വശക്തനായ നാഥൻ എനിക്ക് ഈ ദുനിയാവിൽ എത്രയാണ് അവധി നിശ്ചയിച്ചത് എന്ന് അവന് മാത്രമല്ലേ അറിയൂ. അല്ലലും അലട്ടുമില്ലാതെ സംതൃപ്തമായ പതിറ്റാണ്ടുകളാണ് സന്തോഷപൂർവ്വം ജീവിച്ചുതീർത്തത്. നമ്മുടെ യഥാർത്ഥ ജീവിതം ആരംഭിക്കുന്നത് മരണനന്തരം ആണല്ലോ. മരണം ഒരിക്കലും അവസാനിക്കാത്ത ജീവിതത്തിന്റെ ആരംഭമാണ്. അല്ലാഹുവിന്റെ പ്രവാചകർ പറഞ്ഞു ഈ ദുനിയാവിൽ മനുഷ്യൻ വിരുന്നുകാരനാണ്. ഓരോരുത്തർക്കും അവൻ ജനിച്ച ദിവസം സന്തോഷത്തിന്റേതാണ്, എനിക്കും.

2017 ഏപ്രിൽ 13

നൗഷാദ് മണ്ണിശ്ശേരിയുടെ വാട്സ്ആപ്പ് വോയ്സുകൾ



ഒരു ജനതയെയാകെ ഇളക്കിമറിക്കാനും യുദ്ധോൽസുകരാക്കാനും ഭരണകൂടങ്ങളെ പിഴുതെറിയാനും ഈ ലഘു യന്ത്രത്തിനുള്ള ശക്തി നന്നെ അതിശയപ്പെടുത്തിയിട്ടുണ്ട്. അനുദിന സംഭവവികാസങ്ങളോട് മൊബൈൽ ഫോണിലൂടെ നടത്തുന്ന അനുക്ഷണ പ്രതികരണങ്ങളെ വെയില് കൊള്ളിക്കാതെ ഊറ്റിയെടുത്ത് അച്ചടിമഷി പുരട്ടി അവതരിപ്പിക്കുകയാണിവിടെ.

നൗഷാദ് മണ്ണിശ്ശേരി മലപ്പുറം ജില്ലാ യൂത്ത് ലീഗിന്റെ പ്രസിഡണ്ടായിരുന്നപ്പോൾ ഒരു യുവജനയാത്ര നടത്തി. മധ്യ മലബാറിന്റെ മണ്ണും മനസ്സും ഉഴുതു മറിഞ്ഞ ഒരു വൻ സംഭവമായിരുന്നു ആ ജാഥ. ആ സംഭവത്തെ പറ്റി ഇരമ്പി വന്ന ഹൃദയസ്പർശിയായ ഓർമകൾ ഈ സമാഹരത്തിലെ ഒരദ്ധ്യായമാണ്. ജാഥ സുഗമമായി മുന്നോട്ട് പോയി കൊണ്ടിരിക്കെ ഒരിടത്ത് വെച്ച് കുറെ അയ്യപ്പൻമാർ കറുപ്പ് മുണ്ടെടുത്ത് പച്ചക്കൊടിയുമേന്തി ജാഥയെ അനുഗമിച്ചത് അപൂർവ്വ സംഭവമായി നൗഷാദ് വിവരിക്കുന്നു.

എം.സി. വടകര

ഗ്രെയ്സ് ബുക്സ്

നൗഷാദ് മണ്ണിശ്ശേരിയുടെ
വാട്സ്ആപ്പ് വോയ്സുകൾ

2 2018

Grace books